# വിചിന്തനം

ഒരു സോഷ്യലിസ്ററ് ജെർണൽ



സൊസൈററി ഫോർ
സോഷ്യലിസ്റ്റ് സ്റ്റഡീസ്,
ഒ. കെ. ബിൽഡിങ്സ്,
കൊടുങ്ങല്ലൂർ 680 664.

# വിചിന്തനം

ഒരു സോഷ്യലിസ്ററ് ജേർണൽ

ഒരു വിജയത്തിൻെറ ഉത്കണ്ഠകൾ
ടി എൻ ജോയ്, ചീഫ് എഡിററർ

പുതിയ വെല്ലുവിളികൾ
അശോക്മിത്രയുമായി ഒരഭിമുഖസംഭാഷണം

കേരളത്തിലെ സാംസ്ക്കാരികരംഗം: ഒരു മാർക്സിയൻവിശകലനം
ഡോ: ടി. കെ. രാമചന്ദ്രൻ

കേരളത്തിൻെറ വ്യാവസായികപിന്നോക്കാവസ്ഥ:
തിരുവിതാംകൂർ പ്രദേശത്തെ അടിസ്ഥാനമാക്കിയുള്ള
ഒരുചരിത്രാന്വേഷണം
ടി. എം. തോമ്മസ് ഐസക്
പി. കെ. മൈക്കിൾ തരകൻ

രാഷ്ട്രീയ സാംസ്ക്കാരിക കുറിപ്പുകൾ:

കവിതകൾ:
അററിലാ ജോസഫ്
വിനോദ്കുമാർ ശുക്ല

കേരളത്തിലെ സാമ്പത്തിക പ്രതിസന്ധിയും തൊഴിലാളിവർഗവും
കെ വിജയചന്ദ്രൻ

അൻേറാണ്യോ ഗ്രാംഷിയുടെ കത്തുകൾ
വിവർത്തനം: രവീന്ദ്രൻ

കേരളീയ സമൂഹം: ജൻമിസമ്പ്രദായത്തിലേക്കുള്ള പരിണാമപ്രക്രിയകൾ
രാജൻ ഗുരുക്കൾ

'വിചിന്തന'ത്തിനു പിന്നിൽ

# ഒരു വിജയത്തിന്റെ ഉത്കണ്ഠകൾ

ഒരു ഇടതുപക്ഷപ്രസ്ഥാനത്തിന്റെ തെരഞ്ഞെടുപ്പുവിജയം ജനങ്ങൾക്ക് പുരോഗമനാശയങ്ങളോടുള്ള ആഭിമുഖ്യത്തിന്റെ ലക്ഷണമല്ലെന്ന് തെളിയിക്കുവാനുള്ള വാശി വലതുപക്ഷത്തിനിണങ്ങുന്നതുതന്നെയാണ്. 1957ലെ 'സെൽ'ഭരണം, വിദേശക്കൂറുള്ള മാർക്സിസം തുടങ്ങിയ 'കൊട്ടംപാതക'ങ്ങളുടെ അവകാശികൾതന്നെ ഞങ്ങളെ അഞ്ചുകൊല്ലം ഭരിക്കട്ടെ—മലയാളിയുടെ ഈ തീരുമാനം കപട, ദേശീയ സോഷ്യലിസ്റ്റുകളുടെ ഭാവിപ്രവർത്തനസാദ്ധ്യതാസ്വപ്നങ്ങളുടെ നിറം കുറയ്ക്കുന്നുണ്ടെന്നു വ്യക്തം. 'രണ്ടു മുന്നണിയും ഒരുപോലെയാണെന്ന' തത്വാലസ്യങ്ങളുടെ സഹായവും വേണ്ടത്ര ഐക്യജനാധിപത്യ മുന്നണിക്കു ലഭിച്ചില്ലെന്നു വേണം കരുതാൻ. ഒരു ഭരണാനുഭവത്തിന്റെ ആവർത്തനഭീതിക്കെതിരെ ജനങ്ങളുടെ പ്രതിഷേധം രൂപം കൊള്ളുന്നിടത്ത്, ഒരു രാഷ്ട്രീയമാററത്തിനുള്ള ജനങ്ങളുടെ ആഗ്രഹാവസരങ്ങൾ ഒരുമിക്കുന്ന സമയത്ത് 'മുന്നണികളെല്ലാനുമൊന്നുപോലെ'യെന്ന ഉറക്കുപാട്ടിന്റെ അർത്ഥപരിണാമം—ദേശീയ കോൺഗ്രസ്സ്‌ലീഡർമാർക്കു കീഴിൽ നമ്മളിനിയും കഴിഞ്ഞോട്ടെ എന്നുതന്നെയാണ്. ഇടതുപക്ഷ പാർട്ടികൾക്കും അവയുടെ ബഹുജനസംഘടനകൾക്കും പുറത്ത്, ഐക്യജനാധിപത്യമുന്നണിയുടെ ഭരണകാലം ആദർശപൂർണ്ണമായ ഭരണകാലമാണെന്നു കരുതാത്ത ധാരാളം ജനങ്ങളുണ്ട്—ഒരു തെരഞ്ഞെടുപ്പുസമരത്തിൽ ഇവരുടെ നിർണ്ണായകമായ വോട്ടുകൾ സർവ്വവും ഒരുപോലെയെന്ന 'പരബ്രഹ്മ' സങ്കല്പത്തിൽപെട്ട് രേഖപ്പെടുത്താതെ പോകുകയോ, യു. ഡി. എഫിനു കഴിഞ്ഞതവണ വോട്ടുചെയ്തവർതന്നെ ഇനിയും അങ്ങിനെ തുടരുന്നതിലെന്താണ് തെററെന്ന് ചിന്തിക്കുകയോ സംഭവിച്ചിട്ടില്ലെന്നതിന്റെ തെളിവുകൂടിയാണ് ഈ തെരഞ്ഞെടുപ്പു വിജയം.

അധികാരത്തിലുള്ള ഐക്യജനാധിപത്യമുന്നണിക്കെതിരായ ജനവികാരത്തെ സ്വകാര്യ വോട്ട്ബാങ്കാക്കിമാററുവാൻ ബി. ജെ. പി.-ഹിന്ദുമുന്നണി നടത്തിയ തീവ്രയജ്ഞങ്ങളും വിജയിച്ചിട്ടില്ല. അതുകൊണ്ട് ഇടതുപക്ഷത്തിന്റെ തെരഞ്ഞെടുപ്പു പ്രചാരണനയവും—ഐക്യജനാധിപത്യ മുന്നണിയെ തോൽപ്പിക്കുക, ബി. ജെ. പി.-ഹിന്ദുമുന്നണി സഖ്യത്തിന്റെ കെട്ടിവെച്ചകാശ് നഷ്ടപ്പെടുത്തുക—അതിന്റെ വലതുപക്ഷവിരുദ്ധ ഉള്ളടക്കവും ജനങ്ങൾ അംഗീകരിച്ചുവെന്നുവേണം കരുതാൻ. വർഗ്ഗസമരത്തിലൂടെ വർഗ്ഗരഹിത സമൂഹത്തിലേക്ക് കേരളത്തെയും ഇന്ത്യയെയും പരിവർത്തിപ്പിക്കുകയെന്ന കമ്മ്യൂണിസ്റ്റുകാരുടെ ലക്ഷ്യത്തിനെതിരായ

പരസ്യ പ്രചാരണം വോട്ടു നഷ്ടപ്പെടുത്തുകയേയുള്ളൂ എന്നു് കേരളത്തിലെ ബി ജെ. പി. സഖ്യത്തിനെങ്കിലും പഠിക്കാവുന്നതാണ്. ഭരണത്തിലിരിക്കുന്ന മുന്നണി, ബി. ജെ. പി.—ഹിന്ദുമുന്നണി സ്ഥാനാർത്ഥികൾ ഒരുവശത്തും കമ്മ്യൂണിസ്റ്റുകാരടക്കമുള്ള ഇടതുപക്ഷ മുന്നണി സ്ഥാനാർത്ഥികൾ മറുവശത്തും,—തെരഞ്ഞെടുപ്പ് സമയത്തെങ്കിലും ഇവരെല്ലാം തെരഞ്ഞെടുപ്പിൽ വിശ്വസിക്കുന്നുണ്ട്—ഈ സമയത്ത് കമ്മ്യൂണിസ്റ്റുകാർ സായുധവിപ്ലവം മറന്നുപോയി, തെരഞ്ഞെടുപ്പുകൾ ബഹിഷ്കരിക്കയാണ് വേണ്ടത് തുടങ്ങിയ ആശയങ്ങൾ ബൂർഷ്വാ ജനാധിപത്യത്തിന്റെ തണലിൽ അല്പംപോലും 'സായുധ വിപ്ലവം' ഇല്ലാത്ത ദുരവസ്ഥയിൽ അവതരിപ്പിക്കപ്പെടുന്നത്—കമ്മ്യൂണിസ്റ്റുകാരുടെ ഔപചാരിക ജനാധിപത്യത്തിലുള്ള അവിശ്വാസത്തിന്റെ ശരിയെ മാത്രമല്ല ത്യാഗോജ്ജ്വലമായ സായുധപോരാട്ടങ്ങളുടെ ഓർമ്മകളേയും കളങ്കപ്പെടുത്തും. കേരളത്തിൽ ഒരളവുവരെ പ്രചരിച്ച (അതോ പ്രചരിപ്പിക്കപ്പെട്ടതോ) ആയ തീവ്രഇടതുപക്ഷമറയുള്ള രാഷ്ട്രീയ സിനിസിസത്തെ മറികടന്നു്, എൽ. ഡി. എഫ്. നേടിയതെരഞ്ഞെടുപ്പുവിജയം അവർ ആരെയോ 'പ്രീണിപ്പിച്ച'തുകൊണ്ടും യു ഡി. എഫ്. ക്യാമ്പിൽ 'കലഹ'ങ്ങൾ സംഭവിച്ചതുകൊണ്ടും ഉണ്ടായതാണെന്നു് വിലയിരുത്തുന്നവരോട്—ഈ 'പാപകർമ്മങ്ങളുടെ' ഉത്തരവാദിത്തം ഞങ്ങൾ ഏറ്റെടുക്കുന്നു എന്നു കമ്മ്യൂണിസ്റ്റുകാർ മറുപടിപറയുകയാവും ഭേദം. എല്ലാമതവിഭാഗത്തേയും സംഘടിപ്പിക്കുവാനും സമരംചെയ്യിക്കുവാനും ഇന്ത്യൻകമ്മ്യൂണിസ്റ്റുപ്രസ്ഥാനം നടത്തിയ ശ്രമങ്ങളുടെ ചരിത്രം വർഗ്ഗീയതക്കെതിരെ വർഗ്ഗസമരം വിജയിച്ചതിന്റെ ചരിത്രമാണ്: വർഗ്ഗവിരുദ്ധക്യാമ്പിൽ 'കലഹ'ങ്ങൾ മൂർച്ഛിച്ചതിന്റെ ചരിത്രം കൂടിയാണ്. ഈ വിജയങ്ങൾ പൂർണ്ണമല്ലഎന്നാണ് പരാതിയെങ്കിൽ—അതു് മറ്റൊരുകഥയാണ

## ☐ മലപ്പുറം ജില്ല, ന്യൂനപക്ഷം, വർഗ്ഗീയതക്കെതിരായ സമരം

ഭൂരിപക്ഷ ഹിന്ദുസമുദായത്തിനിടയിൽ ഇതര മതന്യൂനപക്ഷങ്ങൾ ജീവിക്കുന്ന ഇന്ത്യയിൽ ന്യൂനപക്ഷങ്ങളുടെ പ്രത്യേക രാഷ്ട്രീയ-സാംസ്കാരിക പ്രശ്നങ്ങൾ ഒരു യാഥാർത്ഥ്യമാണ്. രണ്ടുമതങ്ങളുള്ളിടത്ത് മതം എല്ലായ്പ്പോഴും വർഗ്ഗീയതയെ ഉല്പാദിപ്പിക്കുന്നുണ്ട് ഭൂരിപക്ഷവർഗ്ഗീയതയുടെ തണലിൽ വളരുന്ന ആർ. എസ്. എസ്. ദേശീയ ഫാസിസ്റ്റ് സംഘടനയാണ്. തൊഴിലാളികൾക്കിടയിലെ വർഗ്ഗബോധത്തെ ശിഥിലമാക്കുന്ന വിധത്തിൽ ദേശസ്നേഹം പൊതിഞ്ഞ ന്യൂനപക്ഷ വിരുദ്ധപ്രചാരണം—പ്രത്യേകിച്ചും മുസ്ലീം വിരോധം—ആണ് അവരുടെ പ്രായോഗിക രാഷ്ട്രീയത്തിന്റെ അടിത്തറ. ന്യൂനപക്ഷങ്ങൾക്കിടയിലെ തീവ്രവാദികൾക്കിടയിൽ ഫാസിസ്റ്റ് സ്വപ്നങ്ങൾ ഉണ്ടായേക്കാമെങ്കിലും അതിന്റെ സാക്ഷാൽക്കാര സാദ്ധ്യതകൾ അയഥാർത്ഥം തന്നെയാണ്. മുസ്ലിംലീഗ്, കേരളാ കോൺഗ്രസ്സ് പാർട്ടികളുമായി കമ്മ്യൂണിസ്റ്റുകാർ ബന്ധംവിടുത്തുന്നത് മേൽ പറഞ്ഞ യാഥാർത്ഥ്യബോധത്തെ ഉപേക്ഷിച്ചുകൊണ്ടല്ല. എല്ലാ മതങ്ങളിലേയും അടിസ്ഥാന വർഗ്ഗങ്ങളെ സംഘടിപ്പിച്ചു് സമരം ചെയ്യിക്കുവാൻ ശ്രമിക്കുന്ന കേരളത്തിൽ വർഗ്ഗീയതക്കെതിരായ പൊതുവായ ആശയസമരം വളരെ പ്രധാനമാണ്. പക്ഷെ 'കൃസ്ത്യാനിയുടെ ദൈവത്തിനു ഭ്രാന്തുപിടിച്ചാൽ' സന്തോഷിക്കുന്ന ആർ. എസ്. എസിന്റെയും ഭരണത്തിൽ തുടരണമെന്ന പരിമിതവും അടിയന്തിരവും (ഇപ്പോൾ സഹതാപാർഹവും) ആയ ലക്ഷ്യം കൊണ്ടുമാത്രം ന്യൂനപക്ഷ സംരക്ഷണത്തെക്കുറിച്ചും ഭൂരിപക്ഷവർഗ്ഗീയതയുടെ അപകടത്തെക്കുറിച്ചും ഉൽബോധിപ്പിക്കുന്ന (ഉദാ: കെ. കരുണാകരൻ) ദേശീയ കോൺഗ്രസ്സിന്റെയും കാപട്യങ്ങളോട് തൊഴിലാളിവർഗ്ഗ പാർട്ടികൾ വിടപറയേണ്ടതുണ്ട്. മത ന്യൂനപക്ഷങ്ങളുടെ ന്യായമായ ആവശ്യങ്ങൾക്കുവേണ്ടി പൊരുതുന്നതു് 'പ്രീണന'

മല്ലെന്നും ഭൂരിപക്ഷവർഗ്ഗീയതയുടെ ഫാസിസ്റ്റ് സ്വഭാവത്തെക്കുറിച്ചുള്ള വിലയിരുത്തൽ ഇന്ത്യയിലെ വർഗ്ഗസമരത്തിന്റെ അപകടസാദ്ധ്യതകളെക്കുറിച്ചുള്ള പര്യാലോചനയിൽ നിന്ന് ഉരുത്തിരിഞ്ഞതാണെന്നും നാം പ്രഖ്യാപിക്കേണ്ടിയിരിക്കുന്നു.

മുസ്ലിം, കൃസ്ത്യാനി, അവർണ്ണഹിന്ദു, സവർണ്ണഹിന്ദു—ഈ മതജാതി വ്യവസ്ഥകൾക്കുള്ളിലാണ് ഇന്ത്യയിൽ ചൂഷിതരും ചൂഷകരും ജീവിക്കുന്നത്. ഈ സാമൂഹ്യയാഥാർത്ഥ്യം കമ്മ്യൂണിസ്റ്റുകാരെ വർഗ്ഗീയപാർട്ടികളോ ജാതിസംഘടനകളോ സംഘടിപ്പിക്കുവാൻ പ്രേരിപ്പിക്കുന്നില്ലെന്നത് സത്യംതന്നെ. പക്ഷെ സമാന്തരമല്ലാത്ത, ശ്രേണീബദ്ധമായ മതജാതി വ്യവസ്ഥയിൽ മേധാവിത്വം പുലർത്തുന്ന വർഗ്ഗീയതക്കെതിരായ പ്രതിഷേധം സ്വാഭാവികമാണ്. ഇതു ന്യായമല്ലെന്നും വർഗ്ഗീയതയാണെന്നും പറഞ്ഞാൽ താഴെപ്പടിയിലുള്ളവരുടെ പ്രതിഷേധത്തിന് പ്രകാശനം സാദ്ധ്യമല്ലാതായിത്തീരും. അവർണ്ണനായ തൊഴിലാളിക്കുമാത്രം വഴി നടക്കുവാൻ തടസ്സമുള്ളിടത്തു്, അമ്പലങ്ങൾ ആകാം പള്ളിപാടില്ല എന്നു പറയുന്നിടത്ത്, രാജ്യം മുഴുവൻ ഹൈന്ദവമാകണമെന്നു പറയുന്നവർ ഒരു ജില്ല മലപ്പുറമാകുന്നതു് വർഗ്ഗീയതയായി കാണുമ്പോൾ* എല്ലാം 'രണ്ടു വർഗ്ഗീയതയും ഒരുപോലെയാണ്' എന്ന അതീവമാന്യവും നിഷ്പക്ഷവുമായ പ്രസ്താവം ഉന്നത ശ്രേണിയുടെ താല്പര്യങ്ങളെയാണ് സംരക്ഷിക്കുക. ഒരു വർഗ്ഗം മറെറാരു വർഗ്ഗത്തെ ചൂഷണം ചെയ്യുന്ന സാമൂഹ്യാവസ്ഥയിൽ 'നമ്മളെല്ലാം മനുഷ്യരല്ലേ' എന്ന ധർമ്മബോധം മുതലാളിയെ സഹായിക്കുന്നതുപോലെ. അതുകൊണ്ട് മതവിരുദ്ധതയിൽ നിന്നും യുക്തിവാദത്തിൽനിന്നും വ്യത്യസ്തമായി വർഗ്ഗസമരത്തിന്റെ മൂർത്ത സാഹചര്യങ്ങളിൽ വർഗ്ഗീയതയെ കാണുന്ന മാർക്സിസ്റ്റുകൾ, ഭൂരിപക്ഷവർഗ്ഗീയതയുടെ ഫാസിസ്ററ് സ്വഭാവത്തിൽ ഊന്നുന്നതു് ന്യൂനപക്ഷ പ്രീണനമല്ല — ന്യൂനപക്ഷ വിഭാഗങ്ങളുടെ പ്രതിഷേധത്തിന്റെ ന്യായയുക്തതയെ ന്യൂനപക്ഷ വർഗ്ഗീയ പാർട്ടികൾ മാത്രം പിൻതുണക്കുന്ന അപകടാവസ്ഥയെഒഴിവാക്കുകയാണ്. ഇതരമതങ്ങളെ വിമർശിക്കുന്നതിലൂടെ സ്വന്തം മതങ്ങളുടെ പ്രൗഢി സൂക്ഷിക്കുന്ന മതപണ്ഡിതരേക്കാൾ ചരിത്രപരമായ ഭൗതികവാദം മതങ്ങളുടെ നല്ല (തീർച്ചയായും ചീത്തയും) പങ്ക് കണ്ടെത്തിയിട്ടുണ്ട്.

ജന്മിമാർ സവർണ്ണഹിന്ദുക്കൾ, ജന്മിത്തത്തിനെതിരായ സമരത്തിലെ ഭൂരിപക്ഷമോ പാവപ്പെട്ട മുസ്ലീം ജനസാമാന്യവും — ഈ അവസ്ഥയിൽ ഏറനാടിന്റെ ജന്മിത്തവിരുദ്ധകലാപങ്ങൾക്ക് ഒരു മതപ്രത്യയശാസ്ത്രം എന്ന നിലക്ക് ഇസ്ലാം എതിരായിരുന്നില്ലഎന്നതു് അത്ഭുതകരമല്ല. ഒരു മതപ്രത്യയശാസ്ത്രത്തിനു് ജനങ്ങൾ

---

* ഭൂരിപക്ഷ ഹിന്ദുസമുദായത്തിന്റെ സംസ്കാരാധീശത്വത്തിന്റെ ഉദാഹരണങ്ങൾ സിവിൽ സമുദായത്തിൽ ധാരാളമായുണ്ട്. നിരവധി ചന്ദനപ്പൊട്ടുകൾക്കും ഗോപിക്കുറികൾക്കുമിടയിൽ ഒരു നിസ്കാരത്തഴമ്പുമാത്രം വർഗ്ഗീയ ചിഹ്നമാകുന്നു. ഈറൻമുടി, കുവളത്തില ഇത്യാദികൾ മാത്രം റൊമാൻറിക് പ്രേമത്തിന്റെ (പ്രതിലോമ) സന്ദേശംപേറി കേരളീയ ഗ്രാമങ്ങളെ ഭരിക്കുന്നു. തട്ടമിട്ട 'ആയിഷയുടെ സ്വപ്നത്തെയും' പാത്തുമ്മയുടെ ആടിനോടൊപ്പം അതിർത്തി കടത്താനാവുമെന്നു് കുട്ടിഹിററ്ലർമാർ സ്വപ്നംകാണുന്നു. 'നല്ലവനായ' മുസ്ലിം വൃദ്ധ കഥാപാത്രം ഇതിനിടയിൽ അത്ഭുതശിശുപോലെ എഴുത്തുകാരന്റെ തൂലികയിൽ പിറക്കുന്നു. മലബാർ ഹോട്ടലുകളിലെ പ്ലേററുകളിൽ മാത്രം ദുർഗ്ഗന്ധം (നായർ/ബ്രാഹ്മണർ ഹോട്ടലുകളിലെ ചീഞ്ഞ ഇലകളുടെ 'സ്വാഭാവിക' സസ്യ സുഗന്ധത്തെ ഓർക്കാതെ) കണ്ടെത്തുമ്പോൾ ദൈനംദിന ജീവിതത്തിലെ നിരുപദ്രവമെന്നുതോന്നാവുന്ന ഈ കൊച്ചു ഹൈന്ദവമിടുക്കുകൾ, നാഗരികപരിഷ്കൃതമര്യാദയുടെ മറനീക്കി, അവയുടെ വികൃത സാക്ഷാത്കാരം നേടുന്നു.

ഇടയിലെ സ്വാധീനത്തിന്റെ ഏററക്കുറച്ചിലുകൾക്ക് ആ സമൂഹത്തിലെ വർഗ്ഗസമരത്തിന്റെ വികാസ ചരിത്രവുമായി ബന്ധമുണ്ട്. 'പുരോഹിതരുടെ ഗൂഢാലോചനയിൽനിന്ന് മതം രൂപംകൊള്ളുന്നു' എന്നു വിശ്വസിക്കുന്ന യുക്തിവാദികൾ മാത്രമേ മതം, വർഗ്ഗം, വർഗ്ഗീയത ഇവയുടെ സങ്കീർണ്ണ ബന്ധത്തെ അവഗണിക്കാനാവൂ. മതം ഒരു ബുദ്ധിപരമായ പ്രശ്നമല്ല (ലെനിൻ).

മുസ്ലിംലീഗുമായുള്ള ഐക്യമുന്നണി മൂലം, കൃഷകർക്കെതിരായ വികാരത്തിന്റെ പ്രകാശനസാദ്ധ്യതകൾ ജില്ലയിലെ സാധാരണ മുസ്ലിമിനെ സംബന്ധിച്ചിടത്തോളം ഒന്നുകിൽ അവിഭക്ത ലീഗിന് അല്ലെങ്കിൽ പ്രതിപക്ഷലീഗിന് വോട്ടുചെയ്യുക എന്നതിലേക്ക് ചുരുങ്ങിപ്പോയതു് ജില്ലയുടെ സമീപ ഭൂതകാലമാണ്. മത പ്രത്യയശാസ്ത്രത്തിന്റെ മേൽവിവരിച്ച ചരിത്രാവസ്ഥ, തൊഴിലാളിയുടെ വർഗ്ഗബോധത്തിലും ആത്മവത്തയിലും നടത്തുന്ന ഇടപെടലുകൾ, വർഗ്ഗീയതക്കെതിരായ കമ്മ്യൂണിസ്റ്റുപാർട്ടികളുടെ പ്രചാരണത്തെ ന്യൂനപക്ഷത്തിനെതിരെ ആർ. എസ്. എസ്. നടത്തുന്ന പ്രചാരണവുമായി സാമ്യപ്പെടുത്തുവാൻ ലീഗ് നടത്തിയ ശ്രമം — ഇതിനെയൊക്കെ മറികടന്ന് വിജയിക്കുവാൻ ജില്ലയിൽ ഇടതുപക്ഷ പ്രസ്ഥാനത്തിന് കഴിഞ്ഞില്ലെന്നതു് ഒട്ടും ആശ്വാസകരമല്ല.

ഇത്രയും സൂചിപ്പിച്ചതു് മലപ്പുറം ജില്ലയിലെ മുസ്ലിംവോട്ടുകളുടെ ദൃഢീകരണവും സ്ഥിരീകരണവും എന്തുകൊണ്ട് സംഭവിച്ചു എന്ന് വിശകലനം ചെയ്യാനല്ല — വിവിധ മതങ്ങളുള്ള മുതലാളിത്ത സമൂഹങ്ങളിൽ, വിപ്ലവ പ്രസ്ഥാനങ്ങളുടെ വർഗ്ഗീയതയ്ക്കെതിരായ സമരനയം നേരിടുന്ന സങ്കീർണതകളെക്കുറിച്ച് ഓർമ്മിപ്പിക്കുവാനാണ്. 'സമൂഹത്തിൽ രണ്ട് വർഗ്ഗങ്ങളേയുള്ളൂ' എന്നീ സത്യപ്രസ്താവനകൾ, പ്രായോഗിക രംഗത്തു് വർഗ്ഗസമരം നേരിടുന്ന വെല്ലുവിളികളെ മറികടക്കുവാൻ അപര്യാപ്തം തന്നെയാണ്. വർഗ്ഗീയത, മതേതരത്വം, ഇക്കാര്യങ്ങളിലുള്ള താത്വിക വ്യക്തതകൾ ആർ. എസ്. എസിന്റേയോ മുസ്ലിംലീഗിന്റെയോ തത്വ പ്രകടനങ്ങളുടെ വാലിൽ തൂങ്ങി നേടിയെടുക്കേണ്ടതുമല്ല. ഏതായാലും, കേരളത്തിന്റെ സാമൂഹ്യപരിവർത്തനത്തിന്റെ അപകടകരമായ പരിണാമ സാദ്ധ്യതകളെങ്കിലും ഒരളവുവരെ മലപ്പുറം ജില്ലയിലെ വർഗ്ഗബന്ധങ്ങളുടെ അവസ്ഥ പ്രതിഫലിപ്പിക്കുന്നുണ്ട്. അടിസ്ഥാനവർഗ്ഗങ്ങളിൽ നിന്ന് ഒററപ്പെടുമ്പോഴും 'കുട്ടിച്ചാത്തനില്ല എന്ന് തെളിയിച്ചല്ലോ' എന്ന് ആശ്വസിക്കുന്ന യുക്തിവാദിയുടെ രാഷ്ട്രീയ നിഷ്ക്കളങ്കത ഇടതുപക്ഷ പ്രസ്ഥാനത്തിന് ഭാരമാണ്. മത പ്രത്യയശാസ്ത്രത്തിൽ നിന്നുള്ള തൊഴിലാളി വർഗ്ഗത്തിന്റെ മോചനം വർഗ്ഗസമരത്തിന്റെ പ്രശ്നം തന്നെയാണ്. അതുകൊണ്ട് വർഗ്ഗീയതക്കെതിരായ സമരവും ഇന്ത്യനവസ്ഥയിൽ ഒരുതരം അനുപാതബോധം ആവശ്യപ്പെടുന്നില്ലേ?

☐ ചുകപ്പരും സമർത്ഥരുമായിത്തീരുക — മാവോ

കേരളത്തിലേയും പശ്ചിമബംഗാളിലേയും ത്രിപുരയിലേയും ഇടതുപക്ഷ സർക്കാരുകൾ സോഷ്യലിസ്ററു രാഷ്ട്രീയത്തിന്റെ ഉശിരൻ ബഹുജന പ്രസ്ഥാനങ്ങളുടെ വിശാലാടിത്തറയിൽ തുടർന്നാൽ, ഇന്ത്യയുടെ ഇതരഭാഗങ്ങളിലെ വർഗ്ഗസമരത്തിന്റെ ഗതിവേഗം വർദ്ധിക്കുമെന്നുറപ്പാണ്. ദേശീയരംഗത്തേക്ക് കടന്നുവരാനുള്ള അവസരം തൊഴിലാളിവർഗ്ഗത്തിന് എന്നേക്കാളും ഇപ്പോൾ ഇന്ത്യയിലുണ്ട്.

1957ൽ ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ അധികാരത്തിൽ വരുമ്പോൾ ('മൂന്നാംലോക ഏഷ്യൻ കമ്മ്യൂണിസ'മെന്ന് ആരും ഈ സംഭവത്തെ വിശേഷിപ്പിച്ചിരുന്നില്ലെന്നാണ് തോന്നുന്നത്) വിപ്ലവതന്ത്രങ്ങളെക്കുറിച്ചുള്ള വിചാരങ്ങൾ തീവ്രവാദപരിസരങ്ങളിൽത്തന്നെയായിരുന്നു. സായുധമായി അധികാരം പിടിച്ചെടുക്കുന്നതിന്റെ സ്വപ്നങ്ങളുടെ കാലം (1920കളും 30കളും) അധികാരത്തിനുവേണ്ടിനടന്ന ആദ്യപോരാട്ടത്തിന്റെ കാലം (48–51) മന്ത്രിസഭകളുടെയും പരിഷ്കരണ നടപടികളുടേയും കാലം (67വരെ), വീണ്ടും സായുധ വിപ്ലവത്തിനു വേണ്ടിപുത്തൻ ശ്രമങ്ങൾ—ഈ ചരിത്രം വിവിധ നയസമീപനങ്ങളുടെ പരീക്ഷണങ്ങളാൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് കൂടുതൽ രാഷ്ട്രീയ പക്വതനേടിത്തന്നിട്ടുണ്ട്. കമ്മ്യൂണിസ്റ്റുകാർ മന്ത്രിസഭ രൂപീകരിക്കുന്നു, തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നു—ഇക്കാര്യങ്ങൾകൊണ്ട് മാത്രം അവർ ആദർശശുദ്ധി കൈമോശം വരുത്തുന്നു എന്ന് വിശ്വസിക്കുന്നവർ ഇപ്പോഴുമുണ്ട്. പക്ഷെ ആരും മന്ത്രിയാകുന്നില്ല എന്നതുകൊണ്ടു മാത്രം ജനങ്ങളുടെ വിപ്ലവശക്തി രൂപം കൊള്ളുമെന്ന് '48ലെ പോലെയോ 67ലെ പോലെയോ ഇവർപോലും കരുതാൻ വഴിയില്ല. ഇടയ്ക്കിടെ സംഭവിക്കുന്ന തെരഞ്ഞെടുപ്പുകളിൽ തെരഞ്ഞെടുപ്പു ബഹിഷ്കരണവും സായുധവിപ്ലവസാദ്ധ്യതകളും കൃത്യതയോടെ അവതരിപ്പിക്കുന്ന കേരളത്തിലെ പാർലമെന്റേതര ഇടതുപക്ഷം, 'ഇടക്കുമാത്രം താഴ്ന്നുപറന്നുപോകുന്ന ഗരുഡനെ'യല്ലാ ഓർമ്മിപ്പിക്കുന്നത്—സായുധവും അല്ലാത്തതുമായ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും പങ്കുകൊണ്ട 'വൃദ്ധനേതൃത്വം' 'ഒരിക്കലും ഉയർന്നു പറക്കാത്ത കോഴി' യുടെ ചിത്രവുമല്ല ഉണർത്തുന്നത് ഇന്ത്യൻ സാഹസികത്വവും തിരുത്തൽവാദവും ലെനിന്റെ ഉൽപ്രേക്ഷകളിൽ നിന്ന് 1987ലെങ്കിലും വേറിട്ടുനിൽക്കുന്നുണ്ട്.

വർഗ്ഗസമരങ്ങളുടെ സുഖസ്മൃതികൾ (നക്സൽബാരിയുടേയോ തെലുങ്കാനയുടെപോലുമോ) അടിയന്തിര രാഷ്ട്രീയ സാഹചര്യങ്ങളുടെ യഥാർത്ഥാവസ്ഥയെ മറച്ചുകൂടാ. ഒരു പ്രത്യേകചരിത്രസന്ധി നൽകുന്ന രാഷ്ട്രീയ സന്ദർഭങ്ങളിൽ സാദ്ധ്യമായ, ശരിയായ ഇടപെടലുകൾതന്നെയാണ് ശാസ്ത്രീയ രാഷ്ട്രീയത്തിന്റെ മുഖമുദ്ര. പോരാടുന്നവർഗ്ഗം എന്ന അടിസ്ഥാനപരമായ അവസ്ഥയിൽ നിന്ന് ഭരണാധികാരം പങ്കിടുന്നവർഗ്ഗം എന്ന നിലയിലേക്കുള്ളമാററം സൃഷ്ടിക്കുന്ന തൊഴിലാളിവർഗ്ഗത്തിന്റെ ദ്വിമുഖമായപങ്ക് സോഷ്യലിസത്തിനായുള്ള സമരത്തെ ക്ഷീണിപ്പിക്കുകയോ ഉത്തേജിപ്പിക്കുകയോ ചെയ്തേക്കാം—രാഷ്ട്രീയാധികാരത്തിനുവേണ്ടിയുള്ള സമരത്തിൽ ഒററമൂലികൾ ഇല്ലെന്നും—തൊഴിലാളിവർഗ്ഗത്തിന്റെ പ്രവർത്തനസാദ്ധ്യതകൾ വിശാലമാണെന്നും നാം കാണേണ്ടതുണ്ട്. ഭാഗികമായ ഭരണാധികാരം അത്തരം പ്രവർത്തനങ്ങളിൽ ഒന്നാണെന്ന തിരിച്ചറിവ് ഈ ഇരട്ടപ്പങ്കാളിത്തത്തെ ക്രിയാത്മകമാക്കുവാൻ സഹായിച്ചേക്കും. ഭരണയന്ത്രവും വർഗ്ഗസമരവും, ഘടനാപരമായ പരിഷ്കാരവും വിപ്ലവവും—ഇക്കാര്യങ്ങളിലുള്ള മാർക്സിസ്റ്റ് വ്യക്തതകളാണ് ''സോഷ്യലിസത്തിനു വേണ്ടിയുള്ള സമരം ഉപേക്ഷിക്കാതെ തന്നെ ജനങ്ങൾക്ക് ആശ്വാസം പകരുന്ന നടപടികളെടുക്കും'' എന്നീ വാഗ്ദാനങ്ങൾക്ക് അടിത്തറയാവേണ്ടത്. ചൂഷകവർഗ്ഗത്തിന്റെ അധികാരത്തെ ദുർബ്ബലപ്പെടുത്തുന്ന പരിഷ്കാരങ്ങൾ, സാമ്പത്തിക നടപടികൾക്ക് ബഹുജനപ്രസ്ഥാനങ്ങൾ വഴി ജനപങ്കാളിത്തം ഉറപ്പുവരുത്തൽ—ഇവ നടപ്പാക്കുവാൻ കഴിഞ്ഞാൽ സമരം ചെയ്യുന്ന ഒരോ വർഗ്ഗവിഭാഗത്തിനും സ്വന്തം രാഷ്ട്രീയാനുഭവങ്ങളുണ്ടാകും. നേതാക്കൾക്കുമാത്രം രാഷ്ട്രീയാനുഭവങ്ങളുണ്ടാക്കുന്ന 'ആദർശ രാഷ്ട്രീയ'ത്തേക്കാൾ ഇത് അതിന്റെ പരീക്ഷണാത്മകതയിലും, പരാജയസാദ്ധ്യതയിൽ പോലും, ഗുണപരമായി ഉയർന്നതായിരിക്കും.

ഷ്കപ്പെട്ടും എന്നാൽ സമർത്ഥരുമായ പുതിയ കാഡർമാർ തൊഴിലാളിവർഗ്ഗപാർട്ടികൾക്ക് ഇന്നാവശ്യമാണ്. പ്രാങ് സോഷ്യലിസ്റ്റ് ലക്ഷ്യങ്ങൾക്കുവേണ്ടിയുള്ള സമരസാദ്ധ്യതകൾ ഇന്ത്യയിൽ വിരളമാണെന്നകാര്യം നിഷേധിക്കേണ്ടതുണ്ടോ? ഇന്ത്യൻ ബൂർഷ്വാസി ജനാധിപത്യവിപ്ലവം പൂർത്തീകരിച്ചോ എന്ന നിതാന്ത സംശയം രാഷ്ട്രീയ പ്രയോഗരംഗത്ത് തൊഴിലാളിവർഗ്ഗത്തിന്റെ മുഖ്യകടമകളുടെ പൂർത്തീകരണശ്രമങ്ങളെയാണ് പലപ്പോഴും തടസ്സപ്പെടുത്തുന്നത്. ഉല്പാദനത്തിന്റെ ഓരോ മേഖലയിലും 'തൊഴിലാളിയുടെ ബുദ്ധിപൂർവ്വമായ വീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ സോഷ്യലിസ്റ്റ് ബദൽമാതൃകയുടെ രൂപീകരണം' വീണ്ടും വീണ്ടും നീട്ടിവെക്കപ്പെടുന്നു. ഇതിനുകാരണം ഘട്ടത്തെക്കുറിച്ചുള്ള വേണ്ടതിലധികം 'ഉറച്ച' വ്യക്തതകളാവില്ലേ? ''കോൺഗ്രസ്സും രാജീവ്ഗാന്ധിയും മുതലാളിവർഗ്ഗത്തെപ്പോലെ പെരുമാറുന്നു; മുതലാളിത്ത വിദ്യാഭ്യാസനയം നടപ്പാക്കാൻ ശ്രമിക്കുന്നു''—ഈ പരാതികൾ അത്ഭുതത്തോടെ പറയുമ്പോഴെങ്കിലും—ഘട്ടത്തെക്കുറിച്ചുള്ള മാർക്സിസ്റ്റുകൾക്കിടയിലെ അതിസൂക്ഷ്മ ജാഗ്രതകൾക്കുശേഷവും കോൺഗ്രസ്സിനെ എങ്ങിനെ എതിർക്കണം (അല്ലെങ്കിൽ എങ്ങിനെ എതിർക്കാതിരിക്കണം) എന്ന പ്രധാന രാഷ്ട്രീയപ്രശ്നം അപഹരിക്കപ്പെട്ടതാവസ്ഥയിലാണെന്നു തോന്നിപ്പോകുന്നു.

☐ സംവാദങ്ങളുടെ കാലം—കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ 50–ാം വർഷം

ഇന്ത്യൻ വിപ്ലവത്തിന്റെ ഘട്ടം, ഒരു മൂന്നാംലോക രാജ്യത്തിലെ കമ്മ്യൂണിസ്റ്റ് വിപ്ലവതന്ത്രം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ—ദൈനംദിന രാഷ്ട്രീയ പ്രവർത്തനത്തോടൊപ്പം ഇക്കാര്യങ്ങളിലുള്ള സൗഹാർദ്ദപൂർണ്ണമായ സംവാദങ്ങൾക്കുകൂടി ഇന്ന് നാം സമയം കണ്ടെത്തേണ്ടതുണ്ട്. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം പിളരുന്നതിനു മുൻപും തെറ്റുകൾ വരുത്തിയിട്ടുണ്ട്. വീണ്ടും ഒന്നാകുന്നതുകൊണ്ടു മാത്രം ശരിയായ നയസമീപനങ്ങൾ ഉണ്ടാകണമെന്നില്ല. ഇടതു വ്യതിയാനവും വലതു് അവസരവാദവും മദ്ധ്യവർത്തിവാദവും ഇന്ത്യയിൽ ഏതെങ്കിലും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കുത്തകയാണെന്നു തോന്നുന്നില്ല. സമൂഹത്തിലെ വർഗ്ഗസമരവുമായി ബന്ധപ്പെട്ട് ഈ അപകടങ്ങൾക്കും പ്രായമായിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഓരോ ഘട്ടത്തിലുമെടുത്ത നയസമീപനങ്ങളുടെ ശരിതെറ്റുകൾ പരിശോധിക്കപ്പെടേണ്ടതുണ്ട്—ഇതു് ഏതെങ്കിലും പ്രത്യേക പാർട്ടിയെ പുകഴ്ത്തുവാനോ താഴ്ത്തുവാനോ അല്ല—കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പുനരേകീകരണം സാദ്ധ്യമായാൽപോലും ഇനിയും വിഷമകരമായ പോരാട്ടങ്ങൾ ആവശ്യപ്പെടുന്ന 'വൈകിപ്പോയ' ഒരു വിപ്ലവത്തിന്റെ പൂർത്തീകരണം സാദ്ധ്യമാക്കുവാനാണ്. ഭൂതകാല ആശയസമരങ്ങൾ തർക്കങ്ങളും, അസ്വാരസ്യങ്ങളും(നഷ്ടം സംഭവിച്ചതിനുശേഷം മാത്രം 'ഖേദകരവും') ആയിമാറി ഒടുവിൽ വലതുപക്ഷത്തെരക്ഷപ്പെടുത്തുന്ന അവസ്ഥയിൽ മാത്രമാണ് ജനങ്ങൾ 'എങ്ങിനെയെങ്കിലും' ഐക്യം ആഗ്രഹിച്ചുപോകുന്നത്. ഭൂതകാലത്തിൽ പ്രധാനമായ പല പ്രശ്നങ്ങളും ഇന്ന് പ്രസക്തമാകണമെന്നില്ല — അപ്രധാന കാര്യങ്ങളിലും ആശയസമരത്തിന്റെ 'വിഭക്തി'യെയും അതിവൈകാരികവും അതുകൊണ്ടുതന്നെ തത്വാധിഷ്ഠിതമല്ലാത്തതുമായ ഐക്യതാൽപര്യങ്ങളേയും മറികടക്കുന്ന ഒരു ഐക്യസമീപനത്തിന്റെ സാദ്ധ്യതകളിൽ നാം വീണ്ടും വിശ്വസിക്കുക.

ടി. എൻ. ജോയ്
ചീഫ് എഡിറ്റർ

# പുതിയ വെല്ലുവിളികൾ

## അശോക്മിത്രയുമായി ഒരഭിമുഖസംഭാഷണം

പ്രശസ്ത മാർക്സിയൻ സമ്പദ്ശാസ്ത്രവിദഗ്ധനും പശ്ചിമ ബംഗാളിലെ മുൻ ധനകാര്യമന്ത്രിയുമായ ഡോ. അശോക്മിത്രയുമായി 'സോഷ്യലിസ്റ്റ് അധ്യാപനവേദി'ക്കുവേണ്ടി എം. മുരളീധരൻ നയിച്ച ടീം നടത്തിയ ഈ അഭിമുഖസംഭാഷണം, കേരളത്തിലെ തിരഞ്ഞെടുപ്പിനുമുമ്പ് കോഴിക്കോട്ട്വെച്ച് റെക്കോഡ് ചെയ്യപ്പെട്ടതാണ്. ഇന്ത്യൻ സാമ്പത്തിക-രാഷ്ട്രീയരംഗങ്ങളിൽ ഇടതുപക്ഷം നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് അശോക്മിത്ര തുറന്ന് സംസാരിക്കുന്നു.

ചോ: രാഷ്ട്രീയമായി അതീവപ്രസക്തമായ ചില പ്രധാന പ്രമേയങ്ങളെക്കുറിച്ച് താങ്കളുടെ കാഴ്ചപ്പാടുകളെന്തെന്നറിയാൻ ഞങ്ങൾക്ക് താല്പര്യമുണ്ട്. ഉദാഹരണത്തിന്, ഇന്ത്യയിലെ സാമൂഹ്യ രൂപീകരണത്തെ താങ്കളെങ്ങിനെ വിശേഷിപ്പിക്കും? അതിനെക്കുറിച്ച് ഒട്ടേറെ വിവാദങ്ങൾ നടന്നുവരുന്നുണ്ടല്ലോ—ഇന്ത്യൻ സാമൂഹ്യരൂപീകരണം അർദ്ധ–നാടുവാഴിത്തപരമാണെന്നും, ആഗോള മുതലാളിത്തത്തോട് വിധേയത്വപരമായി ഉദ്ഗ്രഥിക്കപ്പെട്ട ഒരു മുതലാളിത്തവ്യവസ്ഥയാണ് അതെന്നും, അല്ലാ ക്കുറെക്കൂടി സ്വതന്ത്രമായി നിൽക്കുന്ന മുതലാളിത്തമാണെന്നും മററും. ഇത്തരം സ്വഭാവനിർണ്ണയങ്ങളോട് താങ്കളെങ്ങിനെ പ്രതികരിക്കുന്നു? ഒപ്പം, ഇരട്ടസമ്പദ്വ്യവസ്ഥ (dual economy) എന്നപരികല്പനയെപ്പററി എന്തുകരുതുന്നു?

ഉ: അത്തരം വിവാദങ്ങളിൽനിന്ന് ഒഴിഞ്ഞ് നിൽക്കാനാവും എനിക്കിഷ്ടം. കാരണം, ഈ തർക്കങ്ങൾ തികച്ചും വന്ധ്യമാണെന്ന തോന്നലാണെനിക്കുള്ളത്. നമ്മുടേത് ഒരു നാടുവാഴി–മുതലാളിത്ത ഭരണകൂടമാണോ, അതോ, അർദ്ധനാടുവാഴിത്ത—മുതലാളിത്ത ഭരണകൂടമാണോ, ചില ദല്ലാൾ ഘടകങ്ങളോട് ഗാഢബന്ധം പുലർത്തുന്ന മുതലാളിത്ത ഭരണകൂടമാണോ, ദല്ലാൾ ഘടകങ്ങൾ തദ്ദേശീയ ഘടകങ്ങൾക്ക് മുകളിൽ മേധാവിത്തം പുലർത്തുന്നുണ്ടോ: ഇത്തരം സൂക്ഷ്മാംശങ്ങളെക്കുറിച്ച് മുൻകൂട്ടിത്തന്നെ എന്തെങ്കിലും വ്യാഖ്യാനങ്ങൾ നൽകാൻ ഞാൻ തയ്യാറല്ല. രാഷ്ട്രീയ–സമ്പദ്വ്യവസ്ഥയെ നോക്കിക്കാണാൻ എനിക്ക് എന്റേതായ ഒരു വഴിയുണ്ട്. നിർവ്വചനങ്ങളെക്കുറിച്ച് ഏറെയൊന്നും ഉത്കണ്ഠപ്പെടാതെയാണ് ഞാനതിനെ നോക്കിക്കാണുന്നത്. നിർബ്ബന്ധമാണെങ്കിൽ ഞാനിത്രയും പറയാം: ഇന്ത്യൻ രാഷ്ട്രീയ വ്യവസ്ഥ, നാഗരിക ബൂർഷ്വാസിയും ഭൂസ്വാമികളും തമ്മിലുള്ള ഒരു കൂട്ടുകെട്ടിന്റെ പിടിയിലമർന്നിരിക്കയാണ്—കച്ചവടമൂലധനവും ഈ കൂട്ടുകെട്ടിനെ പിന്തുണയ്ക്കുന്ന ഒരു പങ്കുവഹിക്കുന്നുണ്ട്. വിദേശ മൂലധനവുമായുള്ള അതിന്റെബന്ധം പ്രാരംഭദശയിൽ താരതമ്യേന തുച്ഛമായിരുന്നു: എന്നാൽ കഴിഞ്ഞ അഞ്ചാറുവർഷങ്ങളായി വിദേശ മൂലധനത്തിന്റെ പങ്ക് കൂടുതൽ കൂടുതൽ പ്രകടമായിവരികയാണ്. വരുന്ന അഞ്ചോ, പത്തോ, പതിനഞ്ചോ വർഷങ്ങളിൽ ഇതെല്ലാം നമ്മെ എവിടെയാണ് കൊണ്ടെത്തിക്കുക എന്നതിനെക്കുറിച്ച് ഒന്നുംപ്രവചിക്കാൻഞാനൊരുക്കമല്ല. അത് നമുക്കുകാത്തിരുന്നുതന്നെ കാണേണ്ടിവരും. കാരണം, ഇനിയങ്ങോട്ടുള്ള സംഭവങ്ങൾ ഇത്തരമൊരേർപ്പാടിന്നെതിരെ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്ക് എന്തുതരത്തിലുള്ള പ്രതിരോധമാണ് കെട്ടിപ്പടുക്കാനാവുക എന്നതിനെക്കൂടി ആശ്രയിച്ചാണിരിക്കുന്നത്.

ചോ: ഉത്പാദന ശക്തികളുടേയും ഉത്പാദന ക്ഷമതയുടേയും വളർച്ചയെപ്പററി ധാരാളം ചർച്ചകൾ നടക്കുന്നുണ്ടല്ലോ. ഉത്പാദനക്ഷമതയുടെ ഭാവിവളർച്ചയെക്കുറിച്ച് മനസ്സിലാക്കാൻ ശ്രമിക്കുമ്പോൾ, രാജ്യത്തിനകത്തെ ഡിമാൻറിന്റെ സ്വഭാവത്തെ നാമെങ്ങിനെയാണ് കാണേണ്ടത്: അതായത്, (ഒന്ന്) രാജ്യത്തിനകത്ത് ഉല്പന്നങ്ങൾക്ക് വേണ്ടത്ര ഡിമാൻറ് സൃഷ്ടിക്കാവുന്നിടത്തോളംവരുമാനം താഴെക്കിടയിലുള്ള കർഷകരിലേയ്ക്കും തൊഴിലാളിവർഗ്ഗത്തിലേയ്ക്കും കിനിഞ്ഞിറങ്ങുന്നുണ്ടോ? (രണ്ട്) ഇന്ത്യൻ പരിതസ്ഥിതിയിൽ, ഈ ഡിമാൻറിന്റെ സ്വഭാവത്തെ നാമെങ്ങിനെയാണ് നിഷ്കൃഷ്ടമായി വിലയിരുത്തുക—ഇത് ഏതിനത്തിൽപ്പെടുന്നു? ഉപഭോഗതൃഷ്ണയെ തൃപ്തിപ്പെടുത്തുന്ന രീതിയിലുള്ള പ്രവണതയാണ് ഉല്പാദനരംഗത്ത് കാണുന്നത്. സമീപകാലത്ത് ലഘുസാങ്കേതിക വിദ്യയിലും (soft-ware technology) ഇലക്ട്രോണിക്സിലും മററും ഉണ്ടായിട്ടുള്ള വളർച്ച ഇതിന്റെ സൂചനയാണല്ലോ. സമൂലമായ ഒരു വ്യവസ്ഥാവിമർശനത്തിന്റെ പ്രാരംഭമെന്നനിലയിൽ ഡിമാൻറിനെ ബഹുജനങ്ങളുടെ യഥാർത്ഥ ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ—ആവശ്യങ്ങളുടെ പ്രാധാന്യക്രമമനുസരിച്ചുള്ള ഒരു പരിപാടിയുടെ അടിസ്ഥാനത്തിൽ—നിർവ്വചിക്കുന്ന ഒരു നിലപാട് നമുക്കെടുക്കാനാവുമോ? (മൂന്ന്) ഇതുമായി ബന്ധപ്പെട്ടുതന്നെ: ഡിമാൻറിന്റെ അളവും വ്യാപ്തിയും നിർണ്ണയിക്കാനുള്ള പരിശ്രമങ്ങൾ നടന്നിട്ടുണ്ടോ?

ഉ: ചോദ്യത്തിന്റെ ഉദ്ദേശ്യം ഞാൻ മനസ്സിലാക്കുന്നതിങ്ങിനെയാണ്: സാമ്പത്തിക വളർച്ചയും, ഡിമാൻറിന്റെ വശത്തോടുള്ള അതിന്റെ ബന്ധവും ഉയർത്തുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണ്?—ഇതല്ലേ നിങ്ങളുടെ ഉത്കണ്ഠ? പല പംക്തികളിലുമായി ഞാനതു് ചർച്ചചെയ്തിട്ടുണ്ട്. കഴിഞ്ഞ നാല്പതു് വർഷത്തെ ഇന്ത്യൻ സാമ്പത്തിക

ഇന്ത്യൻ രാഷ്ട്രീയവ്യവസ്ഥ, നാഗരിക ബൂർഷ്വാസിയും ഭൂസ്വാമികളും തമ്മിലുള്ള ഒരു കൂട്ടുകെട്ടിന്റെ പിടിയിലമർന്നിരിക്കയാണ്—കച്ചവട മൂലധനവും ഈ കൂട്ടുകെട്ടിനെ പിന്തുണയ്ക്കുന്ന ഒരു പങ്കുവഹിക്കുന്നുണ്ട്. വിദേശമൂലധനവുമായുള്ള അതിന്റെ ബന്ധം പ്രാരംഭദശയിൽ താരതമ്യേന തുച്ഛമായിരുന്നു; എന്നാൽ കഴിഞ്ഞ അഞ്ചാറു വർഷങ്ങളായി വിദേശമൂലധനത്തിന്റെ പങ്ക് കൂടുതൽ കൂടുതൽ പ്രകടമായി വരികയാണ്.

വികാസം അർദ്ധമുരടിപ്പിന്റെ ശരിയായ ഉദാഹരണമാണെന്നു് പറയാനെനിക്കുമടിയില്ല. സാമ്പത്തിക വളർച്ച തീർത്തും മുരടിച്ചിട്ടില്ല. എന്നാൽ ജനഭൂരിപക്ഷത്തിന്റെ പ്രതിശീർഷവരുമാനം ഉയരുന്നില്ല. അതു് നിശ്ചലമായിരിക്കുന്നതിന്റെ കാരണമെന്തെന്നു് ചോദിച്ചാൽ—ഡിമാൻറ് വർദ്ധിപ്പിക്കാൻ പ്രേരണയേകുന്ന തരത്തിലുള്ള ഘടനാപരമായ പരിഷ്ക്കാരങ്ങളുടെ പ്രശ്നത്തിനു് വേണ്ടത്ര ശ്രദ്ധ ലഭിച്ചിട്ടില്ല. അതു് കല്പിച്ചുകൂട്ടിത്തന്നെ അവഗണിക്കപ്പെട്ടിരിക്കയാണ്, അതു് ഭരണവർഗ്ഗങ്ങളുടെ താല്പര്യത്തിനെതിരായതുകൊണ്ടുതന്നെ. സ്വാതന്ത്ര്യം ലഭിച്ച് നാൽപ്പതു് വർഷം കഴിഞ്ഞിട്ടും ജനസംഖ്യയിൽ ഏതാണ്ട് പകുതിപ്പേർക്കും ഭക്ഷണം ലഭിക്കുന്നില്ല, അതേസമയം പൊതുമേഖലയിൽ 13 ദശലക്ഷം ടണ്ണോ അതിലധികമോ ഭക്ഷ്യധാന്യം സ്റ്റോക്കുചെയ്തിരിക്കുന്നു—ഇതു് ശരിക്കും സംഭ്രമജനകമായ ഒരു വസ്തുതയാണ്. ഈ ഭക്ഷ്യധാന്യത്തിനു് ഡിമാൻറില്ലാതിരിക്കുന്നതെന്തുകൊണ്ടാണ്? വിശക്കുന്നയാളുകൾക്ക് വിപണിയിൽവന്നു് ഈ ഭക്ഷണമാവശ്യപ്പെടാൻ വേണ്ട പണമില്ല, വരുമാനമില്ല. അപ്പോൾ രാജ്യത്തിനുള്ളിൽ ഡിമാൻറ് സൃഷ്ടിക്കപ്പെടണം, പ്രശ്നത്തിന്റെ കാതൽ ഇവിടെയാണ്. ഘടനാപരമായ പരിഷ്ക്കാരങ്ങൾ നടക്കാത്തതുകൊണ്ടാണ് ഡിമാൻറില്ലാത്തതു്. ഒരു ജനകീയ ജനാധിപത്യവിപ്ലവം ഇന്നത്തെ വ്യവസ്ഥയെ അട്ടിമറിക്കാത്തിടത്തോളംകാലം അത്തരം പരിഷ്ക്കാരങ്ങൾ നടക്കാനും പോകുന്നില്ല. അതേസമയം, അധികാരത്തിലിരിക്കുന്നവർക്ക് അവരുടേതായ പ്രതീക്ഷകളും സ്വപ്നങ്ങളുമുണ്ടെന്നും നാം കാണുന്നുണ്ട്. നിലനിൽക്കുന്ന ഘടനകളുള്ളിൽ വെച്ചുതന്നെ ഡിമാൻറിനെ പ്രചോദിപ്പിക്കാൻ കഴിയുമെന്നു അവർ കരുതുന്നു. എന്തിനുള്ള ഡിമാൻറ്? ഭക്ഷ്യധാന്യങ്ങൾക്കുള്ള ഡിമാൻറ് കൂട്ടാനാവില്ല, വസ്ത്രങ്ങൾക്കുള്ളതു് പററില്ല, അതുകൊണ്ട് അവർ അല്പം ചില സുഖഭോഗവസ്തുക്കളുടെ ഉൽപ്പാദനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കയാണ്. നിങ്ങൾ ലഘുസാങ്കേതികോൽപ്പന്നങ്ങളുടെ കാര്യം സൂചിപ്പിച്ചല്ലോ. വേറെ പലയിനങ്ങളും കൂട്ടിച്ചേർക്കാം—ഫ്രിഡ്ജുകൾ, മോട്ടോർകാറുകൾ അത്തരത്തിൽ പലതും. സാമ്പത്തികവളർച്ചക്കു തീക്കൊളുത്താൻ മാത്രമുള്ള ഡിമാൻറ് രാജ്യത്തിനകത്തുതന്നെ ഉണ്ടാകുമെന്നു് ഞാൻ കരുതുന്നില്ല; ഭരണവർഗ്ഗങ്ങൾപോലും അങ്ങിനെ വിശ്വസിക്കുന്നുണ്ടെന്നു് എനിക്ക് തോന്നുന്നില്ല. നമ്മുടെ വ്യവസ്ഥയിലെ ദാരിദ്ര്യത്തിന്റെയും വരുമാനവിതരണത്തിന്റേയും കിടപ്പിങ്ങിനെയാണ്. അവരുടെ പ്രതീക്ഷ വേറൊന്നാണ്. ഈ ലഘുസാങ്കേതികവ്യവസായം ഒന്നുറച്ചുകിട്ടിയാൽ വിദേശങ്ങളിലേക്ക് കയററുമതി തുടങ്ങാം; അങ്ങിനെ ഡിമാൻറ് നിലനിർത്താം; സാമ്പത്തിക വികസന പ്രക്രിയയ്ക്കു് തിരികൊളുത്തുകയും ചെയ്യാം. ഇവിടേയും എനിക്ക് സംശയമുണ്ട്. ഉൽപ്പാദനത്തോതു് വേണ്ടത്ര വലുതായി വികസിക്കുന്നില്ലെങ്കിൽ, ഉൽപ്പാദനച്ചിലവിന്റെ തോതു് കുറയാൻ പോകുന്നില്ല. ഓരോ യൂണിററിന്റേയും ഉൽപ്പാദനച്ചെലവ് കുറയുന്നില്ലെങ്കിലോ, കയററുമതിക്കാവശ്യമായ ഡിമാൻറ് ഉണ്ടാവാനും പോകുന്നില്ല. അപ്പോൾ ഇവിടേയും രാജ്യത്തിനുള്ളിലെ അടിസ്ഥാനപരമായ ഡിമാൻറിന്റെ പ്രശ്നത്തിലേക്ക്—ദേശീയ ജനസംഖ്യയുടെ മഹാഭൂരിപക്ഷത്തിന്റെ പ്രാഥമികാവശ്യങ്ങളുടെ പ്രശ്നത്തിലേക്ക്—തന്നെയാണ് നാമെത്തുന്നതു്. ഇപ്പോഴത്തെ രാഷ്ട്രീയവ്യവസ്ഥ ഡിമാൻറിന്റെ അധികവളർച്ച സൃഷ്ടിക്കുന്ന തരമേയല്ല; ഇവരണ്ടും പൊരുത്തപ്പെടില്ല.

ചോ: കർഷകജനതയുടെ സ്വഭാവത്തിൽവന്ന മാററങ്ങളുമായി ബന്ധപ്പെടുത്തി സെമീന്ദാരി നിയമങ്ങളുടെ പ്രത്യാഘാതം താങ്കളെങ്ങിനെ വിലയിരുത്തുന്നു? ഡിമാൻറിന്റെ പ്രശ്നവുമായി—അതിലും പ്രധാനപ്പെട്ട വർഗ്ഗസഖ്യങ്ങളുടെ പ്രശ്നവുമായി—ഇതിനെ എങ്ങിനെ ബന്ധപ്പെടുത്തും? നാട്ടിൻപുറങ്ങളിൽ ഗ്രാമീണ കർഷകരിലെ അധീശവിഭാഗവും ദരിദ്രരും ഭൂരഹിതരുമായ കർഷകത്തൊഴിലാളിവർഗ്ഗവും തമ്മിൽ വൈരുദ്ധ്യം നിലനിൽക്കുന്നില്ലേ? എങ്കിൽ ഈ വൈരുദ്ധ്യം എത്രത്തോളം മൂർഛിച്ചിട്ടുണ്ട്? അതായതു്, നാട്ടിൻപുറങ്ങളിലെ അധീശ കർഷകവർഗ്ഗങ്ങളുടേയും ഇതര വിഭാഗങ്ങളുടേയും പൊതുതാൽപ്പര്യങ്ങളും വ്യാവസായിക ബൂർഷ്വാസിയുടെ താൽപ്പര്യങ്ങളുമായുള്ള ഏററുമുട്ടൽ ശക്തിപ്പെട്ടിട്ടുണ്ടോ? ഇതിന്റെയൊക്കെ പരിണാമങ്ങൾ, പ്രത്യാഘാതങ്ങൾ താങ്കളെങ്ങിനെ കാണുന്നു? ഈ വർഗ്ഗബന്ധങ്ങളും ഇപ്പോഴത്തെ പ്രാദേശിക പ്രസ്ഥാനങ്ങളുമായുള്ള ബന്ധത്തെക്കുറിച്ചും അഭിപ്രായം പറയുമല്ലോ.

ഉ: ഇന്ത്യയെപ്പോലൊരു വലിയ രാജ്യത്തു് സാമാന്യവത്കരണങ്ങൾ നടത്തുക വളരെ വിഷമമാണ്. സ്ഥിരാവകാശനിയമം നടപ്പാക്കിയ പ്രദേശങ്ങളിൽ, റയട്വാരി സമ്പ്രദായം നിലനിന്ന സ്ഥലങ്ങളിൽ നിന്നു വ്യത്യസ്തമായാണ് സംഗതികൾ വികസിച്ചിട്ടുള്ളതു്. അതുകൊണ്ട് ഈ മേഖലയിൽ പൊതു പ്രസ്താവങ്ങൾ നടത്തുന്നതു് സൂക്ഷിച്ചുവേണം. പക്ഷെ ആകെപ്പാടെ നോക്കിയാൽ ഒന്നുപറയാം—നാട്ടിൽ നടപ്പാക്കപ്പെട്ട ഭൂപരിഷ്കരണ നിയമങ്ങളെന്തായാലും അവയുടെ ഊർജ്ജം അറുപതുകളുടെ ആദ്യത്തോടെ ക്ഷയിച്ചുപോയിരുന്നു. ഉദാഹരണത്തിനു് അമ്പതുകളിൽ ഇടത്തട്ടുകാരെ ഇല്ലാതാക്കുന്ന ഒരു നിയമം ഉത്തർപ്രദേശിൽ നടപ്പായി. ചെറുകിട നിലമുടമകൾ സ്വതന്ത്രരായെന്നർത്ഥം. തുടക്കത്തിൽ ഈ കർഷകഭൂവുടമകളിൽ പലരും—ഉത്തർപ്രദേശിൽ മാത്രമല്ല. പഞ്ചാബിലും ബീഹാറിലും മഹാരാഷ്ട്രയുടെ ചിലഭാഗങ്ങളിലും, അതിനു തെക്കോട്ടുപോലും—ഇടതുപക്ഷപ്രസ്ഥാനത്തിലായിരുന്നു; കാരണം ഭൂപരിഷ്ക്കരണ നിയമങ്ങൾക്കുവേണ്ടിയുള്ള പ്രക്ഷോഭങ്ങളുടെ മുന്നണിയിൽനിന്നിരുന്നതു് കമ്മ്യൂണിസ്റ്റുപാർട്ടിയായിരുന്നു. വിളവുമെച്ചപ്പെടുത്താനുള്ള സർക്കാർ സഹായത്തിനുപകരമായി ചുമത്തി

യിരുന്നു. ലെവികൾക്കും, ജലസേചന നിരക്കുകളുടെ വർദ്ധനവിന്നുമെതിരെ മുന്നണിയിൽ നിലകൊണ്ടതും കമ്മ്യൂണിസ്റ്റുപാർട്ടിയായിരുന്നു ഇത് വടക്കേ ഇന്ത്യയിൽ, വിശേഷിച്ചും മഹാരാഷ്ട്രയിലും, ഗുജറാത്തിലും ഉണ്ടായ രസകരമായ ഒരു സംഭവവികാസമായിരുന്നു. ലെവികൾക്കും ജലസേചനനിരക്കുകൾക്കുമെതിരായ ഈ പ്രസ്ഥാനങ്ങൾ വിജയിച്ചതോടെ, ചെറുകിട നിലമുടമകൾ പലരും ചെറുകിടകർഷകരായി മാറാൻ തുടങ്ങി. ഇടത്തരം കർഷകരോ, ധനികകർഷകരായി അഭിവൃദ്ധി പ്രാപിക്കാനും തുടങ്ങി. അവരുടെ വർഗ്ഗതാല്പര്യങ്ങൾ ഇതോടെ ഗ്രാമീണ തൊഴിലാളി വർഗ്ഗത്തിന്റെ വർഗ്ഗതാല്പര്യങ്ങളിൽ നിന്നകന്നുപോയി. എനിയ്ക്കിവിടെ രസകരമായ ഒരു സംഭവമോർമ്മവരുന്നു: 1960കളുടെ തുടക്കത്തിലായിരുന്നു ഈ തമാശ—അതേ സമയം ഇതു ഗൗരവമുള്ളൊരുദാഹരണവുമാണ്—ഉണ്ടായതു്. പഞ്ചാബ് നിയമസഭയിലെ മൂന്നു കമ്മ്യൂണിസ്റ്റു എം. എൽ. ഏമാർ അസംബ്ലിയിൽ നിന്നും കമ്മ്യൂണിസ്റ്റുപാർട്ടിയിൽ നിന്നും രാജിവെച്ചു; എന്നിട്ട് ചേർന്നതോ സ്വതന്ത്രാപാർട്ടിയിലും! വർഗ്ഗതാത്പര്യങ്ങളിൽവന്ന സമ്പൂർണ്ണമായ മാററമായിരുന്നു ഇതിന്നുകാരണം. അറുപതുകളുടെ പകുതിയായപ്പോഴെയ്ക്കും നമ്മുടെ നാട്ടിൽ ഉടനീളം സംഭവിച്ചതാണിതു്. അറുപതുകളുടെ ആദ്യഘട്ടത്തിന്നുശേഷം കാര്യമായ ഭൂപരിഷ്കാരങ്ങളൊന്നും തന്നെ ഉണ്ടായിട്ടില്ല. ആകപ്പാടെയുള്ള അവസ്ഥയോ? അതു നമുക്കറിയാം രാജ്യത്തുള്ള കൃഷിയോഗ്യമായ 400 ദശലക്ഷം ഏക്കറിൽ വെറും 4 ദശലക്ഷം ഏക്കർ മാത്രമാണ് ഭൂരഹിതകർഷർക്കിടയിൽ പുനർവിതരണം നടത്തിയിട്ടുള്ളതു്. ഉയർന്നുവരുന്ന ഈയവസ്ഥയ്ക്കു് പ്രാദേശികമായ വ്യത്യാസങ്ങളുണ്ട്. പക്ഷേ പൊതുവേ പറഞ്ഞാൽ ഇടതുപക്ഷപ്രസ്ഥാനം ധർമ്മസങ്കടത്തിലാണ്. നാട്ടിൻപുറങ്ങളിലേയ്ക്കു് സ്വന്തം സ്വാധീനം വ്യാപിപ്പിക്കണമെങ്കിൽ ഗ്രാമീണകർഷകത്തൊഴിലാളികളും ഇടത്തരം കർഷകരും ധനികകർഷകരും പങ്കുകൃഷിക്കാരും തമ്മിലുള്ളതാല്ക്കാലിക സഖ്യങ്ങൾ വികസിപ്പിക്കാൻ ശ്രമിക്കണം. കർഷക സമൂഹത്തിലുടനീളം വിശാലമായൊരു സഖ്യം രൂപീകരിച്ച് വ്യാവസായിക ബൂർഷ്വാസിയ്ക്കെതിരെ അവരുടെ ആവശ്യങ്ങളുന്നയിക്കണം, ഉത്പന്നങ്ങൾക്ക് ശരിയായ വിലകിട്ടാൻ ശ്രമിക്കണം. കാർഷികോല്പന്നങ്ങൾക്കു വിലകൂടിയാൽ, നാട്ടിൻപുറത്തെ ഈ അധികവരുമാനം താഴേയ്ക്കു് അരിച്ചിറങ്ങുമെന്നു നാം കരുതും. യഥാർത്ഥത്തിലുള്ള കൂലിയുടെ വിതാനം താഴാതെ പിടിച്ചുനിർത്താമെന്നു്, പണമായുള്ള കൂലി വർദ്ധിക്കുമെന്നുപോലും നാം വിചാരിക്കും. എന്നാൽ സ്ഥിതിവിവരക്കണക്കുകൾ അത്തരം പ്രതീക്ഷകൾ തെററാണെന്നു തെളിയിക്കുന്നു—രാജ്യത്തു്, വിശേഷിച്ചും വടക്കു–പടിഞ്ഞാറൻ ഭാഗങ്ങളിൽ പുതിയ കാർഷികതന്ത്രം ആവിഷ്കരിച്ചതിനുശേഷമുള്ള കാലം മുഴുവൻ—രണ്ടു പതിററാണ്ടെന്നുപറയാം—നമ്മുടെ മുന്നിലുണ്ട്. ഇക്കാലം മുഴുവൻ യഥാർത്ഥത്തിലുള്ള കൂലി നാട്ടിലെമ്പാടും ഏതാണ്ട് സ്ഥിരമായിരുന്നിട്ടുണ്ട്. കേരളത്തിലും തമിഴ്നാട്ടിന്റെയും പശ്ചിമബംഗാളിന്റെയും ചില ഭാഗങ്ങളിലും അല്പം മുന്നേററമുണ്ടായിട്ടില്ലെന്നില്ല. അതിന്നു പ്രാധാന കാരണം ഗ്രാമീണതൊഴിലാളിവർഗ്ഗത്തിന്നിടയിലെ സമരോത്സുകമായ ട്രേഡ്യൂണിയൻ പ്രസ്ഥാനമാണ്. പക്ഷേ നാടിന്റെ മററു ഭാഗങ്ങളിൽ യഥാർത്ഥകൂലി കാര്യമായി വർദ്ധിച്ചിട്ടില്ല. പഞ്ചാബിലും ഹരിയാനയിലും കൂടി ഇതാണവസ്ഥിതി. സാരമില്ല. നമുക്ക് കൂലി കൂടുതലാവശ്യപ്പെടാം. നമ്മുടെ കാർഷികോത്പന്നങ്ങൾക്ക് കൂടുതൽ വില ചോദിക്കാം. ഇതുതന്നെ ക്രമേണ തൊഴിലാളി വർഗ്ഗപ്രസ്ഥാനം ശക്തിപ്പെടുത്താൻ സഹായകമാവും—ഇങ്ങിനെ പറഞ്ഞിരുന്നവരുടെ പ്രതീക്ഷ സാക്ഷാത്കരിക്കപ്പെട്ടിട്ടില്ല. ഇതു തന്നെ ഒരു പ്രശ്നമുയർത്തുന്നുണ്ട്—ഭക്ഷ്യധാന്യങ്ങളുടെയും ഇതരകാർഷികോത്പന്നങ്ങളുടെയും വിലകൾ വർദ്ധിക്കുന്നുവെന്നുതന്നെ കരുതുക. ഭൂരഹിതനായതൊഴിലാളി അങ്ങാടിയിലെത്തുന്നു. അവന്റെ കൂലി—പണമായി നൽകപ്പെടുന്ന കൂലി—കാർഷികോത്പന്നങ്ങളുടെ വിലവർദ്ധനവിന് ആനുപാതികമായി വർദ്ധിക്കുന്നില്ലെങ്കിൽ, വർദ്ധിക്കുന്ന ഉൽപ്പന്നവില അവന്റെനിലകൂടുതൽ വഷളാക്കുകയേയുള്ളു. ഇവിടെയാണ പ്രശ്നം. മറുവശമെടുത്താലോ, രാഷ്ട്രീയതലത്തിൽ വൻകിടഭൂപ്രഭുക്കളെയും ധനികകർഷകരേയും പൂർണ്ണമായി നിരാകരിക്കാൻ ഇടതുപക്ഷനേതൃത്വത്തിന്റെ ഭാഗത്ത് അൽപ്പം മടിയുണ്ട്. ഇപ്പോഴും ഇക്കാര്യത്തിൽ ഒരു തരം ഇരട്ടസ്സ്വഭാവമുണ്ട്. ഉദാഹരണത്തിന്, സമീപകാലം വരെ അകാലികളോടുള്ള ഇടതുപക്ഷപാർട്ടികളുടെ സമീപനത്തിൽ ഇതുപ്രതിഫലിച്ചിരുന്നു. 'ഹരിതവിപ്ലവ'ത്തിൽ നിന്ന് ഗണ്യമായ ലാഭം നേടിയിട്ടുള്ള പഞ്ചാബിലെ സമ്പന്ന നാഗരിക കുലീനവർഗ്ഗത്തെയാണ് അകാലിനേതൃത്വം പ്രതിനിധാനം ചെയ്യുന്നതു്. ഇടതുപക്ഷപാർട്ടികളിലുള്ളതു് സ്വാഭാവികമായും ഗ്രാമീണ തൊഴിലാളികളാണെന്നും, ആ പാർട്ടികളുടെ നേതൃത്വം അകാലികളെ എതിർക്കുമെന്നുമാണ് ഞാൻ കരുതുക. എന്നാൽ കർഷക സമൂഹത്തെ മുഴുവനോടെ പിടിച്ചെടുക്കണമെന്ന ഭ്രമംമൂലം അകാലി നേതൃത്വവുമായി പെട്ടെന്നുതന്നെ ഇടയേണ്ടിവരുന്ന ഒരു ബദൽ ഗ്രാമീണ അടിത്തറ വടക്കുപടിഞ്ഞാറൻ ഭാഗങ്ങളിൽ വികസിപ്പിക്കുവാൻ കാര്യമായ ഒരു ശ്രമവും നടക്കുന്നില്ല. പഞ്ചാബിലുംമററും ഇപ്പോൾ ഇടതുപക്ഷം അഭിമുഖീകരിക്കുന്ന നൈരാശ്യത്തിനും തിരിച്ചടിയ്ക്കും ഒരു കാരണം അകാലിനേതൃത്വത്തെയും മേൽക്കിട കുലീനവർഗ്ഗത്തെയും അകററിനിർത്താനുള്ള ഈ മടിയാണെന്ന് ഞാൻ സംശയിക്കുന്നു. ഇത്തരം പ്രശ്നങ്ങൾ തുടർന്നും നിലനിൽക്കും. ഇടതുപക്ഷത്തിന്നിടയിൽതന്നെ പരസ്പരം ആരോപണങ്ങളുന്നയിക്കുന്നതിൽ കാര്യമില്ല. ഇതു് കാഴ്ചപ്പാടിന്റെയും കാഴ്ചപ്പാടുതെററിപ്പോവുന്നതിന്റെയും പ്രശ്നമാണ്. നമ്മുടെ രാഷ്ട്രീയ ചരിത്രത്തിലെ ഈ അദ്ധ്യായം ഞാൻ ആക്കെങ്കിലും എതിരായി ഉയർത്തിപ്പിടിക്കുകയില്ല. നാം നമ്മുടെ പാഠങ്ങൾ പഠിക്കണം. നമ്മുടെ ചില നയങ്ങളും പതിവുകളും പുനഃപരിശോധിക്കണം—ഇതേ ഞാൻ പറയൂ.

---

ലെവികൾക്കും ജലസേചന നിരക്കുകൾക്കുമെതിരായ ഈ പ്രസ്ഥാനങ്ങൾ വിജയിച്ചതോടെ, ചെറുകിട നിലമുടമകൾ പലരും ചെറുകിടകർഷകരായി മാറാൻതുടങ്ങി; ഇടത്തരം കർഷകരോ, ധനികകർഷകരായി അഭിവൃദ്ധിപ്രാപിക്കാനും തുടങ്ങി, അവരുടെ വർഗ്ഗതാത്പര്യങ്ങൾ ഇതോടെ ഗ്രാമീണ തൊഴിലാളിവർഗ്ഗത്തിന്റെ വർഗ്ഗതാത്പര്യങ്ങളിൽ നിന്നകന്നുപോയി.

---

വിദേശ വിപണിയിൽ കയററുമതിയിൽ, കണ്ണുനട്ടുകൊണ്ട് ആരംഭിച്ചിരിക്കുന്ന സാമ്പത്തിക നയത്തിൻെറ ഈ ഉദാരവത്ക്കരണം, തന്ത്രത്തിലുള്ള ഒരു മാററത്തിൻെറ പ്രതിഫലനമാണ്.

ചോ: നമുക്ക് മറെറാരു പ്രമേയത്തിലേയ്ക്ക് വരാം. പുത്തൻ സാമ്പത്തിക നയം. പുത്തൻ സാമ്പത്തികനയം ബൂർഷ്വാസിയുടെ തന്ത്രത്തിൽ സംഭവിച്ച ഒരു പരിവർത്തനം സൂചിപ്പിക്കുന്നുണ്ടോ? അതോ മുമ്പേ സ്വീകരിക്കപ്പെട്ടിരുന്ന ബൂർഷ്വാതന്ത്രത്തിൻെറ ഒരു നേർതുടർച്ച തന്നെയാണോ അത്? ഒരു പരിവർത്തനം സംഭവിച്ചിട്ടുണ്ടെങ്കിൽ, അതിൻെറ വിവക്ഷകൾ താങ്കളെങ്ങിനെ വിലയിരുത്തും?

ഉ: ഒരു പരിവർത്തനം സംഭവിച്ചിട്ടുണ്ടെങ്കിൽ, അത് തന്ത്രത്തിലെന്നതിനെക്കാൾ ഊന്നലിലാണുണ്ടായിട്ടുള്ളത്. ഭരണകൂടത്തിൻെറ സ്വഭാവം ഇക്കാലത്തിന്നിടയിൽ, ഉദാഹരണത്തിന് അമ്മയുടെയും മകൻെറയും കാലത്തിനിടയിൽ, മാറിയിട്ടൊന്നുമില്ലല്ലോ. ആ സഖ്യം അതേപടി നിൽക്കുന്നു—നാഗരികബൂർഷ്വാസിയും ഗ്രാമീണബൂർഷ്വാസിയും തമ്മിലുള്ള അതേ സഖ്യം. പഴയ നയത്തിൻെറ മൂലതത്ത്വമെന്തായിരുന്നു? അതെ, നമുക്ക് വികസിക്കുന്ന ഒരു പൊതുമേഖല വേണം. കാരണം, വ്യവസായവത്ക്കരണത്തിനും കാർഷികവികസനത്തിനും ആവശ്യമായ ഒരു സാമ്പത്തിക അധോഘടന സൃഷ്ടിക്കുവാൻ, വികസിക്കുന്ന ഒരു പൊതുമേഖല സഹായകരമായിരിക്കും. റെയിൽവേ, വിദ്യുച്ഛക്തി, ജലസേചനം, വളംനിർമ്മാണം—ഇതെല്ലാം ഇതിൽപ്പെടും. സ്വകാര്യമേഖലക്ക് ഉടൻ കഴിയാത്ത ചിലവുകൂടിയ വ്യവസായമായ ഉരുക്കുത്പാദനവും പൊതുമേഖല ഏറെറടുക്കും. ഇവയൊക്കെ പൊതുമേഖല ജ്ജുവിടുക; സ്വകാര്യ വ്യവസായികൾക്കും വൻകിട കർഷകർക്കും ധനികകർഷകർക്കും ഈ ഉൽപ്പന്നങ്ങളും സേവനങ്ങളും കുറഞ്ഞ നിരക്കിൽ ലഭിക്കുമെന്ന് ഉറപ്പുവരുത്തുക. കൂടാതെ, കാർഷിക വിലനയത്തിൽ സൂചിപ്പിക്കപ്പെടുന്ന സബ്സിഡികൾക്ക് പുറമെ, കയററുമതിനടത്തുന്ന വ്യാപാരികൾക്കും തെരഞ്ഞെടുത്ത ഇനങ്ങളിൽ സബ്സിഡി നൽകാനായി ബജററ് ഉപയോഗിക്കുക. ഓരോ വർഷവും ഏതാണ്ട് ആയിരം കോടി രൂപയുടെ സബ്സിഡിയുൾക്കൊള്ളുന്നതാണ് ഈ വിലനയം. ഈ സബ്സിഡികൾ, സമ്പന്നരായ കാർഷികോത്പാദകർ, മിച്ചമുദ്പാദിപ്പിക്കുന്ന കൃഷിക്കാർ എന്നിവർക്കുപുറമെ സുഖസമ്പന്നരായ നാഗരിക ഉപഭോക്താക്കൾക്കും ഗ്രാമങ്ങളിലെ ഉയർന്ന മദ്ധ്യവർഗ്ഗങ്ങൾക്കും ലഭിക്കുന്നു—ഇവരെ തൃപ്തിപ്പെടുത്തി നിറുത്താൻ ഗവൺമെൻറ് ആഗ്രഹിക്കുന്നു. തീർത്തും ആനുഷംഗികമായി മാത്രം, നന്നേച്ചുറിയതോതിൽ മാത്രം, ചില മെച്ചങ്ങൾ നാഗരികതൊഴിലാളിവർഗ്ഗത്തിനും ലഭിക്കുന്നു—ഇത്തരം സംവിധാനം സാമ്പത്തികവികാസം ത്വരിതപ്പെടുത്തുമെന്നായിരുന്നു പ്രതീക്ഷ. നാൽപ്പതുവർഷത്തെ പരീക്ഷണത്തിന് ശേഷം, അത് തെററാണെന്ന് കണ്ടെത്തപ്പെട്ടിരിക്കുന്നു ഇവിടെയും അവിടെയുമെല്ലാം പ്രശ്നങ്ങളാണ് — ഡിമാൻറില്ലായ്മയുടെ പ്രശ്നങ്ങൾ. ഈ പ്രശ്നത്തെ മറികടക്കണമെങ്കിൽ സമ്പത്തിനെ ആകെ പുനഃസംഘടിപ്പിക്കണം. എന്നാൽ ഭരിക്കുന്ന പാർട്ടിയെ സംബന്ധിച്ചിടത്തോളം ഇത് 'ഹരാ-കിരി'ക്കു തുല്യമായിരിക്കും. അവരുടെ സ്വത്തും വരുമാനവുമൊക്കെ ഉപേക്ഷിക്കാനാണ നിങ്ങളവരോടാവശ്യപ്പെടുന്നത്. അതവർക്ക് ചെയ്യാൻ കഴിയില്ല. അതുകൊണ്ടാണ് ഭരണവൃത്തങ്ങളിൽ ഇപ്പോൾ ഒരു പുനർവിചാരമുള്ളത്—ഇനി നമുക്ക് മറെറാരുനയം പരീക്ഷിക്കാം. വിദേശ വിപണിയിലൂന്നിക്കൊണ്ടുള്ള നയം—ഇങ്ങിനെ വിദേശ വിപണിയിൽ, കയററുമതിയിൽ, കണ്ണുനട്ടുകൊണ്ട് ആരംഭിച്ചിരിക്കുന്ന സാമ്പത്തിക നയത്തിൻെറ ഈ ഉദാരവത്ക്കരണം, തന്ത്രത്തിലുള്ള ഒരു മാററത്തിൻെറ പ്രതിഫലനമാണ്. അതുകൊണ്ട് തന്ത്രത്തിൽ തീരെ മാററമില്ലെന്ന് ഞാൻ പറയുകയില്ല, തന്ത്രത്തിൻെറ ആഭ്യന്തരമായ ഊന്നൽ മാറിയിരിക്കുന്നു. ഇത് കാലത്തിൻെറയും അനുഭവത്തിൻെറയും ധർമ്മമാണ്.

ചോ: കൂടുതൽ ധീരവും സംവേദനക്ഷമവുമായ വിധത്തിൽ ബൂഷ്വാസാമ്പത്തികതന്ത്രത്തിൻെറ ഒരിടതുപക്ഷവിമർശം വികസിപ്പിക്കുന്നതിൻെറ പ്രശ്നവും അതിൻെറ രാഷ്ട്രീയ–അനുബന്ധങ്ങളും നമുക്കിനി ചർച്ചചെയ്യാം. ഇപ്പോഴത്തേത് ബൂർഷ്വാസിക്കെതിരായ ഒരു ഇരട്ട വിമർശനമാണ്. അധീശവർഗ്ഗമായ ബൂർഷ്വാസിക്ക് ഉൽപ്പാദനശക്തികളെ വികസിപ്പിക്കാൻ കഴിയുന്നില്ല. ഇതു് ഒരുവശം. മറുവശത്ത് നാം പറയുന്നു, ബൂർഷ്വാസി ഉൽപ്പാദനശക്തികളെ വികസിപ്പിക്കാതിരിക്കുന്നില്ല, എന്നാൽ അതിൻെറ മെച്ചം ഭൂരിപക്ഷത്തിന് ലഭിക്കുന്നില്ല. അങ്ങിനെ വരുമ്പോൾ, നമുക്ക് തിരിച്ചുവരണം—ബൂർഷ്വാസി വികസിപ്പിക്കുന്നുണ്ടെങ്കിലും അത് ജനങ്ങൾക്ക് വേണ്ടിയല്ല, ആ വികാസത്തിൻെറ ഫലമായി സോഷ്യലിസം ഉണ്ടാകുന്നില്ല. അപ്പോൾ, ബൂർഷ്വാസിയെക്കുറിച്ചുള്ള നമ്മുടെ യഥാർത്ഥ വിമർശനം, അത് കൂടുതൽ സമത്വാധിഷ്ഠിതമായ ഒരു വ്യവസ്ഥിതി വികസിപ്പിച്ചെടുക്കുന്നില്ല എന്നാണ്. ബൂർഷ്വാസി എന്നെങ്കിലും ഇതു് ചെയ്യുമെന്ന് നാം പ്രതീക്ഷിക്കുന്നില്ല, സ്വപ്നംപോലും കാണുന്നില്ല. ഈ വൈരുദ്ധ്യം നാമെങ്ങിനെ പരിഹരിക്കും? പ്രശ്നത്തെ വേറെ ഏതുതരത്തിൽ നാം അവതരിപ്പിക്കും?

ഉ: ഞാൻ ഇതു് വേറൊരുതരത്തിലാണ് പ്രസ്താവിക്കുക—ബൂർഷ്വാസിയുടെ പങ്കിൻെറ ആഭ്യന്തരവൈരുദ്ധ്യം ചൂണ്ടിക്കാണിച്ചുകൊണ്ട്. അവർക്ക് ഇപ്പോഴുള്ളതെല്ലാം സംരക്ഷിക്കണം ഉള്ളതെല്ലാം കാത്തുസൂക്ഷിക്കാനുള്ള ഉൽകണ്ഠയിൽ, സ്വന്തം സാമ്പത്തിക വികസന പരിശ്രമങ്ങളെത്തന്നെ തങ്ങൾ പരാജയപ്പെടുത്തുകയാണെന്ന് അവർ കണ്ടെത്തുന്നു. അവരും സംതൃപ്തരല്ല. ഇപ്പോൾ നടക്കുന്ന രീതിയിലുള്ള വികാസത്തിൽ അവർക്കിടയിൽത്തന്നെ സംതൃപ്തിയില്ല. ഇവിടെ ഒരു വിപണിയുണ്ടെന്ന് അവർ കാണുന്നു. ഒപ്പംതന്നെ ആ വിപണി ചൂഷണം ചെയ്യാൻ അവർക്കുകഴിയുന്നില്ലെന്നും. ഇവിടെ സാദ്ധ്യതകൾ അത്യധികമുണ്ട്, പക്ഷേ ഈ ഡിമാൻറിൻെറ അപര്യാപ്തതയെ നേരിടുവാനായി ഈ അധിക സാദ്ധ്യതകൾ ഉപയോഗിക്കാൻ അവർക്കാവുന്നില്ല. അവരുടെ വർഗ്ഗപരമായ കാരണങ്ങൾകൊണ്ട്, സ്വകാര്യ കാരണങ്ങൾകൊണ്ട്. ഡിമാൻറിൻെറ ഈ അപര്യാപ്തതയെ നേരിടുവാനായി രാഷ്ട്രീയ സമ്പദ്ഘടനയായ അഴിച്ചുപണിയാൻ അവർ തയ്യാറാവില്ല. നമ്മുടെ രാജ്യത്തെ ബൂർഷ്വാസമ്പദ്ശാസ്ത്രത്തിൻെറ കൂടുതൽ കൗതുകകരമായ വശം ഇതാണെന്ന് ഞാൻ പറയും—അത് അതിൻെറ തന്നെ വൈരുദ്ധ്യങ്ങളിലേർപ്പെട്ടിരിക്കുകയാണ്. അതിന് വളരണം, കാരണം അതിന് കൂടുതൽ ലാഭമുണ്ടാകണം. അതേസമയം അതു് വളർച്ചയെ തിരസ്കരിക്കുന്നു, കാരണം, വേണ്ടത്ര ഡിമാൻറുണ്ടെങ്കിലേ വളർച്ചയുണ്ടാകൂ. ഡിമാൻറുണ്ടാകണമെങ്കിൽ, ആഭ്യ

ന്തരസമ്പദ്ഘടനയിൽ വൻതോതിലുള്ള പുനഃസംവിധാനമുണ്ടാകണം—ഈ മാററത്തെ അവർ പ്രതിരോധിക്കുന്നുവെന്ന് നമുക്കറിയാം.

ചോ: ബൂർഷ്വാവർഗ്ഗത്തിൻെറ ആഭ്യന്തരവൈരുദ്ധ്യങ്ങളുടെ പ്രശ്നത്തോടു ബന്ധപ്പെടുത്തി, വ്യവസായമൂലധനവും വ്യാപാരമൂലധനവും ഫിനാൻസ് മൂലധനവും തമ്മിൽ നമുക്കൊരു വ്യവച്ഛേദം നടത്താനാവുമോ?

ഉ: ഞാനൊരു കഥപറയാം, ഒരു സംഭവകഥ. ഇരുപതുവർഷം മുമ്പാണ് ഞാനന്ന് രാജ്യത്തെ കാർഷിക വിലനിർണ്ണയകമ്മീഷൻെറ ചെയർമാനായിരുന്നു. ഓരോ വിളവെടുപ്പുകാലത്തും വിവിധതരം കാർഷികോത്പന്നങ്ങൾക്ക്—ചണം, പരുത്തി, ഗോതമ്പ്, നെല്ല് ഇങ്ങിനെ—വിലകൾ ശുപാർശചെയ്യേണ്ടിയിരുന്നു. ബോംബേയിൽ വെച്ച് പരുത്തിയുടെ മിനിമം താങ്ങുവില എന്തായിരിക്കണമെന്നതിനെക്കുറിച്ച് ഞാനൊരു ചർച്ചയിലേർപ്പെട്ടിരിക്കയായിരുന്നു: ഇതിന്നായി വ്യവസായികളുടേയും വ്യാപാരികളുടെയും കർഷകരുടെയും പ്രതിനിധികളെ എനിക്കു കാണേണ്ടിയിരുന്നു. രാവിലെ ഒമ്പതര മണിക്ക് ഞാൻ ശ്രീമാൻ മദൻമോഹൻ റൂയ്യയെ കണ്ടു. രാജ്യത്തെപരുത്തിവ്യാപാര സംഘടനകളിൽ മുന്നിട്ടുനിൽക്കുന്ന ഈസ്റ്റിന്ത്യാ കോട്ടൺ അസ്സോസിയേഷൻെറ ചെയർമാനായിരുന്നു അയാൾ. പതിനൊന്നാമണിക്ക് അതാവരുന്നുശ്രീമാൻ രാധാകൃഷ്ണറൂയ്യാ. അയാൾ പരുത്തിമില്ലുടമകളുടെ സംയുക്തസംഘടനയായ 'ഇന്ത്യൻ കോട്ടൺമിൽസ് ഫെഡറേഷ'ൻെറ അദ്ധ്യക്ഷനായിരുന്നു ഈ രാധാകൃഷ്ണറൂയ്യ, മദൻമോഹൻറൂയ്യാ അവർകളുടെ അനുജനായിരുന്നു. ഉച്ചക്ക് രണ്ടരക്ക്എനിക്കു കാണേണ്ടിയിരുന്നത് പരുത്തി കൃഷിക്കാരുടെ പ്രതിനിധിയെയായിരുന്നു—ഗുജറാത്ത് സംസ്ഥാന കർഷക സഹകരണ സംഘത്തിൻെറ ചെയർമാനെ. ആ മാന്യൻെറ പേര് കൃഷ്ണൻദാസ് റൂയ്യ എന്നായിരുന്നു—മററു രണ്ടു റൂയ്യമാരുടെയും മരുമകൻ. ഇത് 20വർഷം മുമ്പത്തെ കഥയാണ്. വ്യാവസായിക ബൂർഷ്വാസിയും വ്യാപാര ബൂർഷ്വാസിയും—ഉയർന്ന കർഷക വർഗ്ഗവും തമ്മിൽ അത്രയേറെ ഉററബന്ധമുണ്ടായിരുന്നു. ഇത്തരം സഖ്യം ഇപ്പോഴും തുടരുന്നുണ്ടെന്നാണ് എൻെറ അഭിപ്രായം. സംഭവിക്കുന്നതെന്താണ്?—കർഷകർക്ക് കൂടുതൽ വില നൽകണം. ശരി, നാം കൂടുതൽ വില നൽകുന്നു. ആരാണ് വിലകൊടുക്കുന്നത്? വ്യാപാരി അതു വാങ്ങുന്നു. വ്യാപാരി ആ പണം ആരിൽനിന്നാണ് ശേഖരിക്കുന്നത്? പരുത്തിമില്ലുടമയിൽനിന്ന്. മില്ലുടമ അത് രണ്ടുവിധത്തിലാണ് സ്വരൂപിക്കുന്നത്. സബ്സിഡികൾ വഴി സർക്കാരിൽനിന്ന്, പിന്നെ ഉപഭോക്താക്കളിൽ നിന്നും. അപ്പോൾ, ഒടുവിലത്തെ കണക്കെടുപ്പിൽ, വ്യവസായത്തിലും കൃഷിയിലും പുനർവിതരണത്തിന് വിധേയമാകുന്നത് മിച്ചം തന്നെയാണ്. കാർഷികോല്പാദനവും വ്യാവസായികോൽപ്പാദനവും വാണിജ്യസർവ്വീസുകളും വേണ്ടത്ര വലിയ തോതിൽ സംഘടിപ്പിക്കപ്പെട്ടാൽ അവ നിർവ്യക്തികമായിമാറുകയും കുടുംബബന്ധങ്ങളിൽനിന്ന് വേർപെടുകയും ചെയ്തേക്കാം. ആ ഘട്ടം എത്തുകയാണെന്ന് സങ്കൽപ്പിച്ചാൽ, വൈരുദ്ധ്യങ്ങൾ കൂടുതലായി മുന്നോട്ടുവരും. പക്ഷേ, ഇപ്പോൾ തത്കാലം അവർ ഒന്നിച്ചുനിയന്ത്രിക്കുന്ന ബജററ് കയ്യിലുള്ളപ്പോൾ, ആക്കെങ്കിലും—ഭൂപ്രഭുക്കൾക്കോ, ബിസിനസ്സുകാർക്കോ, വ്യവസായികൾക്കോ അൽപ്പം കുറവാണ് കിട്ടുന്നതെങ്കിൽ—കുറെ നോട്ടടിച്ചും, ബജററിൽ നിന്ന് എടുത്തുകൊടുത്തും അവക്കുനഷ്ടപരിഹാരം നൽകാം. ഈ തത്വമാണിപ്പോൾ നടപ്പിലുള്ളത്. ഈ തന്ത്രങ്ങളെല്ലാം പ്രയോഗിച്ചിട്ടും വളച്ചനിരക്ക് കുത്തനെ താഴോട്ടുവരികയും വ്യവസ്ഥയാകെ വളർച്ചമുട്ടുകയും താരതമ്യേന ചെറിയൊരുമിച്ചം മാത്രമേ പങ്കിടാനുള്ള എന്നനിലവരികയും ചെയ്യുമ്പോഴാണ് മുറികളുവുണ്ടാവുക. അപ്പോൾ ഈ മൂന്നുഘടകങ്ങളും തമ്മിൽ സംഘർഷമുണ്ടാകും. ഈ ഘട്ടം എപ്പോൾ വന്നെത്തുമെന്ന് പ്രവചിയ്ക്കുനാവില്ല. കുറെയൊക്കെ, ഈ ഭരണത്തിനുള്ള അന്തർദേശീയ പിന്തുണയിലെ മാററങ്ങളുടെ വേഗതയെആശ്രയിച്ചിരിക്കും അത്. ഉദാഹരണത്തിന്, അന്തർദ്ദേശീയ ഫിനാൻസ് മൂലധനം, അവരുടേതായ കാരണങ്ങൾ കൊണ്ട്, ഇപ്പോഴത്തെഭരണത്തെ കൈപിടിച്ച് രക്ഷപ്പെടുത്താനിടയുണ്ട്. അവക്കുതാത്പര്യം ഈ രാജ്യം വായ്പയുടെ കെണിയിൽ വീഴാനാണ്, കാരണം: അപ്പോൾ രാജ്യം ശരിക്കും മൾട്ടിനാഷനൽ കോർപ്പറേഷനുകളുടെ മടിയിൽ ചെന്നുവീഴും.

> നമ്മുടെ രാഷ്ട്രീയവും ഭരണഘടനാപരവുമായ സംവിധാനത്തിൽ സംസ്ഥാന ഗവണ്മെൻറ് ഗവണ്മെൻറ് തന്നെയല്ല. അതിന് ഒരധികാരവുമില്ല—അതിന് സാമ്പത്തികാധികാരമില്ല, ഭരണനിർവ്വഹണാധികാരമില്ല, നിയമനിർമ്മാണാധികാരവുമില്ല.

ചോ: മുമ്പ് താങ്കൾ വളർച്ചയുടെ പ്രയാസങ്ങളെക്കുറിച്ച് സൂചിപ്പിച്ചുവല്ലോ—ജനങ്ങളുടെ ക്രയശക്തിക്കുറവുനിമിത്തമുണ്ടാകുന്ന ഇന്ത്യൻ വിപണിയുടെ സങ്കോചം ഒരു ഭാഗത്ത്, അന്തർദ്ദേശീയ വിപണിയോടുബന്ധപ്പെട്ട കയററുമതി പ്രശ്നങ്ങൾമൂലം, സജീവവും പക്വവുമായ ഒരു കയററുമതിമേഖല വികസിപ്പിക്കുവാനുള്ള തടസ്സങ്ങൾ മറുഭാഗത്ത്. ഇങ്ങിനെ രണ്ടുഭാഗത്തും പ്രതിബന്ധങ്ങളുണ്ടെങ്കിൽ, ഭരണകൂടത്തിൻെറ സ്വഭാവം കണക്കിലെടുത്ത് മുതലാളിവർഗ്ഗം ഈ കുടുക്കിൽനിന്ന് ഊരിച്ചാടാൻ എന്തുവഴി സ്വീകരിക്കുമെന്നാണ് താങ്കൾ സങ്കൽപ്പിക്കുന്നത്?

ഉ: അവസ്ഥ മുമ്പിലുള്ള ഒരെളുപ്പവഴി രാജ്യം വിദേശികൾക്കു കൈമാറുകയാണ്—ഞങ്ങൾക്കിനി ഇതു കൊണ്ടുനടക്കാൻ വയ്യ; നിങ്ങൾവന്ന് ഏറെറടുക്കൂ, ഞങ്ങൾ എല്ലാത്തരം ഇളവുകളും തരാം—ഇങ്ങിനെയിങ്ങനെ ഇപ്പോഴത്തെ അവസ്ഥയുടെ മുതലാളിത്ത രീതിയിലുള്ള പരിഹാരം ഇതായിരിക്കും. രണ്ടാമത്തെ പരിഹാരം. —പരിഹാരത്തിനുള്ള സാദ്ധ്യത—ഉണ്ടാവുക വ്യാവസായിക ബൂർഷ്വാസിയും ഗ്രാമീണ ബൂർഷ്വാസിയും തമ്മിൽ ഒരാഭ്യന്തര സംഘർഷമുണ്ടാവുകയും അവർ വ്യത്യസ്തമായ വഴികൾ തെരഞ്ഞെടുക്കുകയും ചെയ്യുമ്പോഴാണ്, അപ്പോൾ നാഗരികമുതലാളികൾ ഗ്രാമീണ കർഷകരുമായി ഒരു പ്രായോഗികബന്ധം രൂപപ്പെടുത്താൻ ശ്രമിക്കാനിടയുണ്ട്. അങ്ങിനെ നമുക്ക് ഊഹിക്കാവുന്ന എല്ലാത്തരം താത്വിക പരിഹാരങ്ങളുമുണ്ട്. ചിലതിന് കൂടുതൽ സാദ്ധ്യതയുണ്ട്, ചിലതിനു സാദ്ധ്യത കുറവാണ്. എന്നാൽ എൻെറ നോട്ടത്തിൽ, കൂടുതൽ സാദ്ധ്യതയുള്ള പരിഹാരം, അവർ വിദേശതാത്പര്യങ്ങളുമായി സന്ധിയിലേർപ്പെടുമെന്നതു തന്നെയാണ്. എന്നാൽ ഈ ചർച്ചകളിലൊക്കെ നാം സങ്കൽപിക്കുന്നത് തൊഴിലാളിവർഗ്ഗവും അതിൻെറ പ്രതിനിധികളും നിഷ്ക്രിയരായിരിക്കുമെന്നാണ്. ഉദാഹരണത്തിന്, ഉല്പാദനത്തിലെ പ്രതിസ

സ്ഥിയും മററുതരം പരിണാമങ്ങളുംമൂലം രാജ്യത്ത് അനിയന്ത്രിതമായ ഒരു നാണ്യപ്പെരുപ്പമുണ്ടാവുകയാണെങ്കിൽ, തൊഴിലാളിവർഗ്ഗം സംഘടിതമായി പ്രക്ഷോഭത്തിലേർപ്പെട്ടേക്കാം; ഭരണഗ്രൂപ്പുകളിൽ വേണ്ടത്ര സമ്മർദ്ദം ചെലുത്താൻ അവർക്കു കഴിഞ്ഞാൽ അവർ തന്നെ ഈയവസ്ഥയിൽ ഒരു മാററം വരുത്തിക്കൂടെന്നില്ല. അപ്പോൾ അദ്ധ്വാനിവർഗ്ഗങ്ങൾക്ക് ജീവിതം എളുപ്പമാകുന്ന രീതിയിലുള്ള ചില ആഭ്യന്തര അനുരഞ്ജനങ്ങളുണ്ടാക്കാൻ ഭരണഗ്രൂപ്പുകൾ നിർബ്ബന്ധിതരാകും. ഇങ്ങിനെ എത്രയോതരം സാദ്ധ്യതകളുണ്ട്. ശരിക്കും എന്താണ് സംഭവിക്കുകയെന്ന് മുൻകൂട്ടി പ്രവചിക്കാനാവില്ല.

ചോ: നാം ആ പ്രശ്നത്തിന്റെ അവസാനത്തിലെത്തിയെന്നു തോന്നുന്നു. ഈ വിശകലനങ്ങളുടെ അടിസ്ഥാനത്തിൽ, താഴെപ്പറയുന്ന മണ്ഡലങ്ങളിൽ പശ്ചിമബംഗാളിലെ ഭരണമുന്നണിയുടെ ഭാഗമെന്ന നിലയിൽ നമ്മുടെ—ഇടതുപക്ഷത്തിന്റെ—അനുഭവത്തെ താങ്കളെങ്ങിനെ വിലയിരുത്തും: കാർഷിക പരിഷ്ക്കാരം, വ്യവസായ വികസനവും അതിന്റെ പ്രശ്നങ്ങളും തൊഴിലില്ലായ്മ, തൊഴിലാളിവർഗ്ഗത്തിന്റെ ഡിമാന്റുകൾ—ഇത്തരം മണ്ഡലങ്ങളിലാണുദ്ദേശിക്കുന്നത്.

ഉ: നമ്മുടെ രാഷ്ട്രീയവും ഭരണഘടനാപരവുമായ സംവിധാനത്തിൽ സംസ്ഥാന ഗവണ്മെന്റ് ഗവണ്മെന്റ് തന്നെയല്ല. അതിന് ഒരധികാരവുമില്ല—അതിന് സാമ്പത്തികാധികാരമില്ല, ഭരണനിർവ്വഹണാധികാരമില്ല, നിയമ നിർമ്മാണാധികാരവുമില്ല. യൂണിയൻ ഗവണ്മെന്റിനു തോന്നുമ്പോൾ ഒരു നിമിഷത്തിന്റെ നോട്ടീസുപോലുമില്ലാതെ അതു പിരിച്ചുവിടാം. അത് ഒരു ഭൂപരിഷ്കരണ നിയമം പാസ്സാക്കിയാൽ തന്നെ, കേന്ദ്രഗവണ്മെന്റിന് അതിനെ ഞെരുക്കിക്കൊല്ലാം. അതിനു സ്വതന്ത്രമായി കൈകാര്യം ചെയ്യാവുന്ന സമ്പത്തൊന്നുമില്ല. അതുകൊണ്ട് അത്തരം സംസ്ഥാനഗവണ്മെന്റുകൾക്കു ചെയ്യാവുന്നതിനെക്കുറിച്ച് നമുക്ക് മിഥ്യാപ്രതീക്ഷകളൊന്നും ഉണ്ടായിക്കൂടാ. എന്നിട്ടുപോലും സംസ്ഥാനഭരണത്തിൽ ചില ഇടതുപക്ഷ പരീക്ഷണങ്ങൾ നാം നടത്തി. അതിനു കാരണം ഒരു വിധം വ്യക്തമാണ്. സംസ്ഥാനങ്ങളിലെ ജനങ്ങൾക്ക് സംശുദ്ധമായൊരു ഭരണം, പ്രാപ്തിയുള്ള ഒരു ഭരണം നൽകാനും, നമ്മുടെ വിഭവങ്ങൾ, അവ എത്ര പരിമിതമായാലും, അദ്ധ്വാനി വർഗ്ഗത്തിന് കുറച്ചെങ്കിലും ആശ്വാസം നൽകുന്ന രീതിയിൽ വിനിയോഗിക്കാനും നമുക്കു കഴിഞ്ഞാൽ ഈ സർക്കാരിന്റെ മാതൃക രാജ്യത്തിന്റെ മററു ഭാഗങ്ങളിലും പ്രസ്ഥാനത്തെ ശക്തിപ്പെടുത്താനിടയുണ്ട്. സംസ്ഥാനങ്ങളിൽ ഇടതുപക്ഷ സർക്കാരുകൾക്ക് ജനസമ്മിതി തേടുവാൻ നാം ആധാരമാക്കുന്ന വിനീതമായ ഒരു തന്ത്രമാണിത്. പശ്ചിമബംഗാളിലെ പരീക്ഷണത്തിന്റെ അനുഭവങ്ങൾ വളരെ സമ്മിശ്രമാണ്. മുഖ്യവിജയം നാട്ടിൻപുറങ്ങളിലാണുണ്ടാവുന്നത്, ഗ്രാമീണ ജനതയുടെ ഭൗതികപരിതസ്ഥിതികളിൽ പുരോഗതിയുണ്ടായതു കൂടാതെ, അവരുടെ സമീപനം ആകെത്തന്നെ മാറിയിട്ടുണ്ട്—നാട്ടിൻപുറത്തെ ദരിദ്രരായ ജനങ്ങൾ അവകാശങ്ങൾക്കായി പോരാടാൻ പഠിച്ചിരിക്കുന്നു എന്നർത്ഥം. ഈ രാജ്യം മററാരുടേതുമെന്നപോലെ അവരുടേതുമാണെന്നും അവരെ ചുമ്മാ തള്ളിമാററാനാവില്ലെന്നും ഇപ്പോൾ അവർക്കറിയാം. ഇത് അവരെസ്സംബന്ധിച്ച് കൂടുതൽ പ്രക്ഷോഭകരമായ പ്രവർത്തനങ്ങളിലേക്കു കുതിക്കുവാനുള്ള ഒരു സ്പ്രിങ് പലകയായിത്തീരുന്നു. ജനാധിപത്യ പരിഷ്കരണങ്ങളിലൂടെ പഞ്ചായത്ത് സ്ഥാപനങ്ങളാവിഷ്കരിച്ചതും ഗ്രാമീണഭരണത്തിൽ അദ്ധ്വാനിക്കുന്ന വർഗ്ഗങ്ങളുടെ പങ്കും പ്രാതിനിദ്ധ്യവും ഉറപ്പുവരുത്താൻ കാരണമായിട്ടുണ്ട്. രണ്ടാമതായി നാട്ടിൻപുറങ്ങളിൽ പോലീസ് സേന നിർവീര്യമാക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ട്, നാട്ടിൻപുറങ്ങളിലെങ്കിലും ഇടതുപക്ഷത്തിന്റെ സ്വാധീനമില്ലാതാകുവാൻ വളരെ പ്രയാസമായിരിക്കുമെന്നു ഞാൻ പറയും. ഇടതുപക്ഷസർക്കാരിനെ പിരിച്ചുവിട്ടാൽപോലും പശ്ചിമബംഗാളിലെ നാട്ടിൻപുറങ്ങളിൽനിന്ന് ഇടതുപക്ഷത്തെ പുറത്താക്കാൻ, അതിന്റെ സ്വാധീനം കുറയ്ക്കാൻ വളരെ വിഷമമായിരിക്കും. ഗ്രാമങ്ങളിൽ പരിമിതമായ ചില ആശ്വാസപ്രവർത്തനങ്ങളും നടന്നിട്ടുണ്ട്. പ്രാഥമിക വിദ്യാഭ്യാസ പരിപാടിക്ക് കാര്യമായ ഊന്നൽ നൽകിയിരുന്നു. ഇതിന്റെ ഫലം പത്തുപതിനഞ്ചു വർഷം കഴിഞ്ഞ്—ഒരു പുതിയ തലമുറ നാട്ടിൻപുറങ്ങളിൽ ഉയർന്നുവരുമ്പോൾ—മാത്രമേ കാണാനാകൂ. നിരക്ഷരരായ കർഷകർ വിദ്യാഭ്യാസം നേടുന്നതോടെ കൂടുതൽ കൂടുതലായി അവകാശങ്ങൾ പിടിച്ചുവാങ്ങാനും കലാപം ചെയ്യാനും തയ്യാറാകുമെന്നാണെന്റെ പ്രതീക്ഷ. അതോടെ നാട്ടിൻപുറങ്ങളിൽ ചിലതൊക്കെ നടക്കും.

നഗരപ്രദേശങ്ങളിൽ ഫലങ്ങൾ കുറച്ചുകൂടി സമ്മിശ്രമാണെന്നു പറയാം. സംസ്ഥാനഗവണ്മെന്റിന് വ്യവസായവത്കരണ പരിപാടിയൊന്നും ആരംഭിക്കാനാവില്ല, അവക്ക് അത്തരത്തിൽ പണമില്ല. പട്ടണങ്ങളിലും ഗ്രാമങ്ങളിലും ചില ചെറുകിട വ്യവസായങ്ങളാരംഭിക്കാൻ കഴിയും—അത് പശ്ചിമബംഗാളിൽ ഇടതുപക്ഷ ഗവണ്മെന്റ് ചെയ്തിട്ടുമുണ്ട്. ചില പ്രദേശങ്ങളിൽ കഴിഞ്ഞ പത്തു വർഷങ്ങൾക്കുള്ളിൽ അത്തരം ചെറുകിട വ്യവസായ സംരംഭങ്ങൾ 10മുതൽ 15ശതമാനംവരെ വദ്ധിച്ചിട്ടുണ്ട്. എന്നാൽ വൻതോതിലുള്ള തൊഴിലില്ലായ്മയുടെ പ്രശ്നമെടുത്താൽ ഗവണ്മെന്റിന് അതു പരിഹരിക്കാൻ സാദ്ധ്യമായിരുന്നില്ല, പരിഹരിച്ചിട്ടുമില്ല. പക്ഷേ മററു തരത്തിലുള്ള പ്രശ്നങ്ങൾ ഉയർന്നുവരുന്നുണ്ട്. നഗരത്തൊഴിലാളി വർഗ്ഗങ്ങളിലും നാഗരിക മദ്ധ്യവർത്തികളിലും താഴ്ന്ന മദ്ധ്യവർഗ്ഗത്തിലും രാഷ്ട്രീയവിദ്യാഭ്യാസം ശരിക്കും ആഴത്തിൽ ചെല്ലുന്നില്ലെങ്കിൽ, ഇടതുപക്ഷ ഗവണ്മെന്റിനുമേൽ ഡിമാന്റുകൾക്കുമേൽ ഡിമാന്റുകൾ കുമിഞ്ഞുകൂടും. ഇതു നമ്മുടെ സർക്കാരാണ്, നാം ഈ സർക്കാരിനുവേണ്ടി പൊരുതിയവരാണ്; ഈയാളുകൾ

---

നിങ്ങൾ പ്രക്ഷോഭകാരികളാണ്, നിങ്ങൾക്ക് പ്രക്ഷോഭങ്ങളുടേതായ ഒരു പൈതൃകമുണ്ട്. പക്ഷേ സർക്കാരിലായിരിക്കുമ്പോൾ നിങ്ങൾ ഒന്നുമയപ്പെട്ടേ ഒക്കൂ. നിങ്ങൾ സമരത്തിന്റെ ഭാഗമാകണം; നിങ്ങൾ ഭരണത്തിന്റെ ഭാഗമാകണം.—കാരണം; സംസ്ഥാനങ്ങളിലെ അദ്ധ്വാനിക്കുന്ന ജനങ്ങൾക്ക് പ്രചോദനമാകുന്ന ഒരു മാതൃക നിങ്ങൾ കെട്ടിപ്പടുക്കണം.

---

നമ്മുടെകൂടെ നിന്നവരാണ്, നാം അവരുടെ കൂടെയും നിന്നിട്ടുണ്ട്. അതുകൊണ്ട് അവർ അധികാരത്തിൽ വരുമ്പോൾ അവക്ക് മുടങ്ങിക്കിടക്കുന്ന ഈ വ്യവസായയൂണിററ് ഏറെറടുത്താലെന്താണ്? ഞാൻ പറയട്ടെ, അത്തരത്തിൽ രോഗം ബാധിച്ച നൂറുകണക്കിന് യൂണിററുകളുണ്ട്, ഇവയൊക്കെ പുനരുജ്ജീവിപ്പിക്കണമെന്നാണ് ഇടതുസർക്കാരിനുമുന്നിലുള്ള ഡിമാൻറ്. ഈ മുടങ്ങിയ വ്യവസായ മേറെറടുക്കുക, ഞങ്ങൾക്ക് കൂലി തരിക. നമുക്കെങ്ങിനെ അതുചെയ്യാൻകഴിയും? നമുക്ക് അത്തരം പണമില്ല. അപ്പോൾ നാം ചിലതുമാത്രം തെരഞ്ഞെടുക്കുന്നു. നാമേതാണ് തെരഞ്ഞെടുക്കുന്നത്? അവിടെയാണ് രാഷ്ട്രീയവിദ്യാഭ്യാസത്തിൻെറ പ്രശ്നം വരുന്നത്. അപ്പോൾ നാമെന്തുചെയ്യും? പിന്നെ മറെറാരുതരം സംഗതിയുണ്ട്: നിങ്ങൾ പ്രക്ഷോഭകാരികളാണ്, നിങ്ങൾക്ക് പ്രക്ഷോഭങ്ങളുടേതായ ഒരു പൈതൃകമുണ്ട്. പക്ഷെ സർക്കാരിലായിരിക്കുമ്പോൾ നിങ്ങൾഒന്നു മയപ്പെട്ടേ ഒക്കൂ. നിങ്ങൾ സമരത്തിൻെറ ഭാഗമാകണം, നിങ്ങൾ ഭരണത്തിൻെറയും ഭാഗമാകണം——കാരണം, സംസ്ഥാനങ്ങളിലെ അദ്ധ്വാനിക്കുന്ന ജനങ്ങൾക്ക പ്രചോദനമാകുന്ന ഒരു മാതൃക നിങ്ങൾ കെട്ടിപ്പടുക്കണം. അപ്പോൾ ഉത്തരവാദിത്തമുള്ള പെരുമാററവും പ്രക്ഷോഭകാരിത്വവും തമ്മിലുള്ള ആപേക്ഷികമായ ഭാഗപ്പിരിവെങ്ങിനെയാണ്? ഇത് സജീവമായൊരു പ്രശ്നമാണ്. മൂന്നാമതൊരുതരംപ്രശ്നം കൂടിഉയർന്നുവന്നിട്ടുണ്ട്: അതിതാണ്——നമ്മുടേതുപോലൊരു സാമൂഹ്യവ്യവസ്ഥയിൽ നമുക്ക് പൊതുവായ സാമൂഹ്യ പെരുമാററരീതിയിൽനിന്ന് തീർത്തും മാറിനിൽക്കാൻ കഴിയില്ല; വ്യവസ്ഥയിൽ മുഴുവൻ അഴിമതിയുണ്ടെങ്കിൽ സർക്കാരും അഴിമതിയുടെ ഒരു വാഹനമാകുന്നു. ഗവൺമെൻറ് ഇടതുപക്ഷമാണെന്നതുകൊണ്ട് അത് പരിശുദ്ധമാണെന്ന് പറയാനാവില്ല. രാഷ്ട്രീയമായ അഴിമതിയുടെ കാര്യത്തിൽ കോൺഗ്രസ്സ് (ഐ) ഭരിക്കുന്ന സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ, ഇടതുപക്ഷ ഗവൺമെൻറുകളിൽ അഴിമതി ഇല്ലെന്നു തന്നെ പറയാം. അങ്ങുമിങ്ങും ചെറിയ അപവാദമുണ്ട്, ഒന്നോ രണ്ടോ ശതമാനം പ്രവർത്തകരിൽ മാത്രം. ഞാൻ മൂർത്തമായ ഒരുദാഹരണമെടുക്കാം: മുടങ്ങിക്കിടക്കുന്ന ഒരു വ്യവസായ യൂണിററ് സർക്കാർ ഏറെറടുക്കുന്നു. യൂണിററ് നന്നായി പ്രവർത്തിക്കാൻ മാനേജ്മെൻറും തൊഴിലാളികളും തമ്മിൽ ശരിയായ ധാരണ വേണം. അധികാരത്തിലുള്ളത് ഇടതുപക്ഷഗവൺമെൻറായതുകൊണ്ട് നിങ്ങൾ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിലുള്ള ഒരു സഖാവിനെ തെരഞ്ഞെടുത്ത് യൂണിററിൻെറ ഡയറക്ടർബോർഡിൽ നിയമിക്കുന്നു. പിറേറന്നുരാവിലെ ഈ സഖാവ് യൂണിററിൻെറ ഒരു കാർ സ്വന്തമാക്കി പട്ടണത്തിൽ ചുററിയടിക്കുന്നതു കാണുമ്പോൾ നിങ്ങൾക്ക് വല്ലാത്ത മടുപ്പുതോന്നുന്നു——ഇത്തരത്തിലുള്ള ചെറിയ ദൗർബ്ബല്യങ്ങൾ ഇടയ്ക്കിടെ തലകാണിക്കുന്നുണ്ട്. ഇതൊരു വലിയ പ്രശ്നമല്ല,

നിങ്ങൾ പ്രക്ഷോഭകാരികളാണ്, നിങ്ങൾക്ക് പ്രക്ഷോഭങ്ങളുടേതായ ഒരു പൈതൃകമുണ്ട്. പക്ഷേ സർക്കാരിലായിരിക്കുമ്പോൾ നിങ്ങൾ ഒന്നു മയപ്പെട്ടേ ഒക്കൂ. നിങ്ങൾ സമരത്തിൻെറ ഭാഗമാകണം; നിങ്ങൾ ഭരണത്തിൻെറയും ഭാഗമാകണം — കാരണം, സംസ്ഥാനങ്ങളിലെ അദ്ധ്വാനിക്കുന്ന ജനങ്ങൾക്ക പ്രചോദനമാകുന്ന ഒരു മാതൃക നിങ്ങൾ കെട്ടിപ്പെടുക്കണം,

പക്ഷെ ഗവൺമെൻറിൽ തുടരുമ്പോൾ ഇത് ഒരു പ്രശ്നമായി വന്നേക്കാം.

ചോ : ഇത് നമ്മുടെ അനുഭവത്തിൻെറ കൗതുകകരമായ ഒരു വിലയിരുത്തലായിത്തോന്നുന്നു. ഇതിൽനിന്ന് രണ്ടുമൂന്നു പ്രശ്നങ്ങൾ ഉയർന്നുവരുന്നുണ്ട്. അവയെക്കുറിച്ച് താങ്കളുടെ അഭിപ്രായമറിയാൻ താത്പര്യമുണ്ട്. ഒന്നാമത്തേത് ഒരുവശത്ത് വിപ്ളവാത്മകതയും മറുവശത്ത് ഉത്തരവാദിത്വമുള്ള പെരുമാററവും തമ്മിലുള്ള ശരിയായ സന്തുലിതത്വത്തിൻെറ പ്രശ്നമാണ്. ഫ്യൂഡൽവിരുദ്ധസമരത്തിലൂടെ പക്വത പ്രാപിച്ച നമ്മുടെ പ്രസ്ഥാനത്തിൻെറ പാരമ്പര്യങ്ങളുമായി ഇതിനു ബന്ധമുണ്ടെന്ന് താങ്കൾക്ക തോന്നുന്നില്ലേ? പാർട്ടി സംഘടനയുടെയും പ്രസ്ഥാനത്തിൻെറയും ഘടനകൾ നിർണ്ണയിച്ചത് ആ ആദ്യകാലത്തെ, യഥാർത്ഥമായ, രൂപവത്കരണാനുഭവങ്ങളായിരുന്നല്ലോ—ഫ്യൂഡൽവിരുദ്ധ സമരങ്ങളുടെ കാലത്ത് പ്രശ്നങ്ങൾ കുറെക്കൂടി ലളിതമായിരുന്നു, പലപ്പോഴും കലാപസ്വഭാവമുള്ളവയുമായിരുന്നു. ഇപ്പോൾ നമ്മെച്ചുററിച്ചുനോക്കുന്ന അതിസങ്കീർണ്ണമായ ഒരു മുതലാളിത്തസാമൂഹ്യയാഥാർത്ഥ്യമാണുള്ളത്. ഇത്തരം പ്രശ്നങ്ങൾ ഒരു ചോദ്യമുയർത്തുന്നുണ്ട്. ഘടനാപരമായിത്തന്നെ പാർട്ടി സംഘടനയുടെ ഊന്നലിൽ മാററം വരേണ്ടതില്ലേ? പാർട്ടിയ്ക്കകത്തെ ആളുകൾ തമ്മിലുള്ള പ്രതിപ്രവർത്തനത്തിലും പ്രത്യയശാസ്ത്രവ്യവഹാരത്തിലും ഊന്നലുകൾ മാറേണ്ടതില്ലേ? ഇത്തരം സമസ്യകളോട് താങ്കളെങ്ങിനെ പ്രതികരിക്കുന്നു?

ഉ : ഇടതുപക്ഷപ്രസ്ഥാനം ഇന്നഭിമുഖീകരിക്കുന്ന ഏററവും പ്രധാനമായ പ്രശ്നം ഇതാണെന്നു ഞാൻ പറയും. എന്നാൽ ഇത് ഒരിന്ത്യൻ പ്രശ്നമല്ല; ഇന്ത്യക്കുമാത്രമുള്ളതല്ല അത്, ലോകമെമ്പാടും സോഷ്യലിസ്റ്റുപ്രസ്ഥാനവും അന്തർദ്ദേശീയ തൊഴിലാളിവർഗ്ഗസാഹോദര്യവും ഇപ്പോൾ ഭയങ്കരമായ, ഭയങ്കരമായ, ഒരു പ്രതിസന്ധിയെ നേരിടുകയാണ്. ഏതാണ്ട 45വർഷം മുമ്പ് കോളേജിൽ പഠിച്ചിരുന്ന കാലത്താണ് ഞാൻ ഒരു മാർക്സിസ്റ്റായത്; അത്, ഇടതുപക്ഷത്തേയ്ക്കു തിരിയുന്നത്, എളുപ്പമായിരുന്നു. ഏകീകൃതമായ ഒരു സോഷ്യലിസ്റ്റു പ്രസ്ഥാനമുണ്ടായിരുന്നു. ഫാസിസ്റ്റു ശക്തിയോടുപോരാടുന്ന സോവിയററുയൂണിയൻെറ ഗംഭീരമായ ഉദാഹരണമുണ്ടായിരുന്നു. നിങ്ങൾക്കറിയാമോ ഏതാണ്ട് മുപ്പതുലക്ഷമാളുകളാണ് സോവിയററുയൂണിയനിൽ അന്നു കൊല്ലപ്പെട്ടത്; എന്നിട്ടും അവർ കീഴടങ്ങിയില്ല. ഒപ്പംതന്നെ രണ്ടുമൂന്നണികളിൽ——രാജ്യത്തിന്നകത്തെ ഫ്യൂഡൽ അവശിഷ്ടങ്ങളോടും ജപ്പാൻകാരോടും——പൊരുതുന്ന ചൈനയുടെ ഉദാഹരണവുമുണ്ടായിരുന്നു. വിവിധ രാഷ്ട്രീയപാർട്ടികൾ തമ്മിൽ തികഞ്ഞ ധാരണയുണ്ടായിരുന്നു. അതും ഞങ്ങളെ പ്രചോദിപ്പിച്ചു. ഇപ്പോൾ ലോകമെമ്പാടും സ്ഥിതിഗതികൾ വ്യത്യസ്തമാ

ന്ന്. സാർവ്വദേശീയ സോഷ്യലിസ്റ്റുപ്രസ്ഥാനം പിളർന്നിരിക്കുന്നു—സോവിയററ് യൂണിയൻ ചൈനയ്ക്കെതിരു്, ചൈന വിയററ്നാമിന്നെതിരു്, വിയററ്നാം കമ്പൂച്ചിയയ്ക്കെതിരു്, നമ്മുടെ രാജ്യത്തിന്നകത്തുതന്നെയുള്ള സൂക്ഷ്മമായ അഭിപ്രായവ്യത്യാസങ്ങൾ വേറെ—ഒട്ടനവധി ചിന്താധാരകൾ. പണ്ട് ഞങ്ങൾ പാർട്ടിപരിശീലനക്ലാസ്സുകളിൽ കണക്കുകൂട്ടിയിരുന്നപോലെ ലളിതമായ രീതിയിലല്ല സംഗതികൾ പരിണമിച്ചതു്. മുതലാളിത്ത സമൂഹത്തിന്ന് പൊരുതാനും അതിജീവിക്കാനുമുള്ള സാമർത്ഥ്യം പോലും ഞങ്ങൾ ഉള്ളതിലും വളരെക്കുറച്ചാണു കണ്ടിരുന്നതു്: ഇപ്പോൾ ഒരുപാട് പുതിയ സങ്കേതങ്ങളും തന്ത്രങ്ങളും രൂപപ്പെട്ടിരിക്കുന്നു—പഴയ സാമ്രാജത്വം പോകുന്നു. പുതിയ സാമ്രജത്വം വരുന്നു. കൊളോണിയലിസം പോകുന്നു. പുത്തൻ കൊളോണിയലിസമുയർന്നുവരുന്നു; അവർ പുതിയ അന്തർദ്ദേശീയ സാമ്പത്തിക സ്ഥാപനങ്ങളെ പ്രയോജനപ്പെടുത്തുന്നു, ഐക്യരാഷ്ട്രസഭയുടെ വിവിധ ഏജൻസികളെ ഉപയോഗിക്കുന്നു, ജീവിച്ചിരിക്കാനായി പുതിയ പുതിയ സമ്പ്രദായങ്ങളാവിഷ്കരിക്കുന്നു. ചിലപ്പോൾ അവർ നമ്മെ അമ്പരപ്പിച്ചുകൊണ്ട് ആക്രമണങ്ങളഴിച്ചുവിടുന്നു. നമുക്ക് നാം തന്നെയേയുള്ളൂ എന്നതുകൊണ്ട് വികസിക്കാൻ കഴിയുന്നില്ല, നമുക്ക് രക്ഷയ്ക്കായി ബാഹ്യ ഏജൻസികളെയൊന്നും ആശ്രയിക്കാനില്ല. നാമൊററയ്ക്കാണ്. ഇതൊരുപുതിയ അവസ്ഥയാണ്, നാം പഠിച്ചുവരുന്നതേയുള്ളൂ; തെററുകൾ പഠനപ്രക്രിയയുടെ ഭാഗമാണ്. ഇടതുപക്ഷപ്രസ്ഥാനം പഠിക്കുകയും വീണ്ടും പഠിക്കുകയും വേണം, പുതിയ വെല്ലുവിളികളെ നേരിടാൻ തയ്യാറാകണം, സംശയമില്ല. പക്ഷെ ഇതു് നേതൃത്വം ഒരു പ്രത്യേകതരം അനുഭവത്തിൽ നിന്നു് ഉയർന്നുവന്നതുകൊണ്ടുള്ള പ്രശ്നമാണോ, പുതിയ അവസ്ഥ ഒരു പുതിയതരം നേതൃത്വമാവശ്യമാക്കുന്നുണ്ടോ—ഇതു് എനിക്ക് മറുപടി പറയാൻ വയ്യാത്തത്ര വലിയ ചോദ്യമാണ്. അപ്പോൾ, അനുഭവത്തിൽ നിന്നു പഠിക്കുന്നതു് സാധാരണക്കാർ മാത്രമാണോ? നേതൃത്വത്തിന്ന് അനുഭവത്തിൽനിന്നു പഠിക്കാനുള്ള കഴിവില്ലെന്നുണ്ടോ? എങ്കിൽ പ്രസ്ഥാനത്തിന്നുതന്നെ എന്തോ തകരാറുണ്ട്. അതുകൊണ്ട് ഞാനിത്രയുമേ പറയൂ; അങ്ങിനെയല്ല, ഈ പ്രശ്നങ്ങൾ പ്രസ്ഥാനത്തിന്നു മുഴുവനും നേരേയുള്ള കൂട്ടായ ഒരു വെല്ലുവിളിയാണ്. നാമെങ്ങിനെ പ്രതികരിക്കുന്നു എന്നതനുസരിച്ചിരിക്കും നമ്മുടെ ഭാവിവിജയം. നാം പരീക്ഷണങ്ങൾക്കുനേരേ മനസ്സ് അടച്ചുപിടിച്ചാൽ ഒരു കമ്മ്യൂണിസ്റ്റുപാർട്ടിയെ ഒരു 'കൺസർവ്വേഷനിസ്റ്റു' പാർട്ടിയായി (നിലനിൽക്കുന്നതിനെ പരിരക്ഷിക്കുന്ന സംഘടനയായി) മാററിയാൽ, കുഴപ്പം നിശ്ചയമാണ്. പുതുതായുയർന്നുവരുന്ന അവസ്ഥകളോട് പാർട്ടി പ്രതികരിക്കണം, പാട്ടിയുടെ പ്രവർത്തനരീതി സജീവവും ചലനാത്മകവുമാകണം. ഉദാഹരണത്തിന്, നാം ഇലക്ട്രോണിക്സുകൊണ്ടു നയിക്കപ്പെടുന്ന ഒരു ലോകത്താണ്; വാർത്താവിനിമയങ്ങളുടെ വേഗം വളരെവർദ്ധിച്ചിട്ടുണ്ട് എങ്കിലും എന്റെ പാർട്ടിയാപ്പീസിൽ പാർട്ടിശാഖകൾക്കും ലോക്കൽ കമ്മിററികൾക്കും മററും വിവരമറിയിക്കാൻ ഞാൻ സാമ്പ്രദായികമായ വിനിമയരീതികൾ തന്നെ കൈക്കൊള്ളുന്നു. ഇതു് വളരെ മന്ദഗതിയിലുള്ളൊരു പ്രക്രിയയാണ്. നാം മാറണം; വെല്ലുവിളികളുടെ വേഗത കുറയ്ക്കണം. വെല്ലുവിളികളെ നേരിടുന്ന ഈ രീതി സർവ്വത്രവ്യാപകമാക്കണം. അവിടെയുമിവിടെയും ഇടപക്ഷഗവണ്മെന്റുകൾ നടത്തുന്ന അനുഭവത്തിൽ നിന്നു് നമുക്കതു പറയാൻ കഴിയും. നാം തെററുകളിൽ നിന്നു പഠിക്കുന്നു, വിജയങ്ങളിൽ നിന്നുപോലും പഠിക്കുന്നു. അത്രയേയുള്ളൂ; ഇനിയും ഞാൻ ശ്രമിക്കാം. നമ്മുടെ പരാജയങ്ങൾക്കു കാരണം നേതൃത്വത്തിന്റെ തെററും കുററവുമാണെന്നു് ഞാൻ പറയില്ല; നമ്മുടെ വിജയങ്ങൾക്കുകാരണം അങ്ങുമിങ്ങും നമ്മുടെ നേതൃത്വം കൂടുതൽ ഭാവനാപൂർണ്ണമായതാണെന്നും ഞാൻ പറയില്ല. തോൽവികൾ പ്രസ്ഥാനത്തിന്റെ മുഴുവനുമാണ് വിജയങ്ങളും പ്രസ്ഥാനത്തിന്റെ മുഴുവനുമാണ്.

ചോ: പലതരം വെല്ലുവിളികളെക്കുറിച്ചും നമ്മുടെ സമരത്തെ പ്രതിരോധിക്കുന്നതിൽ മുതലാളിവർഗ്ഗംകാണിക്കുന്ന വർദ്ധിച്ചഅതിജീവനശേഷിയെക്കുറിച്ചും പറഞ്ഞല്ലോ. ഇനി കേരളത്തിൽകൂടി ഞങ്ങൾ പങ്കുവെയ്ക്കുന്ന ഒരു ഇന്ത്യൻ അനുഭവത്തിലേയ്ക്കു താങ്കളുടെ ശ്രദ്ധക്ഷണിക്കട്ടെ — പ്രസ്ഥാനത്തിന്റെ ആവർത്തിച്ചുള്ള പിളർപ്പുകളുടെ പ്രശ്നമാണു ഞങ്ങളുദ്ദേശിക്കുന്നതു്. അറുപതുകളുടെ മദ്ധ്യത്തിലുണ്ടായ സുപ്രധാനമായ പിളർപ്പ്, ഇന്ത്യനവസ്ഥയെയും രാഷ്ട്രീയാവിഷ്കാരങ്ങളുമായുള്ള അതിന്റെ ബന്ധത്തെയും എങ്ങിനെ വിലയിരുത്തണം എന്ന കാതലായ പ്രശ്നത്തെചൊല്ലിയായിരുന്നു. എന്നാൽ ഈയ്യിടെയായി—അടുത്തകാലത്തു് കേരളത്തിലുണ്ടായതുപോലെ—പിളർപ്പുണ്ടാകുന്നതു് പ്രാധാന്യം വളരെ കുറഞ്ഞ അടവിനെ സംബന്ധിച്ചുമാത്രമുള്ള പ്രശ്നങ്ങളെ മുൻനിർത്തിയാണ്. മറിച്ച്, ബൂർഷ്വാ—പെററിബൂർഷ്വാ പാർട്ടികൾ കൂടുതൽ കൂടുതലായി സംഘടിച്ചുശക്തിപ്പെടുകയും ചെയ്യുന്നു. കോൺഗ്രസ്സുപാർട്ടി പിളർന്നുണ്ടായ ഗ്രൂപ്പുകൾ സൗകര്യപ്രദമായ ഐക്യമുന്നണികളിൽ പ്രവേശിക്കുകയോ, അന്യോന്യം വിലയിക്കുകയോ ചെയ്യുന്നു. ഈയവസ്ഥയിൽ ഈ പ്രശ്നത്തെ താങ്കളെങ്ങിനെ നോക്കിക്കാണും? ഇടതുപക്ഷത്തിന്റെ ഐക്യദാർഢ്യം മനസ്സിൽവെച്ചുകൊണ്ടുതന്നെ, ഒരു പടികൂടി കടന്നുചോദിക്കട്ടെ : അത്തരം പിളർപ്പുകൾ വാസ്തവത്തിൽ പ്രസ്ഥാനത്തിന്റെ ഏതെങ്കിലും വശത്തിനോ, ഏതെങ്കിലും വിഭാഗത്തിനോ(സി. പി. ഐ., സി. പി. ഐ. (എം), ഡസൻകണക്കിനു സി. പി. ഐ. (എം. എൽ.) ഗ്രൂപ്പുകൾ) ഗുണം ചെയ്തിട്ടുണ്ടോ? വീണ്ടുംവീണ്ടുമുള്ള വിഭജനാനുഭവങ്ങളുടെ രണ്ടു പതിററാണ്ടുകൾക്കുശേഷം, ഈ പാർട്ടികളിലും ഗ്രൂപ്പുകളിലും ഏതെങ്കിലുമൊന്നിന്റെയെങ്കിലും ലൈൻ നിസ്സംശയമായും മെച്ചപ്പെട്ടിട്ടുണ്ടെന്നുപറയാനാവുമോ? ഇല്ലെങ്കിൽ, ഏതെങ്കിലും തരത്തിൽ കുറ

അനുഭവത്തിൽനിന്നു പഠിക്കുന്നതു് സാധാരണക്കാർ മാത്രമാണോ? നേതൃത്വത്തിന്ന് അനുഭവത്തിൽനിന്നു പഠിക്കാനുള്ള കഴിവില്ലെന്നുണ്ടോ? എങ്കിൽ പ്രസ്ഥാനത്തിനു തന്നെ എന്തോ തകരാറുണ്ട്. അതുകൊണ്ട്, ഞാനിത്രയുമേ പറയൂ; അങ്ങിനെയല്ല; ഈ പ്രശ്നങ്ങൾ പ്രസ്ഥാനത്തിന്നുമുഴുവനുംനേരേയുള്ള കൂട്ടായ ഒരു വെല്ലുവിളിയാണ്, നാമെങ്ങിനെ പ്രതികരിക്കുന്നു എന്നതനുസരിച്ചിരിക്കും നമ്മുടെ ഭാവിവിജയം.

ച്ചുകൂടി സുദൃഢമായ ഒരിടതുപക്ഷഐക്യമെന്ന ആദർശത്തെക്കുറിച്ച്....

ഉ: കേരളത്തിലെ അവസ്ഥയെക്കുറിച്ച് എനിക്ക് വളരെക്കുറച്ചേ അറിയൂ. ഇവിടത്തെ സമീപകാല വികാസങ്ങളെയും അതിന്റെ പ്രാധാന്യത്തെയും മററുംപററി വിധിപറയാൻ ഞാനാളല്ല. അതുകൊണ്ട് ഞാൻ വിധി പ്രഖ്യാപനമൊന്നും നടത്തുന്നുമില്ല. നിങ്ങൾ പറഞ്ഞപോലെ ചില വഴിപിരിയലുകൾ നടക്കുന്നുവെങ്കിൽ, അവയ്ക്ക് ചരിത്രപരവും വസ്തുനിഷ്ഠവുമായ ചിലകാരണങ്ങളുണ്ടെന്നു കാണണം. ഈ വസ്തുനിഷ്ഠഘടകത്തെ, പിന്നീട് ആത്മനിഷ്ഠസംഘങ്ങളിലേക്ക് മാററാനാവുമെന്ന് എനിക്കുതോന്നുന്നില്ല. വസ്തുനിഷ്ഠമായിരുന്നത് അന്നുവസ്തുനിഷ്ഠമായിരുന്നു; അവയെ ഇന്നും വസ്തുനിഷ്ഠമായിത്തന്നെ നാമംഗീകരിക്കണം. ഇരുപതുവർഷത്തിനുശേഷം ആരാണുനേടിയത്, ആക്രാന്തനഷ്ടമുണ്ടായത്, ആരായിരുന്നു കൂടുതൽ ശരി, ആരായിരുന്നു കുറച്ചുശരി, ഇതൊക്കെക്കണ്ടുപിടിക്കാൻ ശ്രമിക്കുന്നത് മിക്കവാറുമൊരു പാഴ്‌വേലയാണെന്ന് എനിക്കുതോന്നുന്നു. വ്യക്തിപരമായിചോദിച്ചാൽ പ്രസ്ഥാനത്തിന്റെ വിവിധഘടകങ്ങളുടെ ഗുണങ്ങളും ദോഷങ്ങളും തൂക്കിനോക്കി താരതമ്യം ചെയ്യുന്നത് അസാദ്ധ്യമാണെന്നാണെന്റെ പക്ഷം. അതുകൊണ്ട് ഞാൻ അതവിടെ വിടുന്നു.

ചോ: അല്ല, അങ്ങിനെയൊരു വെറും ചോദ്യമായിരുന്നില്ല അത്. വിധിനിർണ്ണയം ബുദ്ധിമുട്ടാണെന്നു സങ്കല്പിച്ചാൽ തന്നെ, ഇടതുപക്ഷഐക്യമെന്ന പ്രശ്നം താങ്കളെങ്ങിനെ മുന്നോട്ടുവെയ്ക്കും? അതാവശ്യമാണോ? കാരണം ഇപ്പോൾ നമുക്കുള്ളഇടതുപക്ഷഐക്യംതന്നെ....

ഉ: ഇടതുപക്ഷഐക്യത്തെക്കുറിച്ചും എന്റെ കാഴ്ചപ്പാട് യാഥാസ്ഥിതിക വീക്ഷണങ്ങളിൽ നിന്ന് അല്പം വ്യത്യസ്തമാണെന്നു പറഞ്ഞുകൊള്ളട്ടെ. ഉദാഹരണത്തിന് പശ്ചിമബംഗാളിൽ ഞങ്ങൾ ഇടതുമുന്നണിയെന്ന പരീക്ഷണം കുറച്ചുകാലമായി പിന്തുടരുകയാണല്ലോ—ഞാനുറപ്പിച്ചുപറയാം, മിക്കവാറും, ഈ ഇടതുമുന്നണിയെന്നുപറയുന്നത് ഒരു കെട്ടുകഥയാണ്. രാഷ്ട്രീയപ്രക്രിയ തീർത്തും ധ്രുവീകരണവിധേയമായിരിക്കുന്നു: അതിന്റെ ഫലമായി പശ്ചിമബംഗാളിൽ ഇപ്പോൾ രണ്ടേരണ്ടുപാർട്ടികളേയുള്ളൂ—കോൺഗ്രസ്സ് (ഐ) യും, സി. പി. ഐ. (എം) ഉം. ഇടതുമുന്നണിയിലെ മററ് ഏട്ട് ഘടകകക്ഷികളും 294 നിയോജകമണ്ഡലങ്ങളിലും തനിച്ച് ഒരു തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നുവെന്നു കരുതുക—അവർക്ക് അവരുടെ കെട്ടിവെച്ചതുക നഷ്ടപ്പെടും. എങ്കിലും അടവുപരമായ കാരണങ്ങളാൽ അവരിനിയും വിജയിച്ചുകൊണ്ടിരിക്കും. പക്ഷെ എന്റെ വ്യക്തിപരമായ അഭിപ്രായം ചോദിച്ചാൽ ഞാൻ പറയുക ഇത് പ്രസ്ഥാനത്തിന്റെ ലക്ഷ്യത്തെ അപകടപ്പെടുത്തികൊണ്ടിരിക്കുകയാണെന്നാണ്. വീണ്ടും—ഞാനെന്റെ വ്യക്തിപരമായ അഭിപ്രായം പറയുകയാണ്—ഈ കൂട്ടുകെട്ടുകളില്ലെങ്കിൽ ഇടതുഗവൺമെന്റിന്റെ പ്രവർത്തനത്തിന്റെഫലം ശരിക്കും മെച്ചപ്പെടുത്തുവാൻ കഴിയുമായിരുന്നു. കാരണം ഈ കൂട്ടുകെട്ടിലെ പല ഘടകകക്ഷികളും, സമീപനങ്ങളുടെ കാര്യത്തിൽ, കോൺഗ്രസ് (ഐ) യിൽനിന്ന്ഒട്ടും വ്യത്യസ്തരല്ല. പലകാര്യങ്ങളിലും അവർ ഒരു തടസ്സമാണ്. എങ്കിലും നാം ജനാധിപത്യപരമായ ഒരു തീരുമാനത്തിലെത്തുന്നു. വിശാലാടിസ്ഥാനത്തിലുള്ള ഒരു ദേശീയ പ്രതിപക്ഷത്തെ വളർത്തിയെടുക്കുകയെന്ന ലക്ഷ്യം നിർണ്ണയിക്കുന്നു. അതിന്നൊരു മാതൃകയെന്നനിലയിൽ പശ്ചിമബംഗാളിൽ ഇടതുമുന്നണിനിലനിന്നേ തീരൂ. അതാണു കാര്യം. ഇക്കാര്യത്തിൽ ഞാനോ നിങ്ങളോ എന്തു ചിന്തിക്കുന്നു എന്നതിന്ന് വളരെ ഭാഗികമായ പ്രസക്തിയേയുള്ളൂ. അന്തിമ വിശകലനത്തിൽ, നാം മററു വീക്ഷണങ്ങളെ കണക്കിലെടുത്തേ തീരൂ, ഒരു സന്ധിയിലേർപ്പെട്ടേ തീരൂ.

ചോ: ഇന്ത്യാഗവൺമെന്റ് കഴിഞ്ഞ കുറേ കാലമായി താരതമ്യേന പുരോഗമനകരമായ ഒരു വിദേശനയമാണല്ലോ പിന്തുടർന്നുവന്നത്. എന്നാൽ സമീപകാലത്ത് പാശ്ചാത്യ ബൂർഷ്വാലോകവുമായി വർദ്ധിച്ച സഹകരണത്തിലൂന്നുന്ന അവർക്കായി വാതിൽ മലർക്കെത്തുറന്നിടുന്ന, ഒരുസാമ്പത്തികനയപരിവർത്തനം—ഊന്നലിൽ ഒരുമാററം—ഉണ്ടായിട്ടുണ്ടെന്നും നാം കണ്ടു. ഈ പശ്ചാത്തലത്തിൽ, സോഷ്യലിസ്റ്റുചേരിയുമായി കൂടുതൽ നല്ല രാഷ്ട്രീയ ബന്ധങ്ങൾ തുടരുന്നതിന്റെസാദ്ധ്യതകളെക്കുറിച്ച് താങ്കളുടെവീക്ഷണമെന്താണ്? സാമ്പത്തികമായി പാശ്ചാത്യാനുകൂലവും രാഷ്ട്രീയമായി സോഷ്യലിസ്റ്റനുകൂലവുമായ നയങ്ങൾ തമ്മിൽ ഒരു വൈരുദ്ധ്യമുണ്ടെന്ന്....

ഉ: ഇന്ത്യയിലെ അധീശഭരണവർഗ്ഗങ്ങൾക്ക് സോഷ്യലിസ്റ്റുലോകത്തോട് യാതൊരു പ്രത്യേക സ്നേഹവുമില്ലെന്നു നാം മനസ്സിലാക്കണം. ഒരു പക്ഷെ ജവഹർലാൽ നെഹ്റുവിന് അല്പമൊരു ചായ്‌വ് ഉണ്ടായിരുന്നിരിക്കാം, മിക്കവാറും കൃഷ്ണമേനോന്റെയും മററും വീക്ഷണങ്ങൾ ഇക്കാര്യത്തിൽ അദ്ദേഹത്തെ സ്വാധീനിച്ചിരിക്കണം. പക്ഷേ അതൊക്കെ പഴയ ചരിത്രം. മിസ്സിസ് ഗാന്ധിയുടെ കാലത്തെയും പിന്നീടുള്ള ഘട്ടത്തെയും ഇന്നത്തെ അവസ്ഥയെയും കുറിച്ചുപറയുകയാണെങ്കിൽ, അതു വെറും സൗകര്യത്തിനുവേണ്ടിയുള്ളൊരു സഖ്യം മാത്രമാണ്. നമ്മുടെ ഭൂ—രാഷ്ട്രീയസ്ഥാനവും, എണ്ണൂറുദശലക്ഷം വരുന്ന നമ്മുടെ ജനതയും ഇന്ത്യക്ക് അന്തർദ്ദേശീയ മണ്ഡലത്തിൽ സവിശേഷമായ ഒരു പ്രാമാണ്യം നൽകുന്നുണ്ട്. അന്തർദ്ദേശീയബന്ധങ്ങളിൽ ചേരിചേരാത്തതായി നടിക്കുന്നത് നമുക്ക ഗുണകരമാണെന്ന് നമുക്കറിയാം, ചേരിചേരാ പ്രസ്ഥാനങ്ങളുടെ കൂടെ നിൽക്കുകവഴി നമുക്ക് കൂടുതൽ 'മൈലേജ്' കിട്ടുമെന്നും. ഹ്രസ്വകാലാടിസ്ഥാനത്തിൽ നോക്കിയാൽ അമേരിക്കൻ ഭരണകൂടം—ഇതിനും ചരിത്രപരമായ അനുസ്യൂതിയുടേതായ കാരണങ്ങളുണ്ട്—പാകിസ്ഥാന് ആയുധങ്ങൾ വിൽക്കുന്നു; നമുക്ക് അത്രതന്നെ ആയുധങ്ങൾ തരുന്നില്ല. ഒരു പക്ഷെ, സോവിയററുയൂണിയനാകട്ടെ നമുക്ക് ആയുധം വിൽക്കാൻ തയ്യാറാണുതാനും. അപ്പോൾ, സോവിയററ് യൂണിയനിൽ നിന്നും ആയുധം വാങ്ങാനുള്ള പ്രായോഗികമായ ഒരേർപ്പാടുമാത്രമാണത്. അതേ സമയം ആഭ്യന്തരവും അന്തർദ്ദേശീയവുമായ സാമ്പത്തിക നയങ്ങളുടെ കാര്യത്തിൽ നാം അമേരിക്കയുടെ ഇഷ്ടത്തിനൊപ്പിച്ചാണ് നീങ്ങുന്നത്. ഈ വൈരുദ്ധ്യത്തിന് ഏറെക്കാലം നിലനിൽക്കാനാവില്ലെന്ന് എനിക്കുതോന്നുന്നു. കാരണം ഒരു പിന്തിരിപ്പൻ ആഭ്യന്തരനയവും ഒപ്പം പുരോഗമനപരമായ ഒരു വിദേശനയവും എങ്ങിനെ ഒന്നിച്ചുകൊണ്ടുനടക്കാനാവും? ഇത് വിചിത്രമാണ്; തീർച്ചയായും ഇതൊരു വൈരുദ്ധ്യമാണ്. ഇന്നല്ലെങ്കിൽ നാളെ ഡെൽഹിയിലെ ഭരണകൂടത്തിന് ഈ വൈരുദ്ധ്യത്തിൽ നിന്നുപുറത്തുകടക്കേണ്ടിവരും. അതിന്റെ സഹജവാസന, വിദേശ നയനിർണ്ണയത്തിൽ പോലും, അമേരിക്കക്കാരോട് കൂട്ടുകൂടാനായിരിക്കും

■

**അശോക്മിത്ര**

# സാഹിത്യ-കലാരംഗവും ഇടതുപക്ഷവും

*അശോക്മിത്ര ഈയിടെ എഴുതിയ ഒരു കുറിപ്പിന്റെ ഭാഗങ്ങളാണ് താഴെ. ബംഗാളിന്റെ വർത്തമാന പശ്ചാത്തലത്തിലാണ് എഴുതപ്പെട്ടിരിക്കുന്നതെങ്കിലും ഈ കുറിപ്പിലുന്നയിക്കുന്ന സ്വയംവിമർശനപരമായ പ്രസ്താവങ്ങൾ മിക്കവയും കേരളത്തിന്റെ കലാ-സാഹിത്യരംഗത്തെ സംബന്ധിച്ചും പ്രസക്തമാണ്.*

ബംഗാളിസാഹിത്യം ഒരു വിഷമഘട്ടത്തെ അഭിമുഖീകരിക്കുകയാണ്. സാഹിത്യഭൂമിയുടെ ഒരു വലിയഭാഗം, ജേർണലിസം—വിഷമുള്ള ഗണത്തിൽപെട്ട ഒന്ന്—കയ്യേറിക്കഴിഞ്ഞു. പുറമേ നിസ്സാരമെന്നുതോന്നാമെങ്കിലും ഉയർന്നുവരുന്ന മുതലാളിത്തത്തിനുവേണ്ടി അത് വലിയൊരു പങ്കാണ് വഹിക്കുന്നത്. രാജ്യത്തിന്റെ മററുഭാഗങ്ങളിലുള്ളവരെക്കാൾ ഏറെമുമ്പുതന്നെ ഈ ഭാഗത്തുള്ള പണച്ചാക്കുകൾ സാഹിത്യത്തിൽ ഒരു വർഗ്ഗമുന്നണിയുടെ പ്രാധാന്യം മനസ്സിലാക്കിയിരുന്നു; അവർ ബംഗാളി മദ്ധ്യവർഗ്ഗമനസ്സിനെ ഒരു യുദ്ധക്കളമാക്കി മാററിയിരിക്കുന്നു. മുതലാളിത്ത പത്രമാസികകൾക്ക് സാഹിത്യ പ്രശസ്തി നിർമ്മിക്കാനും നശിപ്പിക്കാനും കഴിയും; ഏതായാലും അവരങ്ങിനെ കരുതുന്നുണ്ട്. സാഹിത്യകാരന്മാരാകാനാഗ്രഹിക്കുന്ന ജേർണലിസ്റ്റുകളെ ഡസൻകണക്കിനാണ് വ്യവസായപ്രഭുക്കന്മാർ വാടകക്കെടുക്കുന്നത്.

ഈ കപടസാഹിത്യത്തിന്റെ ശക്തമായ സ്വാധീനം കുറച്ചുകാണുന്നത് തെററായിരിക്കും. ആഗോള സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ ഗാംഭീര്യം ഒരു പഴങ്കഥയാണ്. സോഷ്യലിസ്റ്റു ശക്തികൾ അന്തർദ്ദേശീയതലത്തിൽ ശിഥിലമാണ്. കാരണമെന്തായാലും, തൊഴിലാളിവർഗ്ഗപ്രസ്ഥാനം അതിന്റെ മുമ്പേയുള്ള കോട്ടകൾക്കപ്പുറത്ത് കാര്യമായി പടർന്നുപിടിക്കാത്തതരത്തിലാണ് ആഭ്യന്തരവികാസത്തിന്റെ പോക്ക്. മാംസഭോജിയായ മുതലാളിത്തം മുന്നിൽത്തൂക്കുന്ന പ്രലോഭനങ്ങൾക്ക് വഴങ്ങാൻ യുവതലമുറയുടെമേൽ വൻതോതിലുള്ള സമ്മർദ്ദങ്ങളുണ്ട്. സാമ്പത്തികമുരടിപ്പും സാർവ്വത്രികമായ തൊഴിലില്ലായ്മയും ചൂഷിതരും ദരിദ്രരുമായ വിഭാഗങ്ങളെ, അവരുടെ ദുരിതത്തിന്നുത്തരവാദികളായവർക്കെതിരെ സംഘടിപ്പിക്കുവാൻ പ്രേരിപ്പിക്കേണ്ടതായിരുന്നു. എന്നാൽ തീർത്തും അതല്ല സംഭവിച്ചിരിക്കുന്നത്; ഇടയിൽ പല നിഴലുകളും വന്നുവീണിരിക്കുന്നു. ഒരുതരം അസംതൃപ്തി വ്യാപകമായിട്ടുണ്ട്. അതിൽനിന്നു മുതലെടുത്തുകൊണ്ട്, യുവാക്കളെ സിനിസിസത്തിന്റെയും സർവ്വവിനാശവാദത്തിന്റെയും ഇരുണ്ട ഇടവഴികളിലേയ്ക്ക് ആകർഷിക്കാനുള്ള ഒരിരയായി ഉപയോഗിക്കപ്പെടുകയാണ് ഇന്നത്തെ പൊയ്സാഹിത്യം. രംഗം നിറയെ ചിന്താക്കുഴപ്പമാണ്. ഭരണവർഗ്ഗങ്ങൾ ഈ കുഴപ്പമുപയോഗിച്ച് കൂടുതൽ കുഴപ്പത്തിന്റെ വിത്തു വിതക്കാൻ ശ്രമിക്കയാണ്. അവർ അഴിച്ചുവിട്ടിരിക്കുന്ന അപവാദസാഹിത്യം. എല്ലാ മേഖലകളിലുമുള്ള സമ്പൂർണ യുദ്ധത്തിന്റെ ഒരവിഭാജ്യഭാഗമാണ്.

ചൂഷണവിമുക്തമായ, എല്ലാവർക്കും തുല്യമായ അവസരങ്ങൾ ലഭിക്കുന്ന, ഒരു സമൂഹത്തെക്കുറിച്ചുള്ള സ്വപ്നം എന്നെന്നും ആകർഷകം തന്നെയാണ്. അതേസമയം, ഓരോ പുതിയ തലമുറയും പുതിയ പുതിയ ആവിഷ്കാര സമ്പ്രദായങ്ങളെ കൂടുതലിഷ്ടപ്പെടുന്നു എന്നതും സാമൂഹ്യയാഥാർത്ഥ്യത്തിന്റെ തുല്യപ്രധാനമായ ഒരു വശമാണ്. എന്റെ എളിയ അഭിപ്രായത്തിൽ, ഇവിടെയാണ് സമീപകാലത്തായി ഇടതുപക്ഷം പരാജയപ്പെട്ടിട്ടുള്ളത്. സാഹിത്യം ഒരു ശൈലീപ്രധാനമായ ഘട്ടത്തിലേയ്ക്ക് കടന്നിരിക്കുകയാണ്. ശത്രു സമർത്ഥനും അക്രമോത്സുകനുമാണ്; മൂലധനവ്യവസായത്തിന്റെ എല്ലാ വൃത്തികെട്ട സൂത്രങ്ങളും പ്രയോഗിക്കാൻ അവൻ നിശ്ചയിച്ചുറച്ചിരിക്കയാണ്; സ്വന്തം ആശയങ്ങളുടെ പാപ്പരത്തം മറച്ചുവെക്കാനായാണ് അവൻ തന്റെ രൂപത്തിന്റെ തിളക്കം ഉപയോഗിക്കുന്നത്. എങ്കിലും, ഹ്രസ്വകാല പരിഗണനയിൽ, ഈ തിളക്കത്തിന്റെ ഹൃദയാവർജ്ജകത്വം നിഷേധിക്കുക വയ്യ. ഈ ഹ്രസ്വകാലങ്ങളെ വെറുതേവിട്ടാൽ ദീർഘകാലത്തെ പിന്നോട്ടടിയായിരിക്കും ഫലം. അത്തരമൊരപകടം സംഭവിക്കുകയില്ലെന്ന് നാം നമ്മോടുതന്നെ ഉറപ്പിച്ചു പറയുന്നു; അത് ചരിത്രബോധമില്ലായ്മയായിരിക്കും. നിഷ്ക്രിയത, നിർഭാഗ്യവശാൽ, ചരിത്രമല്ല: സർഗ്ഗാത്മകമായ സാമൂഹ്യ പ്രവർത്തനമാണ് ചരിത്രത്തെ രൂപപ്പെടുത്തുന്നത്. കപടസാഹിത്യത്തിന്നെതിരെ വേഗതയോടെ നീങ്ങാനുള്ള മെയ്വഴക്കം ഇടതുപക്ഷം ആർജ്ജിക്കണം; ഉപരിപ്ലവമായ തിളക്കത്തെ ഭാവനയുടെ ഉജ്ജ്വലതകൊണ്ട് നേരിടുവാൻ അതുപഠിക്കണം; ബാഹ്യപരിസരത്തിലെ മാററങ്ങൾ സമൂഹ്യബന്ധങ്ങളെ എങ്ങിനെ ബാധിക്കുന്നുവെന്ന് അപഗ്രഥിക്കണം; ഇത് ആവശ്യമാക്കുന്ന ആവിഷ്കാര രൂപത്തിലെ മാററങ്ങൾ കണക്കിലെടുക്കണം. പതിററാണ്ടുകൾക്കുമുമ്പ് ഒരു പ്രത്യേക സമ്പ്രദായത്തിലൂടെ നാം സത്യത്തിന്റെ കാതലിലെത്തിയെന്നും, പഴയ വിശ്വസ്തരീതികളെ നാം ഉപേക്ഷിക്കുകയില്ലെന്നും വാദിക്കുന്നത് നമ്മുടെ ലക്ഷ്യത്തെ സഹായിക്കില്ല. പുതിയ ശക്തിബന്ധങ്ങൾ, സത്യത്തിന്റെ കാതലിരിക്കുന്ന സ്ഥാനത്തെ ചെറുതായി മാററിയിട്ടുണ്ടാകാം, വർത്തമാനസന്ധിയിൽ പഴയ സമ്പ്രദായത്തെ ഏറെക്കുറെ അപ്രസക്തമാക്കിയിട്ടുണ്ടാകാം. ഈ ബോദ്ധ്യം വിപ്ലവബോധത്തിന്റെ അവശ്യഘടകമാവണം.

ഇതൊരു ഭീകരമായ ദുരവസ്ഥയാണ്. പുറത്തുള്ളവർക്കാർക്കും ഇക്കാര്യത്തിൽ സഹായിക്കാനാവില്ല. ബംഗാളിന്റെ പ്രശസ്തമായ ഇടതുപക്ഷപൈതൃകത്തെ പുനരുജ്ജീവിപ്പിക്കേണ്ടതുണ്ട്; എന്നാൽ ഇത് പ്രസ്ഥാനത്തിലുള്ളവർക്കേ ചെയ്യാനാവൂ. അവരുടെ ധീരത പ്രയോജനപ്പെടുത്താൻ അവരെ അനുവദിക്കണം; സ്വന്തം ഭാവനയെ ചങ്ങലയിൽനിന്നു വിമുക്തമാക്കാൻ അവരെ ക്ഷണിക്കണം. ഇടതുപക്ഷം ധൈര്യം കാണിക്കുന്നില്ലെങ്കിൽ—വിവേകത്താൽ നിയന്ത്രിക്കപ്പെടുന്ന ധൈര്യം—അത് ഇടതുപക്ഷമാവില്ല. ■

# കേരളത്തിലെ സാംസ്കാരികരംഗം: ഒരു മാർക്സിയൻ വിശകലനം

ഡോ. ടി. കെ. രാമചന്ദ്രൻ

> നാം ബൂർഷ്വാസിയുടെ കലയെയല്ല, കലയെക്കുറിച്ചുള്ള അവരുടെ സിദ്ധാന്തത്തേയാണ് ചെറുത്ത് തോൽപ്പിക്കേണ്ടത്.
>
> —പിയറി മാഷറി

> വിമർശനത്തിൽ ശരിയായ വിലയിരുത്തലുകൾ ഉണ്ടാവുന്നത് ദൈനംദിനജീവിതത്തെ ആത്മീയമായി അലിയിച്ച് ഇല്ലാതാക്കുന്നതിലൂടെയല്ല; മറിച്ച്, അതുമായി ആജ്ഞവത്തോടെ കൂട്ടുചേർന്ന് പ്രവർത്തിക്കുന്നതിലൂടെയാണ്.
>
> —ടെറി ഈഗിൾടൺ

## ആമുഖം

കേരളത്തിലെ സാംസ്കാരികരംഗത്തെപ്പററിയുള്ള ചർച്ചകൾ ഒട്ടുമുക്കാലും സാംസ്കാരിക ജീർണ്ണതയെക്കുറിച്ചുള്ള പ്രലപനങ്ങളായാണ് ഒടുങ്ങുന്നത്. ''പൈങ്കിളി സാഹിത്യ''ത്തിനും ''കച്ചവടസിനിമ''യ്ക്കും കൈവന്നിട്ടുള്ള വളർച്ചയുടെ ഞെട്ടിപ്പിക്കുന്ന സ്ഥിതിവിവരകണക്കുകൾ ഒരുവശത്ത്. അടയ്ക്കാകത്തിയും കഥകളിത്തലയും എന്തിന്, പഴയ തുപ്പൽക്കോളാമ്പിപോലും സ്വീകരണമുറിയിൽ അലങ്കാരവസ്തുക്കളായി പ്രദർശിപ്പിക്കുന്ന മധ്യവർഗ്ഗബുദ്ധിജീവികളുടെ ''സംസ്കാര്യ''നാട്യം മറുവശത്ത്. ഇതിനെല്ലാം ഇടയിൽ വിസ്മൃതമായിക്കൊണ്ടിരിക്കുന്ന കേരളീയപാരമ്പര്യം(!?)—ഇങ്ങനെ പോകുന്നു നമ്മുടെ പണ്ഡിതസദസ്സുകളിലെ ഗാന്ധാരീവിലാപം. തീർച്ചയായും, ഇപ്പോൾ തകർന്നുതുടങ്ങിയിട്ടുള്ള ബ്ലേഡ് കമ്പനികളുടേയും ഊഹക്കച്ചവടക്കാരുടേയും തണലിൽ വളർന്ന 'മ' പ്രസിദ്ധീകരണങ്ങൾ ഇടക്കാലത്ത് കൈവരിച്ചിട്ടുള്ള പ്രചാരം വിസ്മയാവഹംതന്നെയാണ്. പ്രദർശനവിജയം നേടുന്നവ ഏറെ ഉണ്ടാവില്ലെങ്കിലും മലയാളത്തിൽ വർഷംതോറും ഇറങ്ങുന്ന സിനിമകളുടെ എണ്ണവും ചെറുതല്ല. ഇതോടൊപ്പംതന്നെ പൈങ്കിളി വിരുദ്ധരും 'മ' പ്രസിദ്ധീകരണ വിരുദ്ധരും ഒക്കെയായ ഒട്ടേറെ യുവജനങ്ങളും ഇന്ന് നമ്മുടെ ഇടയിലുണ്ട്. ഇടതുപക്ഷവീക്ഷണം പുലർത്തുന്നവരും ആദർശശാലികളുമാണ് ഇവരിൽ പലരും. പണ്ടൊക്കെ—അതായത് അറുപതുകളുടെ അവസാനത്തിലും എഴുപതുകളിലും 'കമ്പോളകല'യേയും 'കമ്പോള സിനിമ'യേയും വിമർശിച്ചുകൊണ്ട് 'ചെറിയ' മാസികകളും അല്പായുസ്സുകളായ ഫിലിം സൊസൈററികളും 'കൊച്ചുകൊച്ചു' ചർച്ചായോഗങ്ങളും ആയി ഒതുങ്ങിക്കൂടിയിരുന്ന വിഭാഗത്തിൻെറ സ്വാധീനം ഇന്ന് വിപുലമായിത്തീർന്നിട്ടുണ്ട്. 'മ' പ്രസിദ്ധീകരണങ്ങൾക്കെതിരായ പ്രചരണജാഥകളും അശ്ലീല പോസ്റ്ററുകൾക്കെതിരായ പ്രതിഷേധ പ്രകടനങ്ങളും ഇടതുപക്ഷ യുവജനസംഘടനകളുടെ മുൻകയ്യിൽ ഇന്ന് നടക്കുന്നുണ്ട്. ഇത് ഒരു നല്ല കാര്യംതന്നെയാണ്. എന്നാൽ 'സാംസ്കാരികരംഗത്തെ ജീർണ്ണത'ക്കെതിരായുള്ള പ്രസ്ഥാനങ്ങളുടെ സൈദ്ധാന്തിക അടിത്തറ എത്രത്തോളം ഭദ്രമാണ്? ഇവയുടെ സങ്കൽപ്പനോപാധികളും വിശകലനരീതികളും മാർക്സിയൻ കാഴ്ചപ്പാടിൽനിന്ന് നോക്കുമ്പോൾ പിഴവററതാണോ? ഈ പ്രസ്ഥാനങ്ങളുടെ മുൻവിധികളെ എങ്ങനെയാണ് നാം വിലയിരുത്തേണ്ടത്? ഈ ചോദ്യങ്ങൾ ഇന്ന് അത്യന്തം പ്രസക്തമായിത്തീർന്നിട്ടുണ്ട്. 'മ' പ്രസിദ്ധീകരണ വിരുദ്ധസമരം മാസികകൾ തീയിടുന്നതിലേക്കും 'പൈങ്കിളി' വിരുദ്ധപ്രസ്ഥാനം 'പൈങ്കിളി വായിക്കൂ, പ്രേമിക്കൂ, ആത്മഹത്യചെയ്യൂ' തുടങ്ങിയ പ്രകടമായും അബദ്ധമായ ചില സൂത്രവാക്യങ്ങൾ ഉന്നയിക്കുന്നതിലേക്കും, ആവിഷ്ക്കാരസ്വാതന്ത്ര്യത്തിനായുള്ള (തികച്ചും ന്യായമായ) വാഞ്ഛയും മതഭ്രാന്ത്പോലെതന്നെ അന്ധമായ (മാർക്സിസത്തിന് തീരെ അന്യമായ) യുക്തിവാദവും കൂടിക്കുഴഞ്ഞ് സാമുദായിക കലാപങ്ങൾക്ക്‌വരെ വഴിമരുന്നിടുന്ന അപകടകരമായ അവസ്ഥയിലേക്കുമൊക്കെ ഈ യുവജനവിഭാഗം ഇടക്കൊക്കെ നീങ്ങിപ്പോകുന്നുണ്ട്. ഈ സാഹചര്യത്തിൽ കേരളത്തിലെ സാംസ്ക്കാരിക അവസ്ഥയെപ്പററിയും അതിനെ വിമർശനവിധേയമാക്കാനുള്ള സങ്കൽപ്പനോപാധികളെപ്പററിയും മാർക്സിസ്റ്റുകൾക്കും പുരോഗമനവാദികൾക്കും ഇടയിൽ നിഷ്കൃഷ്ടവും തുറന്നതുമായ സൈദ്ധാന്തികചർച്ചകൾ അത്യാവശ്യമാണ്. അത്തരത്തിലുള്ള ഒരു ചർച്ചക്ക് തുടക്കം കുറിക്കുവാൻ മാത്രമേ ഈ ലേഖനത്തിൽ ശ്രമിക്കുന്നുള്ളൂ.

# സാംസ്കാരിക വിമർശം: മാർക്സിസ്റ്റ് മാനദണ്ഡം

'സംസ്കാരമെന്ന വാക്കുകേട്ടാൽ ഉടൻ തോക്കെടുക്കാനാണ് എനിക്ക് തോന്നുന്നത്'' എന്ന് ഹിററ്ലറുടെ സാംസ്ക്കാരിക വകുപ്പു മേധാവി പറഞ്ഞത് ആകസ്മികമല്ല. കാരണം, സംസ്ക്കാരമെന്ന പദംതന്നെ മുക്കററം പ്രത്യയശാസ്ത്രത്തിൽ മുങ്ങിനിൽക്കുന്ന ഒന്നാണ്. ഒററക്കും പദസംഘാതങ്ങളിലും നാനാർത്ഥവാചിയായി പ്രത്യക്ഷപ്പെടുന്ന 'സംസ്ക്കാര' ശബ്ദത്തിന് സംഭവിച്ചിട്ടുള്ള അർത്ഥപകർച്ചയുടെ ചരിത്രംതന്നെ ഈ വാക്കിൻെറ പ്രത്യയശാസ്ത്രപരതയുടെ പ്രകടമായ തെളിവാണ്. 'സംസ്ക്കരിക്കുക', 'സംസ്ക്കരിച്ചെടുക്കുക' തുടങ്ങിയ ശുദ്ധീകരണത്തേയും സ്ഫുടപാകത്തേയും സൂചിപ്പിക്കുന്ന പ്രയോഗങ്ങളിൽ ഇതിൻെറ മൂലാർത്ഥം ഇപ്പോഴും ഒളിമിന്നുന്നുണ്ട്. നാം ഉപയോഗിക്കുന്ന സംസ്ക്കാരം എന്ന വാക്കിൻെറ തത്സമമായ 'കൾച്ചർ' എന്ന ഇംഗ്ലീഷ് പദത്തിന് സംഭവിച്ചിട്ടുള്ള അർത്ഥമാററങ്ങളും ഏതാണ്ടിതുപോലൊക്കെത്തന്നെയായിരുന്നുവെന്നത് ശ്രദ്ധേയമാണ്. റെയ്മണ്ട്‌വില്യംസ് തൻെറ കൾച്ചർ (ഫൊണ്ടാന, 1983 പതിപ്പ്) എന്ന ഗ്രന്ഥത്തിൽ ഇതേപ്പററി ദീർഘമായി ചർച്ചചെയ്യുന്നുണ്ട്. (പേജുകൾ 10–16) വിത്തുകളേയും ചെടികളേയും സംസ്ക്കരിച്ചെടുക്കുന്ന പ്രക്രിയയെ സൂചിപ്പിക്കുന്ന ഒരു പദമായാണത്രേ ഇംഗ്ലീഷിൽ 'കൾച്ചർ' എന്ന വാക്ക് ആദ്യം പ്രത്യക്ഷപ്പെട്ടത്. പതിനെട്ടാം നൂററാണ്ടിൻെറ അന്ത്യത്തിൽ ഇംഗ്ലീഷിലും ജർമ്മൻ ഭാഷയിലും ആത്മാവിഷ്ക്കാരത്തെ സൂചിപ്പിക്കുന്ന ഒരു നാമപദമായും, മനുഷ്യമനസ്സിനെ വികസിപ്പിച്ചെടുക്കുക എന്ന അർത്ഥത്തിൽ ക്രിയാപദമായും ഇതുപയോഗിക്കപ്പെട്ടുതുടങ്ങി. പ്രധാനമായും മൂന്ന് ഭിന്നാർത്ഥങ്ങളാണ് ഇംഗ്ലീഷിൽ ഇന്ന് ഈ പദത്തിനുള്ളത്.

ഒന്ന് : ഒരു വികസിതമായ മാനസികാവസ്ഥ (ഉദാ: സംസ്ക്കാരമുള്ളവൻ Man of culture);

രണ്ട് : ഈ അവസ്ഥയിലേക്കുള്ള വികാസപ്രക്രിയ (ഉദാഹരണം സംസ്ക്കാരത്തിലുള്ള താൽപ്പര്യം, സാംസ്കാരിക പ്രവർത്തനങ്ങൾ—cultural interests, cultural activities);

മൂന്ന് : ഈ പ്രക്രിയക്ക് സഹായകമാകുന്ന ഉപാധികൾ (ഉദാ: കല, മാനുഷിക ബൗദ്ധിക വ്യാപാരങ്ങൾ—The arts, Human intellectual works).

ഇതിൽ മൂന്നാമത്തെ അർത്ഥത്തിനാണ് ഇന്ന് മുൻതൂക്കമെന്ന് വില്യംസ് പറയുന്നുണ്ട്. ഇംഗ്ലീഷിൽ 'കൾച്ചർ' എന്ന പദത്തിന് സംഭവിച്ചിട്ടുള്ള അർത്ഥപകർച്ച ഇത്തരത്തിലായിരുന്നുവെങ്കിലും ഈ മുഖ്യധാരക്ക് ഒപ്പംതന്നെ കുറേക്കൂടി വിപുലമായ മറെറാരർത്ഥം കൂടി ഒരന്തർധാരയായി വർത്തിച്ചിരുന്നു. പതിനെട്ടാം നൂററാണ്ടിൽ തന്നെ ഒരു ജനതയുടെ മുഴുവൻ ജീവിതശൈലിയേയും സൂചിപ്പിക്കുന്ന ഒന്നായി ഈ പദം ഉപയോഗിക്കപ്പെട്ടിരുന്നു. പത്തൊമ്പതാം നൂററാണ്ടിൽ താരതമ്യപഠനപരമായ നരവംശശാസ്ത്രത്തിൻെറ വികാസത്തോടെ ഈ അർത്ഥത്തിന് ഊന്നൽ ലഭിക്കുകയുമുണ്ടായി. ഇന്നും സാമൂഹ്യശാസ്ത്രത്തിലും നരവംശശാസ്ത്രത്തിലും ഈ അർത്ഥം സജീവമായി നിലനിൽക്കുന്നുണ്ട്.

മലയാളത്തിലും 'സംസ്ക്കാര' ശബ്ദത്തിൻെറ ഭിന്നാർത്ഥങ്ങളെ ഈ രീതിയിൽ വിശകലനം ചെയ്യാവുന്നതാണ്. ഏറെ വിപുലവും സാമാന്യം ഇടുങ്ങിയതുമായ രണ്ട് വ്യത്യസ്ത അർത്ഥങ്ങളിലാണ് നാമീപദം ഉപയോഗിച്ചുപോരുന്നത്. ഒരു ജനതയേയോ ഒരു വിഭാഗത്തേയോ പൊതുവിൽ ഭരിക്കുന്ന ആചാരങ്ങളും പെരുമാററരീതിയും മൂല്യസങ്കൽപ്പങ്ങളും എല്ലാം ചേർന്ന ഒന്നിനെയാണ് വിപുലമായ അർത്ഥത്തിൽ സംസ്ക്കാരമെന്ന പദംകൊണ്ട് നാം വിവക്ഷിക്കാറ്. തൊഴിലാളിവർഗ്ഗസംസ്ക്കാരം, ബൂർഷ്വാസംസ്ക്കാരം തുടങ്ങിയ പ്രയോഗങ്ങൾ ഇത്തരത്തിലുള്ളതാണ്. എന്നാൽ സാഹിത്യാദികലാരൂപങ്ങളിലെ ഉത്കൃഷ്ടമാതൃകകളുടെ സംഘാതത്തെ മുൻനിർത്തിയും സംസ്ക്കാരമെന്ന വാക്ക് നാം ഉപയോഗിക്കാറുണ്ട്. സാംസ്ക്കാരിക പൈതൃകം, കേരളസംസ്ക്കാരം തുടങ്ങിയ സംജ്ഞകളിൽ ഈ ഇടുങ്ങിയ അർത്ഥമാണ് മുന്നിട്ട് നിൽക്കുന്നത്. സംസ്ക്കാരമുള്ളവൻ അല്ലെങ്കിൽ സംസ്ക്കാരശൂന്യൻ ഇത്യാദി പ്രയോഗങ്ങളിലാവട്ടെ സംസ്ക്കാരവും മൂല്യസങ്കൽപ്പങ്ങളുമായുള്ള ഗാഢബന്ധം വ്യക്തമാണ്. ഈ ഭിന്നപ്രയോഗങ്ങളെല്ലാം പ്രത്യയശാസ്ത്രപരമായ മുൻധാരണകളുമായി കുഴഞ്ഞുമറിഞ്ഞാണ് കിടക്കുന്നത്. ഒററനോട്ടത്തിൽ അതീവഭിന്നമെന്ന തോന്നലുളവാക്കുന്നവയാണ് ഈ പ്രയോഗങ്ങൾ. എന്നാൽ സമൂഹത്തെയാകെ ഒരു ജൈവപൂർണ്ണതയായി കാണുന്ന മാർക്സിസ്ററുകളെ സംബന്ധിച്ചിടത്തോളം സംസ്ക്കാരശബ്ദത്തിൻെറ നാനാർത്ഥങ്ങൾ അന്യോന്യപൂരകങ്ങളാണ്. ദൈനംദിനജീവിതത്തിൻെറ സൂക്ഷ്മതലം മുതൽ രാഷ്ട്രീയം, തത്വചിന്ത, സാഹിത്യവിചാരം തുടങ്ങിയ പ്രക്രിയകളുടെ സമഗ്രതലംവരെ പരസ്പരം ബന്ധപ്പെട്ടാണ് നില്ക്കുന്നത് എന്ന തിരിച്ചറിവ് അടിസ്ഥാനപരമാണ്. 'എല്ലാവരും തത്വചിന്തകരാണ്'' എന്ന അൻേറാണിയോ ഗ്രാംഷിയുടെ നിദർശനത്തിൻെറ വ്യാപ്തിയും പ്രസക്തിയും ഇവിടെയാണ് പ്രകടമാവുന്നത്.

സാംസ്ക്കാരികപൈതൃകം തുടങ്ങിയ താരതമ്യേന നിർദ്ദോഷവും രാഷ്ട്രീയ വിവക്ഷകളില്ലാത്തതെന്ന പ്രതീതിയുളവാക്കുന്നതുമായ സങ്കല്പങ്ങളുടെ ആശയവാദപരമായ ഉള്ളടക്കം അല്പം ചുഴിഞ്ഞുനോക്കിയാൽ വ്യക്തമാവും. ജനജീവിതത്തിൻെറ സമഗ്രമണ്ഡലത്തെ പൂർണ്ണമായും വിസ്മരിച്ച് അതിൽനിന്നും പിറവിയെടുക്കുന്ന ചില കലാമാതൃകകളെമാത്രം അടർത്തിയെടുത്ത് കൃത്രിമമായും ചരിത്രനിരപേക്ഷമായും ആദർശവൽക്കരിച്ചാണ് ഉപരിവർഗ്ഗ പ്രത്യയശാസ്ത്രത്തിൻെറ വക്താക്കൾ ഈ പൈതൃക സങ്കല്പത്തെ മെനഞ്ഞെടുക്കുന്നത്. സംസ്ക്കാരം എന്ന പദംതന്നെയാണ് കൾച്ചറിനും (culture) സിവിലൈസേഷനും (civilization) നാം ഉപയോഗിച്ചുപോരുന്നത് എന്നതിൽനിന്ന്തന്നെ ഈ പ്രത്യയശാസ്ത്രമിഥ്യയുടെ സ്വാധീനം എത്ര ആഴത്തിലുള്ളതാണെന്ന് ഊഹിക്കാവുന്നതേയുള്ളു. ചോദ്യം ചെയ്യേണ്ടതുപോലുമില്ലെന്ന രീതിയിൽ നമ്മുടെ സാംസ്ക്കാരിക നായകന്മാരും നിരൂപകരും ചിന്തകരുമെല്ലാം അംഗീകരിച്ചുപോരുന്ന ഈ പ്രത്യയശാസ്ത്രധാരണയുടെ ചരിത്രവും അതിദീർഘമാണ്. അയോണിലും (Ion) മററും ആവിഷ്കൃതമാവുന്ന പ്ലാറേറായുടെ കാവ്യസങ്കൽപ്പങ്ങളോളവും ലോഞ്ചൈനസിൻെറ ഉദാത്തവൽക്കരണ സിദ്ധാന്തത്തോളവും പ്രാചീന ഭാരതീയ കാവ്യമീമാംസയോളവും പഴക്കമുള്ളതാണ് ഈ ആശയവാദമിഥ്യ. കോളറിഡ്ജിൻേറയും ഷെല്ലിംഗിൻേറയും മററും കാൽപ്പനിക സിദ്ധാന്തങ്ങളുടെ വിരൽപ്പാടുകളും ഇതിൽ തെളിഞ്ഞുകാണാനുണ്ട്. എലിയട്ടിനേയും എസ്രാപൗണ്ടിനേയും പോലുള്ള പ്രതിലോമകാരികളായ സാഹിത്യ മീമാംസകരുടെ വരേണ്യവാദപരമായ (Elitist) സമീപനങ്ങളും സംസ്ക്കാരപദത്തെ സാമാന്യ ജീവിതത്തിൻെറ ഊഷ്മളമായ ഭൂമികയിൽനിന്ന് അടർത്തിയെടുത്ത് അമൂർത്തവൽക്കരണങ്ങളുടെ സങ്കുചിതമായ അറകളിൽ തളച്ചിടുന്നതിൽ വഹിച്ചിട്ടുള്ള പങ്ക് 'ചെറുതല്ല'. ആധുനികതയുടെ സൈദ്ധാന്തികരായി മലയാള സാഹിത്യരംഗത്ത് ഏറെ കൊട്ടിഘോഷി

ക്കപ്പെട്ടിരുന്ന—അക്കാദമീയ തലങ്ങളിൽ ഈ രോഗം അടുത്തൊന്നും മാറുന്ന ലക്ഷണവുമില്ല—നിരൂപകരായിരുന്ന എലിയട്ടും എസ്രാ പൗണ്ടുമെന്നത് ഇത്തരുണത്തിൽ സ്മരണീയമാണ്.

ജനതയുടെ ജീവിതത്തിൽനിന്ന് വിഗ്രഹമോഷ്ടാക്കളെപ്പോലെ കലാരൂപങ്ങളെ അപഹരിച്ച് മ്യൂസിയത്തിലെ ചില്ലലമാരകളിലും മുതലാളിമാരുടെ സ്വീകരണമുറികളിലും അടച്ച് ''ഇതാ സംസ്കാരം, ഇതാ പൈതൃകം'' എന്ന് പ്രഖ്യാപിക്കുന്നിടത്തും ഇവരുടെ പ്രത്യയശാസ്ത്രപ്രവർത്തനം അവസാനിക്കുന്നില്ല എന്നതാണ് മറ്റൊരു ശ്രദ്ധേയമായ വസ്തുത. ജനങ്ങളിൽനിന്ന് കവർന്നെടുത്ത ഈ രൂപങ്ങളെ അമൂർത്തവൽക്കരണങ്ങളുടെ വിഭ്രാമകമായ ആടയാഭരണങ്ങളണിയിച്ച്, 'ഇതാ നിങ്ങൾ അനുകരിക്കേണ്ട മാതൃകകൾ' എന്ന രീതിയിൽ ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കാനുള്ള ധാർഷ്ട്യവും ഇവർ പ്രകടിപ്പിക്കുന്നു. 'ദൂരദർശനി'ലും പുതിയ ദേശീയ വിദ്യാഭ്യാസ പദ്ധതിയിലുമൊക്കെ സംസ്കാരത്തെ അത്യൽഗ്രന്ഥനപരവും ഒട്ടാകെ ആക്രമണോത്സുകവുമായ ദേശീയവാദത്തിന്റെ പ്രചാരണോപാധിയായി ഉപയോഗിക്കുവാനുള്ള ശ്രമങ്ങൾ കൂടുതൽ കൂടുതൽ പ്രകടമായി വരുന്നുണ്ട്. ദൈനംദിനമെന്നോണം ജീവനോടെ ചുട്ടെരിക്കപ്പെടുന്ന കർഷകരോട് ഇന്ത്യയുടെ മഹത്തായ ആത്മീയ സഹന പൈതൃകത്തെപ്പററിയും പീഡിപ്പിക്കപ്പെടുന്ന സ്ത്രീജനങ്ങളോട് ഭാരത സ്ത്രീകളുടെ ഭാവശുദ്ധിയെപ്പററിയും, എല്ലാ വർഗ്ഗീയകലാപങ്ങളിലും അവസാനം ഇരകളായിത്തീരുന്ന ന്യൂനപക്ഷങ്ങളോട് ഭാരതത്തിന്റെ മതസഹിഷ്ണുതാ പാരമ്പര്യത്തെപ്പററിയുമുള്ള ഉദ്ഘോഷങ്ങൾ എത്ര ക്രൂരമാണെന്ന് നാം ആലോചിക്കാറു പോലുമില്ല എന്നത് ചിന്താർഹമാണ്. 'ദൂരദർശനെ'പ്പററി പൊതുവെ വിമർശനാത്മക സമീപനം സ്വീകരിക്കുന്ന സ്ത്രീകളായ വിമർശകർപോലും ഉച്ചാരണത്തെററുകളും കലാപരമായ പാളിച്ചകളുമൊക്കെ ചൂണ്ടികാട്ടി തങ്ങളുടെ പതിവ് കോളങ്ങൾ പൂർത്തിയാക്കുന്നു എന്നത് ഖേദകരമാണ്. നമ്മുടെ സംസ്കാരത്തിന്റെ വമ്പിച്ച നേട്ടങ്ങളായി കൊണ്ടാടപ്പെടുന്ന ക്ഷേത്രശിൽപ്പങ്ങളുടെയും ചുവർചിത്രങ്ങളുടേയും യഥാർത്ഥസ്രഷ്ടാക്കളുടെ പേരുകൾപോലും നമുക്കിന്ന് അജ്ഞാതമാണ് എന്നോർക്കുമ്പോഴാണ് ഈ ക്രൂരമായ വഞ്ചനയുടെ വിശ്വരൂപം വെളിവാകുന്നത്. ഈ ശില്പികൾ മിക്കവാറും താഴ്ന്നജാതിക്കാരായിരുന്നു എന്നതുതന്നെയാണ് അവർക്ക് പേരില്ലാതെ പോവാനിടയാക്കിയ ഒരു പ്രധാന സംഗതി. പക്ഷേ, വർഗ്ഗപരവും വർണ്ണപരവുമായ അടിച്ചമർത്തലിന്റെ ഭീഷണമായ ചരിത്രം, ഭാരതീയ ആത്മീയതയുടെ ആവിഷ്ക്കാരങ്ങളായി ഈ കലാരൂപങ്ങളെ വിശദീകരിച്ച് തൃപ്തിയടയുന്ന ആനന്ദകുമാരസ്വാമിയേപ്പോലുള്ള ആശയവാദികൾ പൂർണ്ണമായും വിട്ടുകളയുന്നു എന്നതും ആകസ്മികമല്ല.*ഇങ്ങിനെ നോക്കുമ്പോൾ സംസ്ക്കാരം എന്ന പദത്തെ പ്രത്യയശാസ്ത്രത്തിന്റെ പുകമറയിൽനിന്ന് പുറത്തുകൊണ്ടുവരിക എന്നതുതന്നെ വർഗ്ഗസമരത്തിന്റെ ഒരു സവിശേഷ ദൗത്യമായിത്തീരുന്നത്. ഇടതുപക്ഷ ചിന്താഗതിക്കാരനെന്ന് അഭിമാനിക്കുന്ന തന്റെ സുഹൃത്ത് സ്വീകരണമുറിയിലെ വെററിലച്ചെല്ലവും കഥകളിത്തലയുമെല്ലാം അഭിമാനപൂർവ്വം കാട്ടിക്കൊടുത്തപ്പോൾ, ''ഇതൊക്കെ കൊണ്ടുപോയി കള; കേരളത്തിൽ രണ്ടേരണ്ട് സാംസ്ക്കാരിക ചിഹ്നങ്ങളേയുള്ളൂ—ഈഴവശിവനെ പ്രതിഷ്ഠിക്കാൻ നാരായണഗുരു എടുത്ത പാറക്കല്ലും പുന്നപ്ര—വയലാറിലെ വാരിക്കുന്തവും: വേണമെങ്കിൽ അതു കൊണ്ടുവന്ന് വെക്കാൻ നോക്കു'' എന്ന് കോപിച്ച ഇടതുപക്ഷ പ്രവർത്തകന്റെ വാക്കുകളിൽ, അത്യുക്തിയായാണെങ്കിൽപ്പോലും, ജ്വലിച്ചുനിൽക്കുന്നതും ഈ ബോധംതന്നെയാണ്. തീർച്ചയായും ഇന്നിതൊരു സജീവ രാഷ്ട്രീയപ്രശ്നം തന്നെയാണ്. നമ്മുടെ ദീർഘ 'മ'കാര പത്രത്തിന്റെ മുൻപേജിൽ വീണ്ടും സുലഭമായി പ്രത്യക്ഷപ്പെട്ടുതുടങ്ങിയിട്ടുള്ള, 'മുണ്ടുമടക്കികുത്തി, 'തലേക്കെട്ടും കെട്ടി മുറിബീഡിയും വലിച്ച' നിൽക്കുന്ന ചുമട്ടു തൊഴിലാളിയുടെ ഹാസ്യചിത്രം ഉപരിവർഗ്ഗങ്ങൾക്കിടയിൽ ഉണർത്തുന്ന ചിരി ഒരേസമയം തൊഴിലാളിവർഗ്ഗ സംസ്കാരത്തെക്കുറിച്ചുള്ള ബോധവൽക്കരണത്തിന്റേയും ഉപരിവർഗ്ഗത്തിന്റെ പ്രത്യയശാസ്ത്ര ധാർഷ്ട്യത്തെ ചെറുക്കേണ്ടതിന്റെ ആവശ്യകതയേയും കുറിച്ച് നമ്മെ ഓർമ്മിപ്പിക്കുന്നു. 'സിഗരററുപോലും വലിക്കാത്ത', 'ചുളിവീഴാത്ത മഞ്ഞളിച്ച ഷർട്ടും ഗോപിക്കുറിയുമായി അമ്പലമുററത്തും ഭാരതീയ സംസ്കാരത്തെ മൊത്തമായും ചില്ലറയായും വിതരണം ചെയ്യുന്ന തപസ്യായോഗങ്ങളിലും പ്രത്യക്ഷപ്പെട്ട് ഹൈന്ദവ വർഗ്ഗീയതയുടെ വിഷബീജങ്ങൾ പ്രസരിപ്പിക്കുന്ന യുവജനങ്ങൾ മാന്യതയുടേയും സംസ്കാരത്തിന്റേയും പ്രതീകമായി വ്യാപകമായി വിവാഹാലോചനയുടെ സമയത്ത് ഇടതുപക്ഷകുടുംബങ്ങളിൽപോലും തെററിദ്ധരിക്കപ്പെട്ടുപോരുന്നുണ്ട് എന്നതും ആശങ്ക ഉണർത്തുന്നു. ആട്ടക്കഥകളുടെ തടിച്ച 'വാല്യങ്ങളും' ഭേസി കളിയരങ്ങിനുമുന്നിൽ നിസ്സ്വേജരായിരുന്ന കഥയറിയാതെ ആട്ടംകാണുന്ന ഇവരുടെ ദൈന്യം കലർന്ന ഹാസ്യചിത്രം ഒരു കാർട്ടൂണിസ്റ്റിന്റേയും ദൃഷ്ടിയിൽ ഇനിയും പെട്ടിട്ടില്ല എന്നതു യാദൃച്ഛികമല്ല. സാംസ്ക്കാരികരംഗത്ത് 'പണിക്കന്മാരേയും' 'മാടമ്പി'കളെയും വെറുപ്പിക്കാവുന്നിടത്തോളം ശക്തമല്ലല്ലോ നമ്മുടെ കാർട്ടൂണിസ്റ്റുകളുടെ നർമ്മ/ധർമ്മബോധം.

## മാർക്സിയൻ സമീപനത്തിന്റെ അടിസ്ഥാന ഘടകങ്ങൾ

'മ' പ്രസിദ്ധീകരണ വിരുദ്ധ പ്രചരണങ്ങളിലും, സാംസ്ക്കാരിക രംഗത്തെ ജീർണ്ണതക്കെതിരായ പ്രഖ്യാപനങ്ങളിലും പ്രകടമാവുന്ന ചിന്താകാലുഷ്യവും അവ്യക്തതയും, സാംസ്ക്കാരിക പ്രതിഭാസങ്ങളെ വിശകലനം ചെയ്യാൻ, നിഷ്കൃഷ്ടവും, സങ്കോചം കൂടാതെ വർഗ്ഗപക്ഷപാതിത്തം പ്രകടിപ്പിക്കുന്നതുമായ ഒരു വൈരുദ്ധ്യാത്മകരീതിശാസ്ത്രം കരുപ്പിടിപ്പിച്ചെടുക്കേണ്ടതിന്റെ അടിയന്തര പ്രസക്തിയിലേക്കുള്ള ചൂണ്ടുപലകകളാണ്. ഇടതുപക്ഷ സംഘടനകളുടെ ഗൗരവസ്വഭാവമാർന്ന സാംസ്ക്കാരിക യോഗങ്ങളിൽപോലും സിദ്ധാന്തമായി അവതരിപ്പിക്കപ്പെടുന്നതു ബൂർഷ്വാ അക്കാദമീയ കലാസങ്കൽപ്പങ്ങളുടേയും പാതിവെന്ത മാർക്സിയൻ പരികൽപ്പനകളുടേയും അവിയൽ പരുവത്തിലുള്ള ചേരുവകളാണെന്ന് പറയാതെ വയ്യ. ഇതിനപവാദങ്ങളില്ലെന്നല്ല, പക്ഷേ

* പ്രാചീന ക്ഷേത്രശിൽപ്പികൾ എന്തുകൊണ്ട് അജ്ഞാതാത്മാക്കളായിപ്പോയി എന്ന പ്രശ്നം സങ്കീർണ്ണമാണ്. വർഗ്ഗപരമായ ഉച്ചനീചത്വത്തോടൊപ്പംതന്നെ കലയെയും കലാകാരനേയും പററിയുള്ള പ്രത്യയശാസ്ത്രധാരണകളും ഇതിന് കാരണമായിട്ടുണ്ട് എന്ന് വിസ്മരിക്കുന്നില്ല. പക്ഷേ, അതേപ്പററിയുള്ള ഒരു വിശദമായ ചർച്ച ഈ ലേഖനത്തിന്റെ വിഷയനിരൂപണത്തിന് പുറത്താണ്. ഈ പ്രശ്നത്തിലേക്ക് എന്റെ ശ്രദ്ധ ആദ്യമായി തിരിച്ച ആർ. നന്ദകുമാറിനോട് കടപ്പാട്.

മിക്കപ്പോഴും മഹാഭാരതത്തിന്റെ കലാമേന്മയിലും, ഭാരതീയ തത്വചിന്തയുടെ— ശങ്കരാചാര്യരുടേതടക്കം (!!!) — മഹത്വത്തിലും ഒക്കെ അഭിരമിച്ച് ചർച്ച ചെയ്യുന്ന നമ്മുടെ „ഇടതുപക്ഷ'' സാംസ്കാരിക പണ്ഡിതർ സംസ്കാരത്തെപ്പററിയുള്ള മാർക്സിയൻ കാഴ്ചപ്പാടിനെപ്പററി അധികമൊന്നും പറയാൻ സമയം കണ്ടെത്താറില്ലെന്നതു് തീർച്ചയായും വിമർശനീയമാണ്. അടുത്തകാലത്തു് നടന്ന ഒരു സർവ്വീസ് സംഘടനയുടെ യോഗത്തിൽ ഭാരതീയ (=ഹൈന്ദവ) പാരമ്പര്യത്തിന്റെ മഹത്വത്തെപ്പററി ദീർഘമായി തന്നെ സഖാക്കളെ ബോധവല്ക്കരിച്ച ഒരു സാഹിത്യകാരൻ തന്റെ ഇടതുപക്ഷചായ്‌വ് പ്രകടിപ്പിച്ചതു്, ഇതിനെയൊക്കെ പുനരുദ്ധരിക്കാൻ ഇവിടെ ചിലർ ശ്രമിക്കുന്നുണ്ടു്, ഇതിനെതിരായി നാം ജാഗ്രത പുലർത്തണം, എന്നു് ആഹ്വാനം ചെയ്തുകൊണ്ടായിരുന്നുവത്രേ. ഇതൊക്കെ ഇത്ര മഹത്താണെങ്കിൽ പിന്നെ അവ പുനരുദ്ധരിക്കപ്പെടുന്നതിൽ എന്താണ് തെററ് എന്ന അങ്കലാപ്പാണ് പല സഖാക്കളിലും ഇതു് അവശേഷിപ്പിച്ചതു്. അതുപോലെ തന്നെ, ശങ്കരാചാര്യരെ വിലയിരുത്തുമ്പോൾ പഴയ ഇന്തോളജിസ്റ്റുകളുടെ ശൈലിയിൽ അദ്ദേഹത്തിന്റെ തത്വചിന്തകനെന്ന നിലയിലുള്ള ഔന്നത്യത്തെ ഉയർത്തിപ്പിടിക്കുകയും, ആ തത്വചിന്തയുടെ പ്രതിലോമ സ്വഭാവത്തെപ്പററിയും ചരിത്രത്തിൽ അതുവഹിച്ച വർഗപരമായ പങ്കിനെപ്പററിയും നിശ്ശബ്ദത പാലിക്കുകയുംചെയ്യുന്ന ഇവർ ശങ്കരനെമതഭ്രാന്തനെന്നും ഒരു അസ്സൽ ദക്ഷിണേന്ത്യൻ ശാന്തിക്കാരനെന്നും വിശേഷിപ്പിച്ച വിവേകാനന്ദന്റെ ലിബറൽ ദർശനത്തോളംപോലും ഉയരുന്നില്ല എന്നതും ആശ്ചര്യജനകമാണ്. *

ജനപ്രിയ കലാരൂപങ്ങളുടെ പ്രതിലോമസ്വഭാവത്തെപ്പററിയുള്ള ചർച്ചകളിലും ഇത്തരം ആശയക്കുഴപ്പങ്ങൾ സുലഭമായി കാണാനുണ്ടു്. കമ്പോളസിനിമ/ആർട്ട് സിനിമ, പൈങ്കിളിസാഹിത്യം/ഗൗരവസാഹിത്യം തുടങ്ങിയ മാർക്സിയൻ നിരൂപണത്തിന് തികച്ചും അന്യമായ ബൂർഷ്വാ നിരൂപണഗണങ്ങളിൽ നിന്നാണ് പലരും ആരംഭിക്കുന്നതു്. അടിസ്ഥാനപരമായ ഒരു ഇരട്ടതെററാണ് ഈ കലാവീക്ഷണത്തിന്റെ ഉറവിടം. ഒന്നാമതായി കലാവ്യാപാരത്തെ ഇതു് വർഗനിരപേക്ഷമായി കാണുന്നു. ബൂർഷ്വാ വിമർശകരെപ്പോലെ 'തികച്ചും' സൗന്ദര്യശാസ്ത്രപരമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മൂല്യനിർണ്ണയത്തിനു് ഒരുമ്പെടുന്നു. അപ്പോൾ ഒ. വി. വിജയനെയും അരവിന്ദനെയും പോലുള്ള പ്രതിലോമകാരികൾക്കു്, എന്തായാലും അവർ 'നല്ല' കലാകാരന്മാരാണല്ലോ എന്ന രീതിയിൽ ഒരു സമ്മാന്യമായ സ്ഥാനവും പ്രത്യേക പരിഗണനയും ആദ്യം മുതൽക്കേ കല്പിച്ചുകിട്ടുന്നു. „ഭാരതത്തിന്റെ അഭിമാന''മായി ഇടതുപക്ഷപത്രങ്ങൾപോലും അവരെ കൊണ്ടാടുന്ന ദുരവസ്ഥയും വന്നുപെടുന്നു. ഇവരുടെ സൃഷ്ടികൾ പ്രസരിപ്പിക്കുന്ന മാരകമായ പ്രത്യയശാസ്ത്രം മിക്കവാറും വിമർശിക്കപ്പെടാതെ പോകുന്നു. മാത്രവുമല്ല അതീവ പരിഷ്കൃതമായ ഗോപന ക്രിയകളിലൂടെ ആച്ഛാദിതമായി മാത്രം പ്രത്യക്ഷപ്പെടുന്ന ഈ പ്രത്യയശാസ്ത്രരൂപങ്ങളും ജനപ്രിയകലാമാധ്യമങ്ങളിൽ അവതരിക്കുന്ന ഇവയുടെ സരളരൂപങ്ങളും തമ്മിലുള്ള നാഭീനാളബന്ധം വിസ്മൃതമാവുന്നു. ഉൽപ്പാദന വ്യവസ്ഥയെയും രാഷ്ട്രീയത്തേയും പ്രത്യയശാസ്ത്രത്തേയും കലാസാംസ്കാരികപ്രതിഭാസങ്ങളെയുമെല്ലാം സുഘടിതമായൊരു ജൈവസമഗ്രതയായി തിരിച്ചറിയുന്നതിൽ നമ്മുടെ ഇടതുപക്ഷ നിരൂപകർക്കു് സംഭവിക്കുന്ന പരാജയമാണ് ഇതിന് കാരണം. ഈ അവസ്ഥയെ മറികടക്കാൻ ജനപ്രിയകലയെപ്പററിയുള്ള അന്റോണിയോ ഗ്രാംഷിയുടെ സൈദ്ധാന്തികമായ ഉൾക്കാഴ്ചകൾ ഏറെ സഹായകമാണ്. "മഹാന്മാരായ" തത്വചിന്തകരുടെ താഴികക്കുടങ്ങൾ പോലെ തലയുയർത്തിനിൽക്കുന്ന ക്രോഡീകൃതമായ ചിന്താപദ്ധതികളും സാമാന്യബോധത്തിന്റെയും പഴഞ്ചൊല്ലുകളുടെയും ആപ്തവാക്യങ്ങളുടെയും അന്യാപദേശകഥകളുടേയും ഒക്കെ രൂപത്തിൽ ജനങ്ങൾക്കിടയിൽപ്രസരിച്ചിട്ടുള്ള ഉപരിവർഗ ആശയങ്ങളും ഒരേ പ്രത്യയശാസ്ത്ര പ്രാകാരത്തിന്റെ തന്നെ ഭിന്നഭാഗങ്ങളാണെന്നു് ഗ്രാംഷി ചൂണ്ടിക്കാണിക്കുന്നു.

ഒരുദാഹരണത്തിലൂടെ ഗ്രാംഷിയുടെ ഈ ആശയം വ്യക്തമാക്കാമെന്നു് തോന്നുന്നു. ആദിമ മൂലധന സംഭരണം (Primitive accumulation of Capital) എങ്ങനെ ഉണ്ടായി എന്നതു് ക്ലാസിക്കൽ സാമ്പത്തിക വിചക്ഷണരെ ഏറെ കുഴക്കിയ ഒരു ചോദ്യമായിരുന്നു. ആഡംസ്മിത്തും, റിക്കാർഡോയുമെല്ലാം വിശദമായിത്തന്നെ ഇതേപ്പററി പ്രതിപാദിച്ചിട്ടുണ്ടു്. എന്താണ് അവർ എത്തുന്ന നിഗമനം? ഒരേ തൊഴിലിൽ ഏർപ്പെട്ടിരുന്നവരിൽ ചിലർ മുതലാളികളും ചിലർ തൊഴിലാളികളും ആയിത്തീർന്നതെങ്ങിനെയാണ്? പണം സൂക്ഷിച്ച് ചിലവാക്കിയിരുന്നവർ, അധികചിലവ് ഒഴിവാക്കി സമ്പാദിക്കാൻ ശ്രമിച്ചവർ മൂലധനം സൃഷ്ടിച്ചു എന്നതാണ് ഒരുത്തരം. പാഠപുസ്തകസാമ്പത്തികശാസ്ത്രത്തിന്റെ ഭാഷയിൽ പറഞ്ഞാൽ മിതവ്യയം (Thrift) ആയിരുന്നുവത്രെ മൂലധനത്തിന്റെ അടിസ്ഥാനം. പിന്നെ ചിലർ സാമ്പത്തികകാര്യങ്ങൾ കൂടുതൽ നന്നായി നോക്കിനടത്തുവാനുള്ള സവിശേഷമായ കഴിവ് (Managerial Capacity) ഉള്ളവരായിരുന്നു പോലും. അവർ അദ്ധ്വാനശീലരായിരുന്നു. സാമ്പത്തികകാര്യങ്ങളിൽ കുശാഗ്രമതികളായിരുന്നു. ധീരമായ 'നഷ്ടസംഭാവ്യ'മായ പണമിടപാടുകളിൽ ഏർപ്പെടാൻതക്ക സാഹസികത്വം ഉള്ളവരുമായിരുന്നു. (നമ്മുടെ ബ്ലേഡ് കമ്പനിയുടമകളുടെ calculated risk എടുക്കാനുള്ള മിടുക്ക് ഓർമിക്കുക) ഇങ്ങനെ പോവുന്നു ബൂർഷ്വാ സാമ്പത്തിക വിചക്ഷണരുടെ 'അഗാധ' സിദ്ധാന്തങ്ങൾ. 'ഉണ്ടു' 'മുറുക്കിയുടുത്തു്' 'എല്ലുമുറിയെ' പണിയെടുത്തു് കാശുണ്ടാക്കി 'അതു' സൂക്ഷിച്ചുപിടിച്ച് പണക്കാരനാകുന്ന ബുദ്ധിമാന്റേയും കിട്ടുന്നതെല്ലാംതുലച്ചു് നാടിനും വീടിനും കൊള്ളാത്തവനായി ആദർശവും പറഞ്ഞുനടക്കുന്നവന്റെയും ഒക്കെ എത്രയെത്ര ചിത്രങ്ങളാണ് നമ്മുടെ മനസ്സുകളിൽ പച്ചപിടിച്ച് നില്ക്കുന്നതെന്നാലോചിക്കുമ്പോൾ ഉപരിവർഗ്ഗപ്രത്യയശാസ്ത്രത്തിന്റെ വിഷലിപ്തമായ വേരു

* വിവേകാനന്ദൻ ശങ്കരനെക്കുറിച്ച് പറയുന്നതു് ശ്രദ്ധിക്കുക: എത്ര കഠിനഹൃദയനായിരുന്നു അദ്ദേഹം. നിരവധി ബുദ്ധഭിക്ഷുക്കളെ അദ്ദേഹം ചുട്ടുകൊല്ലിച്ചിട്ടുണ്ടു്.... മതഭ്രാന്ത് എന്നല്ലാതെ ശങ്കരന്റെ ഈ കൃത്യത്തെ നാമെന്താണ് വിളിക്കേണ്ടതു്?—Complete works of Swami Vivekananda, Almora, 1950, എട്ടാം പതിപ്പ്, വാല്യം ഏഴ്, പേജുകൾ 115, 116. വിശദമായ ചർച്ചക്ക് മുരളീധരന്റെ ''ഇന്നത്തെ മതപരമായ പുനരുദ്ധാരണ ശ്രമങ്ങൾ: ഒരു പ്രത്യയശാസ്ത്രത്തിന്റെ വർഗസ്വഭാവവും സാമൂഹ്യമായ വേരുകളും''—കലാവിമർശം: മാർക്സിസ്റ്റ് മാനദണ്ഡം, നിള; 1983—നോക്കുക.

കൾ എത്ര ആഴത്തിലിറങ്ങിയിട്ടുണ്ടെന്ന് വ്യക്തമാവും. ഇവിടെയാണ് സാമാന്യബോധത്തിന്റെ സൂക്ഷ്മതലവും ക്രോഡീകൃത ചിന്താപദ്ധതികളുടെ അമൂർത്തമണ്ഡലവും തമ്മിലുള്ള അനന്യത പ്രകടമാവുന്നത്. പക്ഷേ, പ്രാചീന മൂലധനസംഭരണത്തിന്റെ ചരിത്രം ഈ 'യക്ഷിക്കഥ'കളിൽനിന്ന് എത്രയോ വ്യത്യസ്തമായിരുന്നു എന്നത് മുതലാളിത്തത്തിന്റെ ഈററില്ലമായിരുന്ന ഇംഗ്ലണ്ടിന്റെ സാമ്പത്തിക ചരിത്രം ഓടിച്ചുപഠിക്കുന്ന ഒരാൾക്കുപോലും വ്യക്തമാവും. മാർക്സ് പറയുംപോലെ പ്രാചീന മൂലധന സംഭരണത്തിന്റെ ചരിത്രം ഉരുക്കിന്റെയും ചോരയുടെയും ചരിത്രമായിരുന്നു, നഗ്നമായ ചൂഷണത്തിന്റെയും ക്രൂരമായ നിയമങ്ങളുടെയും ചരിത്രമായിരുന്നു. യന്ത്രവത്കൃതകൃഷി നടപ്പാക്കപ്പെടുന്ന ഗ്രാമങ്ങളിൽനിന്ന് നഗരങ്ങളിലെ ഇളവില്ലാത്ത വലയിലേക്ക് ആട്ടിത്തെളിക്കപ്പെടുന്ന നിസ്വരായ കർഷകജനതയുടെ കണ്ണീരിന്റെയും വിശപ്പിന്റെയും ചരിത്രമായിരുന്നു. ഏംഗൽസും, ഇ. പി. തോംസണും, എ. എൽ. മോർട്ടണും ഈ തുറുകണ്ണൻ കാലത്തിന്റെ ദാരുണചിത്രങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. മുതലാളിത്തത്തിന്റെ മഹത്വത്തെപ്പററിയും ആദ്യകാല മുതലാളിമാരുടെ ക്രാന്തദർശിത്വത്തെപ്പററിയും വാചാലമാകുന്ന നമ്മുടെ പാഠപുസ്തക സാമ്പത്തികശാസ്ത്രത്തിൽ ഈ ചോരയിൽ കുതിർന്ന ഏടുകൾ കാണാനില്ല എന്നതിൽ അത്ഭുതപ്പെടേണ്ടതില്ല. ഉല്പാദനരംഗത്ത് അത്ഭുതം സൃഷ്ടിച്ചുവെന്ന് ഏറെ പുകഴ്ത്തപ്പെടുന്ന വ്യാവസായിക വിപ്ലവത്തിന്റെ കാലഘട്ടത്തിൽ ഗർഭിണികളായ സ്ത്രീകൾ വണ്ടിക്കാളകളെപ്പോലെ അരയിൽ പട്ടകെട്ടി ഭാരംവലിക്കേണ്ടിവന്നിരുന്നുവെന്നും, പന്ത്രണ്ടു വയസ്സുപോലും തികയാത്ത കുഞ്ഞുങ്ങൾ ഇരുപതു മണിക്കൂർവരെ ഖനികളുടെ ഇരുട്ടറകളിൽ പണിയെടുക്കേണ്ടി വന്നിരുന്നുവെന്നും അഞ്ചും ആറും വയസ്സിൽ പിഞ്ചുകുഞ്ഞുങ്ങൾ ചിമ്മിനിതൂപ്പുകാരായിത്തീരാൻ നിർബന്ധിതരായിരുന്നുവെന്നും മററുമുള്ള തിക്തസത്യങ്ങളെപ്പററി അതു് പണ്ഡിതോചിതമായ മൗനം പാലിക്കുന്നു.

ആവിയന്ത്രത്തിന്റെയും യന്ത്രത്തറിയുടെയും നിർമ്മാതാക്കളുടെ ജീനിയസിനെപററി നാം പഠിക്കാറുണ്ട്. പക്ഷെ, ആ കാലഘട്ടത്തിൽ മരണശിക്ഷ വിധിക്കാവുന്നതായ നാനൂറിലേറെ കുററങ്ങളുണ്ടായിരുന്നുവെന്നും, ഇവയിൽ ഭൂരിഭാഗവും സ്വകാര്യസ്വത്തിനെ സംരക്ഷിക്കുവാൻ ഉദ്ദേശിക്കപ്പെട്ടവയായിരുന്നുവെന്നും എന്തിനു വിശപ്പടക്കാൻ ഒരു റൊട്ടിക്കഷണം മോഷ്ടിക്കുന്ന ഏഴുവയസ്സുള്ള ഒരു കുട്ടിയെ സുപ്രസിദ്ധമായ ബ്രിട്ടീഷ് നിയമത്തിന്റെ പൂർണ്ണമായ അംഗീകാരത്തോടെ തൂക്കിക്കൊല്ലാനാവുമായിരുന്നെന്നും നാം അറിയാതെ പോവുന്നു. മൃഗസമാനമായ അവസ്ഥയിലേക്ക് ചവിട്ടിത്താഴ്ത്തപ്പെട്ടിരുന്ന ജനലക്ഷങ്ങളുടെ രോഷത്തിൽനിന്ന് ആരംഭദശയിൽ ബ്രിട്ടീഷ് മുതലാളിത്തത്തെ സംരക്ഷിച്ചുനിർത്തിയിരുന്നത് ഈ നിഷ്ഠൂരമായ ദണ്ഡനീതിയായിരുന്നുവെന്ന അറിവ് തൊഴിലാളിവർഗത്തിന്റെ ചുമലിൽ വ്യവസായവൽക്കരണത്തിന്റെ മുഴുവൻ ഭാരവും അടിച്ചേൽപ്പിക്കാനുള്ള പദ്ധതികൾ സജ്ജമായിക്കൊണ്ടിരിക്കുന്ന ഇന്ത്യയുടേതുപോലുള്ള അവികസിത രാജ്യങ്ങളിലെ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അതീവ പ്രധാനമാണ്. എന്നാൽ വിജ്ഞാനത്തിൽനിന്ന് അതിന്റെ വിമോചക ധർമ്മത്തെ ആവുന്നത്ര ചോർത്തിക്കളഞ്ഞ് വിദ്യാഭ്യാസ പ്രക്രിയയെത്തന്നെ മനുഷ്യശേഷിയെ വർഗചൂഷണത്തിനുതകുന്ന വിഭവമാക്കി പാകപ്പെടുത്താനുള്ള ഉപകരണമാക്കി മാററാനാണ് പുതിയ വിദ്യാഭ്യാസനയത്തിലൂടെയും മററും ഇന്ത്യയിലെ ഭരണവർഗം ശ്രമിച്ചുവരുന്നത്. അതുകൊണ്ടുതന്നെ പുതിയ വിദ്യാഭ്യാസ നയത്തിന്റെ പ്രതിലോമപരമായ ഉള്ളടക്കവും, അതിന്റെ മാരകമായ പ്രത്യയശാസ്ത്രദൗത്യവും തുറന്നുകാണിക്കുക എന്നതു് ഇടതുപക്ഷത്തിന്റെ അടിയന്തിര കടമയായിത്തീർന്നിട്ടുണ്ട്.

ബൂർഷ്വാപണ്ഡിതന്മാരുടേയും തത്വജ്ഞാനികളുടെയും സംഘടിതമായ ചിന്താപദ്ധതികളും സാമാന്യബോധത്തിന്റെ നിർദ്ദോഷരൂപത്തിൽ ജനങ്ങൾക്കിടയിൽ പ്രചരിപ്പിച്ചിട്ടുള്ള ഉപരിവർഗമിഥ്യകളും തമ്മിലുള്ള ഗാഢബന്ധം നാം കാണുകയുണ്ടായി. ഇതുപോലെതന്നെ നമ്മുടെ കലാസാഹിത്യരംഗത്തെ ഏറെ പുകഴ്ത്തപ്പെടുന്ന 'ഗൗരവകല'യും ഇകഴ്ത്തപ്പെടുന്ന കമ്പോളകലയും തമ്മിലും പാരസ്പര്യം നിലനിൽക്കുന്നുണ്ട്. ഗൗരവകല/പൈങ്കിളി, ആർട്ട് സിനിമ/കമ്പോളസിനിമ തുടങ്ങിയ ബൂർഷ്വാ നിരൂപണഗണങ്ങൾ ഈ യാഥാർത്ഥ്യത്തെ മറച്ചുപിടിക്കുന്നുണ്ട്. ഈ ഗണങ്ങളെ തള്ളിക്കളയാതെ വിപ്ലവോൻമുഖമായ ഒരു സാംസ്കാരിക വിമർശനപദ്ധതിക്ക് രൂപം കൊടുക്കാനാവില്ല. പക്ഷെ, ഈ രംഗത്തും ഇടതുപക്ഷ സാംസ്കാരിക പ്രവർത്തകർക്ക് വൈരുധ്യാത്മകമായ ഒരു രീതിശാസ്ത്രം മെനഞ്ഞെടുക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല. ഒ. വി. വിജയനോടും, അരവിന്ദനോടുമൊക്കെയുള്ള ഇടതുപക്ഷ സമീപനത്തിന്റെ അപര്യാപ്തതയെപ്പററി നേരത്തെ സൂചിപ്പിക്കുകയുണ്ടായല്ലോ. അവരുടെ കൃതികളെപ്പററിയുള്ള വിശദമായ വിമർശനപഠനങ്ങളിലൂടെ ഇതു് സ്ഥാപിച്ചെടുക്കേണ്ടതാണ്. അത്തരമൊരു പഠനം ഈ ലേഖനത്തിന്റെ സാദ്ധ്യതകൾക്കു പുറത്താണ്. എങ്കിലും പ്രകടമായിത്തന്നെ അനുഭവപ്പെടുന്ന വസ്തുതകളെപ്പററി മാത്രം എടുത്തുപറയട്ടെ. ഏറെ പ്രസിദ്ധമായ 'ചിദംബരം' തന്നെയെടുക്കാം. ദേശീയതലത്തിലുള്ള ബഹുമതി, ചിദാനന്ദദാസ്ഗുപ്തയെപ്പോലുള്ള സിനിമാനിരൂപണത്തിന്റെ തലതൊട്ടപ്പന്മാരുടെ ആശീർവാദം, മലയാളത്തിലെ നിരൂപകരുടെ (?) അത്യുക്തിയും ഭക്തിയുംകലർന്ന സങ്കീർത്തനങ്ങൾ, ഈ ഘോഷത്തിന്റെയെല്ലാം നടുവിൽ പുരോഗമനവും, സ്ത്രീവിമോചനവുമൊക്കെ അദ്ധ്യാരോപിച്ച് ആശ്വസിക്കാൻ ശ്രമിക്കുന്ന ചില ഇടതുപക്ഷ നിരൂപകരുടെ ദൈന്യം—ഫലത്തിൽ അധികമാരും ആ സിനിമയെ ഒരു മാർക്സിയൻ കാഴ്ചപ്പാടിലൂടെ വിശകലനം ചെയ്യാൻ ശ്രമിച്ചില്ല എന്നതു് തീർച്ചയായും അഭിമാനകരമല്ല.

ഈ സിനിമയെ വിമർശിക്കണമെന്ന് നാം ശാഠ്യം പിടിക്കുന്നതെന്തിന് എന്ന ചോദ്യം ഇത്തരുണത്തിൽ സ്വാഭാവികമാണ്. ഓറനോട്ടത്തിൽ അടൂർ ഗോപാലകൃഷ്ണന്റെ 'മുഖാമുഖ'ത്തിലെപ്പോലെയോ, ഐ. വി. ശശിയുടെ 'ഈ നാടി'ലെപ്പോലെയോ പ്രകടമായ രാഷ്ട്രീയ വിവക്ഷകളൊന്നും 'ചിദംബര'ത്തിൽ കണ്ടേക്കില്ല. വ്യക്തമായും ഇടതുപക്ഷത്തു നിൽക്കുന്ന സി. വി. ശ്രീരാമന്റെ ഒരു ചെറുകഥയാണ് അരവിന്ദൻ സിനിമയുടെ പ്രമേയമായി സ്വീകരിച്ചിട്ടുള്ളത്. ഇടതുപക്ഷ കലാനിരൂപകരുടെ ദൃഷ്ടിയിൽപെടാതെ പോയ ഒരു പാളിച്ചയെക്കുറിച്ച് സ: ഇ. എം. എസ്. ആനുഷംഗികമായാണെങ്കിൽ പോലും ഒരു അഭിമുഖസംഭാഷണത്തിൽ സൂചിപ്പിച്ചിട്ടുണ്ട്: 'ചിദംബര'ത്തിൽ ജീവിതമില്ല,'' അദ്ദേഹം തന്റെ വിമർശനം വിശദീകരിക്കാതെ വിടുകയാണ്. പക്ഷെ, മലയാളത്തിലെ ആധുനികതയെപ്പററി പൊതുവിലും അരവിന്ദന്റെ 'ചിദംബര'ത്തെപ്പററി പ്രത്യേകിച്ചും ആഴത്തിലുള്ള ഉൾക്കാഴ്ച ഈ വിമർശനത്തിൽ ഒളിമിന്നുന്നുണ്ട്. ഒരു ജീവിത സന്ദർഭത്തെയല്ലേ അരവിന്ദൻ ആവിഷ്കരിക്കുന്നത്. പിന്നെയെങ്ങിനെ അതിൽ ജീവിതമില്ലെന്ന് പറയാനാവും എന്ന മറുചോദ്യം തീർച്ചയായും സാധ്യമാണ്. ജീവിതത്തെപ്പററിയും കലയെപ്പററിയും അവ തമ്മിലുള്ള ബന്ധത്തെപ്പററിയുമൊക്കെയുള്ള വീക്ഷണവൈരു

ധ്യമാണ് ഈ ചോദ്യത്തിന്റെ നിദാനം. മറെറാരു തരത്തിൽ പറഞ്ഞാൽ, ആശയവാദ ഭൗതികവാദ വീക്ഷണങ്ങൾ തമ്മിലുള്ള അടിസ്ഥാനപരമായ അന്തരംതന്നെയാണ് ഇവിടെയും പ്രശ്നമാകുന്നത്. മാർക്സിസ്റ്റുകളെ സംബന്ധിച്ചേടത്തോളം ജീവിതം ഒരു ചരിത്രനിരപേക്ഷമായ അമൂർത്തവൽക്കരണമല്ല. മാററമില്ലാത്ത ഒരു മനുഷ്യസത്തയുടെ ആവിഷ്കാരമോ, അനാദിയായ ആത്മീയതയുടെ ബഹിർസ്ഫുരണമോ അല്ല. നിർദ്ദിഷ്ടമായ ചരിത്രഘട്ടങ്ങളിൽ നിയതസാഹചര്യങ്ങളിൽ വർത്തിക്കുന്ന മനുഷ്യരുടെ അവസ്ഥയായേ അവർക്ക് ജീവിതത്തെ കാണാനാവൂ. മനുഷ്യസത്തയാകട്ടെ, കേവലമോ നിത്യമോ ഒരു അമൂർത്തതയോ അല്ല, സാമൂഹ്യബന്ധങ്ങളുടെ സംഘാതമാണ്, ഈ ജീവിതത്തെ ആവിഷ്കരിക്കുന്ന യഥാർത്ഥ കലാരൂപങ്ങൾക്ക് അനിവാര്യമായും ചരിത്ര സാമൂഹ്യ യാഥാർത്ഥ്യങ്ങളെ പ്രതിഫലിപ്പിക്കാതെ വയ്യ. നാച്വറലിസത്തിന്റെയോ സോഷ്യലിസ്റ്റ് റിയലിസത്തിന്റെയോ യഥാതഥമായ ആഖ്യാനരീതി ഒരു കലാകാരൻസ്വീകരിക്കുന്നുണ്ടോ എന്നതല്ല ഇവിടെ പ്രശ്നം. റിയലിസത്തെ ഏതെങ്കിലുമൊരു ശൈലിയാക്കി ചുരുക്കുന്നത് മൗഢ്യമാവും. മുപ്പതുകളിലും മററും മാർക്സിസ്റ്റ് വിമർശനത്തിൽ കടന്നുകൂടിയിരുന്ന ഇടുങ്ങിയ ഫോർമലിസ്റ്റ് പ്രവണതകളെ തിരസ്കരിക്കണം എന്നതു് ശരിയാണ്. പക്ഷെ കലാസൃഷ്ടികളിൽ ഉൾച്ചേർന്നിട്ടുള്ള ജീവിതചിത്രം യഥാർത്ഥമാണോ അല്ലയോ എന്നും, അതു പ്രസരിപ്പിക്കുന്ന പ്രത്യയശാസ്ത്രം പുരോഗമനപരമാണോ, പ്രതിലോമപരമാണോ എന്നും അന്വേഷിക്കാതിരിക്കുന്നത് തെററാവും.

ഇനി അരവിന്ദന്റെ 'ചിദംബര'ത്തിലേക്ക് കടക്കാം. സി. വി. ശ്രീരാമന്റെ ചെറുകഥയിൽനിന്ന് ഈ സിനിമയിലേക്കുള്ള ദൂരം, സാധാരണ മനുഷ്യരുടെ ഊഷ്മളവും തിക്തവുമായ അതി സാധാരണ ജീവിതത്തിൽനിന്ന് മിത്തുകളും പ്രതീകങ്ങളുമായി ഉറഞ്ഞുപോയ അമൂർത്തമായ മനുഷ്യാവസ്ഥയുടെ വിഭ്രാമകദൃശ്യങ്ങളിലേക്കുള്ള ദൂരമാണ്. പോർട്ട്ബ്ലെയറിലെ തികച്ചും ഭൗമമായ ചൂടിലും ചൂരിലും നിന്ന് ആധ്യാത്മികതയുടെ തണുത്ത മഞ്ഞുപുതച്ചുനില്ക്കുന്ന അതീതമണ്ഡലങ്ങളിലേക്കുള്ള തീർത്ഥയാത്രയാണ് അരവിന്ദന്റെ സിനിമയിൽ സംഭവിക്കുന്നതു്. കഥാപാത്രങ്ങളുടെ പേരുകൾപോലും പ്രതീകങ്ങളായിമാറിക്കഴിഞ്ഞിരിക്കുന്നു. തികച്ചും സാമൂഹികമായ പരിതസ്ഥിതികളും മൂല്യസങ്കൽപ്പങ്ങളും ചേർന്നു സൃഷ്ടിച്ച ഒരു ദുരന്തം മനുഷ്യാവസ്ഥയുടെ അവ്യാഖ്യേയമായ ദുരന്തമായി അമൂർത്തവൽക്കരിക്കപ്പെട്ടിരിക്കുന്നു, ഈ പ്രവണതകൾ പ്രത്യയശാസ്ത്രനിർമ്മുക്തമല്ല എന്നതു് പ്രധാനമാണ്. ലൂക്കാച്ച് ചൂണ്ടിക്കാട്ടുംപോലെ ആധുനികതയുടെ റിയലിസ്റ്റ് വിരുദ്ധ നിലപാടിനു പിന്നിൽ തികച്ചും വികലവും പ്രതിലോമപരവുമായ ഒരു പ്രത്യയശാസ്ത്രം ഒളിഞ്ഞുകിടപ്പുണ്ട്. എന്താണ് ഈ പ്രത്യയശാസ്ത്രത്തിന്റെ സ്വഭാവം.? □

ഒററനോട്ടത്തിൽ അടൂർ ഗോപാലകൃഷ്ണന്റെ മുഖാമുഖത്തിലെപ്പോലെയോ, ഐ. വി. ശശിയുടെ 'ഈനാടി'ലെപ്പോലെയോ പ്രകടമായ രാഷ്ട്രീയ വിവക്ഷകളൊന്നും 'ചിദംബര'ത്തിൽ കണ്ടേക്കില്ല. വ്യക്തമായും, ഇടതുപക്ഷത്ത് നില്ക്കുന്ന സി. വി. ശ്രീരാമന്റെ ഒരു ചെറുകഥയാണ് അരവിന്ദൻ സിനിമയുടെ പ്രമേയമായി സ്വീകരിച്ചിട്ടുള്ളതു്. ഇടതുപക്ഷ കലാനിരൂപകരുടെ ദൃഷ്ടിയിൽ പെടാതെപോയ ഒരു പാളിച്ചയെക്കുറിച്ച് സ: ഇ. എം. എസ്. ആനുഷംഗികമായാണെങ്കിൽ പോലും ഒരു അഭിമുഖ സംഭാഷണത്തിൽ സൂചിപ്പിച്ചിട്ടുണ്ട്: '' 'ചിദംബര'ത്തിൽ ജീവിതമില്ല.''

കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധി ഇന്ന് ഒരു പ്രമുഖ ചർച്ചാവിഷയമായി മാറിയിട്ടുണ്ടല്ലോ. ഈ ചർച്ചയ്ക്ക് തുടക്കംകുറിച്ച സംഭവങ്ങളിലൊന്നായിരുന്നു 'കേരളത്തിലെ വിഖ്യാതമായ സാമ്പത്തിക പ്രതിസന്ധി' എന്ന പേരിൽ 1985 ഒടുവിൽ എറണാകുളത്തെ നിള റീഡേഴ്സ് ഫോറം നടത്തിയ ചർച്ചാ പരമ്പര. ഒക്ടോബർ 26–ാംനു നടന്ന ആദ്യ യോഗത്തിൽ സമ്പദ്ശാസ്ത്ര ഗവേഷകരായ ടി.എം. തോമസ് ഐസക്ക്, പി. കെ. മൈക്കിൾ തരകൻ എന്നിവർ ചേർന്നവതരിപ്പിച്ച പ്രബന്ധത്തിന്റെ ആദ്യ പകുതിയാണ് ഈ ലേഖനം. തിരുവിതാംകൂർ പ്രദേശത്തു് വ്യവസായവികസനം മുരടിയ്ക്കാനിടവന്ന സാഹചര്യങ്ങളാണ് പ്രബന്ധത്തിന്റെ കേന്ദ്ര പ്രമേയം. കൊളോണിയൽ ഘട്ടത്തിന്റെ അവസാനത്തെ പതിനഞ്ചു വർഷങ്ങളിൽ തിരുവിതാംകൂർ ആധുനിക വ്യവസായത്തിന്റെ ഒരു പ്രമുഖ കേന്ദ്രമായി മാറിയെന്നും എന്നാൽ സ്വാതന്ത്ര്യാനന്തരമുള്ള പതിനഞ്ചു വർഷത്തിൽ ഈ വികാസം മുരടിപ്പിനു വഴിമാറിയെന്നുമുള്ള നിഗമനമാണ് പ്രബന്ധത്തിന്റേതു്. തദ്ദേശീയ ബൂർഷ്വാ വർഗ്ഗങ്ങളുടെ സമ്മർദ്ദഫലമായി തിരുവിതാംകൂർ സർക്കാർ സ്വാതന്ത്ര്യപൂർവ്വഘട്ടത്തിൽ വ്യവസായ വികാസത്തിനു നൽകിയ ഉദാരവും സജീവവുമായ പിന്തുണയാണ് അക്കാലത്തെ വികാസത്തിലേയ്ക്കു നയിച്ചതെങ്കിൽ, തമിഴ് മൂലധനത്തിന്റെ വരാംച്ചയും, രാഷ്ട്രീയാവസ്ഥയുടെ പ്രത്യേകതമൂലം സിറിയൻ ക്രിസ്ത്യാനികൾ വ്യവസായങ്ങൾക്കൊരുങ്ങാതെ സുരക്ഷിതമായ സാമ്പ്രദായിക മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചതും, രാഷ്ട്രീയമായ അസ്ഥിരതയും ധനകാര്യ പ്രതിസന്ധിയും ഭരണപ്രശ്നങ്ങളും മൂലം പുതിയ സംസ്ഥാന സർക്കാരിന് വ്യവസായ വികാസത്തിൽ സജീവമായി ഇടപെടാൻ കഴിയാതെ പോയതും, രാഷ്ട്രീയ സമ്മർദ്ദത്തിന്റെ അപര്യാപ്തതമൂലം കേന്ദ്ര ഗവൺമെന്റിൽനിന്ന് ഈ പ്രദേശത്തിന് അർഹമായ ശ്രദ്ധ കിട്ടാതെപോയതുമാണ് സ്വാതന്ത്ര്യാനന്തര കാലത്തെ മുരടിപ്പിലേയ്ക്കു നയിച്ചതെന്ന് പ്രബന്ധകാരന്മാർ വാദിക്കുന്നു. അങ്ങിനെ സ്വാതന്ത്ര്യോത്തര ഇൻഡ്യയുടെ വ്യവസായിക മുന്നേറ്റത്തിൽ കേരളം ഭാഗഭാക്കാതെപോയി; അറുപതുകളുടെ മദ്ധ്യത്തിൽ കേരളം ആലസ്യം വെടിഞ്ഞുണർന്നപ്പോഴേയ്ക്കും ഇന്ത്യയിലാകമാനം വ്യവസായമാന്ദ്യം പടർന്നു പിടിക്കുകയും ചെയ്തിരുന്നു. (പരിഭാഷ: ടി. കെ. റോയ്)

# കേരളത്തിന്റെ വ്യാവസായിക പിന്നോക്കാവസ്ഥ: തിരുവിതാംകൂർ പ്രദേശത്തെ അടിസ്ഥാനമാക്കിയുള്ള ഒരു ചരിത്രാന്വേഷണം

**ടി. എം. തോമസ് ഐസക്ക്**
**പി. കെ. മൈക്കിൾ തരകൻ**

## അവതാരിക

വ്യാവസായിക രംഗത്തുള്ള കേരളത്തിന്റെ ആപേക്ഷികമായ പിന്നോക്കാവസ്ഥ സംസ്ഥാനത്തെ സാമ്പത്തിക ശാസ്ത്ര വിദഗ്ദ്ധർക്കും, ഭരണകർത്താക്കൾക്കും രാഷ്ട്രീയ പ്രവർത്തകർക്കുമിടയിൽ വ്യാപകമായി ഉൽക്കണ്ഠ ജനിപ്പിച്ചിട്ടുള്ള ഒരു പ്രശ്നമാണ്. സംസ്ഥാനത്തെ ആഭ്യന്തര ഉല്പന്ന (State Domestic Product—SDP) ത്തിലേക്കുള്ള വ്യവസായ മേഖലയുടെ സംഭാവന ദേശീയ ശരാശരിയെക്കാൾ താഴെയാണ് നില്ക്കുന്നത്. മാത്രമല്ല, സംസ്ഥാനത്തെ മൊത്തം തൊഴിൽ ശക്തിയിൽ വ്യാവസായിക മേഖലക്കുള്ള പങ്ക് സംസ്ഥാനത്തെ ആഭ്യന്തര ഉത്പന്നത്തിൽ (SDP) അതിനുള്ള പങ്കിനെക്കാൾ തുലോം ഉയർന്നതുമാണ്. ഇതു് ഇവിടത്തെ വ്യവസായങ്ങളുടെ പിന്നോക്കാവസ്ഥയെ അടിവരയിട്ടു കാട്ടുന്നുണ്ട്[1].

ഉയർന്ന വേതനച്ചിലവു (High wage Cost) കളാണ്. കേരളത്തിന്റെ വ്യാവസായിക വികസനത്തിൽ കണ്ടുവരുന്ന മുരടിപ്പിനുകാരണം എന്നു പരക്കെയുള്ള ധാരണ വസ്തുനിഷ്ഠപഠന ഫലങ്ങളുമായി ഒത്തുപോവുന്നില്ല—ആധുനിക മേഖലയെ സംബന്ധിച്ചേടത്തോളം പ്രത്യേകിച്ചും. വ്യവസായഘടനയിൽ കാണപ്പെടുന്ന, കാർഷികാധിഷ്ഠിതവും സംസ്കരണപരവുമായ വ്യവസായങ്ങളുടെ അമിത കേന്ദ്രീകരണവുമായി ബന്ധപ്പെടുത്തിയാണ് കേരളത്തിന്റെ വ്യാവസായിക പിന്നോക്കാവസ്ഥയെ വീക്ഷിക്കേണ്ടതു് എന്ന വാദഗതി ഉയർന്നുവന്നിട്ടുണ്ട്. ഈ വ്യവസായങ്ങൾക്കാകട്ടെ ദുർബലമായ അന്തർ വ്യവസായിക ബന്ധങ്ങളും താഴ്ന്ന വികസന സാദ്ധ്യതയുമാണുള്ളതു്: ഇതിന്റെ ഫലമായി സമ്പദ് വ്യവസ്ഥയെ വ്യാവസായിക പിന്നോക്കാവസ്ഥയിൽ കെട്ടിയിടുന്ന ഘടകങ്ങൾ കമിഞ്ഞുകൂടി വരുന്ന ഒരു പ്രക്രിയ (A Process of Cumulative Causation) ഉണ്ടാവുന്നു[2]. ഇമ്മട്ടിലുള്ള വിശദീകരണങ്ങൾ അതിപ്രധാനമായ ഒരു ചോദ്യത്തിലേക്ക് നമ്മെ നയിക്കുന്നുണ്ട്; ഈ പ്രബന്ധത്തിന്റെ പ്രമേയം തന്നെ അതാണ്: എങ്ങിനെയാണ് ഈ പിന്നോക്കാവസ്ഥയിലുള്ള വ്യാവസായിക ഘടന ആദ്യമായി നിലവിൽ വന്നതു്?

ബ്രിട്ടീഷ് ആധിപത്യത്തിനുകീഴിൽ, രാജവാഴ്ച നിലനില്ക്കുന്ന ഒരു നാട്ടുരാജ്യമായിരുന്ന തിരുവിതാംകൂർ പ്രദേശത്തെ

ആസ്പദിച്ചാണ് കേരളത്തിന്റെ വ്യാവസായിക പിന്നോക്കാവസ്ഥയുടെ ചരിത്രപരമായ വേരുകളെക്കുറിച്ചുള്ള ഈ അന്വേഷണം ഞങ്ങൾ നടത്തുന്നത്. പഠനത്തിനായി ഈ പ്രദേശം തന്നെ തിരഞ്ഞെടുത്തത് മനഃപൂർവ്വമാണ്. കാരണം, കോളനി വാഴ്ചയുടെ അന്തിമദശകത്തിൽ വ്യാവസായിക രംഗത്ത് ഗണ്യമായ ഊർജ്ജസ്വലത പ്രകടിപ്പിച്ചിരുന്ന ഈ പ്രദേശമായിരുന്നു. ഇന്ത്യൻ യൂണിയനിൽ ലയിക്കുന്ന ഘട്ടത്തിൽ ഏറ്റവും വ്യാവസായിക പുരോഗതി കൈവരിച്ചിരുന്ന നാട്ടുരാജ്യം. എന്നാൽ തുടർന്നുവന്ന ദശകത്തിൽ ഈ പ്രദേശത്തെ വ്യാവസായിക വളർച്ചയിലുണ്ടായ മുരടിപ്പും ശ്രദ്ധേയമാണ്. ആദ്യത്തെ രണ്ടു പഞ്ചവത്സര പദ്ധതികളുടെ കാലത്ത് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ പൊതുവെ പ്രകടമായിരുന്ന ഉത്സാഹത്തള്ളിച്ചയിൽ ഇതിനു ഭാഗഭാക്കാവാൻ കഴിഞ്ഞില്ല. സംസ്ഥാന ആഭ്യന്തര ഉല്പന്ന (SDP)ത്തിൽ വ്യാവസായിക മേഖലക്കുണ്ടായിരുന്ന പങ്ക് കുറയുകയാണ് വാസ്തവത്തിൽ ഈ കാലഘട്ടത്തിലുണ്ടായത്. വ്യാവസായിക വികാസത്തിന്റെ ഗതി ക്രമത്തിൽ സംഭവിച്ച ഈ ഭംഗം വ്യാവസായിക ഘടനയിൽ പല വൈകല്യങ്ങൾക്കും വഴിവച്ചുവെന്നും, കേരളത്തെ പ്രായേണ വ്യാവസായിക പിന്നോക്കാവസ്ഥയിലുള്ള ഒരു പ്രദേശമാക്കുന്നതിൽ കാര്യമായ പങ്കു വഹിച്ചുവെന്നുമാണ് ഞങ്ങളുടെ വാദം. സ്വാതന്ത്ര്യപ്രാപ്തിക്കു തൊട്ടുശേഷം വ്യാവസായിക സംരംഭങ്ങൾ ഗതിമുട്ടിനിന്ന നഷ്ടദശകമാണ് ഈ പ്രബന്ധത്തിന്റെ കേന്ദ്രബിന്ദു.

തിരുവിതാംകൂറിലെ കാർഷിക–വാണിജ്യ രംഗങ്ങളിൽ കോളനിവാഴ്ച സൃഷ്ടിച്ച സാമ്പത്തിക പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള ഒരു ഹ്രസ്വവിവരണത്തോടെ പ്രബന്ധം ആരംഭിക്കുന്നു. ഈ ഘട്ടത്തിൽ കയറ്റുമതി ലാക്കാക്കിയുള്ള പ്രാഥമിക ഉൽപാദനത്തിന്റെ ഒരു കേന്ദ്രമായി തിരുവിതാംകൂർ മാറിയതായി കാണുന്നു. മിച്ചത്തിന്റെ ഏറിയ പങ്കും തോട്ടങ്ങളുടെ ഉടമസ്ഥതയിലൂടെ നേരിട്ടോ, കയറ്റുമതി_ഇറക്കുമതി വ്യാപാരരംഗത്തെ മുഖ്യ മേഖലകളിലുള്ള കുത്തകയിലൂടെ പരോക്ഷമായോ, കൊളോണിയൽ മൂലധനം കയ്യടക്കുകയായിരുന്നു. തിരുവിതാംകൂറിന്റെ വ്യാവസായിക വികാസത്തിലെ ആദ്യഘട്ടമായിരുന്ന കാർഷിക–സംസ്കരണ വ്യവസായങ്ങളുടെ വളർച്ചയും, ഈ വ്യവസായങ്ങളുടെ സ്വഭാവവിശേഷങ്ങളും അടുത്ത ഖണ്ഡത്തിൽ വിവരിക്കുന്നു. പിന്നീട് ഞങ്ങൾ കടക്കുന്നത് മുപ്പതുകളുടെ അന്ത്യത്തിലുണ്ടായ ആധുനിക വ്യവസായങ്ങളുടെ വികാസത്തിന്റെ വിവരണത്തിലേക്കാണ്—ഇതിൽ തിരുവിതാംകൂർസർക്കാർ വഹിച്ച നിർണ്ണായകമായ പങ്കിനു് ഊന്നൽ നൽകിയിരിക്കുന്നു—അന്ത്യഖണ്ഡത്തിൽ ചർച്ചാവിധേയമാക്കുന്ന സ്വാതന്ത്ര്യലബ്ധിക്കു തൊട്ടുപിൻപേ വന്ന കാലഘട്ടത്തിൽ സംഭവിച്ച വ്യാവസായിക മുരടിപ്പിലേക്കു വെളിച്ചം വീശാൻ സഹായകമായ ഒരു പശ്ചാത്തലമായാണ് ഞങ്ങൾ ഈ ചർച്ചയെ കാണുന്നത്. സ്വാതന്ത്ര്യപൂർവ്വ കാലഘട്ടത്തിലെ വ്യാവസായിക പുരോഗതിയുടെ പരിമിതികളെ പുറത്തു കൊണ്ടുവരിക, തിരുവിതാംകൂറിലെ മുതലാളിവർഗ്ഗത്തിന്റെ യാഥാസ്ഥിതിക സ്വഭാവവും കാർഷിക രംഗത്തിലുള്ള അമിത താൽപര്യവും വ്യാവസായിക വികാസത്തിൽ ഫലപ്രദമായി ഇടപെടുന്നതിൽ സ്വാതന്ത്ര്യാനന്തരകാലഘട്ടത്തിലെ ഭരണാധികാരികൾ പ്രകടിപ്പിച്ച കഴിവുകേട് ചൂണ്ടിക്കാട്ടുക, ഇതൊക്കെയാണ് ഞങ്ങളീ വിശകലനത്തിലൂടെ ചെയ്യുന്നത്.

## 1. തിരുവിതാംകൂർ സമ്പദ്‌വ്യവസ്ഥയുടെ വാണിജ്യവത്കരണം

പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യത്തോടുകൂടി തിരുവിതാംകൂർ ഫലത്തിൽ ബ്രിട്ടീഷ് അധീശത്വത്തിനു് കീഴിലായി കഴിഞ്ഞിരുന്നു. സാമ്പത്തികമായി നോക്കുമ്പോൾ കപ്പമായി മിച്ചത്തിനുമേൽ ഒരു പുതിയ അവകാശികൂടി ഉണ്ടായി എന്നതായിരുന്നു കൊളോണിയൽ പരമാധികാരത്തിന്റെ ഫലം. കൊളോണിയൽ അധീശത്വത്തിൽനിന്നും സംജാതമായ സാമ്പത്തിക സമ്മർദ്ദം ഭൂഉടമസ്ഥതയോടും വസ്തുകരത്തോടും ബന്ധപ്പെട്ട പരിഷ്കാരങ്ങളുടെ ഒരു പരമ്പരതന്നെ തുടങ്ങിവെയ്ക്കാൻ തിരുവിതാംകൂർ സർക്കാരിനെ നിർബ്ബന്ധിച്ചു. കൃഷി വികസിപ്പിക്കുകയും അതുവഴി സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുകയും ആയിരുന്നു ഈ പരിഷ്കാരങ്ങളുടെ ലക്ഷ്യം. കൃഷിഭൂമിയുടെ ഒരു വലിയ പങ്ക് സർക്കാർ ഉടമയിൻ കീഴിൽ വന്നുചേരാനിടയാക്കിയ രാഷ്ട്രീയ കേന്ദ്രീകരണ പ്രക്രിയകളുടെ സവിശേഷതകളും പതിനെട്ടാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിലുണ്ടായ തിരുവിതാംകൂർ ഭരണകൂടത്തിന്റെ പിറവിയുമാണ്[3] ഈ പ്രദേശത്തെ സംബന്ധിച്ചിടത്തോളം പല അർത്ഥത്തിലും അദ്വിതീയമായ ഈ നടപടികൾ സാദ്ധ്യമാക്കിയത്. പിന്നീട് ദേവസ്വം ഭൂമിയുടെ വലിയ പങ്കും സർക്കാർ ഏറ്റെടുത്തതോടെ തിരുവിതാംകൂറിലെ കൃഷി ചെയ്യപ്പെടുന്ന ഭൂമിയുടെ ഏതാണ്ട് 80%വും സർക്കാർ ഉടമയിലായി.

എല്ലാ ജാതിക്കാരേയും തരിശുഭൂമികൾ കൃഷിചെയ്യാൻ പ്രോത്സാഹിപ്പിക്കുന്ന 1818–ലെ പരിഷ്കാരം, സർക്കാർ കുടിയാന്മാർക്ക് ഉടമസ്ഥാവകാശം നല്കികൊണ്ടുള്ള 1865-ലെ പരിഷ്കാരം, സ്വകാര്യ ഭൂമിയിലെ കുടിയാന്മാർക്ക് സംരക്ഷണം നൽകുന്ന 1896–ലെ പരിഷ്കാരം തുടങ്ങിയവയെല്ലാം ഭൂഉടമസ്ഥതയുടെ രൂപഘടനയിലും കൃഷിയിലുള്ള മൂലധന നിക്ഷേപത്തിലും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചു[4]. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ തിരുവിതാംകൂറിലെ കൃഷിക്കാരിൽ 75 ശതമാനത്തിനും സ്വന്തമായി ഭൂമി ഉണ്ടായിരുന്നുവെന്നത് ശ്രദ്ധേയമാണ്. മറ്റൊരു പ്രധാനമായ വസ്തുത കുമിഞ്ഞുകൂടുന്ന കാർഷികമിച്ചത്തിലൂടെ ധനികകൃഷിക്കാരുടെ ഒരു ശക്തമായ നിരതന്നെ ഉയർന്നുവരാൻ ഈ പരിഷ്കാരങ്ങൾ വഴിവെച്ചുവെന്നതാണ്. മുപ്പതുകളുടെ ആദ്യവർഷങ്ങളിൽ കരവും പാട്ടവുംകൂടി തിരുവിതാംകൂറിലെ അവശിഷ്ട കാർഷികവരുമാനത്തിന്റെ പതിനഞ്ചു് ശതമാനത്തോളം മാത്രമേ വന്നിരുന്നുള്ളുവെന്ന് ഏകദേശ കണക്കുകൾ സൂചിപ്പിക്കുന്നു. എന്നാൽ ആകെ കൃഷിക്കാരിൽ സ്വന്തം ഭൂമിയുള്ളവർ 8 ശതമാനം മാത്രമായിരുന്ന മലബാർ പ്രദേശത്താകട്ടെ അവശിഷ്ട കാർഷികവരുമാനത്തിന്റെ 60 ശതമാനത്തോളം പാട്ടമായും കരമായും കൃഷിക്കാർക്ക് ഒടുക്കേണ്ടിവന്നു.[5] കുടുംബഘടനയിലും മരുമക്കത്തായ സമുദായങ്ങളിലെ ദായക്രമത്തിൽ വന്ന മാറ്റങ്ങൾ; 'ജന്മ'ഭൂമികളിലെ കുടിയാന്മാരിൽനിന്ന് കുടിശ്ശിക സർക്കാർ നേരിട്ട് പിരിക്കുന്ന സമ്പ്രദായം സ്വീകരിച്ചുകൊണ്ടുള്ള 1930കളിലെ ഭൂപരിഷ്കരണം; ഇവയെല്ലാം തിരുവിതാംകൂർപ്രദേശത്തുണ്ടായിരുന്ന ഭൂമിയുടെ പുനർവിഭജനപ്രവണതക്കും കാർഷികമിച്ചത്തിന്റെ സമാഹരണ പ്രക്രിയ (Accumulation) ക്കും ആക്കം വർദ്ധിപ്പിച്ചു.

ഈ പരിഷ്കാരങ്ങളെല്ലാം ഭൂമിയുടെ ഉടമസ്ഥത സമ്പാദിക്കാനും മിച്ചം സമാഹരിക്കാനും ഉള്ള അവസരങ്ങൾ സൃഷ്ടിച്ചു—ജാതിവ്യവസ്ഥക്ക് പുറത്തുള്ള സുറിയാനി ക്രിസ്ത്യാനികൾ തുടങ്ങിയ സമുദായങ്ങൾക്കും പിന്നീടുള്ള ഘട്ടത്തിൽ ചുരുങ്ങിയ തോതി

ലാണെങ്കിലും ഈഴവർ തുടങ്ങിയ പിന്നോക്കജാതിക്കാർക്കും പ്രത്യേകിച്ചും സുറിയാനി ക്രിസ്ത്യാനികൾ, ഈഴവർ എന്നീ സമുദായങ്ങൾക്കുള്ളിൽനിന്നാണ് ഇരുപതാം നൂററാണ്ടിന്റെ ആദ്യപകുതിയിൽ ഒരു നവജാത മുതലാളിവർഗം തിരുവിതാംകൂറിൽ ഉടലെടുത്തത്. 1820–ൽതന്നെ 'വാർഡും' 'കോണറും' ക്രിസ്ത്യാനികൾ ഒരു 'നല്ല പങ്കു' ഭൂമി കൈക്കലാക്കിയിട്ടുണ്ടെന്നും അവർ പൊതുവേ വളർന്നുവരികയാണെന്നും ചൂണ്ടിക്കാട്ടിയിരുന്നു.[7] 1930 ആയപ്പോഴേക്കും ബ്രാഹ്മണരുമായി കിടപിടിക്കാവുന്ന തരത്തിൽ വരുമാനനിലവാരമുള്ള മുൻപന്തിയിൽ നിൽക്കുന്ന ഭൂഉടമകളുടെ ഒരു സമുദായമായി ക്രിസ്ത്യാനികൾ വളർന്നുകഴിഞ്ഞിരുന്നു.[8]

വാണിജ്യവത്കൃത കൃഷിയിൽ സുറിയാനി ക്രിസ്ത്യാനി മുതലാളിവർഗം വഹിച്ച പങ്കിനെക്കുറിച്ചുള്ള വിശകലനത്തിലേക്ക് കടക്കുംമുമ്പ് ബ്രിട്ടീഷ് സാമ്രാജ്യത്വവ്യവസ്ഥയുമായി തിരുവിതാംകൂറിന്റെ ഉദ്ഗ്രഥനത്തിന്റെ അതിപ്രധാനമായ ഒരു അനന്തരഫലത്തെപ്പററി വിശകലനം ചെയ്യേണ്ടതുണ്ട്. കൊളോണിയൽ കാലഘട്ടം തിരുവിതാംകൂറിന്റെ ദേശാന്തരവാണിജ്യത്തിലുണ്ടായ ദ്രുതഗതിയിലുള്ള വികാസത്തിന് സാക്ഷ്യം വഹിച്ചു. 1870–71 കാലഘട്ടത്തിനും 1938–39 കാലത്തിനും ഇടക്ക് തിരുവിതാംകൂറിന്റെ ഇറക്കുമതിയുടേയും കയററുമതിയുടേയും മൊത്തം മൂല്യം പത്തിരട്ടിയായി വർദ്ധിച്ചു. ഇത് പട്ടിക 1–ൽനിന്ന് വ്യക്തമാകും. നാളികേരം, കാപ്പി, തേയില, റബ്ബർ തുടങ്ങിയ തോട്ടവിളകൾ, ഇഞ്ചി, ഇഞ്ചിപ്പുല്ല്, കുരുമുളക്, ഏലം, മഞ്ഞൾ തുടങ്ങിയ വിവിധയിനം കാർഷിക ഉൽപ്പന്നങ്ങൾ എന്നിവയാണ് തിരുവിതാംകൂറിൽനിന്ന് പ്രധാനമായും കയററുമതി ചെയ്യപ്പെട്ടിരുന്നത്. അതേസമയം തുണിത്തരങ്ങൾ, ലോഹനിർമ്മിതികൾ തുടങ്ങിയ വ്യാവസായിക ഉൽപ്പന്നങ്ങൾക്കും മണ്ണെണ്ണ, പുകയില തുടങ്ങിയ അവശ്യവസ്തുക്കൾക്കും പുറമെ അതിന്റെ ആവശ്യത്തിനുള്ള ഭക്ഷ്യവസ്തുക്കളുടെ ഭൂരിഭാഗവും തിരുവിതാംകൂർ ഇറക്കുമതി ചെയ്യുകയായിരുന്നു. ഈ നൂററാണ്ടിൽ തിരുവിതാംകൂറിന്റെ മൊത്തം ഇറക്കുമതിയുടെ 30–50 ശതമാനം വരെ അരിയും നെല്ലുമായിരുന്നു. ദേശാന്തര വാണിജ്യത്തിന്റെ ഘടന ഈ നൂററാണ്ടോടെ തിരുവിതാംകൂറിലെ സമ്പദ്‌വ്യവസ്ഥക്ക് സംഭവിച്ചിട്ടുള്ള വൻതോതിലുള്ള വാണിജ്യവത്കരണത്തെ അടിവരയിട്ടു കാട്ടുന്നു.

പട്ടിക—1

തിരുവിതാംകൂറിന്റെ മുഖ്യ കയററുമതി–ഇറക്കുമതി ഉൽപ്പന്നങ്ങളുടെ മൊത്തം മൂല്യവും വിതരണ ശതമാനവും

| ഇനവിവരം | കയററുമതി 1870–1871 | 1899–1900 | 1919–1920 | 1938–1939 | ഇറക്കുമതി 1870–1871 | 1889–1900 | 1919–1920 | 1938–1939 |
|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| നാളികേരവും കേരഉല്പന്നങ്ങളും | 57 . 1 | 52 . 6 | 36 . 9 | 37 . 2 | | | | |
| കാപ്പി, തേയില, റബ്ബർ | 8 . 3 | 0 . 4 | 33 . 5 | 30 . 4 | | | | |
| വാളൻപുളി, അടക്ക | 8 . 8 | 3 . 7 | 1 . 2 | 1 . 8 | | | | |
| ഇഞ്ചി, ഇഞ്ചിപ്പുല്ല്, കുരുമുളക്, ഏലം, മഞ്ഞൾ | 15 . 0 | 14 . 0 | 10 1 | 7 . 7 | | | | |
| കശുവണ്ടി | — | — | — | 6 . 8 | | | | |
| ശർക്കരപാനി, പഞ്ചസാര | 2 . 0 | 3 . 3 | 3 . 2 | 2 . 0 | 0 . 7 | 0 . 7 | ലഭ്യമല്ല | 2 . 5 |
| പരുത്തിനൂലും, തുണിത്തരങ്ങളും | | | | | 26 . 0 | 14 . 7 | ലഭ്യമല്ല | 14 . 4 |
| അരി, നെല്ല് | | | | | 2 . 5 | 31 . 4 | 51 . 1 | 31 . 0 |
| പുകയില | 0 . 3 | | | | 32 . 7 | 33 . 1 | 7 . 4 | 4 . 7 |
| ധാതുഎണ്ണ (Mineral Oils) | | | | | — | — | ലഭ്യമല്ല | 12 . 5 |
| ലോഹങ്ങൾ, യന്ത്രസാമഗ്രികൾ, വാഹനങ്ങൾ, ഇരുമ്പുസാമാനങ്ങൾ, ഉപകരണങ്ങൾ മുതലായവ | | | | | 3 . 2 | ലഭ്യമല്ല | 1 . 6 | 5 . 6 |
| ആകെമൂല്യം ലക്ഷംരൂപയായി | 65 . 7 | 169 . 5 | 576 . 3 | 958 . 0 | 52 . 1 | 93 . 9 | 455 . 7 | 763 . 2 |

അവലംബം: 1870–71, 1884–85, 1899–00 വർഷങ്ങളിലെ തിരുവിതാംകൂർ ഭരണനിർവ്വഹണ റിപ്പോർട്ടുകൾ. കൊല്ലവർഷം 1095–ലെ തിരുവിതാംകൂറിലെ സ്ഥിതിവിവര കണക്കുകൾ. 1938–39–ലെ തിരുവിതാംകൂറിലെ വാണിജ്യ സ്ഥിതിവിവരകണക്കുകൾ.

1858 മുതൽ വാണിജ്യസംബന്ധിയായ ചട്ടങ്ങളിൽ ബ്രിട്ടൺ വരുത്തിയ എണ്ണമററ പരിഷ്കാരങ്ങളും മേൽവിവരിച്ച പരിവർത്തനത്തിനു സഹായകമായിട്ടുണ്ട്. 165 ഇനം ഉല്പന്നങ്ങളുടെ ദേശാന്തരവാണിജ്യത്തിനുമേലുണ്ടായിരുന്ന സർക്കാർ കുത്തക 19–ാം നൂററാണ്ടിൽത്തന്നെ റദ്ദാക്കപ്പെട്ടിരുന്നു.[9] തിരുവിതാംകൂറിലെ വ്യാപാര നിയമങ്ങളേയും ബ്രിട്ടീഷ് ഇന്ത്യയിലെ നിയമങ്ങളേയും പൊരുത്തപ്പെടുത്തിയെടുക്കാനായി പല നടപടികളും എടുത്തിരുന്നു. ബ്രിട്ടീഷുകാരുടെ പ്രേരണയുടെ ഫലമായി 'ഇൻറർ പോർട്ടൽ ട്രേഡ്'

കൺവെൻഷൻസ്'' എന്നു വിളിക്കപ്പെടുന്ന ഒരുകൂട്ടം കരാറുകളിൽ മദ്രാസ് സർക്കാരും തിരുകൊച്ചി സർക്കാരും ഒപ്പുവെക്കുകയുണ്ടായി. ഈ മൂന്നു സർക്കാരുകളും ഒരുമിച്ച് കൊച്ചി തുറമുഖവികസനത്തിനുള്ള ഒരു പദ്ധതിക്ക്' രൂപം നൽകുകയും ചെയ്തു.[10] ഗതാഗതസൗകര്യങ്ങൾ, തീരദേശത്തെ തോടുകളും കായലുകളും ചേർന്ന ശൃംഖല, ഇടനാടിനേയും മലനാടിനേയും, ജലപഥങ്ങളുമായി ബന്ധിപ്പിക്കുന്ന പാതകൾ തുടങ്ങിയ വാണിജ്യത്തിന്നാവശ്യമായ ആന്തരികഘടന (Infrastructure) യുടെ എല്ലാ അംഗങ്ങളും വികസിച്ചുവന്നു. വാർത്താവിനിമയ—ഗതാഗതസൗകര്യങ്ങളുടെ കാര്യത്തിൽ ബ്രിട്ടീഷ് ഇന്ത്യയേക്കാൾ വളരെ മുന്നിലായിരുന്നു ഈ പ്രദേശം.[11]

എന്നാൽ വാണിജ്യ സാദ്ധ്യതകളിലുണ്ടായ ഈ ദ്രുതഗതിയിലുള്ള വികാസത്തിൽനിന്ന് തദ്ദേശീയ കച്ചവടക്കാർക്ക് കാര്യമായ മെച്ചമൊന്നും ലഭിച്ചില്ല. കോളനി പൂർവകാലഘട്ടത്തിൽ തിരുവിതാംകൂറിന്റെ ആഭ്യന്തരവും ദേശാന്തരീയവുമായ വാണിജ്യത്തിൽ സുറിയാനി ക്രിസ്ത്യാനികൾ കാര്യമായ പങ്കുവഹിച്ചിരുന്നു. ജൂതന്മാർക്കും മുസ്ലീമുകൾക്കും, ചുരുങ്ങിയ അളവിൽ ഗുജറാത്തികൾക്കും, ഒപ്പം സുറിയാനി ക്രിസ്ത്യാനികളായിരുന്നു, കാലാകാലമായി കേരളീയ സമൂഹത്തിലെ വണിഗ്വർഗ്ഗം. 18—ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ വാണിജ്യം സർക്കാർ കുത്തകയായിരുന്നപ്പോൾ അല്പം പിന്നോട്ടടിച്ചിരുന്നെങ്കിൽകൂടി തിരുവിതാംകൂറിലെ കച്ചവടക്കാർ ക്രമേണ സർക്കാരിന്റെ ഉപപ്രതിനിധികളായി നിലനിന്നുപോരുകയായിരുന്നു. എന്നാൽ 19—ാം നൂറ്റാണ്ടിൽ ഇവരിൽ പലരും വാണിജ്യരംഗത്തുനിന്നു പൂർണ്ണമായും പിൻവാങ്ങി, കൃഷിയിലേക്കു തിരിയുകയോ, അവരുടെ പ്രവർത്തനം ആഭ്യന്തര വാണിജ്യത്തിലേക്കു മാത്രമായി ചുരുക്കുകയോ ചെയ്തു. കോളനിവാഴ്ച വന്നതോടെ ഈ പ്രക്രിയ പൂർത്തിയായി. കുരുമുളക് വ്യാപാരത്തിൽ കരപ്പുറം ഭാഗത്ത് പാറായിൽക്കാർക്കും,[12] കൊല്ലം, കായംകുളം എന്നിവിടങ്ങളിൽ ആറന്മുള ഉമ്മൻ തരകനും[13] ആലപ്പുഴയിലെ കുരുമുളക്, തടി, പുകയില എന്നിവയുടെ വ്യാപാരത്തിൽ തച്ചിൽ മട്ടതരകനും[14] ഉണ്ടായിരുന്ന ഖ്യാതി ക്രമേണ കുറയുകയും 19—ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ ഇവർ വ്യാപാരരംഗത്തുനിന്നും ഏതാണ്ട പൂർണ്ണമായി നിഷ്ക്രമിക്കുകയുമുണ്ടായി.

മറുഭാഗത്താവട്ടെ പിയേഴ്സ് ലെസ്ലി, വില്ല്യം ഗുഡേക്കർ, അസ്പിൻവാൾ, വോൾക്കാട്ട് ബ്രദേഴ്സ്, ദരാ സ്മെയ്ൽ എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്ന യൂറോപ്യൻ കമ്പനികൾ തീരദേശവ്യാപരരംഗത്ത് പ്രാമുഖ്യത്തിലേക്കുയരുകയായിരുന്നു. ഇത്തരം കമ്പനികളുടെ ഡയറക്ടർമാരും മാനേജിംഗ് ഏജൻസികളും പരസ്പരം ബന്ധപ്പെട്ടും സഹകരിച്ചും പ്രവർത്തിച്ചതിന്റെ ഫലമായി[15] തോട്ടവിള രംഗത്തെ കയറ്റുമതിയുടേയും ഇറക്കുമതിയുടേയും മേഖലകളിൽ തികഞ്ഞ കുത്തകകളായിത്തീരാനിവർക്കു കഴിഞ്ഞു. കപ്പൽ ഗതാഗതവും അതുമായി ബന്ധപ്പെട്ട ചരക്കു കൈ ചെയ്യലും മാത്രമല്ല ഇൻഷ്വറൻസ് വ്യവസായവും ഇവരുടെ നിയന്ത്രണത്തിലായിരുന്നു. അതുപോലെതന്നെ തുണി, ലോഹ ഉൽപ്പന്നങ്ങൾ, ധാതുഎണ്ണ എന്നിവയുടെ കയറ്റുമതിയിലും ഇവർക്കുണ്ടായിരുന്ന നിയന്ത്രണവും പൂർണ്ണമായിരുന്നു. എത്ര ലഘുവായതാണെങ്കിൽപോലും ഏതിനം വ്യവസായത്തിലും ഏർപ്പെടുന്നതിൽ ഇവർ മടികാണിച്ചിരുന്നില്ല.[16] ഇന്ത്യൻ വ്യാപാരികൾ, പ്രത്യേകിച്ച് ഗുജറാത്തികൾ, പിടിച്ചുനിന്നത് അരി, തടി തുടങ്ങിയവയുടെ വ്യാപാരത്തിൽ മാത്രമായിരുന്നു. തിരുവിതാംകൂറിന്റെ സാന്നിദ്ധ്യം പ്രധാനമായും കയർ, കയറുൽപ്പന്നങ്ങൾ, കശുഅണ്ടിപ്പരിപ്പ്, സുഗന്ധവിളകൾ എന്നിവയുടെ മേഖലയിലായിരുന്നു. വ്യാപാരരംഗത്ത് തങ്ങളുടെ ചുവട് ഇളകാതെ പിടിച്ചുനിൽക്കാൻ കഴിഞ്ഞ തിരുവിതാംകൂറുകാർക്കു ഇത്തരം യൂറോപ്യൻ കമ്പനികളുടെ മൊത്ത വ്യാപാരികൾ, ഇടനിലക്കാർ എന്നീ നിലകളിൽ പ്രവർത്തിച്ചുകൊണ്ടുകഴിയേണ്ടിവന്നു. ഇതുസംബന്ധിച്ച് തീരദേശവ്യാപാരരംഗത്തു പ്രമുഖരായിരുന്ന ഒരു യൂറോപ്യൻ സ്ഥാപനത്തിന്റെ 'കമ്പനി ചരിത്രം' രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്— ''ഉൽപന്നങ്ങൾ സംസ്കരിച്ച് പാകപ്പെടുത്തി കയറ്റുമതിക്കു തയ്യാറാക്കുന്നതിനായി ഒരു നിശ്ചിത സമയത്തിനകം കമ്പനിപരിസരത്തു് എത്തിച്ചുതരുന്നതിന് കരാറെടുത്തിരുന്ന ഇന്ത്യൻ വ്യാപാരികളിൽനിന്നുമായിരുന്നു, കയറ്റുമതി ഉൽപ്പന്നങ്ങളുടെ സിംഹഭാഗവും സംഭരിച്ചിരുന്നത്. ധനാഢ്യരായിരുന്ന ഇന്ത്യൻ വ്യാപാരികൾക്ക് ഈ വ്യാപാരരംഗത്തുണ്ടായിരുന്ന സ്ഥാനം പിന്നീട് ചെറുകിടക്കാർ കയ്യടക്കി; വളരെക്കുറഞ്ഞ മൂലധനം മാത്രമുണ്ടായിരുന്ന ഇത്തരം ചെറുകിടക്കാരെ അവരുടെ പൊതുവായ ധനസ്ഥിതിയെ അടിസ്ഥാനമാക്കിയാണ് വിലയിരുത്തിയിരുന്നത്.[16]

നേരത്തെ സൂചിപ്പിച്ചതുപോലെ, 19—ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ കാർഷിക മേഖലയിലുണ്ടായ വിവിധ പരിഷ്കാര

പട്ടിക—2

മുഖ്യവിളകളുടെ കൃഷി: തിരുവിതാംകൂർ 1913/48 (വിസ്തീർണ്ണം) ഏക്കർ കണക്കിൽ.

| വർഷം | നെല്ല് 1 | നാളികേരം 2 | കപ്പ 3 | കരിമ്പ് 4 | റബ്ബർ 5 | തേയില 6 | കാപ്പി 7 | കുരുമുളക് 8 | ഇഞ്ചി 9 |
|---|---|---|---|---|---|---|---|---|---|
| 1918–19 | 638 | 460 | 389 | 4 | 47 | 51 | — | — | — |
| 1925–26 | 668 | 510 | 422 | 27 | 54 | 68 | — | — | — |
| 1930–31 | 659 | 550 | 498 | 9 | 60 | 78 | — | — | — |
| 1935–36 | 690 | 575 | 442 | 15 | 97 | 78 | 6 | 81 | 23 |
| 1940–41 | 639 | 547 | 446 | 11 | 91 | 72 | 6 | 91 | 35 |
| 1945–46 | 632 | 317 | 477 | 15 | 112 | 77 | 7 | 91 | 38 |
| 1948–49 | 520 | 521 | 486 | 10 | 103 | 78 | 8 | 83 | 32 |

(Source: P. K. G Panikar, T. N. Krishnan and N. Krishnaji: Popnlation Growth and Agricultural Development. A Case Study of Kerala, Centre for Development Studies, Trivandrum. 1977, Ch: 11. Table 2-A1)

ങ്ങളുടേയും കാര്യക്ഷമമായ ഒരു ഭൂവിപണി ഉരുത്തിരിഞ്ഞതിന്റേയും ഫലമായി സുറിയാനി ക്രിസ്ത്യാനികളിലെ പ്രമാണിമാർ വൻകിട ഭൂവുടമകളായി മാറി. ഭീമമായ പാട്ടബാദ്ധ്യതകളിൽ നിന്നുമുള്ള മോചനം ഇവർക്ക് ഉൽപാദനക്ഷമത പരമാവധി വർദ്ധിപ്പിക്കുന്നതിനുള്ള പ്രേരണാശക്തിയായി. വാണിജ്യവിളകളെ അടിസ്ഥാനമാക്കിയുള്ള ഉൽപ്പന്നങ്ങളുടെ ഡിമാൻറ് അന്താരാഷ്ട്രതലത്തിൽ പെട്ടെന്നു വർദ്ധിച്ച സാഹചര്യത്തോട് തിരുവിതാംകൂറിലെ 'കാർഷിക—ഭൂവുടമകൾ' അനുതാപപൂർവ്വം പ്രതികരിക്കുകയുണ്ടായി. തെങ്ങുകൃഷി തീരദേശത്ത് അതിവേഗം പ്രചരിച്ചപ്പോൾ തോട്ടവിളകളുടേയും സുഗന്ധവിളകളുടേയും കൃഷി വ്യാപിച്ചത് മലനാടൻ ഇടനാടൻ പ്രദേശങ്ങളിലായിരുന്നു.

ഭക്ഷ്യധാന്യങ്ങളുടെ ഇറക്കുമതിയിലെ നിയന്ത്രണങ്ങൾ ഒഴിവാക്കുകയും, വ്യാപാര ഉപാധികൾ ആകർഷകമാവുകയും ചെയ്ത അനുകൂല സാഹചര്യത്തേയും കപ്പ തുടങ്ങിയ ഇതര ഭക്ഷ്യവസ്തുക്കളുടെ പ്രചാരത്തേയും തുടർന്ന് വാണിജ്യവിളകളുടെ കൃഷിയിലേക്ക് കാർഷിക മേഖലയിൽ പെട്ടെന്നുണ്ടായ ചുവടുമാററത്തിന്, ജനസംഖ്യാ വർദ്ധനവിലുണ്ടായ കുതിച്ചുകയററത്തോടും മോശമായിക്കൊണ്ടിരുന്ന ഭൂമി—മനുഷ്യ അനുപാതത്തോടും ഒരുതരം കാര്യകാരണബന്ധം ഉണ്ടായിരുന്നതായി കാണാം.[18]

കൂടാതെ മലയോര പ്രദേശങ്ങളിൽ നെൽകൃഷി ചെയ്യുന്നതിനുണ്ടായിരുന്ന ഭൂമിശാസ്ത്രപരമായ തടസ്സങ്ങളും പുതിയതരം തോട്ടവിളകളുടെ വ്യാപനത്തിനു വഴിയൊരുക്കി. ''ഗ്രേററ് ഡിപ്രഷനെ''ത്തുടർന്ന് വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷിയുടെ വ്യാപനത്തിലെ ഗതിവേഗം തടസ്സപ്പെടുകയുണ്ടായെങ്കിലും, പട്ടിക രണ്ടിൽ കാണാവുന്നതുപോലെ. ഈ നൂററാണ്ടായിട്ടും നെൽകൃഷിയുടെ വ്യാപ്തി കുറഞ്ഞുകൊണ്ടിരിക്കെത്തന്നെ വാണിജ്യ വിളകളുടെ, പ്രത്യേകിച്ചും നാളികേരം, റബ്ബർ, എന്നിവയുടെ കൃഷി വർദ്ധിച്ചുകൊണ്ടിരുന്നു. വിപണിയെ ഉദ്ദേശിച്ചുകൊണ്ടുള്ള നെല്ലുൽപാദനം നിലവിലിരുന്ന കുട്ടനാടുപോലെയുള്ള ചില പ്രദേശങ്ങളിൽ നെൽകൃഷിയുടെ രംഗത്തുപോലും വന്നു ചേർന്ന വാണിജ്യവൽക്കരണവും ഈ സാഹചര്യത്തിൽ ശ്രദ്ധേയമാണ്.

താരതമ്യേന ഉയർന്ന മൂലധനനിക്ഷേപം ആവശ്യമായിരുന്ന വാണിജ്യപരമായ കൃഷിയുടെ രംഗത്ത് പ്രത്യേകിച്ചും രണ്ടു മേഖലകളിലായിരുന്നു സുറിയാനി ക്രിസ്ത്യാനികൾ പ്രമുഖസ്ഥാനം വഹിച്ചിരുന്നത്. കോട്ടയം ആലപ്പുഴ ജില്ലകളിലായി വരുന്ന കുട്ടനാടൻ പ്രദേശത്ത് കായൽ നിലങ്ങൾ നികത്തിയെടുത്ത വൻ പാടശേഖരങ്ങളിൽ വാണിജ്യാടിസ്ഥാനത്തിൽ നടത്തിയിരുന്ന നെൽകൃഷിയുടേതാണ് ഇതിൽ ഒന്നാമത്തെ മേഖല. 1958—ൽ തിരുവിതാംകൂറിലെ ദിവാൻസ്ഥാനത്തുവന്ന സർ ടി. മാധവറാവു സംസ്ഥാനത്തിന്റെ സാമ്പത്തികാഭിവൃദ്ധിയെ ലക്ഷ്യമാക്കി ആവിഷ്കരിച്ച സമഗ്രമായ ഒരു പദ്ധതിയുടെ ഭാഗമായിരുന്നു. ''കായൽ തീരങ്ങളിലെ ചതുപ്പുനിലങ്ങൾ നികത്തിയെടുത്ത്'' കൃഷിക്കുപയുക്തമാക്കാൻ. കായൽനിലങ്ങൾ നികത്തിയെടുക്കാൻ തയ്യാറാവുന്നവർക്കായി ഉദാരമായ വായ്പാസൗകര്യം, നികുതിയിളവ് തുടങ്ങി നിരവധി പ്രോത്സാഹന പദ്ധതികളും ആവിഷ്കരിക്കപ്പെട്ടിരുന്നു. ഇങ്ങിനെ നികത്തിയെടുക്കപ്പെട്ട കായൽനിലങ്ങളുടെ മൊത്തം, വിസ്തൃതി 20,000 ഏക്കറിനും 50,000 ഏക്കറിനും ഇടയിലായി തിട്ടപ്പെടുത്തിയിരുന്നു. ഹെൻറി ബേക്കർ ജൂനിയർ എന്ന ഒരു യൂറോപ്യനും ചാലയിൽ ഇരവി കേശവപ്പണിക്കർ എന്ന നായർ പ്രമാണിയും തുടക്കമിട്ട വളരെ ശ്രമകരവും പണച്ചെലവേറിയതുമായ കായൽ—കൃഷിയിൽ പിൽക്കാലത്ത് സുറിയാനി ക്രിസ്ത്യാനികൾ പ്രധാനികളായിത്തീർന്നു[19]. കളത്തിൽ അന്തോണി മാപ്പിള, ചിറയിൽ തൊമ്മൻ മാപ്പിള, മുരിക്കുംമൂട്ടിൽ തൊമ്മൻ മാപ്പിള തുടങ്ങിയവർ ഈ രംഗത്ത് പ്രസിദ്ധരായിരുന്നു. കായൽ നികത്തുന്നതിനാവശ്യമായ വൻ മൂലധനം സമാഹരിക്കപ്പെട്ടിരുന്നത്—ആദ്യകാലങ്ങളിൽ നിലവിലിരുന്ന നാണ്യേതര വിനിമയ സമ്പ്രദായങ്ങൾ ഉൾപ്പെടെയുള്ള വ്യത്യസ്ത ഉറവിടങ്ങളിൽ നിന്നായിരുക്കണം. ഈ മൂലധനത്തിന്റെ നിർണ്ണായകമായ ഒരു ഭാഗം നൽകിയിരുന്നത് പണമിടപാടുകാരായിരുന്ന നാട്ടുകാർ—പ്രത്യേകിച്ചും മങ്കൊമ്പു ബ്രാഹ്മണർ ആയിരുന്നു. സുറിയാനി ക്രിസ്ത്യാനികൾക്ക് തങ്ങളുടെ പുതിയ കാർഷിക സംരംഭത്തിനു മുതലിറക്കാൻ കഴിഞ്ഞത് പ്രധാനമായും അവരുടെ മുൻകാല വ്യാപാര ഇടപാടുകളിൽ നിന്നും നീക്കിയിരുപ്പുണ്ടായിരുന്ന മിച്ച സംഖ്യയിൽ നിന്നായിരിക്കണം.

സുറിയാനി ക്രിസ്ത്യാനികൾ പ്രധാനമായി ഏർപ്പെട്ടിരുന്ന മറെറാരു മേഖല തോട്ടകൃഷിയുടേതായിരുന്നു. തോട്ടമടിസ്ഥാനത്തിലുള്ള തെങ്ങുകൃഷി പ്രചാരത്തിലില്ലായിരുന്നതിനാൽ തേയിലയും റബ്ബറുമായിരുന്നു തിരുവിതാംകൂറിലെ പ്രധാന തോട്ടവിളകൾ. മുപ്പതുകളുടെ അവസാനത്തോടെ തേയിലകൃഷി ഏതാണ്ട് 75000 ഏക്കറും റബ്ബർകൃഷി 100030 ഏക്കറുമായിരുന്നു. തേയിലകൃഷിയുടെ 85 ശതമാനവും യൂറോപ്യൻ കമ്പനികളുടെ അധീനതയിലായിരുന്നു. റബ്ബർതോട്ടങ്ങളുടെ കാര്യത്തിലായിരുന്നു തിരുവിതാംകൂറുകാർക്ക് നേരിയ മുൻതൂക്കം.

1930കളുടെ അവസാനത്തോടെ റബ്ബർകൃഷിയുടെ രംഗത്തും തിരുവിതാംകൂറുകാരുടെ പ്രാതിനിധ്യം യൂറോപ്യൻമാരെ അപേക്ഷിച്ചു വളരെ കുറവായിക്കഴിഞ്ഞിരുന്നതായി നമുക്കു കാണാൻ കഴിയും. തിരുവിതാംകൂറിലെ വാണിജ്യാടിസ്ഥാനത്തിലുള്ള റബ്ബർകൃഷിക്ക് ആദ്യമായി തുടക്കം കുറിച്ചതു' 1902—ൽ മുണ്ടക്കയത്തായിരുന്നു. അക്കാലത്ത് 50 ലക്ഷം പൗണ്ട് ഉൽപാദനത്തോടെ മുണ്ടക്കയം ഇന്ത്യയിലെ ഏററവും വലിയ റബ്ബർ ഉൽപാദക 'ജില്ല'യായിത്തീരുകയുണ്ടായി. 1933 ആയപ്പോൾ, 100 ഏക്കർ മുതൽ 2000 ഏക്കർ വരെ വിസ്തീർണ്ണം വരുന്ന മുപ്പത്തിഅഞ്ചോളം വൻകിട തോട്ടങ്ങളും 100 ഏക്കറിൽ താഴെ വിസ്തൃതിയുള്ള നിരവധി ചെറുകിട റബ്ബർത്തോട്ടങ്ങളുമുണ്ടായിരുന്നു. വൻകിട തോട്ടങ്ങളിലെ റബ്ബർകൃഷിയുടെ ആകെ വിസ്തീർണ്ണം 16900 ഏക്കറായിരുന്നു. ഇതിൽ ഒരു വലിയ ഭാഗത്തിന്റെയും ഉടമസ്ഥത യൂറോപ്യൻ സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ ആയിരുന്നു. അതേ സമയം സമീപസ്ഥലമായ കാഞ്ഞിരപ്പള്ളി പ്രദേശത്ത് 1933 ആയപ്പോൾ തോട്ടം ഉടമസ്ഥസംഘം വകയായി 2535 ഏക്കറിൽ കൃഷിയും 186 ഏക്കർ കരുതലുമായി 36 തോട്ടങ്ങളുണ്ടായി. ഈ തോട്ടങ്ങൾ 22 ഏക്കർ മുതൽ 850 ഏക്കർ വരെ മാത്രം വിസ്തീർണ്ണമുള്ള താരതമ്യേന ചെറുകിട തോട്ടങ്ങളായിരുന്നു. മുണ്ടക്കയം തോട്ടമുടമകളെപ്പോലെ റബ്ബർ സംസ്കരണത്തിനുള്ള വലിയ ഫാക്ടറികളൊന്നും സ്വന്തമായില്ലാത്ത തിരുവിതാംകൂറുകാരായിരുന്നു ഇത്തരം ചെറുകിട തോട്ടങ്ങളുടെ ഉടമകളും നടത്തിപ്പുകാരും[21].

1933 ആയപ്പോൾ റബ്ബർ കൃഷിയുടെ രംഗത്ത് ഇംഗ്ലീഷ് മൂലധനം കൈവരിച്ച മേധാവിത്വത്തെ ഇതു പ്രകടമാക്കുമ്പോൾത്തന്നെ, സുറിയാനി ക്രിസ്ത്യാനികളായ താരതമ്യേന ഒരു ചെറിയ സംഘം തദ്ദേശീയ തോട്ടമുടമകളുടെ ആവിർഭാവത്തേയും ഇതു് സൂചിപ്പിക്കുന്നുണ്ട്. എല്ലാത്തരത്തിലുള്ള ബുദ്ധിമുട്ടുകളെയും എതിരിട്ടുകൊണ്ടാ

പട്ടിക—3

തിരുവിതാംകൂറിലെ വ്യവസായ സ്ഥാപനങ്ങൾ 1921-ൽ

| വ്യവസായങ്ങൾ | വൈദ്യുതി ഉപയോഗിക്കുന്നവ | | വൈദ്യുതി ഉപയോഗിക്കാത്തവ | | ആകെ | | മൊത്തം തൊഴിൽ വിഹിതത്തിന്റെ ശതമാനം | 100—ഓ അതിലധികമോ തൊഴിലാളികളുള്ള ഫാക്ടറികളിലെ തൊഴിലാളികളുടെ ശതമാനം | യൂറോപ്യൻ/ ആംഗ്ലോ ഇന്ത്യൻ ഉടമസ്ഥതയിലുള്ള കമ്പനികളുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|
| | ഫാക്ടറികൾ | തൊഴിലാളികൾ | ഫാക്ടറികൾ | തൊഴിലാളികൾ | ഫാക്ടറികൾ | തൊഴിലാളികൾ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| തേയില | 43 | 5623 | 8 | 3087 | 51 | 8710 | 33 . 92 | 84 . 86 | 39 |
| റബ്ബർ | 3 | 671 | 2 | 35 | 5 | 706 | 2 . 75 | 92 . 50 | 4 |
| കയർ | 11 | 2374 | 79 | 3355 | 90 | 5729 | 22 . 32 | 69 . 52 | 7 |
| മററു ഭക്ഷ്യ വ്യവസായങ്ങൾ | 6 | 221 | 1 | 16 | 7 | 237 | 0 . 92 | — | 1 |
| തടി വ്യവസായങ്ങൾ | 2 | 291 | 2 | 39 | 4 | 330 | 1 . 28 | 84 . 54 | 1 |
| മോണോ സൈററ് മണൽ ഫാക്ടറികൾ | 2 | 235 | — | — | 2 | 235 | 0 . 91 | 74 . 50 | 2 |
| ഇഷ്ടിക & ഓട് | 10 | 2736 | 26 | 621 | 36 | 3357 | 13 . 07 | 82 . 00 | 1 |
| ഉപ്പ് ഫാക്ടറികൾ | 2 | 73 | 5 | 230 | 7 | 303 | 1 . 18 | — | — |
| പ്രിൻറിംഗ് പ്രസ്സ് | 4 | 498 | 7 | 226 | 11 | 724 | 2 . 82 | 45 . 03 | — |
| പരുത്തി നെയ്ത്തു് | — | — | 33 | 797 | 33 | 797 | 3 . 10 | — | — |
| ലോഹ വ്യവസായ സ്ഥാപനങ്ങൾ | 3 | 696 | 1 | 25 | 4 | 721 | 2 . 82 | 96 . 53 | 2 |
| മററുള്ളവ | 3 | 251 | 5 | 2917 | 8 | 3168 | 12 . 34 | 92 . 71 | 2 |

(അവലംബം — 1921—ലെ തിരുവിതാംകൂർ സെൻസസ്)

യിരുന്നു ഈ ഉയർച്ച. സ്വാഭാവിക റബ്ബർ ഉൽപാദനത്തിന്റെ സാങ്കേതികജ്ഞാനം ലഭ്യമായിരുന്നിട്ടും തിരുവിതാംകൂറുകാരായിരുന്ന തോട്ടമുടമകൾക്ക് പലപ്പോഴും അവരുടെ ബ്രിട്ടീഷ് സഹചാരികളുടെ കരുണയിൽ കഴിയേണ്ടിയിരുന്നു.

റബ്ബർ, തേയില എന്നിവയുടെ ഉൽപാദനമേഖലകളുടെ പൂർണ്ണമായ നിയന്ത്രണം ഉണ്ടായിരുന്നതുകൊണ്ടും മാനേജിംഗ് ഏജൻസികളുടേയും ഷിപ്പിംഗ് ബ്രോക്കേജ് ഏജൻസികളുടേയും തലങ്ങളിൽ തങ്ങൾക്കുണ്ടായിരുന്ന വ്യാപകമായ സ്വാധീനം വഴിയും വ്യാപാരരംഗത്തു വിവിധതരം അസന്തുലിതാവസ്ഥകൾ കൃത്രിമമായി സൃഷ്ടിക്കുവാൻ യൂറോപ്യൻമാർക്കു കഴിഞ്ഞിരുന്നു. സാമ്രാജ്യത്വസർക്കാരിൽനിന്നും ലഭിച്ചിരുന്ന രാഷ്ട്രീയമായ സംരക്ഷണത്തിന്റേയും പിൻതുണയുടേയും അനുകൂലസാഹചര്യം ഒരുഭാഗത്തും യൂറോപ്യന്മാരോട് സാർത്ഥകമായ ഒരു മത്സരം സൃഷ്ടിക്കുന്നതിൽ ഇന്ത്യൻ ബൂർഷ്വാസിയുടെ കഴിവുകേട് മറുഭാഗത്തുമായി ഇത്തരം അവസ്ഥകൾ വ്യാപാരരംഗത്തു സൃഷ്ടിക്കുന്നതിന് സഹായകമായ അന്തരീക്ഷം സൃഷ്ടിച്ചു. എങ്കിൽക്കൂടിയും, 1930ലെ ഡിപ്രഷൻ മൂലം ചില നഷ്ടങ്ങൾ സഹിക്കേണ്ടതായി വന്നിരിക്കാമെങ്കിലും ഈ രംഗത്ത് പ്രവർത്തിച്ചിരുന്ന തദ്ദേശീയ വ്യാപാരികളുടെ താല്പര്യം ഒരു പരിധിവരെ സംരക്ഷിക്കപ്പെട്ടിരുന്നതായി കാണാവുന്നതാണ്. തോട്ടകൃഷി മേഖലയിലെ ഏതാണ്ടു മൂന്നുദശകക്കാലത്തെ പ്രവർത്തനത്തിലൂടെ ആർജ്ജിച്ച അനുഭവജ്ഞാനംമൂലമായിരിക്കാം ഏതാണ്ട് 1940 മുതൽ ബ്രിട്ടീഷ് മൂലധനനിക്ഷേപം ഇല്ലാതെ കിടന്നിരുന്ന തോട്ട—കൃഷിഭൂമിയുടെ നിയന്ത്രണം കയ്യടക്കാൻ തദ്ദേശീയരായ തോട്ടമുടമകൾക്ക് കഴിഞ്ഞത്.

കാർഷികരംഗത്തെ മൂലധനത്തിന്റെ സമാഹരണത്തെ സുറിയാനി ക്രിസ്ത്യാനികളുടെ പ്രവർത്തനം സഹായിക്കുകയും ബാങ്കിംഗ് മേഖലയിലെ നിക്ഷേപം വഴി മൂലധനം പൊതുവായി സമാഹരിക്കപ്പെടുകയും ചെയ്തു. തിരുവിതാംകൂർ—കൊച്ചി ബാങ്കിംഗ് എൻക്വയറി കമ്മീഷൻ റിപ്പോർട്ടിൽ[22] ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളതുപോലെ, തിരുവിതാംകൂറിലെ ഉൾനാടൻ പ്രദേശങ്ങൾ പലതും ബാങ്കിംഗിന്റേയും വാണിജ്യപരമായ കൃഷിയുടേയും പ്രധാന കേന്ദ്രങ്ങളായി മാറുകയുണ്ടായി എന്നതാണ് വാസ്തവം.

## II

## കാർഷിക-സംസ്കരണ വ്യവസായങ്ങളുടെ വികാസം

വാണിജ്യപരമായ കൃഷിയുടെ വ്യാപനവും സംസ്കൃതവും അൽപസംസ്കൃതവുമായ കാർഷികോല്പന്നങ്ങളുടെ വർദ്ധമാനമായ ഡിമാൻറും കാർഷിക സംസ്കരണ മേഖലയിൽ ഏതാനും വ്യവസായങ്ങൾ വളർന്നുവരുന്നതിന് വഴിയൊരുക്കി. തിരുവിതാംകൂറിന്റെ പൊതുവായ വ്യാസായികവികസനത്തിലെ പ്രഥമഘട്ടത്തിന്റെ സവിശേഷത ഇത്തരം കാർഷിക—സംസ്കരണവ്യവസായങ്ങളുടെ വികസനമായിരുന്നു. (പട്ടിക 3 കാണുക)

പട്ടികമൂന്നിൽ വ്യക്തമാക്കപ്പെടുന്നതുപോലെ തിരുവിതാംകൂറിന്റെ വ്യാവസായികഘടനയുടെ ഒരു സവിശേഷത ഇത്തരം കാർഷിക——സംസ്കരണ വ്യവസായങ്ങളുടെ രംഗത്തെ വർദ്ധനവായിരുന്നു. കൂടാതെ മോണോസൈറ് ഖനനശാലകൾ, ഉപ്പുഫാക്ടറികൾ, ലേസ്—അലങ്കാരത്തയ്യൽ ശാലകൾ തുടങ്ങിയ ഏതാനും ഇതരവ്യവസായങ്ങളും നിലവിലുണ്ടായിരുന്നു. തിരുവിതാംകൂറിലെ ഉയർന്ന സാക്ഷരതയുടെ ഫലമായിട്ടായിരിക്കാം ഏതാനും അച്ചടിശാലകളും ഉയർന്നു വന്നു. ലോഹവ്യവസായരംഗത്താകട്ടെ ഗവൺമെൻറിനും, വൻകിടത്തോട്ടങ്ങൾക്കുംവേണ്ടി മരാമത്തുജോലികൾ ഏറ്റെടുത്തു നടത്തുന്ന 'വർക്ക്ഷോപ്പു'കളുടെ പ്രവർത്തനമായിരുന്നു പ്രധാനമായിരുന്നത്. ഇത്തരം വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും വേണ്ട യന്ത്രോപകരണങ്ങൾ, ഇന്ധനം, രാസവസ്തുക്കൾ, എന്നിവയുടെ ആവശ്യം പ്രധാനമായും നിറവേറ്റപ്പെട്ടിരുന്നതു് ഇറക്കുമതിയിലൂടെയായിരുന്നു.

ഫാക്ടറി തൊഴിലാളികളുടെ 65 ശതമാനവും പ്രവർത്തിച്ചിരുന്നതു് കാർഷിക—സംസ്കരണ തൊഴിൽ മേഖലയിലായിരുന്നു. തേയില ഫാക്ടറികൾക്കുമാത്രമായി 33 ശതമാനം തൊഴിലാളികളെ ആവശ്യമായിരുന്നു. എന്നിരിക്കിലും സമ്പദ്‌വ്യവസ്ഥയുടെ മുന്നും പിറകുമായി കാര്യമായ ബന്ധമൊന്നുമില്ലാത്ത, ഒറ്റപ്പെട്ട, വിദേശാധിഷ്ഠിതമായ ഒരുതരം വികാസത്തെയാണ് ഇവ പ്രതിനിധാനം ചെയ്തതു്—വ്യവസായങ്ങൾക്കാവശ്യമായിരുന്ന അസംസ്കൃതവസ്തുക്കൾ കൂടുതലും ഇറക്കുമതി ചെയ്യുകയും വളരെ കുറച്ചുമാത്രം സംസ്കരണം ആവശ്യമായിരുന്ന ഉൽപ്പന്നങ്ങൾ ഏതാണ്ടു മുഴുവനായും കയറ്റുമതി ചെയ്യപ്പെടുകയുമായിരുന്നു. തേയിലത്തോട്ടങ്ങളിലെ തൊഴിലാളികൾ മുഖ്യമായും തമിഴ് കുടിയേറ്റക്കാരായിരുന്നു. തന്മൂലം മുൻപ് സൂചിപ്പിച്ചതുപോലെ. മിച്ചം തീരദേശ യൂറോപ്യൻ വ്യാപാര സ്ഥാപനങ്ങളുടെയും യൂറോപ്യൻ തോട്ടമുടമകളുടെയും കയ്യിലെത്തിച്ചേരാനിടവന്നു.

ഈ സാഹചര്യത്തിൽ തിരുവിതാംകൂറിന്റെ സമ്പദ്ഘടനയിൽ നിർണ്ണായക സ്വാധീനം ചെലുത്തിയിരുന്നതു് നാളികേര വ്യവസായമായിരുന്നു. ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾവരെ നാളികേരവുമായി ബന്ധപ്പെട്ടായിരുന്നു തിരുവിതാംകൂറിന്റെ വ്യാവസായിക വികസനം. ചെറുകിട ഭൂവുടമകളുടെ പ്രധാന ഉൽപ്പന്നമായി നാളികേരം തിരുവിതാംകൂറിന്റെ തീര—മദ്ധ്യദേശങ്ങളിലെമ്പാടും വ്യാപകമായ പ്രചാരം നേടി. നാളികേരത്തിന്റെ അനുബന്ധ വ്യവസായങ്ങളായിരുന്ന കൊപ്രാസംസ്കരണം, എണ്ണയാട്ടൽ, കയർ ഉൽപ്പാദനം എന്നീ രംഗങ്ങളിൽ ഇടത്തരം മുതലാളിമാർ, ഇടനിലക്കാർ, ചെറുകിട ഉൽപാദകർ എന്നിവരുടേതായ വലിയൊരു ശ്രേണിതന്നെ സൃഷ്ടിക്കപ്പെടുകയുണ്ടായി. 19—ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ ഉണ്ടായ വ്യാപാരാഭിവൃദ്ധിയെത്തുടർന്ന്, കയറിന്റേയും ചകിരിയുടേയും ഉൽപ്പാദനം തിരുവിതാംകൂറിന്റെ തീരദേശങ്ങളിൽ സുലഭമായിരുന്ന ചിലവുകുറഞ്ഞ അദ്ധ്വാനശേഷിയെ ഉപയോഗപ്പെടുത്തിക്കൊണ്ട് വ്യാപകമായി പ്രചരിക്കുകയുണ്ടായി. അതേസമയം കയറുപായ്നെയ്ത്തു വ്യവസായമാവട്ടെ, ആലപ്പുഴപ്പട്ടണത്തിലും സമീപപ്രദേശങ്ങളിലുമായി ഉയർന്നുവന്ന വൻകിട കയർ ഫാക്ടറികളിലായി കേന്ദ്രീകരിക്കപ്പെടുകയായിരുന്നു. ഈ കയർ ഫാക്ടറികളിലെല്ലാംകൂടി 6000 ത്തിൽ താഴെ മാത്രം തൊഴിലാളികളേ ഉണ്ടായിരുന്നുള്ളൂ എന്നാണ് 1921ലെ രേഖകൾ കാണിക്കുന്നതെങ്കിലും, കയർ—നെയ്ത്തുരംഗത്തു് ഗാർഹികമേഖലയിൽ ഉണ്ടായിരുന്ന തൊഴിലാളികളുടെ എണ്ണവുംകൂടി ചേർത്തുകണക്കാക്കുമ്പോൾ, ഒരു ലക്ഷത്തോളം തൊഴിലാളികളുള്ള ഏറ്റവും വലിയ വ്യവസായത്തൊഴിലാളി മേഖലയായിരുന്നു ഇതെന്നു കാണാവുന്നതാണ്.

വെളിച്ചെണ്ണയുൽപ്പാദനരംഗത്തു്, കാളകളെ ഉപയോഗിച്ചുകൊണ്ടുള്ള പഴയരീതിയിലുള്ള ചക്കുകളുടെ സ്ഥാനം ഗ്രാമപ്രദേശങ്ങളിൽപ്പോലും വൈദ്യുതിയിൽ പ്രവർത്തിക്കുന്ന 'റോട്ടറി ചക്കുകൾ' കയ്യടക്കാൻ തുടങ്ങിയിരുന്നു. തിരുവിതാംകൂറിൽനിന്നുള്ള കയറ്റുമതിയിൽ 1890—91നും 1919—20നും ഇടക്ക് വെളിച്ചെണ്ണയുടെ വിഹി

ണ്ടായ തകർച്ചയുടെ അനുഭവം വൻസാമ്പത്തിക നിക്ഷേപം ആവശ്യമായ ഇത്തരം ഏതു സംരംഭത്തിനും ഉണ്ടാകാവുന്ന അനിവാര്യമായ ദുരന്തമായാണ് കണക്കാക്കപ്പെട്ടതു്.[32] ഉചിതമായ സാങ്കേതിക വിദ്യയുടെ അഭാവം മാത്രമല്ല, വൻനഗരികളുടെ സാമീപ്യമില്ലാതെ ഉപഭൂഖണ്ഡത്തിന്റെ ഒരു മൂലയിൽസ്ഥിതി ചെയ്യുന്നതുമൂലം തിരുവിതാംകൂറിലെ വ്യവസായങ്ങൾക്ക് വിപണിയുടെ തലത്തിലുണ്ടായ അനിശ്ചിതത്വവും മറെറാരു തടസ്സമായിരുന്നു. നിർമ്മിത വസ്തുക്കളുടെ ആവശ്യകത പൂർണ്ണമായും നിറവേററപ്പെട്ടിരുന്നതു് ഇറക്കുമതി മുഖേനയായിരുന്നുവെങ്കിലും നവവ്യവസായികളുടെ സംരക്ഷണത്തിനായി രാജ്യത്തെ താരിപ്പനയത്തിൽ എന്തെങ്കിലും തരത്തിലുള്ള വ്യത്യാസം വരുത്തുന്നതിനു് തിരുവിതാംകൂറിനു സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. തിരുവിതാംകൂറിലെ വ്യവസായവകുപ്പ് ഡയറക്ടർക്ക് ഒരിക്കൽ നിയമസഭാവേദിയിൽ ഇപ്രകാരം പ്രസ്താവിക്കേണ്ടിവന്നു: ''വ്യവസായവികസനത്തിന്റെ കാര്യം പറയുമ്പോൾ തിരുവിതാംകൂറിന്റെ അവസ്ഥയെപ്പററി കൂടി നാം ഓർക്കേണ്ടിയിരിക്കുന്നു.......മാന്യസഭാംഗങ്ങളിൽ ചിലർ ജപ്പാനിലും മററുചിലരാജ്യങ്ങളിലും ഈ രംഗത്തുനടന്ന ചില പരിശ്രമങ്ങളെപ്പററി പരാമർശിക്കുകയുണ്ടായി.......പക്ഷേ ജപ്പാൻ അന്താരാഷ്ട്രവേദികളിൽ അംഗീകരിക്കപ്പെടുന്ന ഒരു സ്വതന്ത്ര പരമാധികാര രാഷ്ട്രമാണെന്നകാര്യം നാം ഓർമ്മിക്കേണ്ടതുണ്ട്. ജപ്പാനു സ്വന്തമായി വ്യാവസായികനയങ്ങളാവിഷ്കരിക്കാവുന്നതും മററുരാജ്യങ്ങൾ അത് പൂർണ്ണമായി അംഗീകരിക്കുന്നതുമാണ്. ജപ്പാനിൽ നടന്നിരിക്കാനിടയുള്ളതരം വ്യാവസായികവികസനം നമ്മെ സംബന്ധിച്ചിടത്തോളം സാദ്ധ്യമാവുകയില്ല.......വിശാലമായൊരു യൂണിററിന്റെ ചെറിയൊരു ഘടകം മാത്രമാണ് നമ്മൾ.[33]''

ഗവണ്മെൻറിന്റെ വ്യവസായനയത്തിന്റെ ഇത്തരം സ്വഭാവസവിശേഷതകളെക്കുറിച്ച് ഒരു വ്യവസായപ്രമുഖൻ അഭിപ്രായപ്പെട്ടത്. അവ ''ചഞ്ചലസ്വഭാവത്തോടുകൂടിയ പൊതുജനാഭിപ്രായത്തെപ്രതിഫലിപ്പിക്കുന്നു'' [31] എന്നാണ്. ഇതു സൂചിപ്പിക്കുന്നതു് നവജാത മുതലാളിവർഗ്ഗത്തിനുപോലും തങ്ങളുടെ താൽപ്പര്യങ്ങൾ വ്യക്തമായി പ്രഖ്യാപിക്കുവാൻ കഴിയുമായിരുന്നില്ല എന്നാണ്. എന്തായാലും കടിൽ വ്യവസായങ്ങളുടെ വികസനത്തിനു് ഗവണ്മെൻറ് തലത്തിൽ കൊടുത്തിരുന്ന പ്രാധാന്യം, രാഷ്ട്രീയ–വ്യാപാര വൃത്തങ്ങളിൽ പൊതുവിൽ അംഗീകാരം നേടുകയായിരുന്നു. □

NOTES :


1. Centre for Development Studies, Poverty Unemployment and Development Policy, A Case Study of Selected Areas with Reference to Kerala, United Nations, New York, 1975, pp. 79—81.
2. K. K. Subramonian and P. Mohanan Pillai; 'Kerala's Industrial Backwardness, Exploration of Alternative Hypothesis' Economic and Political Weekly, Vol. XXI, No: 14, April 5, 1986.
3. Sardar K. M Panikkar: Malabar and the Dutch. D. B. Taraporevala and Sons, Bombay, 1931.
4. T. C. Varghese: Agrarian Change and Economic Consequences, Land Tenures in Kerala, 1850-1960 Allied Publishers, Bombay etc. 1970.
5. ടി. എം. തോമസ് ഐസക്: 'കേരളത്തിന്റെ വ്യവസായവത്കരണം: ചില വശങ്ങൾ', 'അദ്ധ്യാപകലോകം' വിശേഷാൽപ്രതി 1983.
6. J. Puthenkalam: Marriage and Family in Kerala, with Special Reference to Matrilineal Castes, University of Calagiri, Calagiri, 1977 and Robin Jeffry: The Decline of Nayar Dominance: Society and Politics in Travancore, 1847—1908, Vikas, Delhi, 1976.
7. Geographical and Statistical Memoir of the Survey of Travancore and Cochin States, executed under the Superintendence of Lieutenant Ward and Connor from July 1816 to the end of the year 1820 Survey Generals Office, Madras 1898 (Reprint) (1827, 1863)
8. T. K. Velu Pillai: Travancore State Manual, GOT Trivandrum 1940, Vol. III pp. 78-79.
9. Papers Re: The Interportal Trade Convention (1858—1925) Govt. Press, Trivandrum 1927.

10. Robert Bristow: Cochin Saga (Reprint) Paico, Cochin 1967.

11. P. Ibrahim. "The Development of Transport facilities in Kerala. A Historical Review", Social Scientist, Vol. VI, No. 8, March 1979, pp. 34–49.

12. See "Communication No. 5" *in Register dev brievenen Papieren Van Mallabar Overgekomen* 1759." I 1557VOL 201-422/NN 2928/ON 2820/YV 1759/ZEVENTINPE BOEK MALABAR. Algemeen Rijkar-chief, Hague.

13. See S. Krishna Iyer: 'Travancore—Dutch Relations 1729—1741' Ph. D. Thesis submitted to Kerala University, 1984.

14. P. K. Michael Tharakan ' Thachil Mattu Tharakan: An Appraisal of the Political and Economic Implications of His Life and Times" paper presented at the Seminar on Thachil Mattu Tharakan Christian Cultural Forum, Trivandrum. August, 1976. കൂടാതെ ജോസെഫ് കൊളേങ്ങാടൻ: നസ്രാണി നട്ടനായകം: തട്ടിൽ മാത്തുതരകൻ—കേരള ചരിത്രത്തിലൂടെ, 1982 (കേരള ഹിസ്റ്ററി കോൺഗ്രസ്സ്—വൈക്കം 1982.

15. Tharian George and P. K. Michael Tharakan: "Development of Tea Plantations in Kerala, a Historical Perspective" Working paper No.204, Centre for Development Studies, Trivandrum, 1985.

16. W. K. M. Lamgley (ed): Century in Malabar: The History of Pierce Leslie and Co, Ltd., Madras, 1962 pp 16—17.

17. Ibid : Ch. VI, P. 45.

18. P. G. K. Panikar et. al: Population Growth and Agricultural Development–A Case Study of Kerala, Centre for Development Studies, Trivand.um, 1977 pp. 49—50.

19. V. R. Pillai and P. G. K Panikar: Land Reclamation in Kerala, Asia Publishing House, New York. 1965.

20. Tharian George K. and P. K. Michael Tharakan : OP. Cit.

21. Emily Gillchrist Hatch: Travancore, OUP, London, 1939, P 104

22 Report of the Travancore Cochin Banking Enquiry Commission, GOI, Delhi, 1956, P. 13.

23. See Report of the Administration of Travancore. Statistics of Travancore, Trade Statistics of Travancore, for relevant years.

24. J. S Patil: Report of Coconut Enquiry in India, Delhi, Imperial Council of Agriculture, 1934.

25. Minimum Wages Committee for Tile Industry Report, Govt. of Kerala, Trivandrum 1957.

26. K. P. Kannan, Cashew Development in India, Potentialities and Constrains, Agricole, New Delhi, 1983.

27. രാമവർമ്മതമ്പാൻ ''കേരള വ്യവസായത്തിന്റെ അഭിവൃദ്ധി മാർഗ്ഗങ്ങൾ'' Travancore Economic Journal, Vol. XIV, No. 3, P. 108—9.

28. T. M. Thomas Isaac: "Evolution of Organisation of Production in Coir Yarn Spinning Industry", Centre for Development Studies, Trivadrum, 1986 (Forthcoming Working Paper)

29, ടി. എം. തോമസ് ഐസക് ''തൊഴിലാളിവർഗ്ഗപ്പാർട്ടിയും തൊഴിലാളിവർഗ്ഗ നെട്ടനായകത്വവും: ആലപ്പുഴയുടെ അനുഭവം'' ''സ്വാതന്ത്ര്യസമരവും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും'' ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 1985.

30. See "Address of the Dewan to the Travancore Legislative Council, 1921," in Trav ncore Legislative Council Proceedings (TLCP) Vol: V 1925, P, 741.

31. K. George, "Budget Speech" Dtd; 1-8-24, Ibid, P. 40-

32. See CSF No—8497—9, 8514—6, 8551—8560, 14255 Punaloor Paper Mills; 1891, 1896, 1897, 1897, 1893, 1887, 1910, 1900, 1891, 1892 in the English Records Cellar Government Secretariat, Trivandrum.

33. I. C. Chacko; Dtd: 12–8–85, TLCP, Vol. V op cit, P. 736.

34. K. C. Mammen Mappillai, Dtd, 12–8–85 I bid P. 736.

## അർഹിക്കുന്ന ബഹുമതികളോടെ

കമ്മ്യൂണിസ്റ്റ് പാർട്ടികൾ വ്യവസ്ഥാമാററത്തിനായി നടത്തിയ ശ്രമങ്ങൾ ഇന്ത്യയിൽ വിജയിച്ചില്ല എന്ന തോന്നലിൽ അസ്വാഭാവികമായി ഒന്നുമില്ല. എന്നാൽ, ചൂഷക വർഗ്ഗങ്ങൾക്ക് പ്രത്യയശാസ്ത്ര നായകത്വമുള്ള അന്തരീക്ഷത്തിൽ പ്രചാരം നേടുന്നതോടെ ഈ 'ഇടതുപക്ഷ നൈരാശ്യം' മറെറാന്നായി വലിഞ്ഞുനീളുന്നു. സോഷ്യലിസ്റ്റ് രാഷ്ട്രീയംതന്നെ വിഡ്ഢിത്തമായിമാറുന്നു. വിഷമകരമായ സമരത്തിലൂടെ നേടിയെടുക്കേണ്ടതെല്ലാം നുണയായിക്കരുതാനുള്ള വാസനക്ക് പലപ്പോഴും വർഗാതീതധ്വനികളുണ്ട്. ഈ അവസ്ഥയിൽ പ്രായോഗിക രാഷ്ട്രീയപ്രവർത്തനത്തെയും രാഷ്ട്രീയപ്രവർത്തകരെയും പുച്ഛിക്കുവാനുള്ളഉത്സാഹം ഒട്ടും സൃഷ്ട്യുന്മുഖമല്ല — അതിന്റെ വൈകാരിക ന്യായങ്ങൾ എത്ര 'ആത്മാർത്ഥ'മായാലും.

ഇതിനൊരു മറുവശമുണ്ട്, ഇന്ത്യൻ വിപ്ലവപ്രസ്ഥാനത്തിന്റെ തോൽവികളെ വിലയിരുത്തലും വിജയങ്ങളെതന്നെ മനസ്സിലാക്കലും വിചാരപരമായ പരിശ്രമങ്ങളാണ് പ്രധാനമായും ആവശ്യപ്പെടുന്നത്—രാഷ്ട്രീയ പരാജയങ്ങളുടെ കാരണങ്ങൾ അലസമായി വിലയിരുത്തി നമ്മുടെ പ്രസ്ഥാനങ്ങൾ മുന്നോട്ട് തന്നെ പോയ്കൊണ്ടിരുന്നു എന്ന പ്രഖ്യാപനങ്ങളും (പലപ്പോഴും ന്യായമല്ലാത്തതു്) യാഥാർത്ഥ്യവും തമ്മിൽ വലിയ വിടവ് ഉണ്ടായിക്കൂട. പൊള്ളയായ ആത്മസംതൃപ്തിയും (ചൂഷകവർഗങ്ങളുടെ ആഗ്രഹത്തിനിണങ്ങുന്നവിധം)—സോഷ്യലിസം അർത്ഥരഹിതമാണെന്ന ധാരണ പരക്കാനിടയാക്കിയിട്ടുണ്ട്.

സാമൂഹ്യമാററത്തിനായ ആഗ്രഹം അതിനുകെൽപ്പുള്ള സാമൂഹ്യവർഗങ്ങളുടെ ആവിർഭാവവുമായി ഒത്തുചേർന്നപ്പോളാണ് വിമർശനപരമായ സാമൂഹ്യ സിദ്ധാന്തം രൂപംകൊണ്ടതു്. ഇന്ത്യൻ വിപ്ലവത്തിന്റെ ജയാപചയങ്ങൾക്ക് എത്രയോ പിറകിലേക്ക് ഈ ചരിത്രം നീണ്ടുകിടപ്പുണ്ട്—ലോകചരിത്രത്തിന്റെ ഒരു പ്രത്യേക സന്ധിയിലല്ലാതെ ഒരു വിപ്ലവവും നിഷ്കളങ്കമായി പിറക്കുന്നില്ല.

ഒരു വിപ്ലവത്തിന്റെ ആദ്യവിജയം (രാഷ്ട്രീയാധികാരം പിടിച്ചെടുക്കൽ) പോലെ തന്നെ പ്രധാനമാണ് തുടർന്നുള്ള വാഗ്ദാനങ്ങളുടെ നിർവ്വഹണവും—നടക്കാനിരിക്കുന്ന, നടക്കാത്തവിപ്ലവങ്ങളുടെ ഭാവി അങ്ങിനെ വിപ്ലവാനന്തര സമൂഹങ്ങളുടെ (സോഷ്യലിസ്റ്റ് രാജ്യങ്ങൾ) വിധിയുമായി എല്ലായ്പ്പോഴും ബന്ധപ്പെട്ടിരിക്കുന്നുണ്ട്. ഏററവും പുതിയതായി മനുഷ്യൻ സൃഷ്ടിച്ച നല്ലകാര്യങ്ങളിൽനിന്നും, പ്രശ്നങ്ങളിൽനിന്നും തന്നെ തുടങ്ങുന്ന രീതിക്ക് ഇന്ന് അതുകൊണ്ട് പ്രസക്തിയുണ്ട്. ആത്മാർപ്പണത്തോടെ പ്രവർത്തിച്ചിട്ടും ആത്മാർത്ഥമായി ചിന്തിച്ചിട്ടും വീണ്ടും പ്രശ്നത്തിന്റെ വലയിൽത്തന്നെ കുടുങ്ങിപോകുന്ന അവസ്ഥയിൽ ശരിയായ രീതിയുടെ പ്രശ്നങ്ങൾക്ക് രാഷ്ട്രീയ പ്രാധാന്യമുണ്ട്.

'താത്വികരംഗത്തു് വർഗസമരം പ്രധാനമാണെന്ന ആശയം ഇനിയും നമ്മുടെ നാട്ടിൽ വേരുറച്ചിട്ടില്ല. താത്വികരംഗത്തെ പ്രവർത്തനത്തെ ബുദ്ധിജീവി വ്യായാമമായി കാണുന്ന ശീലവും ചിലപ്പോഴെങ്കിലും പ്രസ്ഥാനങ്ങൾക്കുണ്ട്. ബുദ്ധിജീവിവിരോധം ഒരു കമ്മ്യൂണിസ്റ്റ് ഗുണമാണെന്ന വിശ്വാസദാർഢ്യവും എങ്ങിനെയോ വന്നുപെട്ടിട്ടുണ്ട്. പാതിവെന്ത തത്വങ്ങളായിതത്തെ അതു് പ്രത്യക്ഷപ്പെടുന്നുമുണ്ട്. 'തെളിഞ്ഞചിന്ത' വേണമെന്ന ആഗ്രഹത്തിൽനിന്നുമാത്രം അതുണ്ടാവുകയില്ല—ചിന്തയുടെ ഉപകരണങ്ങൾ കൂടി ഇന്ന് പരിഷ്കരിക്കേണ്ടതുണ്ട്. താത്വിക പരികൽപ്പനകളുടെ സ്ഥലം കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ വിജയപരാജയങ്ങളുടെ ദേശപരിമിതികൾക്കുള്ളിലാണോ? വിചാരത്തിന്റെ ഉപകരണങ്ങൾ ആപേക്ഷികമായെങ്കിലും മൂല്യമുക്തമാകേണ്ടതില്ലേ!

ഒരു പാർട്ടിലൈനുമായി ഐക്യപ്പെടാതെ തന്നെ പ്രതിലോമാശയങ്ങൾക്കെതിരായി 'താത്വികരംഗത്തെ വർഗസമരം' നടത്തുന്നതിനു് ഇന്ന് കൂടുതൽ പ്രസക്തിയുണ്ട്—വിപ്ലവത്തിന്റെ ഇന്ത്യൻ പാത ഇനിയും ഉരുത്തിരിഞ്ഞിട്ടില്ല എന്നു കരുതുന്നവരെ സംബന്ധിച്ചിടത്തോളമെങ്കിലും—ഒരു പ്രത്യേക കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രാഷ്ട്രീയ വിജയ (പരാജയ)വുമായുള്ള അടിയന്തിരബന്ധമാണ് മാർക്സിസത്തെ ലോകത്തെ വ്യാഖ്യാനിക്കാനും മാററിത്തീർക്കുവാനും പ്രാപ്തമാക്കുന്നതെന്നു് നിർബ്ബന്ധിക്കാതിരിക്കലാവില്ലേ ഈ ഘട്ടത്തിലെങ്കിലും ശരി?

വളരെ തെററുതിരുത്തലുകൾ സംഭവിച്ചിട്ടുള്ള മാർക്സിസ്റ്റ് രാഷ്ട്രീയ പ്രസ്ഥാനങ്ങൾ സൈദ്ധാന്തികാന്വേഷണങ്ങൾക്ക് നൽകേണ്ട ആപേക്ഷിക സ്വാതന്ത്ര്യത്തിന്റെ പ്രസക്തി ഇവിടെയാണ്. ജനാധിപത്യ കേന്ദ്രീകരണത്തിന്റെ തത്വങ്ങളുടെ കാലുഷ്യം ഈ മേഖലയിലേക്ക് വ്യാപിക്കുന്നതു് കേന്ദ്രീകരണത്തിന്റെ ഉന്നത ലക്ഷ്യങ്ങൾക്കുതന്നെ ദോഷം ചെയ്യുമെന്നുറപ്പാണ്.

ഇന്ന് പ്രായോഗിക പ്രവർത്തനങ്ങളോടും താത്വികഗവേഷണങ്ങളോടും മുഖംതിരിക്കൽ ഒരുപോലെ അപകടമാണ്. സിദ്ധാന്തത്തെ പ്രയോഗത്തിന്റെ ദാസ്യവൃത്തിയിൽനിന്നു് മോചിപ്പിക്കാനുള്ള മലയാളിയുടെ ഏതൊരു ശ്രമവും ഈ അപകടബോധത്തിന്റെ മുന്നറിവിൽ നിന്നുതന്നെ തുടങ്ങുന്നതാവും ശരി.

* * * *

ഇടതുപക്ഷ സാഹസികലൈൻ, റിവിഷനിസ്റ്റ് ലൈൻ—ഇനിയിതാ ശരിയായ വിപ്ലലൈൻ—ഇങ്ങനെ 'ക്ലീൻ' ആയ വിഭജനം ഇന്ത്യൻ ഇടതുപക്ഷ രാഷ്ട്രീയത്തിൽ ഇന്ന് സംഭവിച്ചിട്ടില്ല. അവിഭക്തകമ്മ്യൂണിസ്റ്റ്പാർട്ടിയുടെസമരാനുഭവങ്ങളും സി.പി.ഐ സി.പി.എം., സി.പി.ഐ. (എം.എൽ.) ഗ്രൂപ്പുകൾ—ഈ വേർതിരിവുകൾക്ക്ശേഷം ഓരോ വിഭാഗവും പ്രതിനിധാനംചെയ്യുന്ന പൊതുദിശാബോധത്തിന്റെ പാഠങ്ങളുമാണ് നമുക്കുള്ളതു്. ഇടതുപക്ഷ മുദ്രാവാക്യങ്ങളുടെക്ഷാമംകൊണ്ട് ഇന്ത്യൻവിപ്ലവത്തിനു് ആദ്യകാലങ്ങളിൽ ദ്രോഹമൊന്നും സംഭവിച്ചിട്ടില്ലെന്നു് 1921മുതലുള്ള പ്രസ്ഥാന ചരിത്രരേഖകളിൽനിന്നു് മനസ്സിലാക്കാവുന്നതേയുള്ളൂ—തീവ്ര ഇടതുപക്ഷ മുദ്രാവാക്യങ്ങളുടെ തിരക്ക് അത്രയുണ്ടായിരുന്നു. ഏററവും ചുവന്ന ചെങ്കൊടി ഏററവും എളുപ്പത്തിൽ വിപ്ലവത്തെ വിജയിപ്പിക്കുകയില്ല എന്ന അനുഭവം സാഹസികർക്ക് പഠിക്കാവുന്നതാണ്.

# രാഷ്ട്രീയ–സാംസ്ക്കാരിക കുറിപ്പുകൾ

ഇടതുപക്ഷ സാഹസികത്വവും വലതുപക്ഷ അവസരവാദവും ഒരേ നാണയത്തിന്റെ ഇരുവശങ്ങളാണ്—സ്വന്തം സമരാനുഭവങ്ങളിലൂടെ ഇതു് കണ്ടെത്തിയതു് ഒരളവുവരെ വിജയം നേടിയ വിപ്ലവപ്രസ്ഥാനങ്ങളാണ്. അപ്പോഴും, ഒരു സാമൂഹ്യ യാഥാർത്ഥ്യത്തിന്റെ നിശ്ചിതവും മൂർത്തവുമായ ഘട്ടത്തിൽ മാത്രമേ, ഏതേതു് അടവുകളും തിരുത്തൽവാദപരം അല്ലെങ്കിൽ സാഹസികം ആയിത്തീരുന്നുവെന്ന അവസാനതീർപ്പ് സാദ്ധ്യമാവൂ എന്നുകൂടി പ്രസ്ഥാനനേതാക്കൾ പറഞ്ഞിട്ടുണ്ട്. നയപരമായ പ്രതിസന്ധിയെ മറികടക്കാനുള്ള താത്വിക പരിശ്രമങ്ങൾക്ക് മടികാണിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് 'തിരുത്തൽവാദ—സാഹസിക' രീതികൾ താത്വികച്ചെൽട്ടറുകൾ മാത്രമാണ്.

സാഹസികർ നടത്തുന്നതു് വിപ്ലവാഭാസമാണ് (ഇ. എം. എസ്സ്.) എന്നുപറയുന്നതിൽ ഒരു ലെനിനിസ്റ്റ്നിലപാടുണ്ട്. പക്ഷെ സി. പി. ഐ. (എം. എൽ.) ഗ്രൂപ്പുകളുടെ നയം ശരിയായിരുന്നില്ല എന്ന ഏക കാരണത്താൽ സി. പി. ഐ. സി. പി. എം. പാർട്ടികൾ ഇന്ത്യക്കനുയോജ്യമായ വിപ്ലവതന്ത്രം വികസിപ്പിച്ചെടുത്തു എന്ന് കരുതാമോ? ലക്ഷണയുക്തമായ ഒരു സി. പി. ഐ. (എം. എൽ.) ഇടതുപക്ഷ സാഹസികത്വത്തെ അങ്ങിനെ കണ്ടെത്തിയതുകൊണ്ട് നമ്മുടെ നയപരമായ പ്രതിസന്ധി തീരെ മനസ്സിലാകാതെ വരുന്നതു് ഇന്ത്യൻ വിപ്ലവത്തിന്റെ ഉത്തര താല്പര്യങ്ങൾക്ക് അനുഗുണമല്ലെന്ന് തീർച്ച (ഭരണകൂടം, ചൂഷണം, തിരുത്തൽവാദം എന്നീ വാക്കുകളോടൊപ്പം ഇടതുപക്ഷ സാഹസികത്വവും—അതിന്റെ വികാര നിർഭരതകൊണ്ടാവാം—ശാസ്ത്രീയമായ അർത്ഥധ്വനികളെ അതിലംഘിച്ച് ശകാരപദങ്ങളായി മാത്രം ഒതുങ്ങിപ്പോയിട്ടുണ്ട് എന്ന് മറക്കരുതു്.)

ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പരിശ്രമങ്ങൾ വേണ്ടത്ര വിജയിക്കാത്ത ഘട്ടങ്ങളിൽ—1951ലും 1967ലും—കണ്ടെത്തിയ കാരണങ്ങളിൽ (സാഹസികത്വം, പാർലിമെന്ററി അവസരവാദം) സത്യത്തിന്റെ അംശമുണ്ട്. പക്ഷെ ചരിത്രത്തിന്റെ ആവർത്തനം—തെലുങ്കാനയിൽനിന്നുള്ള ഒരു നക്സൽബാരിയിലേക്കമാത്രം—ഈ സ്ഥിരം കാരണങ്ങളുടെ ഘടനാപരമായ അലസതയെക്കുറിച്ചുകൂടി ഇന്നു നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. സാഹസികമായ (അല്ലാത്തതും) സായുധശ്രമങ്ങൾ പരാജയപ്പെടുത്തുന്നതിൽ സാധാരണ ഗതിയിൽ ഭരണകൂടത്തിന്റെ ആയുധശക്തിക്ക് പങ്കുണ്ട്. അങ്ങിനെ സംഭവിക്കാത്തപ്പോഴും സാഹസികർ ജനതയിൽ നിന്ന് ഒറ്റപ്പെടുന്നതു് ഒരു നയത്തിന്റെ പൂർണ്ണപരാജയത്തിന്റെ മാത്രം ലക്ഷണമാണ്. സി. പി. ഐ., സി. പി. എം. പാർട്ടികളുടെ പാർലിമെന്ററി അവസരവാദം മൂലമാണ് പാർലിമെന്റേതര വിപ്ലവപ്രസ്ഥാനം ഇന്ത്യയിൽ വിജയിക്കാത്തതു് എന്ന് സി. പി. ഐ. (എം. എൽ.) 67—ലെപോലെ ഇപ്പോഴും ശഠിച്ചുകൂടാത്തതാണ്.

നിയമനിർമ്മാണസഭകളും ഭരണവും വിപ്ലവത്തിന്‌വേണ്ടി ഉപയോഗിക്കണം—ഈ പൊതുനിലപാടിന്റെ കാര്യത്തിൽ സംശയം തീർന്ന പ്രസ്ഥാനങ്ങളുടെ താത്വികമായ അലസത മറ്റൊരുതരത്തിലാണ്—തെരഞ്ഞെടുപ്പ് സമരം ഒരു മുഖ്യ സമരരൂപമായി അംഗീകരിച്ചതിന് ശേഷമുണ്ടായ അനുഭവങ്ങൾ—ഭരണവും സമരവും, ഐക്യമുന്നണി, പരിഷ്ക്കാരങ്ങൾ—സാഹസികരെപ്പോലെയല്ല വിലയിരുത്തേണ്ടതു്. ഒരു തെരഞ്ഞെടുപ്പ് പരാജയത്തിന്റെ സമയത്തു് തെരഞ്ഞെടുപ്പുകളല്ല നമുക്ക് പ്രധാനം എന്ന വാദം സുഖകരമല്ല—തെരഞ്ഞെടുപ്പുകളേക്കാൾ മഹത്തായ ലക്ഷ്യങ്ങളെക്കുറിച്ചുകൂടി ഓർമ്മിപ്പിക്കുവാനാണെങ്കിൽപ്പോലും.

'സമരോത്സുകമായ ബഹുജനപ്രസ്ഥാനങ്ങൾക്ക് കീഴ്പ്പെട്ട പാർലിമെന്ററി പ്രവർത്തനം' എന്ന ആശയം ഒരു രാജ്യത്തിന്റെ മൂർത്തമായ സാഹചര്യത്തിൽ വികസിക്കുമ്പോൾ രാഷ്ട്രീയ നേതൃത്വം അതിനെ ബോധപൂർവ്വം നയിക്കേണ്ടതുണ്ട്. ഭരണവർഗങ്ങൾക്ക് ബദലായ ഒരു സമാന്തര സാമ്പത്തിക പരിപാടിയുടെ അടിസ്ഥാനത്തിൽ ജനങ്ങളെ ഉണർത്തുവാൻ കഴിയാത്തതുകൊണ്ടാണ്. തെരഞ്ഞെടുപ്പ്പരാജയമെങ്കിൽ അത്തരം പരിപാടികൾ ആലോചനാവിഷയമായി തീരേണ്ടതുണ്ട്.

തെരഞ്ഞെടുപ്പിലൂടെയും മന്ത്രിസഭകളിലൂടെയും സോഷ്യലിസം സ്ഥാപിക്കപ്പെടുകയില്ല എന്ന സത്യപ്രസ്താവനയുടെ അർത്ഥം—ഞങ്ങൾ തെരഞ്ഞെടുക്കപ്പെട്ടാൽ അതു പിന്തുണയല്ല, സായുധമായി ഞങ്ങളെ ജനങ്ങൾ അധികാരത്തിലേറ്റുകയാണ് വേണ്ടതു് എന്നാണോ? ചൂഷകവർഗങ്ങൾക്ക് പലപ്പോഴും പ്രാമുഖ്യമുള്ള മേഖലയിൽപ്പെട്ട് ജനങ്ങളെ സമരസജ്ജരാക്കുന്ന സോഷ്യലിസ്റ്റ് രാഷ്ട്രീയകടമ ഞങ്ങൾ മറക്കുകയില്ല എന്നുമാത്രമല്ലേ അതിന്റെ ലെനിനിസ്റ്റ് ഉള്ളടക്കം? എല്ലാ പരിഷ്ക്കാരങ്ങളും വിപ്ലവത്തെ വൈകിക്കുന്നു എന്ന വികലധാരണയും ചരിത്രത്തിനു നിരക്കാത്തതാണ്—എല്ലാ സായുധകലാപങ്ങളും വിപ്ലവത്തിന് സംഭാവനയാണ് എന്ന ധാരണപോലെതന്നെ.

ധാർമ്മിക ബോധനങ്ങൾ എന്ന അവസ്ഥയിൽനിന്ന് റിവിഷനിസ്റ്റ്—സാഹസിക 'അരുതായ്കകളുടെ' ചർച്ചകൾ കേരളത്തിലും ഇന്ത്യയിലും മാറി വരുന്നുണ്ടെന്നതു് ആശ്വാസകരമാണ്.

ആണ്ടിലൊരിക്കൽ ഒരു പോലീസ് സ്റ്റേഷനാക്രമണം, ഇടക്ക് വർഗ്ഗശത്രുവെ ആക്രമിക്കുമെന്ന ഭീഷണി—ഇത്തരം സാഹസികത്വം കൊണ്ടൊന്നും ബഹുജനാടിത്തറയുള്ളൊരു കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം തകർന്നുപോകുകയില്ല. പക്ഷെ അത്തരം പ്രവർത്തനങ്ങളാണ് ശരിയായ വിപ്ലവപ്രവർത്തനം എന്ന ആശയം സ്വന്തം അണികൾക്കിടയിൽ പ്രചരിക്കുന്നതു് പാർട്ടികൾ തടയേണ്ടതുണ്ട്. ഈ പ്രസ്ഥാനങ്ങളുടെ തന്നെ നയപരമായ പ്രതിസന്ധികാരണമല്ലേ ഇങ്ങിനെ സംഭവിക്കുന്നതു്? ഞങ്ങൾ മുമ്പ് സായുധസമരം നടത്തിയിട്ടുണ്ട്—ഇനിയും വേണ്ടിവന്നാൽ നടത്തും—ഇത്തരം വിചാരധാരകളുടെ അടിത്തറയിൽ സാഹസികർക്കെതിരായ രാഷ്ട്രീയസമരം നടത്താനാവുകയില്ല. സായുധമായ സമരരൂപത്തോടുള്ള ആരാധന ലെനിനിസ്റ്റ് വിരുദ്ധമാണ്—വിപ്ലവപ്രസ്ഥാനങ്ങളുടെ ഇതുവരെയുള്ള അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ന് ഈ പാഠം ഉൾക്കൊള്ളാനുള്ള രാഷ്ട്രീയ കാലാവസ്ഥ ഇന്ത്യയിലുണ്ട്. മഹാത്മാഗാന്ധിയുള്ളതുകൊണ്ട് കമ്മ്യൂണിസ്റ്റുകാർക്ക് സ്വാതന്ത്ര്യസമരം സായുധമായി വിജയിപ്പിക്കാനായില്ല; സി.പി.ഐ(എം. എൽ)ഗ്രൂപ്പുകളുടെസാഹസികത്വസിദ്ധാന്തപ്രചാരംമൂലം ബഹുജനപ്രസ്ഥാനംവിജയിപ്പിക്കാനായില്ല ,സി.പി.ഐ.,സി. പി.എം.

## രാഷ്ട്രീയ-സാംസ്കാരിക കുറിപ്പുകൾ

പാർട്ടികളുടെ തിരുത്തൽവാദംകൊണ്ട് സി. പി. ഐ. (എം. എൽ) ഗ്രൂപ്പുകൾക്ക് ചുവപ്പ് സൈന്യലോങ്മാർച്ച് നടത്താനായില്ല—ഇടതുപക്ഷ പരാതികളുടേയും അർദ്ധസത്യങ്ങളുടേയും ഈ ദൈന്യത്തിൽനിന്നും ഇന്ത്യൻ ചരിത്രത്തിന്റെ മൂർത്ത യാഥാർത്ഥ്യത്തിലേക്ക് നാം ഇനിയെങ്കിലും ഉണരേണ്ടതില്ലേ?

ഭരണകൂടത്തിന്റെ ആയുധശക്തിയെ മാത്രം ഭരണകൂടമായി കാണുന്നിടത്തോളം 'സായുധസമരം മാത്രമാണ് മോചനമാർഗ്ഗം'. ഭരണകൂടത്തെ കുറിച്ചുള്ള ഇത്തരം ഒരു ഉപകരണ സങ്കൽപ്പം ഇന്ത്യയിലെ മിക്കവാറും എല്ലാ കമ്മ്യൂണിസ്റ്റ് വിഭാഗങ്ങളും പങ്കുവെക്കുന്നുണ്ട്—'ഒരു വർഗ്ഗത്തിന് ഇതരവർഗ്ഗത്തെ അടിച്ചമർത്തുന്നതിനുള്ള ഉപകരണം' എന്ന ഭരണകൂടനിർവ്വചനം, ഇവിടെ ഭരണകൂടമേയില്ല എന്ന് കരുതിപ്പോരുന്നവരുടെ കണ്ണുതുറപ്പിക്കാൻ സഹായകമാണ്—അത്രമാത്രം. അധികാരം എന്നാൽ ഡൽഹിയിലെ ചെങ്കോട്ട, അവിടെ ചെങ്കൊടി പാറിക്കൽ, അധികാരസ്ഥാപനം—ഈ കൽപ്പനകൾക്ക് അവ നൽകിയേക്കാവുന്ന സുഖപ്രതീക്ഷകളൊഴിച്ചാൽ ശാസ്ത്രീയാടിസ്ഥാനമൊന്നുമില്ല. നിരന്തരം തുടരുന്ന (മാർക്സ്) ഒരു സാമൂഹ്യവിപ്ലവത്തെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയാധികാരത്തെക്കുറിച്ചുള്ള മേൽപറഞ്ഞ സങ്കല്പങ്ങൾ അപൂർണ്ണമാണ്. ബൂർഷ്വാ റെയിൽപാളങ്ങളുടെ സ്ഥാനത്ത് തൊഴിലാളിവർഗ്ഗ റെയിൽപാളങ്ങൾ പുനഃസ്ഥാപിക്കാനുള്ള ചിലരുടെ ആവേശത്തെക്കുറിച്ച് സ്റ്റാലിൻ പറഞ്ഞത് ('മാർക്സിസവും ഭാഷാപ്രശ്നവും') ഇന്ന് ഓർക്കാവുന്നതാണ്. ഭരണകൂടം പ്രധാനമായും വർഗ്ഗസമരത്തിന്റെ വേദിയാണ് എന്ന തിരിച്ചറിവ് രാഷ്ട്രീയാധികാരം പിടിച്ചെടുക്കൽ എന്ന ലെനിനിസ്റ്റ് സങ്കൽപ്പത്തിന്റെ തീവ്രവ്യാഖ്യാന സാദ്ധ്യതകളിൽനിന്ന് നമ്മെ രക്ഷിച്ചേക്കും. ചെങ്കോട്ടയിലെ ചെങ്കൊടിയുടെ ഉട്ടോപ്യയിൽനിന്ന് 'ഭരണകൂടവും' 'രാഷ്ട്രീയാധികാരവും' ഇറങ്ങിവരേണ്ട സമയമായിട്ടില്ലേ?

സി. പി. എം. മൈനസ് സി. പി. ഐ. (എം. എൽ.), സി. പി. ഐ. മൈനസ് ഡാങ്കേ ഗ്രൂപ്പ്—പിളർപ്പിന്റെ ഈ ചരിത്രബോധം തന്നെയാവും ഇടതുപക്ഷ രാഷ്ട്രീയത്തിന്റേയും ഇന്ത്യൻ വിപ്ളവത്തിന്റേയും പുതുപ്പിറവിയുടെ അടിത്തറ. ഇന്ത്യൻ ജനതക്ക് മുമ്പിൽ പരീക്ഷിച്ച് തീർന്ന നയങ്ങളുടെ പുനരാവർത്തനങ്ങൾ ഒഴിവാക്കപ്പെടുകതന്നെവേണം—പരസ്പരം വേർതിരിഞ്ഞ് ആശയസമരം നടത്തി ശരിയായ നയത്തെ ഉൽപ്പാദിപ്പിക്കാൻമാത്രം താത്വിക വ്യക്തതയോ പ്രായോഗിക വിജയമോ രാഷ്ട്രീയ പ്രസ്ഥാനങ്ങളിലേതെങ്കിലും ഒന്നുമാത്രം തനതായി ഇനിയും നേടിയിട്ടില്ല. തന്ത്രത്തിന്റെ കാര്യത്തിൽ ഒരു താത്വിക 'ബ്രേക്ക്-ത്രൂ' സംഭവിക്കാൻമാത്രം ഇന്ത്യൻ വിപ്ളവത്തിന് പ്രായമായിട്ടുണ്ട്. എങ്കിലും ഓരോ പാർട്ടിക്കും സ്വന്തം സംഘടനാ നിയമങ്ങളുള്ളപ്പോൾ, ആശയസമരത്തിൽ അച്ചടക്കനിയമങ്ങൾ കടന്നുവരാനുള്ള സാദ്ധ്യതയുള്ളപ്പോൾ, ഉയർന്ന നിലവാരത്തിൽ നടക്കേണ്ട ആശയസമരങ്ങൾ ദുർവാശികളായി തീർന്നുകൂടെന്നില്ല. സമരാനുഭവങ്ങളുടെ പക്വതയുള്ള നേതൃത്വം 'ഇടതുപക്ഷ ഐക്യ'ത്തിന്റെ വിചാരപരമായ പ്രാധാന്യം മനസ്സിലാക്കാതിരുന്നാൽ എല്ലാ സൈദ്ധാന്തികാന്വേഷണങ്ങളും, ആരാണ് കമ്മ്യൂണിസ്റ്റ് ആരല്ല കമ്മ്യൂണിസ്റ്റ് എന്നീ ധാർഷ്ട്യങ്ങളിലേക്ക് വീണ്ടും തിരിയാനാണിട.

ഇറ്റാലിയൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽനിന്ന് അറുപതുകളുടെ ഒടുവിൽ പുറത്താക്കപ്പെട്ട മാനിഫെസ്റ്റോ ഗ്രൂപ്പിലെ ലൂയിമാഗ്രി സെൻട്രൽ കമ്മറ്റിയിലേക്ക് തിരിച്ചുവന്നത് ഈയിടെയാണ്. ഇറ്റലിയിൽ 500 ഓളം ഐക്യസമ്മേളനങ്ങൾ നടന്നു. തൊഴിലാളികൾ പറഞ്ഞത് ഇങ്ങിനെയാണ്: 'പുറത്തുപോയ നിങ്ങൾ നിങ്ങളുടെ അനുഭവങ്ങളുമായി തിരിച്ചുവരുന്നു. ഞങ്ങൾ നിങ്ങളെ ഒരിക്കലും അന്യരായി കണ്ടിട്ടില്ല'. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ജീവത്തായ അനുഭവങ്ങളിലൂടെ കടന്നുപോന്ന എല്ലാ നിലവാരങ്ങളിലുമുള്ള കേഡർമാർക്കും തൊഴിലാളികളുടെ ഈ ലളിതമായ വാക്കുകൾ പാഠമാകേണ്ടതാണ്. 'ഇടതുപക്ഷ ഐക്യ'ത്തിന്റെ താത്വികമായ മുനയും പ്രയോഗ സാദ്ധ്യതകളും ചൂഷകവർഗ്ഗങ്ങളുടെ താല്പര്യങ്ങൾക്കുമാത്രം എതിരായതാണ്; ജനങ്ങൾ ആഗ്രഹിക്കുന്നതും. അതുകൊണ്ട് ആരായിരുന്നു വലതു് ആരാണ് ഇടതു്, ഈ പഴയ വിവാദങ്ങളെങ്കിലും നമുക്ക് സംസ്കരിക്കുക അവ അർഹിക്കുന്ന ബഹുമതികളോടെതന്നെ.
(ഗ്രാംഷി)

—ജെ.

## പ്രസിഡണ്ട് തിരഞ്ഞെടുപ്പിനു മുൻപ്

ഒന്നുകിൽ കോൺഗ്രസ്സ് അല്ലെങ്കിൽ ബൂർഷ്വാ പ്രതിപക്ഷം—ഈ 'വിധി'യിൽനിന്ന് ഇന്ത്യൻ ജനതക്ക് മോചനമില്ലെന്ന് തറപ്പിച്ചുപറയാൻ ഏററവും കടുത്ത അശുഭചിന്തകനുപോലും ഇന്ന് മടിയുണ്ടാകും. ഹരിയാന തിരഞ്ഞെടുപ്പ് ഫലം, പ്രസിഡണ്ട് തിരഞ്ഞെടുപ്പിനെ ചുററിപ്പററിയുള്ള രാഷ്ട്രീയസംഭവങ്ങൾ—ഇവയെല്ലാം ഇടതുപക്ഷബദൽ എന്ന ആശയത്തെ 'അക്കാഡമിക്' സൗഖ്യങ്ങളിൽനിന്ന് വീണ്ടും ഭൂമിയിലേക്ക് എത്തിച്ചിട്ടുണ്ട്. എന്നാൽ മോഹവിശ്വാസങ്ങളുടെ ലഹരിയിൽ, യാഥാർത്ഥ്യബോധമില്ലാത്ത അടവുകൾ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ സ്വീകരിക്കാതിരിക്കൽ തന്നെയാവും ശരി.

തിരഞ്ഞെടുപ്പുകളിലൂടെസംഭവിക്കുന്ന ഭരണമാററങ്ങൾ ഭാഗിക വിജയങ്ങളും തന്നെയാണ്. തീവ്രവാദത്തിന്റെ സ്വയംഭദ്രമായ ചിന്താവ്യവസ്ഥയിൽ ഈ 'ചെറിയ' കാര്യങ്ങൾക്ക് 'നില്ക്കള്ളി'യില്ല. അതുകൊണ്ട് ഭാഗിക വിജയങ്ങളെ ഉറപ്പിക്കുകയും, ആത്യന്തികലക്ഷ്യത്തിനായുള്ള സമരത്തിലേക്ക് അടുപ്പിക്കുകയും ചെയ്യുകയെന്ന അത്രതന്നെ 'റൊമാൻറിക്' അല്ലാത്ത കടമകൾ അത്തരം പ്രസ്ഥാനങ്ങളുടെ ഉറക്കം കെടുത്താറുമില്ല. കാലിക രാഷ്ട്രീയാവസ്ഥകളിൽ അപ്പോഴപ്പോൾ സ്വീകരിക്കേണ്ട അടവുകൾ, തീവ്രവാദമുക്തമായ കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ മാത്രം ബാദ്ധ്യതയായി മാറുന്നു. സവിശേഷ സാഹചര്യങ്ങളിൽ സ്വീകരിക്കുന്ന അടവു

കളുടെ 'ശരികേട്''കൊണ്ട്' കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾക്ക് താൽക്കാലികപരാജയങ്ങൾ സംഭവിക്കുന്നതും 'അത്ഭുതവാർത്ത'യാകേണ്ടതില്ല. 'താൽക്കാലിക പരാജയ'ങ്ങളെയും ഉൾക്കൊള്ളാവുന്ന ചിന്താപദ്ധതിയുടെ അഭാവത്തിൽ ചുരുങ്ങിയ അവസരങ്ങളിലെങ്കിലും തീവ്രവാദ'ബാധ'യില്ലാത്ത പ്രസ്ഥാനങ്ങളും പരാജയങ്ങളിൽനിന്ന് പാഠങ്ങൾ പഠിക്കാതെ, ആത്യന്തിക ലക്ഷ്യത്തിന്റെ ഓർമ്മപുതുക്കി ആശ്വസിക്കാറുണ്ട്. സ്വന്തം വിജയങ്ങളിൽ ആവേശം കൊള്ളാനില്ലാത്തതുകൊണ്ടാവാം 'തിരുത്തൽവാദികളുടെ' തിരഞ്ഞെടുപ്പു വിജയങ്ങളെ 'വിലയിരുത്തി ഇല്ലാതാക്കുവാൻ' കേരളത്തിലെ പാർലിമെന്റേതര വിപ്ലവഗ്രൂപ്പുകൾ കാണിക്കുന്ന തിടുക്കത്തിലും 'തിരുത്തൽവാദികളുടെ' പരാജയങ്ങൾ, 'സായുധവിപ്ലവ'മല്ലാതെ മാർഗമേതുമില്ലെന്ന 'നേരത്തെ അറിയപ്പെട്ട' തത്വത്തിന്റെ വെളിപ്പെടലായി തീവ്രവാദത്തിന്റെ ചിന്താപരിസരങ്ങളിൽ അവതരിക്കുന്നതിലും, ഭാഗികവിജയങ്ങളോടൊപ്പം താൽക്കാലിക പരാജയങ്ങളേയും ഉൾക്കൊണ്ടു പ്രവർത്തിക്കുന്ന ലെനിനിസ്റ്റ് പാർട്ടി പ്രവർത്തനസങ്കൽപത്തിന്റെ അഭാവമുണ്ട്. 'അധികാരഘടനയിലെ അടിസ്ഥാനപരമായ മാററം' പലപ്പോഴും തീവ്രവാദത്തിന്റെ സ്വപ്നങ്ങളുടെമേഖലയിൽ അഭയംതേടുന്നതു്, തീവ്രവാദത്തിനെതിരെ പ്രഖ്യാപിത നിലപാടുകളുള്ള കമ്മ്യൂണിസ്ററ് പാർട്ടികൾക്ക് മേൽപറഞ്ഞ ലെനിനിസ്ററ് പാർട്ടി പ്രവർത്തനശൈലി ഇന്ത്യയിൽ നടപ്പാക്കുമ്പോൾ സംഭവിച്ച 'പാളിച്ചകൾ'കൊണ്ടുകൂടിയല്ലേ.

മുതലാളിത്തത്തിനെതിരായ ഇന്ത്യൻ ജനതയുടെ അസംതൃപ്തി തിരഞ്ഞെടുപ്പിലൂടെ പ്രകടമാവുമ്പോഴെല്ലാം അതിന്റെ നായകസ്ഥാനത്തുനിന്ന് തൊഴിലാളിവർഗം പലപ്പോഴും ഒഴിവാക്കപ്പെടുന്ന അവസ്ഥ ഒരു സാംസ്കാരികപ്രശ്നമല്ല. മുതലാളിവർഗങ്ങൾക്കിടയിലെ മത്സരങ്ങൾ തൊഴിലാളിവർഗ പ്രസ്ഥാനത്തിന് അനുകൂലമായിത്തീരുന്നതു് ദേശീയമായി ഉശിരൻ ബഹുജന പ്രസ്ഥാനങ്ങൾ, ഉറച്ച പാർട്ടി സംഘടന; ഇതിന്റെയെല്ലാം അടിത്തറയായ ശരിയായ വിപ്ലവതന്ത്രം—ഇവയെല്ലാം നിലനിൽക്കുമ്പോൾ മാത്രമാണ്. ഇക്കാര്യങ്ങളിലെല്ലാം സംഭവിച്ച പാളിച്ചകൾ ഇന്ത്യൻ കമ്മ്യൂണിസ്ററ് പ്രസ്ഥാനത്തിന്റെ വളർച്ചയുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടതുതന്നെയാണ്. കോൺഗ്രസ്സിനേക്കാളും ബൂർഷ്വാപ്രതിപക്ഷത്തേക്കാളും ഭേദം കമ്മ്യൂണിസ്ററ് പ്രസ്ഥാനമാണെന്ന യഥാർത്ഥ അവസ്ഥ ഇന്ത്യൻ വിപ്ലവത്തിന്റെ ഘട്ടത്തെക്കുറിച്ചുള്ള (ജനാധിപത്യ വിപ്ലവമോ, സോഷ്യലിസ്ററ് വിപ്ലവമോ?) സംശയനിവാരണത്തിന്റെ ഒടുവിൽ മാത്രമെ പരിഹാര സാദ്ധ്യതയുള്ള വിഷയമാവൂ. സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പു വിജയങ്ങളും, ജനാധിപത്യ തത്വങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന പ്രസിഡണ്ടും, അപ്പോൾ മാത്രമെ അധികാരഘടനയെ തന്നെ മാററുന്ന സോഷ്യലിസ്ററ് വിപ്ലവത്തിന്റെ ഭാഗമാവൂ. 'തമ്മിൽഭേദം കോൺഗ്രസ്സല്ലേ' ഇത്യാദി ചോദ്യങ്ങളും അത്തരം സാഹചര്യത്തിൽ മാത്രമേ ഉയർന്നുവരാതിരിക്കുകയുള്ളു.

കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പിളർപ്പിലേക്ക് നയിച്ച നിരവധി പ്രശ്നങ്ങളിൽ വേണ്ടത്ര ചർച്ച ചെയ്യപ്പെടാതെപോയ പാളിച്ചകളിൽ പ്രധാനമായതു് ഘട്ടത്തെക്കുറിച്ചുള്ള ധാരണകൾ തന്നെയാണ്. സോഷ്യലിസ്റ്റ് പരിവർത്തനത്തിന്റെ സാദ്ധ്യതകൾ അത്ര വിദൂരമല്ലാതിരിക്കുക, വിപ്ലവത്തിന്റെ ഘട്ടനിർവ്വചനം ബൂർഷ്വാജനാധിപത്യ ചങ്ങലയിൽ, ഒരളവുവരെ കഴിയുക—ഈ അവസ്ഥയിൽ അടവുപരമായ തീരുമാനങ്ങൾ പൂർണ്ണമായും ശരിയായിരിക്കുക അസാദ്ധ്യമാണ്. സ്ഥിതിയോടു് സംവദിക്കുന്ന അടിസ്ഥാനതന്ത്രത്തിന്റെ പ്രതിസന്ധി, (അങ്ങിനെ വിളിക്കാമെങ്കിൽ) ഇന്ത്യയിലെ കാലിക സംഭവങ്ങളോടു് പ്രതികരിക്കുന്ന അടവുകളിൽ നിഴലിച്ചേക്കാം. 'ഇടതുപക്ഷ ബദലിനു സാദ്ധ്യതയില്ല' എന്നു പറയേണ്ടി വരുന്നതിൽ ഇന്നത്തെ പരിതസ്ഥിതിയുടെ വസ്തുനിഷ്ഠമായ വിശകലനത്തിന്റെ യാഥാർത്ഥ്യബോധത്തോടൊപ്പം, പിളരേണ്ടതില്ലാത്തസമയത്തു് പിളർന്നുപോയ ഒരു കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ മുൻകാലചരിത്രത്തിന്റെ മുറിപ്പാടുകളുമില്ലേ? ഒരു യഥാർത്ഥ ഇന്ത്യൻ പാത കണ്ടെത്തുന്നതിൽ മുഴുവൻ വിജയം കണ്ടെത്താത്ത തന്ത്രത്തിന്റെ പ്രതിസന്ധിയുമില്ലേ? ഈ സാഹചര്യത്തിലും ഇന്ത്യൻ രാഷ്ട്രീയത്തിൽ ഒരളവുവരെ നിർണ്ണായക സ്വാധീനം നിലനിത്താൻ തൊഴിലാളിവർഗ പ്രസ്ഥാനത്തിനു കഴിഞ്ഞുവെന്നതിൽ (ബി ജെ.പി. ഒഴിച്ചുള്ളകക്ഷികളെ കോൺഗ്രസ്സിനെതിരെ ഏകോപിപ്പിച്ചതു്) ഭാവി സാദ്ധ്യതകൾ ഉൾകൊള്ളുന്ന തത്വാധിഷ്ഠിതമായഒരുനിലപാടിന്റെവിജയംതന്നെയായാണ് കാണേണ്ടതു്. രാഷ്ട്രപതി സ്ഥാനാർത്ഥി നിർണ്ണയത്തിൽ ഇരു കമ്മ്യൂണിസ്റ്റ് പാർട്ടികളും ഒരുമിച്ച് സ്വീകരിച്ച നിലപാടിന്റെ പരാജയസാദ്ധ്യതയ്ക്കുപോലും, കോൺഗ്രസ്സിന്റെ ചേരിപ്പോരിൽ പങ്കുചേർന്ന് നേടിയെടുക്കുന്ന പ്രസിഡണ്ട് തിരഞ്ഞെടുപ്പിന്റെ വിജയത്തേക്കാൾ രാഷ്ട്രീയമായ ലീനസാദ്ധ്യതകളുണ്ട്.

—ജെ.

ജൂലൈയ് 1987

## ആഗസ്ററ് 15

'സ്വാതന്ത്ര്യപൂർവ്വ കോൺഗ്രസ്സി'നോടുള്ള പൊതുസമീപനത്തിൽ കമ്മ്യൂണിസ്ററുകാർക്ക് പററിയ തെററിന്റെ ഉദാഹരണമാണ് ക്വിററ് ഇന്ത്യാ സമരത്തിലെടുത്ത നിലപാട്. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായ ദേശീയ സമരം വർഗസമരത്തിന്റെ പ്രധാനമുഖമായിരുന്ന ആ കാലത്തു്, എല്ലാ വർഗങ്ങൾക്കും ചേർന്നു സമരം ചെയ്യാവുന്ന ചരിത്രവേദി (historical block) ആയി കോൺഗ്രസ്സിനെ കാണുന്ന താത്വിക ധാരണയുണ്ടായിരുന്നെങ്കിൽ, കോൺഗ്രസ്സിനെ ഇടതുപക്ഷത്തേക്കു നയിക്കുവാൻ കഴിയുമായിരുന്നോ! ഏതായാലും 1947 ആഗസ്ററ് 15നു് സംഭവിച്ചതു് 'വെളുത്ത ഗവർണ്ണർമാരിൽനിന്ന് കറുത്തവരിലേക്കുള്ള' അധികാര കൈമാററം, 'വഞ്ചന' എന്നീ വൈകാരിക പദങ്ങളാൽ 'വിലയിരുത്തപ്പെട്ടപ്പോൾ' രക്ഷപ്പെട്ടതു് കോൺഗ്രസ്സാണ്. കോൺഗ്രസ്സേതര പ്രസ്ഥാനങ്ങളുടെ ത്യാഗപൂർണ്ണമായ സമരത്തിന്റെകൂടി ഫലമായ ദേശീയ സ്വാതന്ത്ര്യത്തിന്റെ 'ഏകാവകാശി'കളായി അഭിനയിക്കുവാനുള്ള അവസരം കോൺഗ്രസ്സിന് ലഭിച്ചു. ഫാസിസത്തിനെതിരായ ആഗോളസമരവും ഇന്ത്യൻ സ്വാതന്ത്ര്യസമരവും തമ്മിലുള്ള ബന്ധത്തിന്റെ സങ്കീർണ്ണതകൾ, ഇ. എം. എസ്സിന്റെ പുസ്തകം കത്തിക്കുന്ന ഒരു ശരാശരി യൂത്ത് കോൺഗ്രസ്സുകാരന്റെ 'ചരിത്രബോധ'ത്തെ ഒരിക്കലും അലട്ടാൻ വഴിയില്ല. 'അറിവില്ലായ്മ'യുടെ ഇത്തരം 'അനുഗ്രഹ'ങ്ങളോടൊപ്പം ദേശീയ സ്വാതന്ത്ര്യത്തെ

ക്കറിച്ചുള്ള 'വിലയിരുത്തലിൽ' (സ്വാതന്ത്ര്യ സമരത്തിലെ പങ്കാളിത്തത്തെക്കുറിച്ചുപോലും തക്കമില്ലാത്തപ്പോൾ) കമ്മ്യൂണിസ്റ്റു കാരുടെ 'അറച്ചുനിൽപ്പ്' കൊണ്ടും ഇന്ന് രാജീവ് ഗാന്ധിയും മററനേകം 'യുവ'ഗാന്ധിമാരും ബദൽ മഹാത്മാഗാന്ധിമാരായി നടനം തുടങ്ങുകയാണ്. ദേശീയ പതാകയേയും കോൺഗ്രസ്സ് കൊടിയേയും ഒന്നായി കാണുന്ന, കോൺഗ്രസ്സിൻെറ താൽപര്യത്തിനിണങ്ങുന്ന ശീലം, സ്വാതന്ത്ര്യാനന്തര കോൺഗ്രസ്സിൻെറ ഭരണാനുഭവം കൊണ്ടുമാത്രം സംഭവിച്ചതല്ലെന്നാണ് തോന്നുന്നത്—സാമ്രാജ്യത്വത്തിനും മുതലാളിത്തത്തിനുമെതിരായ സമരത്തിൽ ദേശീയ സ്വാതന്ത്ര്യം ഒരു വിജയം തന്നെയാണ് എന്ന് നാം അംഗീകരിക്കേണ്ടതുണ്ട്. കമ്മ്യൂണിസ്റ്റുകാരുടെ നേതൃത്വത്തിലല്ലാത്ത 'ഉപദേശീയതക'ളുടെ സാമ്രാജ്യത്വവിരുദ്ധമല്ലാത്ത സമകാലീനസമരങ്ങളെപ്പോലും പിൻതാങ്ങുവാൻ ശ്രമിക്കുന്ന തീവ്രവാദ ഗ്രൂപ്പുകളുടെ 'ആവശ്യാധിഷ്ഠിത' ചരിത്രബോധത്തിൽമാത്രം 'ആഗസ്റ്റ് പതിനഞ്ച് വഞ്ചനയാണ്'' എന്ന വികാര വൈചിത്ര്യം ഉറയുമെന്ന് നമുക്ക് ആശിക്കുക.

'ഇനിയും ഇന്ത്യ സോഷ്യലിസത്തിൽ എത്തിയിട്ടില്ല' എന്ന യാഥാർത്ഥ്യത്തെ '1947ൽ ഇന്ത്യയ്ക്കു സ്വാതന്ത്ര്യം ലഭിച്ചിട്ടില്ല' എന്ന 'ചരിത്ര'മാക്കുന്ന 'പോസ്റ്ററുകൾ' ഒരു സാമൂഹ്യ രൂപീകരണത്തിൻെറ പരിണാമഗതികളുടെ ശാസ്ത്രീയവിശകലനത്തിനു പകരം നിൽക്കില്ല. 'കമ്മ്യൂണിസ്റ്റുകാർ സ്വാതന്ത്ര്യ സമരത്തെ വഞ്ചിച്ചു എന്നിട്ടും ജനങ്ങൾ അവരെ തിരഞ്ഞെടുപ്പിൽ വിജയിപ്പിക്കുന്നു— ഇത്യാദി കോൺഗ്രസ്സ്'' കാലുഷ്യങ്ങൾക്കിടയിലാണ് തീവ്രവാദ പോസ്റ്ററുകൾ പ്രത്യക്ഷപ്പെടുന്നത്—ഇന്ത്യൻസ്വാതന്ത്ര്യത്തെക്കുറിച്ച് വേണ്ടതിലധികം തൃപ്തരായ 'യുവ' കോൺഗ്രസ്സുകാർക്കും ആവശ്യത്തിലധികം 'പ്രതികരണ ബാദ്ധ്യതയുള്ള' തീവ്രവാദത്തിനുമിടയിൽ, ഡി. വൈ. എഫ്. ഐ.യുടെ മനുഷ്യചങ്ങല, മൂന്നാം ലോകത്ത് മുഴുവൻ ഉണ്ടാകേണ്ട യുവജനശക്തിയുടെ സാമ്രാജ്യത്വ വിരുദ്ധ സാദ്ധ്യതകളെഓർമ്മിപ്പിക്കുന്നു. കോൺഗ്രസ്സിൻെറ പൊള്ളയായ അഖണ്ഡതാ'നാട്യങ്ങളോടൊപ്പം, 'ഈ ചങ്ങല പൊട്ടിച്ചെറിയുക' എന്ന ആഹ്വാനം വലതുപക്ഷത്തിൻേറയോ ഇടതുപക്ഷത്തിൻേറയോ എന്നുപോലും വ്യക്തമാകാത്ത വിധത്തിൽ അവതരിക്കപ്പെടുന്നുണ്ട്. ഒരു പ്രതീകാത്മക പ്രവർത്തനം എന്ന നിലയിൽ 'മനുഷ്യചങ്ങല!'—ഇത്ര വലിയ അളവിൽ അമർഷം സൃഷ്ടിക്കേണ്ടതില്ലാത്തതാണ്—'കപടദേശാഭി'മാനത്തിൽ'പെട്ട് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ യുവജനങ്ങൾ വർഗസമരം മറന്നുപോകുമോ എന്ന ആശങ്കകളെ അസ്ഥാനത്താക്കുന്നവിധത്തിൽ ഭീകരമാണ് ഈ അസൂയാ—അമർഷങ്ങൾ. 'ചങ്ങലകൾ' എന്നും അസ്വാതന്ത്ര്യത്തിൻേറയും 'പൊട്ടിച്ചെറിയൽ' മോചന പ്രഖ്യാപനത്തിൻേറയും വികാരം ഉൾക്കൊണ്ട് ഭാഷയിൽ നീണ്ടകാലം നിലനിന്നിട്ടുള്ളതുകൊണ്ട്; ഡി. വൈ. എഫ്. ഐ. മനുഷ്യചങ്ങല തീർക്കുന്നതിലുള്ള എതിർപ്പ്; സി. എം. പി. യിലേയും സി. പി. ഐ. (എം.എൽ.) ഗ്രൂപ്പുകളിലേയും, കോൺഗ്രസ്സ് (ഐ)യിലെപ്പോലും സാമ്രാജ്യത്വത്തെ എതിർക്കുന്ന യുവാക്കൾക്കിടയിൽ ഒരു 'അലങ്കാര' പ്രശ്നമായി മാത്രം ശേഷിക്കുമെന്ന് നമുക്ക് ആശ്വസിക്കുക.

പോലീസുമായോ പട്ടാളവുമായോ ഏററുമുട്ടലുണ്ടാകാത്ത ഓരോ 'ചെറിയ' സമരം നടക്കുമ്പോഴും 'ഇതുകൊണ്ടൊന്നും കാര്യമില്ല' എന്ന രഹസ്യമന്ത്രം പെററിബൂർഷ്വാ അക്ഷമയിൽ ഉയരാറുണ്ട്. 'അന്ത്യസമര'ത്തിൻെറ വീരകഥാഖ്യാനങ്ങൾകൊണ്ട് മാത്രം വിവിധ ജനവിഭാഗങ്ങൾക്ക് രാഷ്ട്രീയബോധമുണ്ടാകുമെന്ന് കരുതുന്നവർ എല്ലായ്പ്പോഴും സമൂഹത്തിലുണ്ടാകും. മാവോയും, ലെനിനും ഹോചിമിനും തന്നെയാണ് അതാതു നാടുകളിലെ 'അവസാന സമരത്തി'ന് മുൻപുള്ള സമരങ്ങൾക്കും നേതൃത്വം നൽകിയതെന്ന ചരിത്രം വിപ്ലവത്തെക്കുറിച്ചുള്ള പെററിബൂർഷ്വ ഭ്രമകല്പനകളെ വേദനിപ്പിക്കുമെന്നുറപ്പാണ്—'ലോങ്ങ് മാർച്ച്'' ഒഴിച്ച് യാതൊന്നിലും യുവജനങ്ങൾ പങ്കെടുക്കേണ്ടതില്ല എന്ന വാശി വിപ്ലവപരമല്ലെന്ന് തന്നെ വിലയിരുത്തപ്പെടണം എങ്കിൽ മാത്രമേ 'തൊഴിലില്ലായ്മ വേതനമാണ് സോഷ്യലിസമെന്ന' അതിവ്യാഖ്യാനത്തിന് യുവജനങ്ങൾക്കിടയിലുണ്ടാകാവുന്ന സ്വാധീനത്തെ അപകടകരമായി കാണുന്നതിൽ അർത്ഥമുള്ളു.

—ജെ.

14 ഓഗസ്റ്റ് 1987

## ആ ഒഴിഞ്ഞ സ്ഥലം: ഇടതുപക്ഷത്തിൻെറ പ്രതിപക്ഷകർത്തവ്യം

തെരഞ്ഞെടുപ്പു വാഗ്ദാനങ്ങൾ നടപ്പാക്കുന്നതിലുള്ള മന്ത്രിസഭയുടെ താമസത്തെ വിമർശിക്കുന്ന കേരളത്തിലെ വലതുപക്ഷ പ്രതിപക്ഷം ഇടതുപക്ഷ നാട്യങ്ങളോടെയാണ് അതു ചെയ്യുന്നതു്. കേരളത്തിലെ പ്രത്യേക രാഷ്ട്രീയ സംസ്കാരാവസ്ഥയിൽ മാത്രം സംഭവിക്കുന്ന കേവലം താൽക്കാലികമായ നയമാണതു്. മന്ത്രിസഭയുടെ 'അക്ഷരത്തെററുകൾ' കണ്ടുപിടിക്കുന്നതിലൂടെ മാത്രം 'വിമോചനസമരം' സാദ്ധ്യമല്ലെന്ന് അവർക്ക് ഇതിനകം ബോദ്ധ്യപ്പെട്ടിട്ടുണ്ടാകും—ഞങ്ങളും സോഷ്യലിസത്തിൽ വിശ്വസിക്കുന്നു, കമ്മ്യൂണിസ്റ്റ്കാരുടെ മാർഗത്തോടാണ് ഞങ്ങൾക്ക് എതിർപ്പ്—സ്വാതന്ത്ര്യാനന്തര കോൺഗ്രസ്സിൻെറ ഈ താത്വികഭാവം കാപട്യമാണ്. യുക്തിവാദിയോട് തർക്കിക്കുമ്പോൾ മാത്രം 'ദൈവം, ശക്തിയാണെന്ന്' പറയുന്ന പാവം വിഗ്രഹാരാധകൻെറ യുക്തിനാട്യങ്ങളേക്കാൾ അപകടകരവും. സ്വകാര്യസ്വത്തിനോടുള്ള ബഹുമാനം, അധികാരസ്ഥാനത്തോടുള്ള കൊതി. ആഴം കുറഞ്ഞ ചിന്തകളോടുള്ള വല്ലാത്ത ആർത്തി—മുതലാളിത്തവ്യവസ്ഥ സൃഷ്ടിക്കുന്നഹീനസ്വഭാവഘടനകളെ സ്വാതന്ത്ര്യത്തിനുശേഷം കോൺഗ്രസ്സ് ആകർഷിച്ചുപോന്നിട്ടുണ്ട്. ആദർശശുദ്ധിയുടെ രാഷ്ട്രീയം സംഘടനയെ ആകെ ബാധിക്കാതിരിക്കാനുള്ള 'സേഫ്ടി മെക്കാനിസം' മാത്രമാണ് കോൺഗ്രസ്സിനകത്തെ പെട്ടെന്നു തീരുന്ന യുവജന 'കലാപങ്ങൾ'. കമ്മ്യൂണിസ്റ്റ് വിരുദ്ധതയുടെ കാര്യത്തിൽ യുവജന സംഘടനകളാണ് മുന്നിൽ. ഒരു മൂന്നാംലോക രാജ്യ നേതൃത്വം പലപ്പോഴും വഴുതിവീഴുന്ന സാമ്രാജ്യത്വവിരുദ്ധതപോലും അടവായിമാത്രം കാണുന്ന ആത്മബോധത്താൽ കോൺഗ്രസ്സിലെ യുവജനങ്ങൾ സുരക്ഷിതരാണ്. 'മഴ പെയ്യാതെയും വെളിച്ചമില്ലാതെയും മന്ത്രിസഭ മുടിഞ്ഞുപോകട്ടെ' എന്നു ശപിച്ചുപോകുന്നിടത്തോളം നൈരാശ്യമുള്ള 'പത്രധർമ്മ'മാതൃകകളാണ് കേരളത്തിൽ 'യുവസ്വാതന്ത്ര്യസമര സേനാനികളുടെ' താത്വികാചാര്യർ. കോൺഗ്രസ്സ് ഭരണകാലത്തില്ലാതിരുന്ന രാഷ്ട്രീയ വിമർശനസാദ്ധ്യതകളുടെ 'പൊതുസ്ഥലം' മന്ദബുദ്ധികളുടെഉദ്ദേശശുദ്ധിയില്ലാത്ത അഭിപ്രായപ്രകടനങ്ങളാൽമാത്രംനിറയുന്നതു് ഒട്ടുംആശ്വാസകരമല്ല.

സമ്പത്തിന്റെ താഴേപ്പടിയിലുള്ള ജനവിഭാഗങ്ങളിൽ പുതിയ മന്ത്രിസഭ പുതിയ പ്രതീക്ഷകൾ ഉണർത്തിയിട്ടുണ്ട്. ജനങ്ങളെ തല്ലാത്ത പോലീസ്, രാഷ്ട്രീയത്തടവുകാരില്ലാത്ത ജയിലുകൾ, അഴിമതിയില്ലാത്ത മന്ത്രിമാർ ഈ ആഗ്രഹങ്ങളൊന്നും 'പാർലിമെന്ററി വ്യാമോഹ'ങ്ങളെന്ന് വിശദീകരിച്ച് ഒഴിവാക്കാവുന്നതല്ല. അഴിമതിയുടെ കാര്യത്തിൽ പ്രതിപക്ഷം ചൂണ്ടിക്കാണിച്ചാൽ രാജിവെക്കാമെന്നുപറയുന്ന സഖാവ് നായനാരുടെ ധീരതതന്നെയാവണം വൈദഗ്ധ്യം ആവശ്യപ്പെടുന്ന വ്യവസായനയത്തിന്റേയും അടിത്തറ. കേരളത്തിലെ എല്ലാ തൊഴിലാളിവിഭാഗങ്ങൾക്കിടയിലും സംഘടന കെട്ടിപ്പടുത്തിട്ടുള്ള കമ്മ്യൂണിസ്റ്റ് പാർട്ടികൾക്ക് ജനങ്ങൾ എന്താണ് ആവശ്യപ്പെടുന്നതു് എന്ന് പുതുതായി അന്വേഷിച്ചറിയേണ്ടതില്ല. സ്വന്തം അടിയന്തിര സാമ്പത്തികാവശ്യങ്ങളിൽ തൊഴിലാളി യൂണിയനുകൾ വിട്ടുവീഴ്ച ചെയ്യുന്നതു് തൊഴിലാളിവർഗരാഷ്ട്രീയത്തിന്റെ ദീർഘകാലതാൽപര്യങ്ങൾക്ക വേണ്ടിയായിരിക്കണം. ഭരിക്കുന്ന വർഗം എന്ന നിലയിലേക്ക് ഉയരാനുള്ള തൊഴിലാളിയുടെ ശ്രമങ്ങളെയാണ് വലതുപക്ഷം ഏററവും ആക്രമിക്കുന്നതു്. പത്രങ്ങളിൽ 'സാർവ്വദേശീയ വാർത്തയായി' സി. ഐ. ടി. യു. ആക്രമണം പ്രത്യക്ഷപ്പെടുന്നതു് ഇപ്പോൾ കുറഞ്ഞിട്ടുള്ളതു്, അതു് നുണയാണെന്ന് തെളിയിക്കുവാനുള്ള അവസരം പലപ്പോഴും ഭരണപക്ഷത്തിനു ലഭിച്ചതുകൊണ്ടു മാത്രമാണ്.

“തൊഴിലാളിയെ വഞ്ചിക്കുന്ന കമ്മ്യൂണിസ്റ്റ് നേതാക്കന്മാരുടെ” കഥകളിൽനിന്ന് വലതുപക്ഷ പത്രങ്ങൾ ഇപ്പോൾ മുക്തമാണ്. തൊഴിലാളികൾതന്നെ ഭരണാധികാരത്തിന്റെ പങ്കാളികളാകുന്നുവെന്ന് കണ്ടപ്പോൾ അവരെ വഞ്ചിക്കുന്ന നേതാക്കന്മാരാണു തമ്മിൽ ഭേദമെന്ന 'യാഥാർത്ഥ്യബോധത്തിലേ'ക്ക് കേരളത്തിലെ വലതുപക്ഷം ഒരുപക്ഷേ ഉണരുകയായിരിക്കുമോ? ഒരു വ്യവസായനയത്തിനും, റിയലിസ്റ്റിക് ആയ ഒരു ബജററിനും രൂപം കൊടുക്കേണ്ടതു് “തൊഴിലാളിയും വഞ്ചിക്കാത്ത നേതാവു”മായതുകൊണ്ട് അതിന്റെ വരാനിരിക്കുന്ന 'ഭീകരതകൾ' എതിരെ വലതുപക്ഷം കരുതിയിരിക്കേണ്ടതുതന്നെയാണ്. അതു് വേണ്ടത്ര ഭീകരമായില്ലെങ്കിൽ 'തൊഴിലാളിയെ വഞ്ചിക്കുന്ന നേതാക്കന്മാർ' എന്ന കഥ അങ്ങുമിങ്ങും നോക്കി തുടരുകയുമാവാം.

“10000 റൺ തികഞ്ഞാൽ സുനിൽ ഗവാസ്കർ കോൺഗ്രസ്സിൽ ചേരുമോ”— കേരളത്തിലെ തെരഞ്ഞെടുപ്പിനു തൊട്ടുമുൻപത്തെ ഇന്ത്യൻ മേധാവിത്വസംസ്കാരത്തിന്റെ ഉൽക്കണ്ഠകളുടെ സാമ്പിളുകൾ ഈ മട്ടിലുള്ളതായിരുന്നു. ഇന്ത്യൻ ടെസ്റ്റ് ക്രിക്കററിനെങ്കിലും 'കോൺഗ്രസ്സി'ല്ലാതെ നിലനിൽക്കാമെന്നായിട്ടുണ്ടെന്ന് വലതുപക്ഷം അംഗീകരിക്കേണ്ടതുണ്ട്. യൂത്ത് കോൺഗ്രസ്സ് മന്ത്രിമാരില്ലെങ്കിലും മലയാളിയുടെ സാംസ്കാരികജീവിതത്തിന് തകരാറൊന്നുമുണ്ടാവില്ലെന്നുകൂടി അവർക്ക് എന്തുകൊണ്ട് അംഗീകരിച്ചുകൂടാ? ഭരണമാററം പൊതുവേ സാംസ്കാരികാന്തരീക്ഷത്തിലുണ്ടാക്കിയ ഉണർവ് ഇടതുപക്ഷത്തിനനുകൂലമാണ്. അതുകൊണ്ടുമാത്രമാണ് 'വിമർശനങ്ങൾ' ഇടതുപക്ഷഭാവത്തിൽ അവതരിക്കുന്നതു്. 'ക്രിയാത്മകമായ പ്രതിപക്ഷ'മെന്ന വാഗ്ദാനങ്ങൾ ഇവർ പാലിക്കാനിടയില്ല. അതുകൊണ്ട് വിമർശനത്തിന്റെ 'സ്ഥലം' ഇടതുപക്ഷത്തിനുള്ളിൽതന്നെ രൂപീകരിക്കേണ്ടതു് ഇന്ന് ആവശ്യമാണ്. വലതുപക്ഷത്തിന്റെ 'ഇടതുപക്ഷ'വിമർശനങ്ങളുടെ കാപട്യത്തെ അങ്ങിനെ മാത്രമേ നേരിടാനാവൂ.

—ജെ.

16 ഓഗസ്ററ് 1987

## 'ഗ്ലാസ്നോസ്തി'നുവേണ്ടി

സോവിയററ് യൂണിയന്റെ വ്യോമാതിർത്തി ലംഘിച്ച് റെഡ്സ്ക്വയറിൽ വിമാനമിറക്കിയ മത്തിയാസിനോടാണത്രെ ടെന്നീസ് താരം ബോറിസ് ബെക്കറിനേക്കാൾ ഇന്ന് പശ്ചിമ ജർമ്മനിയിലെ യുവാക്കൾക്ക് താൽപര്യം. 'ഇരുമ്പുമറ'യെപ്പററിയുള്ള നിറംപിടിപ്പിച്ച ഭീതികളിൽ പെയ്തുതീരുന്ന പാശ്ചാത്യ മുതലാളിത്ത യൗവ്വനത്തിന് സോഷ്യലിസ്ററ് രാജ്യത്തിന്റെ അതിർത്തിയിലെത്തിനോക്കുവാനുള്ള താൽപര്യം മനസ്സിലാക്കാവുന്നതാണ്. പക്ഷെ, ഒക്ടോബർ വിപ്ലവത്തിന്റെ വാർഷികനാളിലെല്ലാം മോസ്കോക്ക് മീതെ ഉയർന്നുപറന്ന് സാമ്രാജ്യത്വത്തിന്റെ 'ആധുനികത' ബോദ്ധ്യപ്പെടുത്തിയിരുന്ന അമേരിക്കൻവിമാനങ്ങൾ തൊഴിലാളിവർഗത്തിന്റെ ദേശീയാന്തസ്സിനെ മുറിപ്പെടുത്തിയിരുന്ന ചരിത്രം, വേറെതന്നെ കാണേണ്ടതുണ്ട്. ലോകവിപ്ലവത്തിന്റെ സാദ്ധ്യത വിദൂരമായിരിക്കെ, ക്രൂഷ്ച്ചോവ് സോവിയററ് യൂണിയനെ ആയുധവൽക്കരിക്കുവാൻ തീരുമാനിച്ച സാഹചര്യം ഇതായിരുന്നു. ഒരു രസത്തിനുവേണ്ടി അണുവായുധമുണ്ടാക്കി അമേരിക്കയുമായി മത്സരിക്കുകയാണ് സോവിയററ് യൂണിയൻ ചെയ്യുന്നതെന്ന് കരുതുന്നതു് ക്രൂരമാണ്. സാമ്രാജ്യത്വത്തിന്റെ പൂർണ്ണ പരാജയം സംഭവിക്കാത്തിടത്തോളം ശക്തമായ സോഷ്യലിസ്ററ് ചേരിതന്നെയാണ്, നിരവധി രാഷ്ട്രീയവ്യതിയാനങ്ങൾക്കുശേഷവും, ലോകസമാധാനത്തിന്റെ അടിത്തറ.

“ഒന്നുകിൽ യുദ്ധം വിപ്ലവത്തിന് ജന്മമേകും അല്ലെങ്കിൽ വിപ്ലവം യുദ്ധത്തെ തടയും” എന്ന മാവോയിസ്ററ് വിശ്വാസലഹരിയുടെ കാലത്താണ്, സോഷ്യലിസ്ററ് രാജ്യങ്ങളുടെ വിദേശനയവും ഇതര രാജ്യങ്ങളിലെ വിപ്ലവവും പരീക്ഷണവിധേയമായതു്. സോവിയററ് യൂണിയനിൽ ക്രൂഷ്ച്ചോവ് തുടങ്ങിവച്ച ജനാധിപത്യപ്രസ്ഥാനം, സ്ററാലിൻ വിമർശനം, സമാധാനപരമായ സഹവർത്തിത്വം— ഇവയെല്ലാം 'ഇടതുപക്ഷത്തു'നിന്നുള്ള ആക്രമണത്താൽ അവമതിക്കിരയായി. സോവിയററ് “തിരുത്തൽവാദ”ത്തിന്റേയും ചൈനീസ് 'സാഹസികത്വ'ത്തിന്റേയും തീവ്രസമരത്തിനിടയിൽ സ്വതന്ത്രമായ നിലപാടെടുക്കുവാൻ ശ്രമിച്ച കമ്മ്യൂണിസ്ററ് പാർട്ടികൾ, ഈ ഭാഗപ്പിരിവിൽ 'ഉറച്ച' വ്യക്തതകൾ അയഞ്ഞുപോയതോടെ, സ്വന്തം ശരികളെ താത്വികമായി ക്രോഡീകരിക്കുന്നതിൽ കാലതാമസം വരുത്തുകയും ചെയ്തു. കമ്മ്യൂണിസ്ററ് പ്രസ്ഥാനത്തിന്റെ എല്ലാ 'നന്മ'കളേയും സ്റ്റാലിനോടു് ചേർത്തു് മാത്രം വായിച്ചുപോന്ന ഇന്ത്യയിലെ കമ്മ്യൂണിസ്ററുകാരെ സംബന്ധിച്ചിടത്തോളം 'സ്ററാലിനിസ'ത്തെക്കുറിച്ചുള്ള ഒരു ചർച്ചതന്നെ ആത്മവിശ്വാസ തകർച്ചയുണ്ടാക്കുമായിരുന്നു. ഈ സാഹചര്യത്തിൽ, ഇന്ത്യയുടെ വ്യവസ്ഥാമാററത്തിനായുള്ള യുവത്വത്തിന്റെ തീവ്രാഭിലാഷങ്ങൾ പലപ്പോഴും സി. പി. സി. യുടെ വൈകാരികവും പ്രചരണപരവുമായ പ്രതിഷേധങ്ങളുമായാണ്

അനുഭാവം പ്രകടിപ്പിച്ചതു് എന്നതു് അത്ഭുതകരമല്ല. ''മുതലാളിത്ത പുനസ്ഥാപനം'' 'സോഷ്യൽ സാമ്രാജ്യത്വം'തുടങ്ങിയ ആരോപണങ്ങൾ' പിന്നീടു് പരികൽപനാപരമായ കാർക്കശ്യം ഭാവിച്ചുതുടങ്ങിയപ്പോഴേക്കും, പിളർപ്പിന്റെ—സി. പി. ഐ., സി. പി. എം., സി. പി. ഐ. (എം. എൽ) 'ദുരന്ത'ത്തിലേക്കു് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും എത്തിച്ചേർന്നു.

തിരുത്തൽവാദത്തിനെതിരായ സാർവ്വദേശീയരംഗത്തെ സമരം തീവ്രവാദം മാത്രം ഉൽപ്പാദിപ്പിച്ചു്, ചിലപ്പോഴെങ്കിലും അമേരിക്കൻ സാമ്രാജ്യത്വത്തെ ചിരിപ്പിച്ചിരുന്ന 70–കളിൽപോലും, പക്ഷെ, ചെറിയ ഗ്രൂപ്പുകളുടെ മാർക്സിസ്റ്റ്—ലെനിനിസ്റ്റ് വിശുദ്ധികൊണ്ടു മാത്രം അണുയുദ്ധം തടയാനാകുമെന്നു് കരുതപ്പെട്ടിരുന്നില്ല. ''മാവോയാൽ സ്ഥാപിക്കപ്പെട്ട ലിൻപിയാവോവിനാൽ നയിക്കപ്പെടുന്ന'' ചൈനീസ് ചുവപ്പുസൈന്യം, ഹോചിമിന്റെ നേതൃത്വത്തിൽ അമേരിക്കയെ തോൽപിച്ച വിയറ്റ്നാമീസ് ജനത, എൻവർ ഓജയുടെ നേതൃത്വത്തിൽ അൽബേനിയ—''തിരുത്തൽവാദിയായ'' സോവിയറ്റ് യൂണിയനെ 'സോഷ്യൽ സാമ്രാജ്യത്വ'മായി എഴുതിതള്ളിയാൽപോലും വിപ്ലവം യുദ്ധത്തെ തടയുമെന്ന ആത്മവിശ്വാസത്തിന്റെ പ്രായോഗിക യുക്തിയുടെ സാഹചര്യം ഇതായിരുന്നു.

സി. പി. സി. യെയും. വിയറ്റ്നാമീസ് പാർട്ടിയേയും, അൽബേനിയൻ പാർട്ടിയേയും തള്ളിക്കളഞ്ഞു് ചെറിയ മാർക്സിസ്റ്റ് ലെനിനിസ്റ്റ് ഗ്രൂപ്പുകളുടെ രാഷ്ട്രീയ സൗഹൃദത്തിന്റെ അടിത്തറയെ 'യുക്തി'യിൽ ഇന്നു് ലോകസമാധാനവും വിപ്ലവവും നിലനിന്നുകൊള്ളുമെന്ന ധരിക്കുന്നതു് 'റൊമാൻറിസത്തിനു'പോലും അവസരം തരുന്നില്ല. ഇനി അതല്ല പെറുവിലെ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നേതൃത്വം 70കളിലെ ആത്മവിശ്വാസത്തിന്റെ 'രണ്ടാം പിറവി'യാണു് എന്നു വാശിപിടിക്കുന്നതു്, താത്വികവിശുദ്ധിയിൽപോലുമുള്ള ആത്മവിശ്വാസക്കുറവിനെ മാത്രമാണു് സൂചിപ്പിക്കുന്നതു്. ലിബിയയെ സോവിയറ്റ് യൂണിയൻ പിന്താങ്ങുമ്പോഴും 'അമേരിക്കയും റഷ്യയും' സാമ്രാജ്യത്വമാണെന്ന 'സീമി' വിശ്വാസത്തിന്റെ തലതിരിഞ്ഞ യുക്തിയിൽ 'ഇടതുപക്ഷ' ഗ്രൂപ്പുകൾ എത്താതിരിക്കട്ടെ എന്നു് നമുക്കു് ആശ്വസിക്കുക. സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ 'വ്യതിയാനങ്ങളെ' എതിർക്കുവാൻ തീവ്രവാദപദാവലിയേയുള്ളൂ എന്ന 'ചരിത്രപരമോ' 'പ്രത്യയശാസ്ത്രപരമോ' ആയ അനിവാര്യതകൾ ഇന്നില്ല എന്നതു് ആശ്വാസകരമാണു്.

കോമിൻേറണിന്റേയോ, കോമിൻഫോമിന്റേയോ അന്തരീക്ഷത്തിലല്ല ഇന്നു് തൊഴിലാളിവർഗപാർട്ടികൾ പ്രവർത്തിക്കുന്നതു്. സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ (വിപ്ലവാനന്തര സമൂഹത്തിലെ) പരിവർത്തനത്തിന്റെ പ്രശ്നങ്ങൾ യഥാർത്ഥംതന്നെയാണു്. ഇതരരാജ്യങ്ങളിലെ വിപ്ലവത്തിന്റെ അടിയന്തിരപ്രശ്നങ്ങളുമായി അതിനുള്ള ബന്ധം സങ്കീർണ്ണമാണു്. സാമ്രാജ്യത്വത്തിനെതിരായ പൊതുസമരത്തിൽ പങ്കുചേരുന്ന രാഷ്ട്രങ്ങൾക്കുള്ളിലെ തന്നെ സാമൂഹ്യവിപ്ലവത്തിന്റെ താൽപര്യങ്ങളുമായി ഇണങ്ങുന്ന ഒരു ചേരിചേരാപ്രസ്ഥാനം, സോഷ്യലിസ്റ്റ് രാജ്യങ്ങൾ നേതൃത്വം നൽകുന്ന യുദ്ധവിരുദ്ധ പ്രസ്ഥാനം. ഇവക്കു് സ്ഥാനം നൽകിക്കൊണ്ടേ ഒരു തൊഴിലാളിവർഗപാർട്ടിക്കു് ഇന്നു് അതിന്റെ സാർവ്വദേശീയ നയം രൂപീകരിക്കാനാവൂ. വലതുപക്ഷ പാളിച്ചയുടെ അപകടം പതിയിരിക്കുന്ന ഈ സമീപനം എല്ലായ്പോഴും ശരിയാണു് ചെയ്തിട്ടുള്ളതു് (അല്ലെങ്കിൽ ചെയ്യുക) എന്നു് നിർബന്ധിച്ചുകൂടാ.

ഏതോ ഒരു മാതൃകാരാജ്യത്തു്, ഒരു മാതൃകാകമ്മ്യൂണിസ്റ്റ് പാർട്ടി നടത്തുന്ന മാതൃകാപരമായ വിപ്ലവത്തിന്റെ പരീക്ഷണശാലാ അവസ്ഥയിലല്ല സമൂഹത്തിലെ വർഗസമരം വികസിക്കുന്നതു്. സാർവ്വദേശീയ വൈരുദ്ധ്യങ്ങൾ വിശകലനം ചെയ്തു് രൂപംകൊടുക്കുന്ന സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ വിദേശനയം ഇതര രാജ്യങ്ങളിലെ ഭരണാധികാരികളുടെ വിദേശനയത്തിലെ സാമ്രാജ്യത്വവിരുദ്ധതയെ (അതെത്രതന്നെ സംശയാസ്പദമായിരുന്നാലും) ഗുണപരമായിക്കാണുന്ന രാഷ്ട്രീയപക്വത പ്രദർശിപ്പിക്കും. വിദേശനയത്തിന്റെ ഈ പൊതുദിശാബോധം സ്വാഭാവികമായും വളരെ സാമാന്യവൽകൃതമാണു്. ശ്രീലങ്കയിലേയും, ഇന്ത്യയിലേയും, പാക്കിസ്ഥാനിലേയും, ഗൾഫ് രാജ്യങ്ങളിലേയും....സാമൂഹ്യവിപ്ലവത്തിന്റെ ശരിയായ ഘട്ടങ്ങൾ അതാതിടങ്ങളിലെ വിപ്ലവ പ്രസ്ഥാനങ്ങൾ ശരിയായി വിലയിരുത്തി മുന്നോട്ടുകൊണ്ടുപോകുന്നതിനു് ഈ പൊതുദിശാബോധം സഹായകമാകുകയാണു് വേണ്ടതു്. ഓരോ രാജ്യത്തിലേയും വിപ്ളവത്തിന്റെ വ്യത്യസ്ഥതകൾ കാരണമാണു്, ഏകകേന്ദ്രത്തിൽ നിന്നു് അതിനെ നയിക്കുന്നതിന്റെ അശാസ്ത്രീയത ബോദ്ധ്യപ്പെട്ടതുകൊണ്ടാണു്, സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് സംഘടനകൾ പിരിച്ചുവിടപ്പെട്ടതു്. പക്ഷെ, കമ്മ്യൂണിസ്റ്റ് പാർട്ടികൾ തമ്മിലുള്ള പരസ്പരബന്ധമില്ലായ്മ സൗഹാർദ്ദപരമായ സംവാദങ്ങൾക്കുള്ള അവസരമില്ലായ്മ, തെററുകൾ പററുമ്പോൾ വിമർശിക്കുവാനും വിമർശനം സ്വീകരിക്കാനുള്ള സംഘടനാ നിയമങ്ങളുടെ അഭാവം— ഇവയെല്ലാം സാർവദേശീയമായ ഒരു അരാജകാവസ്ഥ ചിലപ്പോഴെങ്കിലും സൃഷ്ടിക്കുകയില്ലേ? കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ ലോകസമ്മേളനത്തിനു വേണ്ടിയുള്ള ശ്രമം അപ്പോൾ തീർത്തും അസ്ഥാനത്താണോ?

ഇന്ത്യയിലെ സോഷ്യലിസ്റ്റ്വിപ്ളവത്തിന്റെഘട്ടത്തിൽ മാത്രമേ സോഷ്യലിസ്റ്റ് രാജ്യങ്ങൾക്കു്, വിജയസാദ്ധ്യതയുള്ള കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെമാത്രം സാമ്രാജ്യത്വവിരുദ്ധ സമരത്തിന്റെ ഉറച്ച പങ്കാളിയായി ആശ്രയിക്കാനാകൂ. അതുകൊണ്ടു് 'സോഷ്യലിസ്റ്റ്രാജ്യങ്ങൾ കമ്മ്യൂണിസ്റ്റുകാരെ, ഇന്ത്യൻ ഭരണാധികാരികളെ പിൻതാങ്ങുവാൻ നിർബ്ബന്ധിക്കുന്നു' തുടങ്ങിയ അടക്കംപറച്ചിലുകളുടെ സത്യാസത്യങ്ങളുമായി നാം പൊരുത്തപ്പെടേണ്ടിയിരിക്കുന്നു.

സോവിയറ്റ് യൂണിയനിൽ ഈയിടെ മോചിപ്പിക്കപ്പെട്ട സഖാരോവ് ജനാധിപത്യത്തിനുവേണ്ടിയുള്ള സമരം തുടരുമെന്നു് സോവിയറ്റ് മാദ്ധ്യമങ്ങളിലൂടെതന്നെ പറയുകയുണ്ടായി. ഗോർബച്ചേവിന്റെ 'ഗ്ലാസ്നോസ്റ്റ്' 'ഫോണി കമ്മ്യൂണിസ'മാണെന്നു് അദ്ദേഹം പറഞ്ഞിട്ടില്ല. ലോകകമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ രാഷ്ട്രീയവ്യതിയാനങ്ങൾ അതിനെക്കുറിച്ചുള്ള ചർച്ചകളും 70കളിലെ 'അപക്വ'തകളെ ഇന്നു് മറികടന്നിട്ടുണ്ടു്. ലോകകമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ അനൈക്യത്തിന്റെ കാരണങ്ങളുടെ വിശകലനത്തിലും ഒരു 'ഗ്ലാസ്നോസ്റ്റ്' നമുക്കു് പ്രതീക്ഷിക്കുക.

—ജെ.

# പുത്തൻ വിദ്യാഭ്യാസനയത്തെക്കുറിച്ച്

വിദ്യാഭ്യാസവ്യവസ്ഥ എക്കാലവും വർഗ്ഗസമൂഹങ്ങളിൽ പ്രത്യയശാസ്ത്രപരമായ ഭരണകൂടോപാധിയുടെ ഭാഗമായിരുന്നിട്ടുണ്ട്. അതിൽ 'ആത്മീയ'വും 'അവബോധപര'വും എന്തിന് 'വിമോചകം' പോലുമായ ലക്ഷ്യങ്ങൾ ആരോപിക്കപ്പെടാറുണ്ടെങ്കിലും അതിന്റെ അടിത്തറ തികച്ചും ഭൗതികമാണ്. നിലനിൽക്കുന്ന അധികാരവ്യവസ്ഥയ്ക്ക് അനുകൂലമായ രീതിയിൽ എങ്ങിനെ മനുഷ്യരെ ക്രമപ്പെടുത്തുകയും വിഭജിക്കുകയും വിന്യസിക്കുകയും ചെയ്യാമെന്ന അന്വേഷണമാണ് ഇതര പ്രത്യയശാസ്ത്രവ്യവസ്ഥകളിലെന്നപോലെ വിദ്യാഭ്യാസവ്യവസ്ഥയിലും നടക്കുന്നതു്. അധികാരവ്യവസ്ഥയെ നിലനിർത്തിയാൽപോരാ, അതിനെ മാററമില്ലാതെ പുനരുത്പാദിപ്പിക്കാൻ കഴിയുകയും വേണം. ഇതിന് സമൂഹത്തിലെ ചൂഷണാത്മകബന്ധങ്ങളുടെ യാഥാർത്ഥ്യം മറച്ചുവെവെയ്ക്കണം, അവ സ്വാഭാവികമായ "മനുഷ്യബന്ധങ്ങളായി" കാണപ്പെടണം; എല്ലാ മനുഷ്യരും തുല്യരാണെന്ന് ഉദ്ഘോഷിച്ചുകൊണ്ടുവേണം ബൂർഷ്വാഭരണഘടനകൾപോലെ, ബൂർഷ്വാ വിദ്യാഭ്യാസവ്യവസ്ഥയും ജനസമ്മതിനേടാൻ. വിദ്യാഭ്യാസത്തെ 'മാനുഷിക വിഭവവികസന'ത്തിന്റെ ഭാഗമായിക്കാണുമ്പോൾ ഭരണകൂടം അറിയാതെ തന്നെ അതിന്റെ തീർത്തും ഭൗതികമായ ലക്ഷ്യം വിളംബരം ചെയ്യുന്നുണ്ട്; എന്നാൽ പുതിയ നയപ്രഖ്യാപനരേഖ ഒരു കപടഭാഷ സംസാരിച്ചുകൊണ്ട് ആ ലക്ഷ്യം മറച്ചുവെക്കാൻ ശ്രമിക്കുന്നു. 'വിമോചിപ്പിക്കുന്നതെന്തോ' അതാണ് വിദ്യാഭ്യാസം എന്ന ആമുഖത്തോടെ അത് വരാനിരിക്കുന്ന വിദ്യാഭ്യാസ 'വിപ്ലവ'ത്തെക്കുറിച്ചു സംസാരിക്കുന്നു. എന്നാൽ അത് മറച്ചുവെയ്ക്കുന്നതെന്തോ അതു തന്നെയാണതിന്റെ യഥാർത്ഥലക്ഷ്യമെന്നറിയാൻ അതിനെ തൊഴിലാളിവർഗ്ഗവീക്ഷണത്തിൽ വായിച്ചെടുക്കുക മാത്രം ചെയ്താൽ മതി. "ചരിത്രത്തിൽ ചില നിർണ്ണായകമുഹൂർത്തങ്ങളുണ്ട്", നൂതനമായ വഴിത്താരകൾ വെട്ടിത്തുറക്കേണ്ട മുഹൂർത്തങ്ങൾ: അതിപ്പോഴാണ്" എന്ന ആരംഭപ്രസ്താവം തന്നെ, അധികാര വർഗ്ഗത്തിന്റെ പ്രതിസന്ധിയെ പരിഹരിപ്പാനുള്ള ഒരടിയന്തിരപരിപാടിയാണ് പുതിയ വിദ്യാഭ്യാസപദ്ധതിയിലുള്ളതെന്നു സൂചിപ്പിക്കുന്നുണ്ട്. ബൂർഷ്വാലിബെറൽ സ്വഭാവം മുന്നിട്ടുനിന്നിരുന്ന കോത്താരിക്കമ്മീഷൻ റിപ്പോർട്ടിനെ തള്ളിക്കളഞ്ഞ് കൂടുതൽ കർക്കശമായരീതിയിൽ ഉദ്യോഗസ്ഥമേധാവികളെയും സാങ്കേതികമേധാവികളെയും ഗുമസ്തന്മാരെയും തൊഴിലാളികളെയും ഉല്പാദിപ്പിക്കാനുതകുന്ന, തീർത്തും "സപ്രയോജന"മായ ഒരു വിദ്യാഭ്യാസപുനഃസംവിധാനമാണ് രേഖ വിഭാവനം ചെയ്യുന്നത്. ഇതു് ഒരു വശത്ത് ഇന്ത്യൻ ഭരണകൂടം തുടർന്നുപോന്നനയങ്ങളുടെ തുടർച്ചയായിരിക്കെത്തന്നെ, അവയുടെ ഗുണപരമായ ഒരു പുതിയ അവസ്ഥയെയും കുറിക്കുന്നുണ്ട്. വർത്തമാനവർഗ്ഗസമരങ്ങളുടെ പശ്ചാത്തലത്തിലല്ലാതെ ഇതിനെ 'തനിയെ' മനസ്സിലാക്കാനാവില്ല. വർഗ്ഗസമരത്തിന്റെ ഇന്നത്തെ ഘട്ടത്തിൽ, പഴയ രീതികൾക്ക് ബൂർഷ്വാവിദ്യാഭ്യാസത്തിന്റെ പ്രത്യയശാസ്ത്രധർമ്മം സഫലമായി നിർവ്വഹിക്കാൻ കഴിയാതിരിക്കുന്നു എന്ന തിരിച്ചറിവിൽനിന്നാണ് പുതിയ നയം ഉടലെടുക്കുന്നത്. പുതിയ സാമ്പത്തിക—സാങ്കേതിക നയങ്ങളെപോലെതന്നെ, ഉപരിവർഗ്ഗം ചെന്നുപെട്ടിരിക്കുന്ന വളർച്ചമുട്ടിക്കുന്ന സാഹചര്യം തരണം ചെയ്യാനാണ് പുതിയ വിദ്യാഭ്യാസ നയവും ശ്രമിക്കുന്നത്.

സ്വാതന്ത്ര്യാനന്തരവർഷങ്ങളിൽ ഭരണകൂടം തുടർന്നുപോന്ന, കുത്തക മുതലാളിമാരെയും ഭൂപ്രഭുക്കളെയും പ്രോത്സാഹിപ്പിക്കുകയും 'പൊതുമേഖല'യെ മുതലാളിത്തവികാസത്തിനുള്ള അധോഘടനയായി മാററുകയും ചെയ്യുന്ന, നയത്തിന്റെയും ജനതയുടെ ക്രയശേഷിയുടെ ശോഷണത്തിന്റെയും ഫലമായി, വിദ്യാഭ്യാസവും ആരോഗ്യവുംപോലെ ഉടൻതന്നെ പ്രത്യക്ഷലാഭം നൽകാത്ത—(ദീർഘകാലാടിസ്ഥാനത്തിൽ തീർത്തും ലാഭകരമാണിവ; വികസിതരാജ്യങ്ങളിലെ ബൂർഷ്വാസി അതു നന്നായി മനസ്സിലാക്കിയിട്ടുമുണ്ട്: എന്നാൽ പ്രതിസന്ധിയിലകപ്പെട്ട, ദുരമൂത്ത ഇന്ത്യൻബൂർഷ്വാസിക്ക് അത്ര ക്ഷമിക്കുക വയ്യ) മേഖലകളിൽനിന്ന് കഴിയുന്നത്ര മൂലധനം പിൻവലിക്കുവാനും കൂടുതൽ ലാഭം ഉടൻനൽകുന്ന മേഖലകളിൽ നിക്ഷേപിക്കുവാനും ചൂഷകർ നിർബന്ധിതരായിട്ടുണ്ട്. ജനങ്ങളെ മുഴുവൻ സാക്ഷരരാക്കുന്നതുപോലുള്ള വൃഥാപ്രയത്നങ്ങൾക്കു് അവർക്ക് പണമില്ല. പണം മുടക്കുന്നെങ്കിൽ അതിന് ശരിയായ പ്രയോജനം ലഭിക്കണം. അപ്പോൾ "സാർവ്വജനീനമായ വിദ്യാഭ്യാസ"മെന്ന പഴയ പ്രഖ്യാപിതലക്ഷ്യം ഉപേക്ഷിച്ചേ പററൂ: ഇന്നും 64ശതമാനം ഇന്ത്യാക്കാരും നിരക്ഷരരാണെന്നും അതിൽ തന്നെ സ്ത്രീകളിൽ 75-ഉം പട്ടികജാതികളിൽ 79-ഉം പട്ടികവർഗ്ഗങ്ങളിൽ 84-ഉം ശതമാനംവീതം നിരക്ഷരരാണെന്നുമുള്ളവസ്തുത പരിഗണിക്കുവാൻ ഉള്ള സമയമല്ല ഇതു്. അതുകൊണ്ടാണല്ലോ ആദ്യപഞ്ചവത്സരപദ്ധതിയിൽ മൊത്തംദേശീയ വരുമാനത്തിന്റെ 7.22% വിദ്യാഭ്യാസത്തിനുനീക്കിവെച്ചിരുന്നത്. ആറാംപദ്ധതിയായപ്പോൾ 2.2% ആയും, 85—'86 ലെ ബജററിൽ 1.002%വും ആയി ചുരുങ്ങിയതു്. പാഠ്യപദ്ധതികളും പാഠപുസ്തകങ്ങളും തങ്ങൾക്കനുകൂലമായാൽപോലും, പൊതുവെ വിജ്ഞാനത്തിലേക്ക് നയിക്കപ്പെടുന്ന ജനത, ആ വിജ്ഞാനത്തിനു പിറകിലെ അധികാരത്തെയും അതുത്പാദിപ്പിച്ച വർഗ്ഗവ്യവസ്ഥയെയും കണ്ടെത്താനിടവരുമോ എന്ന് അധീശവർഗ്ഗം ഭയപ്പെടുന്നുണ്ട്. അങ്ങനെ വിദ്യാഭ്യാസത്തിനു ചിലവിടുന്ന മൂലധനം ഉത്പാദനവിരുദ്ധമായി (Counter-Productive) മാറുന്നുണ്ടോ എന്ന് അതു സംശയിക്കുന്നു. അതുകൊണ്ട് വിദ്യാഭ്യാസച്ചിലവിനു വക കണ്ടെത്താനായി ഫീസും പുസ്തകവിലയും വർദ്ധിപ്പിക്കാനും സ്വകാര്യസ്ഥാപനങ്ങളെക്കൂടുതൽ കൂടുതലായി വിദ്യാഭ്യാസച്ചുമതല ഏല്പിക്കാനും ഭരണാധികാരികൾ നിർബന്ധിക്കപ്പെടുന്നു. "സമർത്ഥ"ർക്കു വിദ്യാഭ്യാസംനൽകുന്ന വിദഗ്ധസ്ഥാപനങ്ങളെ ഉയർന്ന ഫീസുനിരക്കിൽ നിന്നൊഴിവാക്കാനുള്ള നിർദ്ദേശം വർഗ്ഗസേവകരെ സൃഷ്ടിക്കുന്നവരിൽ അധീശവർഗ്ഗത്തിനുള്ള ശ്രദ്ധ വെളിപ്പെടുത്തുന്നുണ്ട്. അതേസമയം, ഗ്രാമങ്ങളിലെ ദരിദ്രർക്ക്‌വേണ്ടി സാമൂഹ്യസേവാസംഘങ്ങൾ നടത്തിപോന്ന അസമർത്ഥമായ 'അംഗൻവാടി'കളെ പ്രോത്സാഹിക്കുകയും ചെയ്യുന്നു. സ്വകാര്യമേഖലയിലെ വിദ്യാഭ്യാസ വ്യവസായികൾക്ക് പുതിയ ചൂഷണാവസരങ്ങൾ സൃഷ്ടിക്കുകയും ദരിദ്രർക്ക് വിദ്യാഭ്യാസം കൂടുതൽ അപ്രാപ്യമാക്കുകയും ചെയ്യുന്നതാണീ നയത്തിന്റെ ഫലം. സാർവത്രിക സാക്ഷരതയെ തടയുന്ന രണ്ടു മുഖ്യപ്രശ്നങ്ങൾ–കുട്ടികളെക്കൊണ്ട് പണിയെടുപ്പിക്കൽ, കുട്ടികളുടെ രോഗങ്ങളും അകാലമരണവും—ഇവിടെ പരിഗണിക്കപ്പെടുന്നതേയില്ല. കുട്ടികളുടെ അദ്ധ്വാനത്തിനു നിയമസാധുതനൽകണമെന്നാണ് ചില വ്യവസ്ഥാവിമർശകർപോലും വാദിക്കുന്നത്! ഇന്നുള്ളതരം

സ്കൂളുകൾ, അംഗൻവാടികൾ, തൊഴിലധിഷ്ഠിത വിദ്യാലയങ്ങൾ നവോദയാ വിദ്യാലയങ്ങൾ: സ്കൂൾതലത്തിലെ പുതിയ 'ചാതുർവർണ്യം' ഈ രീതിയിലാണെങ്കിൽ കോളേജുതലത്തിൽ ഇന്നുള്ളതരം കോളേജുകൾ, ഓപ്പൺ യൂനിവേഴ്സിററി, ഉന്നതസാങ്കേതിക വിദ്യാലയങ്ങൾ, ഓട്ടോണമസ് കോളേജുകൾ എന്നീ നാലുതരം സ്ഥാപനങ്ങളിലൂടെ ഇതു തുടരുന്നു. പുത്തൻ വ്യവസ്ഥയ്ക്കാവശ്യമായ ഗുമസ്തൻമാരെയും ശിപായിമാരെയും തൊഴിലാളികളെയും മാനേജർ--ടെക്നോക്രാററുകളെയും യഥാക്രമം ഉൽപ്പാദിപ്പിക്കാൻ ഈ വർണ്ണവ്യവസ്ഥ സഹായിക്കും. നിരക്ഷരഭൂരിപക്ഷത്തിന് ചുമട്ടുകാരും തൂപ്പുകാരും അവിദഗ്ധത്തൊഴിലാളികളുമായി ജീവിക്കുകയോ മരിക്കുകയോ ചെയ്യാം. സാങ്കേതിക--മാനേജ്മെൻറ് വിദ്യാഭ്യാസം ചർച്ചചെയ്യാനായി ഒരു ഭാഗം മുഴുവൻതന്നെ പുതിയ രേഖ നീക്കിവെക്കുന്നത്, അതിൻെറ ഊന്നലെവിടെയെന്നു വ്യക്തമാക്കുന്നുണ്ട്. ഇപ്പോഴത്തെ സാമ്പത്തികമായി ഉയർന്ന വർഗ്ഗങ്ങളിൽ നിന്നുതന്നെയാണ് പുതിയ ഉദ്യോഗസ്ഥ–സാങ്കേതിക പ്രമാണിമാർ വളർന്നുവരാൻ പോകുന്നത്; താഴ്ന്ന വർഗ്ഗങ്ങളിൽനിന്നാരെങ്കിലും അവരുടെ വിദ്യാലയങ്ങളിലെത്തിപ്പെട്ടാൽതന്നെയും (റിസർവേഷനുകളിലൂടെ) 'നവോദയ' വിദ്യാഭ്യാസവും ഐ. ഐ. ടി.—ഐ. ഐ. എം. മാതൃകയിലുള്ള അദ്ധ്യയനവും കഴിഞ്ഞു പുറത്തുവരുന്നതോടെ അവർ അധികാരി വർഗ്ഗത്തിലേക്ക് 'ഉയർത്തപ്പെട്ടു'കൊള്ളും. പാശ്ചാത്യവൽക്കരിക്കപ്പെട്ട ഒരു വരേണ്യ നഗരജീവി വിഭാഗത്തിനായി നടത്തപ്പെടുന്ന 'വിദഗ്ധസ്ഥാപനങ്ങൾ' ഏതു വർഗ്ഗനിലപാടുകളെയാണ് ഉത്പാദിപ്പിക്കുകയെന്ന് പരിമിതാനുഭവങ്ങൾതന്നെ നമ്മെ പഠിപ്പിച്ചിട്ടുണ്ടല്ലോ.

വിദ്യാഭ്യാസ സംവിധാനത്തിൻെറ നടത്തിപ്പിൽ ഇന്നുള്ള പരിമിതമായ ജനാധിപത്യംപോലും തങ്ങളുടെ വർഗ്ഗലക്ഷ്യങ്ങ

## സ്രാവുകൾ ആളുകളായിരുന്നെങ്കിൽ

ബെർതോൾട് ബ്രെക്ററ്

### സ്കൂളുകൾക്കെതിരെ ഒരുതാക്കീത്:

'സ്രാവുകൾ ആളുകളായിരുന്നെങ്കിൽ', വീട്ടുടമസ്ഥയുടെ മകൾ ശ്രീമാൻ കെ—യോടുചോദിച്ചു. 'അവ ചെറുമീനുകളോട് കുറെക്കൂടി ദയ കാണിക്കുമോ?' 'തീർച്ചയായും', അയാൾ പറഞ്ഞു, 'സ്രാവുകൾ ആളുകളായിരുന്നെങ്കിൽ, അവ ചെറുമീനുകൾക്കുവേണ്ടി കടലിൽ ബലമേറിയ പെട്ടികളുണ്ടാക്കും. അവിടെ അവർക്കു ഭക്ഷിക്കാൻ എല്ലാത്തരം ആഹാരങ്ങളുമുണ്ടാവും, ചെടികളുണ്ടാവും. കൊച്ചുജീവികളും. പെട്ടികൾക്കകത്ത് എപ്പോഴും ശുദ്ധജലമുണ്ടായിരിക്കാൻ അവർ നിഷ്ക്കർഷിക്കും, ആരോഗ്യരക്ഷക്കുള്ള സകല നടപടികളുമെടുക്കും. ഉദാഹരണത്തിന് ഒരു ചെറുമീനിൻെറ ചിറകിലൊരു മുറിവുണ്ടായാൽ ഉടനെ, ബാൻഡേജുചെയ്യും, പ്രായമെത്തുംമുമ്പേ സ്രാവുകൾ വിഴുങ്ങാതിരിക്കുവാനാണിത്, ചെറുമീനിന് ദുഃഖം തെല്ലുമേശാതിരിക്കുവാൻ ഇടയ്ക്കിടെ വെള്ളത്തിൻെറ പാർട്ടികളുണ്ടാവും; കാരണം സന്തുഷ്ടരായ മത്സ്യങ്ങൾക്ക് ദുഃഖിതരായ മത്സ്യങ്ങളേക്കാൾ രുചിയേറും. വലിയ പെട്ടികളിൽ സ്കൂളും ഉണ്ടാവും, സംശയം വേണ്ടാ. സ്രാവുകളുടെ വായിലേക്ക് സ്വയം നീന്തിച്ചെല്ലാൻ അവിടെ ചെറുമീനുകൾക്ക് പരിശീലനം നൽകും. ഉദാഹരണത്തിന്, എവിടെയാണ് സ്രാവുകൾ അലസരായി ഉലാത്തുന്നതെന്നറിയാൻ അവക്ക് ഭൂമിശാസ്ത്രം പഠിക്കേണ്ടിവരും. അവിടത്തെ പ്രധാന വിഷയം ചെറുമീനുകളുടെ സന്മാർഗ്ഗശാസ്ത്രം തന്നെയായിരിക്കും. ചെറുമീനുകൾക്ക് ചെയ്യാവുന്ന ഏററവും സുന്ദരവും മഹനീയവുമായ കാര്യം സ്രാവുകൾക്കായി സന്തോഷത്തോടെ സ്വയം നിവേദിക്കുകയാണെന്നും, സ്രാവുകളെ, പ്രത്യേകിച്ചും അവർ ശോഭനമായ ഭാവി വാഗ്ദാനം ചെയ്യുമ്പോൾ, അപ്പാടെ വിശ്വസിക്കണമെന്നും അവിടെ അവർ പഠിക്കും. അനുസരണം ശീലിച്ചാൽ മാത്രമേ ഈ ഭാവി അവർക്ക് ഉറപ്പാവുകയുള്ളൂ എന്നും ചെറുമീനുകളെ മനസ്സിലാക്കിക്കൊടുക്കും. അവർ താഴ്ന്നതും ഭൗതികവാദപരവും മാർക്സിസ്ററുമായ ചായ്വുകളിൽനിന്നൊക്കെ ഒഴിഞ്ഞുമാറിക്കൊള്ളണം, അവരിലാരെങ്കിലും അത്തരം പ്രവണതകൾ കാണിച്ചാലുടൻ സ്രാവുകളെ വിവരമറിയിക്കണം.... സ്രാവുകൾ ആളുകളായിരുന്നെങ്കിൽ, കലയുമുണ്ടാവും. സ്രാവിൻ പല്ലുകളുടെ മനോഹരമായ ചിത്രങ്ങളുണ്ടാവും എല്ലാം തിളങ്ങുന്ന നിറങ്ങളിലായിരിക്കും. അവരുടെ വായ്കളും തൊണ്ടകളും ശുദ്ധമായ കളിസ്ഥലങ്ങളായി ചിത്രീകരിക്കപ്പെടും. അവിടെ തുള്ളിമറിയുകയും കളിക്കുകയും ചെയ്യാം. കടലിൻെറ അടിത്തട്ടിലെ നാടകശാലകളിൽ ചെറുമീനുകൾ, ധീരതയോടെ, ഉത്സാഹത്തോടെ, സ്രാവുകളുടെ തൊണ്ടയിലൂടെ താഴേക്കു നീന്തിപ്പോവുന്നതുകാണിക്കുന്ന നാടകങ്ങളുണ്ടാകും. സംഗീതമോ, കേട്ടാലുടനെ ചെറുമീനുകൾ സ്വപ്നം നിറഞ്ഞ കണ്ണുകളോടെ കപ്പോളകളിലേക്കു നീങ്ങുകയും, സുഖചിന്തകളോടെ സ്രാവുകളുടെ തൊണ്ടകളിലേക്ക് ഒഴുകിച്ചെല്ലുകയും ചെയ്യും, അത്ര മധുരമായിരിക്കും ആ സംഗീതം. പിന്നെ, തീർച്ചയായും മതവുമുണ്ടാകും. യഥാർത്ഥജീവിതം സ്രാവുകളുടെ വയററിലാണാരംഭിക്കുന്നതെന്ന് അതു പഠിപ്പിക്കും. സ്രാവുകൾ ആളുകളായിരുന്നെങ്കിൽ ചെറുമീനുകൾ ഇപ്പോഴത്തെപ്പോലെ തുല്യരായിരിക്കില്ല. ചിലവയ്ക്ക് ഉദ്യോഗങ്ങൾ നൽകി മററുള്ളവയുടെ മീതെ പ്രതിഷ്ഠിക്കും. കുറച്ചുകൂടി വലിയവയ്ക്ക് ചെറിയവയെ തിന്നുവാൻതന്നെ അധികാരമുണ്ടാവും. അപ്പോൾ സ്രാവുകൾക്ക് കൂടുതൽ സന്തോഷമാവും. അപ്പോൾ അവയ്ക്ക് വിഴുങ്ങാൻ കൂടുതൽ വലിയ ഉരുളകൾ കിട്ടുമല്ലോ. അധികാരമുള്ള, ഏററവും പ്രധാനികളായ ചെറുമീനുകൾ, മററു ചെറുമീനുകളെയെല്ലാം ചിട്ടപ്പെടുത്തും. അവ അദ്ധ്യാപകരും ഓഫീസർമാരും പെട്ടിപണിയുന്ന എഞ്ചിനീയർമാരും മററുമായിത്തീരും. സ്രാവുകൾ ആളുകളായിരുന്നാൽ കടൽനിറയെ സംസ്കാരമായിരിക്കും.'

ളെ അപകടപ്പെടുത്തിയേക്കാമെന്ന് അധീശവർഗ്ഗം ഭയക്കുന്നുണ്ട്. അതുകൊണ്ട്, വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും കർക്കശമായ ഒരു പെരുമാററച്ചട്ടം രേഖ നിർദ്ദേശിക്കുന്നു. 'എല്ലാ അദ്ധ്യാപകരും പഠിപ്പിക്കണം, എല്ലാ വിദ്യാർത്ഥികളും പഠിക്കണം.' പോരാ, അധികാരം കഴിയുന്നത്ര കേന്ദ്രീകൃതമാകണം. അടിയന്തിരാവസ്ഥയിലെ പ്രത്യേകാധികാരമുപയോഗിച്ച് വിദ്യാഭ്യാസത്തെ 'കൺകറൻറ് ലിസ്റ്റി'ൽ ഉൾക്കൊള്ളിച്ചതുമുതൽ ഈ കേന്ദ്രീകരണം ശക്തിപ്പെടാനാരംഭിച്ചിരുന്നു. യൂണിവേഴ്സിററി ഗ്രാൻറ്സ് കമ്മീഷൻ, ആൾ ഇന്ത്യാ കൗൺസിൽ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ, എൻ. സി. ഇ. ആർ. ടി., ഐ. സി. എ. ആർ., ഐ. എം. സി., നാഷനൽ ഇൻസ്റ്റിററ്യൂട്ട് ഓഫ് അഡ്മിനിസ്ട്രേററിഫ് പ്ളാനിംഗ് തുടങ്ങിയ കേന്ദ്ര ഏജൻസികളിലൂടേയും ഉന്നതവിദ്യാഭ്യാസത്തിന് രൂപീകൃതമാകാൻപോകുന്ന ദേശീയ സമിതിയിലൂടേയും ഭരണകൂടത്തിന്റെ ഇംഗിതങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കപ്പെടും. സ്ഥാപനങ്ങളുടെ തലവന്മാർക്ക് പ്രത്യേകാധികാരങ്ങൾ നൽകുക, ഐ. എ. എസ്. മാതൃകയിൽ ഒരു 'ഇന്ത്യൻ എഡ്യൂക്കേഷനൽ സർവ്വീസ്' ആരംഭിക്കുക, തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുള്ള സെനററ്—സിൻഡിക്കേററ് സമ്പ്രദായം അവസാനിപ്പിക്കുക. ക്യാമ്പസ്സുകളെ അരാഷ്ട്രീയവൽക്കരിക്കുക ഇതിലൂടെയെല്ലാം ഇന്നു കാണുന്ന 'അസ്വാസ്ഥ്യ'ങ്ങളും പരിഹരിക്കപ്പെടും.

ഭൂരിപക്ഷജനതയുടെ ബോധവൽക്കരണത്തെ ഭയപ്പെടുന്ന, ലാഭക്കൊതിയരായ, ഒരു മേധാവിവർഗ്ഗം, അതു് വന്നുപെട്ടിരിക്കുന്ന പ്രതിസന്ധി പരിഹരിക്കാമെന്ന വ്യാമോഹത്തോടെ ആവിഷ്ക്കരിച്ചിരിക്കുന്ന പുത്തൻ വിദ്യാഭ്യാസനയം, വിദ്യാഭ്യാസത്തിന്റെ തുടർന്നുപോന്ന വരേണ്യാവത്ക്കരണത്തേയും സ്വകാര്യവാണിജ്യവൽക്കരണത്തേയും അധികാരകേന്ദ്രീകരണത്തേയും ശക്തിപ്പെടുത്തി വർഗ്ഗവൈരുദ്ധ്യങ്ങളെ മൂർഛിപ്പിക്കുന്ന ഒന്നാണ്. പൊതുവായ വർഗ്ഗസമരത്തിന്റെ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ഈ സവിശേഷമേഖലയിലെ വർഗ്ഗസമരത്തെ നയിക്കുന്ന, ബഹുജനൈക്യത്തിലുറച്ചുവിശ്വസിക്കുന്ന, അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും ജീവനക്കാരുടേയും സംഘടനകൾക്കു മാത്രമേ ഈ വൈരുദ്ധ്യത്തെ ശരിക്കും പ്രകാശിപ്പിക്കുന്ന സമരരൂപങ്ങൾക്കു ജന്മം കൊടുക്കാൻ കഴിയൂ. ഈ സംഘടനാനേതൃത്വങ്ങളെ ആശയപരമായി ആയുധവത്ക്കരിക്കാൻ തൊഴിലാളിവർഗ്ഗ ചിന്തകർക്ക് ബാദ്ധ്യതയുണ്ട്.

—കെ. എസ്.

## പച്ചയിൽനിന്ന് ചുകപ്പിലേക്ക്

എ. ഡി. രണ്ടായിരമാണ്ടാകുമ്പോഴേക്കും ലോകനാണയവ്യവസ്ഥ സമ്പൂർണ്ണമായി തകർന്നുവീഴും. വികസിത രാജ്യങ്ങൾ മൂന്നാംലോകരാഷ്ട്രങ്ങളുടെ പദവിയിലേക്ക് നിപതിക്കും. ദാരിദ്ര്യം, തൊഴിലില്ലായ്മ, സാധനദൗർലഭ്യം, സ്ഥിരമായ ആഭ്യന്തരയുദ്ധം, വ്യവസായലോകത്തിന്റെ 'ബെയ്റൂട്ട്വത്ക്കരണം'— ഇവയെല്ലാം സംഭവിക്കും. ഇന്ത്യ ശകലം ശകലമായി പൊടിഞ്ഞുപോകും. ഫിലിപ്പീൻസ്, മാർക്കോസിനനുകൂലമായ ഒരു സൈനികമേധാവിത്തത്തിലേക്ക് തിരിച്ചുപോകും. ഒരു ദക്ഷിണാഫ്രിക്കൻ വിപ്ലവത്തിൽ ഒരു ദശലക്ഷംപേർ മരണമടയും. എയ്ഡ്സും മയക്കുമരുന്നുകളും ലോകത്തെ കീഴ്പ്പെടുത്തും.

—ഇവ മരുഭൂമിയിലെ വചനങ്ങളല്ലാ, പീററർ ജേ., മൈക്കൾ സ്ററുവർട്ട് എന്നിവർ, ചേർന്നെഴുതിയ ''അപ്പൊകലിപ്സ്—2000: സാമ്പത്തിക ശിഥിലീകരണവും ജനാധിപത്യത്തിന്റെ ആത്മഹത്യയും, 1989—2000'' എന്ന പുതിയ പുസ്തകസെൻസേഷന്റെ പ്രവചനങ്ങളാണ്. യാഥാർത്ഥ്യത്തെ അടിസ്ഥാനപ്പെടുത്തിയുള്ള കല്പന എന്നയർത്ഥത്തിൽ ''ഫാക്ഷൻ'' (ഫാക്ററ്+ഫിക്ഷൻ) എന്നാണ് ഈ രചനാരീതിയെ നിരൂപകൻ വിശേഷിപ്പിക്കുന്നതു്. മാർഷൽ മക്‌ലൂഹന്റെയും അൽവിൻ ടോഫ്ളറുടേയും അന്ധമായ ശുഭാപ്തിവിശ്വാസത്തിന്റെ ഇരുണ്ട മറുവശമായ ഈ അന്ധമായ ദുരന്തബോധത്തിന് ഇന്ന് പ്രബലമായിവരുന്ന ഒരു ചിന്താരീതിയുടെ പ്രാതിനിദ്ധ്യമുണ്ട്.

ഇതിനു ചിന്താലോകത്തിൽ തുടക്കം കുറിച്ചതു് 'ക്ലബ്ബ് ഓഫ് റോ'മും എർലീഷ് ദമ്പതികളും മററുമാണെന്ന് പറയാം. നവീകരിക്കാനാകാത്ത ഊർജ്ജസ്രോതസ്സുകളുടെ അവിരാമമായ ചൂഷണവും ജനസംഖ്യയുടെ അനിയന്ത്രിത വികാസവും വ്യാവസായികരാഷ്ട്രങ്ങളുടെ ഭാവിയെ മുക്കിക്കൊല്ലുന്ന ഒരു വിസ്ഫോടനത്തിലേക്ക് നയിക്കുമെന്ന് അവർ പ്രവചിച്ചു. പരിസരമലിനീകരണവും വ്യവസായമാന്ദ്യവും നാശത്തിന്റെ ചവിട്ടുപടികളായിക്കണ്ട് അവയെ തടയാൻ മറുരീതികൾ തേടുന്ന ഐവാൻ ഇല്ലിച്ച്, ഇ. എഫ്. ഷൂമാക്കർ, ഭൗതികത്തിന്റെ നാശത്തിൽ നിന്ന് അധിഭൗതികം വീണ്ടെടുക്കാൻ ശ്രമിക്കുന്ന ഫ്രിജോഫ് കാപ്ര, ഭൂമിയെയും അന്തരീക്ഷത്തെയും ജീവജാലങ്ങളേയും അടങ്ങുന്ന ഒരു പരിസ്ഥിതിവ്യൂഹ (ഇക്കോ സിസ്റ്റം)മായിക്കണ്ട്, എൻട്രപ്പിയുടെ (തിരിച്ചു ക്രമീകരിക്കാനാകാത്ത ക്രമരാഹിത്യം) ഭൗതികനിയമം സമൂഹത്തിനും ബാധകമാണെന്നും എല്ലാം വിനാശത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കയാണെന്നും വാദിക്കുന്ന ഹെർമാൻ ഡേലിയെപ്പോലുള്ള നിഹിലിസ്റ്റ് വൈജ്ഞാനികർ: ഇവരെല്ലാം 'പുരോഗതി' 'സോഷ്യലിസം' 'വികാസം' മുതലായ സംജ്ഞകളെ ശത്രുതയോടെ വീക്ഷിക്കുകയും 'പ്രവാചക'രായോ 'രക്ഷക'രായോ ദുരന്തമാഘോഷിക്കുകയും ചെയ്യുന്നവരാണ്. മുതലാളിത്തത്തെ നിരാകരിക്കുവാൻ സോഷ്യലിസത്തിലേയ്ക്കു മുന്നേറുകയല്ല, നാടുവാഴിത്തയുഗത്തിലേക്കോ, മദ്ധ്യകാലമൂല്യങ്ങളിലേക്കോ പിന്നേറുകയാണാവശ്യമെന്ന് ഇവരിൽ പലരും ധ്വനിപ്പിക്കുകയോ, പ്രസ്താവിക്കുകതന്നെയോ ചെയ്യുന്നു. മാൽത്തൂസ് മുതൽ ലാവോത്സു വരെയുള്ള മുൻകാലചിന്തകരെ വിളിച്ചുണർത്തുന്ന, ദുരന്തത്തിന്റെയും വെളിപാടിന്റെയുമായ ഒരു സൂപ്പർ ജേണലിസത്തിന് വികസിതലോകത്തുമാത്രമല്ല, അവികസിത രാജ്യങ്ങളിലും വിപണി വിപുലമായിക്കൊണ്ടിരിക്കുന്നു. വ്യവസായവത്കരണത്തേയും വൻസാങ്കേതികവിദ്യയേയും സാമൂഹ്യഘടനയുടെ സ്വഭാവവുമായി ബന്ധപ്പെടുത്താതെതന്നെ തിരസ്കരിക്കുന്ന ഒരു പുതിയ സോഷ്യലിസ്റ്റ് വിരുദ്ധ രാഷ്ട്രീയം—'ചുവപ്പിൽനിന്ന് പച്ചയിലേക്ക്' എന്ന് റുഡോൾഫ് ബാരോ—പരിസ്ഥിതി സംരക്ഷണവും യുദ്ധവിരോധവും സ്ത്രീവിമോചനവും ഭവിഷ്യദ്വിജ്ഞാനീയവുമായി ബന്ധപ്പെട്ട് ലോകമെമ്പാടും സംക്രമിച്ചുവരുന്നു. യാന്ത്രികഭൗതികവാദം മുതൽ ആദ്ധ്യാത്മികതാവാദംവരെ വിവിധങ്ങളും പലപ്പോഴും പരസ്പരവിരുദ്ധങ്ങളുമായ

അംശങ്ങൾ കൂടിക്കുഴഞ്ഞ ഈ ജടില പ്രത്യയശാസ്ത്ര സംയുക്തത്തിന്റെ മുഖ്യഘടകങ്ങളെ ഇങ്ങിനെ സംക്ഷേപിക്കാം:

ഒന്നാമത്തേത് ശാസ്ത്രത്തോടും സിദ്ധാന്തത്തോടുംതന്നെയുള്ള വിരോധമാണ്. ശാസ്ത്രവാദത്തെയല്ല ഇവർനിരാകരിക്കുന്നത്. മറിച്ച് തെയ്ൽസ് ഗണിതത്തിലും ഗലീലിയോ ഭൗതികത്തിലും മാർക്സ് ചരിത്രത്തിലും സാധിച്ച ആ വിപ്ലവമുണ്ടല്ലോ—പ്രത്യയശാസ്ത്രപരമായ ഒരു ഭൂതകാലത്തിൽനിന്നുള്ള ജ്ഞാനസിദ്ധാന്തപരമായ വിച്ഛേദം—അതിനെ, ശാസ്ത്രീയതയെ, തന്നെയാണ്. ശാസ്ത്രമാണ് സത്യാന്വേഷണത്തിന്റെ ഒരേയൊരു മാർഗമെന്ന് നാം ശഠിക്കുന്നില്ല. കലയും ധ്യാനവുമെല്ലാം ചില ആനുഭവികസത്യങ്ങൾ വെളിപ്പെടുത്തുന്നുണ്ട്. എന്നാൽ ശുദ്ധവും വസ്തുനിഷ്ഠവുമായ ജ്ഞാനം നേടുന്നതിന് മനുഷ്യൻ വികസിപ്പിച്ച അന്വേഷണരീതിയാണ് ശാസ്ത്രം. സാങ്കേതിക പ്രയോഗങ്ങളിൽനിന്നു കിട്ടുന്ന സ്ഥിതിവിവരങ്ങളെയും പ്രത്യയശാസ്ത്രപ്രയോഗങ്ങളെയുമെല്ലാം അസംസ്കൃതവിഭവമാക്കി സൈദ്ധാന്തികോത്പാദനം നടത്തുന്നതിന്റെ നിഷ്കൃഷ്ടമായ മാർഗമാണത്. ശാസ്ത്രീയതയെ തിരസ്കരിക്കയെന്നാൽ സത്യത്തെത്തന്നെ തിരസ്കരിക്കുന്നതിനു തുല്യമാകുന്നത് അതുകൊണ്ടാണ്. പ്രതിരോധ പ്രവർത്തകരെന്നു സ്വയം വിശേഷിപ്പിക്കുന്ന പല സാഹസിക സംഘങ്ങളുടെയും ഏകപക്ഷീയമായ ആക്ടിവിസം, സൈദ്ധാന്തികമായ ധൂമിലതയെ മൂടിവെയ്ക്കുന്നതിനുള്ള ഉത്കണ്ഠ മാത്രമാണ്. ഇതിന്റെ തന്നെ ഉത്പന്നമാണ് 'പുരോഗതി'യെന്ന സങ്കൽപത്തിന്റെ തിരസ്കാരം. ഫലത്തിൽ മനുഷ്യചരിത്രത്തിന്റെ ചലനാത്മകതയേയും സാമൂഹ്യേച്ഛയുടെ പങ്കിനെയും നിഷേധിക്കുകയാണ് ഈ വീക്ഷണം ചെയ്യുന്നത്. സാമൂഹ്യ പരിണാമത്തിന്റെ അനുക്രമഘട്ടങ്ങളെക്കുറിച്ചുള്ള ചരിത്രഭൗതികവാദത്തിന്റെ വീക്ഷണാത്ത പിൻവാതിലിലൂടെ പുറത്തിറക്കിവിടാനുള്ള ഒരു മാർഗവുമാണിത്.

രണ്ടാമത്തേത് വ്യഷ്ടിവാദമാണ്. പ്രശ്നവും പരിഹാരവും വ്യക്തിയിലാണടങ്ങിയിരിക്കുന്നതെന്ന വിശ്വാസം ഇല്ലിച്ചിന്റെയും മറ്റും വിചാരങ്ങളുടെ അടിസ്ഥാനശില തന്നെയാണ്. വാസ്തവത്തിൽ ഇത് ഉട്ടോപ്യൻ മതാത്മക വീക്ഷണത്തിന്റെ തന്നെ ഒരു പക്ഷാന്തരമാകുന്നു. സമൂഹത്തെ വ്യക്തികളുടെ ഒരു കൂട്ടമായിക്കാണുന്ന അണുവാദപരമായ കാഴ്ചപ്പാട് ആധുനിക സാമൂഹികവിജ്ഞാനീയങ്ങളെല്ലാം നിരാകരിക്കുന്ന ഒന്നാണ്. സമൂഹങ്ങൾ അവയുടേതായ ചലനനിയമങ്ങളുള്ള വ്യക്തിനിരപേക്ഷമായ ഘടനകളാണ്; സാമൂഹ്യേച്ഛയും സാമൂഹ്യപരിണാമവും രൂപപ്പെടുന്നതും, ഈ സമഗ്രഘടനകളിലാണ്. സാമൂഹ്യപ്രശ്നങ്ങളുടെ പരിഹാരം സാമൂഹ്യസാകല്യത്തിൽതന്നെയാണ്. വ്യക്തിപരിഹാരത്തിന്റെ പരിപ്രേക്ഷ്യം അടിയിൽ ഒരു സത്താവാദം അഥവാ ഒരാത്മവാദംആണ്. അത് സമൂഹത്തിന്റെ വസ്തുനിഷ്ഠമായ അസ്തിത്വത്തെത്തന്നെ തിരസ്കരിക്കുന്നു. പല 'മറുരീതി' പ്രവാചകരിലും കാണുന്ന, കുറ്റവാളിയെ ഒഴിവാക്കി ഇരയെ കുറ്റപ്പെടുത്തുന്ന പ്രത്യയശാസ്ത്രവും ജീവിതശൈലീരാഷ്ട്രീയവും ഈ കാഴ്ചപ്പാടിന്റെ ഉപോല്പന്നങ്ങളാണ്.

മൂന്നാമത്തെ ഘടകത്തെ നമുക്ക് 'കേവലമൂല്യവാദ'മെന്ന് വിളിക്കാം. മൂല്യങ്ങൾ കേവലമായി നിലനിൽക്കുന്നില്ല. വർഗ്ഗസമരത്തിന്റെ ഘടനകളാണ് മൂല്യപ്രതീതികളെ സൃഷ്ടിക്കുകയും അവസ്ഥത്വം നൽകുകയും ഭിന്നരീതികളിൽ ഉപയോഗിക്കുകയും ചെയ്യുന്നത്. സ്നേഹം, സത്യം, അഹിംസ, ദേശപ്രേമം, ഒത്തൊരുമ— ഇങ്ങിനെ അമൂർത്തമായി നാമകരണം ചെയ്യപ്പെടുന്ന ''മൂല്യ''സംജ്ഞകൾക്കെല്ലാംതന്നെ ഭിന്നസന്ദർഭങ്ങളിൽ ഭിന്ന വിവക്ഷകളാണുള്ളത്. ഇവയെല്ലാംതന്നെ വർഗ്ഗസമൂഹങ്ങളിൽ ഒരു വർഗത്തിന്റെ അധീശത്വത്തെ പിന്തുണക്കാനായി ആസൂത്രണം ചെയ്യപ്പെടുന്ന മൂല്യഘടനകളിലേക്ക് ആഗിരണം ചെയ്യപ്പെട്ട് അടിച്ചമർത്തലിന്റെ മാർഗങ്ങളായി മാറാമെന്നത് നമുക്കനുഭവമുള്ളതാണല്ലോ. ചെന്നായയെ സ്നേഹിക്കണമെന്ന് ആട്ടിൻകുട്ടിയോടുപദേശിക്കുകയും പ്രത്യയശാസ്ത്രങ്ങളെ ആത്യന്തിക സത്യമായവതരിപ്പിക്കുകയും സ്വാതന്ത്ര്യകലാപങ്ങളെ അടിച്ചമർത്താനായി അഹിംസയുദ്ബോധിപ്പിക്കുകയും ഭരണകൂടത്തെ പിന്തുണക്കാനും നിലനിർത്താനുമായി ദേശപ്രേമമന്ത്രമുരുവിടുകയും ചൂഷകരുടെ ഒത്തൊരുമയെ ദേശീയൈക്യമായി കൊണ്ടാടുകയും ചെയ്യുന്ന സന്ദർഭങ്ങളും നമുക്കപരിചിതമല്ലല്ലോ.

മുതലാളിത്തത്തെ പ്രതിക്കൂട്ടിൽനിന്നൊഴിച്ചുനിർത്തി 'വ്യവസായ'ത്തെ ആധുനിക സാമൂഹ്യത്തിന്റെ എല്ലാ രുഗ്ണാവസ്ഥകൾക്കും കാരണമാക്കുന്ന വ്യാവസായിക പ്രത്യയശാസ്ത്രമാണ് നാലാമത്തെ ഘടകം. വ്യാവസായികവിപ്ലവം ഒരു പുതിയ ചൂഷകവർഗത്തെ സൃഷ്ടിച്ചതോടൊപ്പം, മാനുഷ്യകത്തെ മുഴുവൻ അധീശത്വഘടനകളിൽനിന്ന് മോചിപ്പിക്കാൻ പ്രാപ്തിയുററ തൊഴിലാളിവർഗ്ഗത്തേയും സൃഷ്ടിച്ചുവെന്ന് ഈ വിചിന്തനരീതിയുടെ വക്താക്കൾ മറക്കുന്നു. വ്യാവസായികോത്പാദനത്തിന് മുതലാളിത്തരീതിയെന്നും, സോഷ്യലിസ്റ്റ് രീതിയെന്നും വേർതിരിക്കാവുന്ന രണ്ടു വിരുദ്ധ സമ്പ്രദായങ്ങളുണ്ടെന്ന സത്യവും വിസ്മരിക്കപ്പെടുന്നു. മുകളിൽനിന്നു താഴോട്ടിറങ്ങിവരുന്ന ഔധികാരശ്രേണി, ഇതനുസരിച്ചുള്ള അദ്ധ്വാനവിഭജനവും അതിനെ പിന്തുണക്കുന്ന സാങ്കേതികവിദ്യയും, സങ്കേതത്തിന്റെയും വൈദഗ്ധ്യത്തിന്റെയും വിജ്ഞാനത്തിന്റെയും വിതരണത്തിൽ മൂലധനവർഗങ്ങൾക്ക് കുറഞ്ഞ ചിലവും കൂടിയ ലാഭവും ഉറപ്പുനൽകുന്ന രീതികളുടെ പിന്തുടർച്ച, ഉത്പാദനപ്രക്രിയയെ സംബന്ധിച്ച സമഗ്രജ്ഞാനം ഏററവും മുകളിലത്തെ മേധാവികൾക്കുമാത്രം കൈവശമായിരിക്കുന്ന അവസ്ഥ, ഉത്പാദനത്തിലും വിതരണത്തിലും തൊഴിലാളിക്കനുഭവപ്പെടുന്ന അന്യതാപ്രതീതി ഇവയെല്ലാമാണ് മുതലാളിത്ത ഉത്പാദനരീതിയുടെ സവിശേഷതകൾ. ഈ ശ്രേണീകരണത്തെയും അന്യവത്കരണത്തെയും ചെറുക്കുന്ന തരത്തിൽ ഉത്പാദനബന്ധങ്ങളുടെ സമതാധിഷ്ഠിതമായ അഴിച്ചുപണിയും ഉത്പാദനോപാധികളുടെ സാമൂഹ്യമായ ഉടമസ്ഥതയുമാണ് സോഷ്യലിസ്റ്റുത്പാദനത്തിന്റെ കാതൽ. നിലനിൽക്കുന്ന സോഷ്യലിസ്റ്റ് ഉത്പാദനബന്ധങ്ങളും രീതികളും ഇത്തരത്തിൽ പൂർണ്ണമായി അഴിച്ചുപണിയപ്പെട്ടിട്ടില്ലെങ്കിൽ അതിന് സോഷ്യലിസ്റ്റാദർശത്തെ കുറ്റപ്പെടുത്തുകയല്ല വേണ്ടത്. അതിജീവിക്കുന്ന മുതലാളിത്താവശിഷ്ടങ്ങളിലും യുദ്ധാവസ്ഥ അനിവാര്യമാക്കുന്ന ഉത്പാദനവർദ്ധനവിലും രാഷ്ട്രീയ ഘടനയുടെ അപര്യാപ്തതകളിലുമാണ് അതിനു കാരണം തിരക്കേണ്ടത്. ഉത്പാദനരീതിയെ ശാസ്ത്രീയമായി മുതലാളിത്തപരവും ജനകീയവുമായി തരം തിരിക്കുന്നതിനുപകരം, വർഗ്ഗഘടകത്തെ മുഴുവനായി ഒഴിച്ചുനിർത്തി 'പൗരസ്ത്യം', 'പാശ്ചാത്യം' എന്ന് അടിസ്ഥാനരഹിതമായി തരം തിരിക്കുന്ന രീതിയാണ് പല പരിസ്ഥിതി ചിന്തകരും അനുവർത്തിക്കുന്നത്.

ഈ പ്രത്യയശാസ്ത്രത്തിന്റെതന്നെ ഉപോത്പന്നങ്ങളാണ് അടുത്ത രണ്ടു ഘടകങ്ങൾ: ഒന്ന് സാങ്കേതിക നിർണ്ണയവാദമാണ്. മാക്സ്‌വെബ്ബറുടേയും മററും 'ടെക്നോ-ഡിറേറർമിനിസ'ത്തിൽനിന്ന് വ്യത്യസ്തമല്ല ഇല്ലിച്ചിന്റേയും ഷൂമാക്കറുടേയും നിലപാട്. സാങ്കേതികവിദ്യയുടെ സ്വഭാവമാണ് സാമൂഹ്യഘടനയെ നിർണ്ണയിക്കുന്നതെന്ന ഈ തലതിരിഞ്ഞ കാഴ്ചപ്പാടിൽ സമ്പത്ത്,

സ്വത്തുടമസ്ഥത, സാമൂഹ്യവർഗ്ഗങ്ങൾ ഇവയെല്ലാം അപ്രധാനമാകുന്നു. ടെക്നോളജി ഒരു സ്വതന്ത്രശക്തിയായി അവതരിപ്പിക്കപ്പെടുന്നു. ടെക്നോളജി വാസ്തവത്തിൽ ഉത്പാദനത്തിന്റെ ഘടകമായി മാററപ്പെട്ട ശാസ്ത്രമാണ്; ആ നിലക്ക് ഉത്പാദന സാഹചര്യങ്ങൾ—ഉത്പാദനബന്ധങ്ങളും ഉത്പാദനോപാധികളുടെ ഉടമസ്ഥതയും—സാങ്കേതികവിദ്യയെസ്സംബന്ധിച്ച് നിർണ്ണായകമാണ്; സാമൂഹ്യവൈരുദ്ധ്യങ്ങളുടെ മുദ്രകൾ അതിലും പതിയാതെ വയ്യ. ടെക്നോളജി യുദ്ധവും ദാരിദ്ര്യവും സൃഷ്ടിക്കാനുപയോഗിക്കാം, സമാധാനവും സമൃദ്ധിയും സൃഷ്ടിക്കാനും ഉപയോഗിക്കാം. ഏതു വർഗ്ഗം, എന്തുലക്ഷ്യത്തോടെ, അതുപയോഗിക്കുന്നു എന്നതാണിവിടെ നിർണ്ണായകഘടകം. ഈ സാങ്കേതിക നിർണ്ണയവാദം അടുത്ത ഘടകത്തിലേക്ക് നയിക്കുന്നു: ഉദ്യോഗസ്ഥമേധാവികളെ സ്വയം മുതലാളിവർഗത്തിനുപകരം ഉയർന്നുവന്നിരിക്കുന്ന പുതിയ അധീശവർഗമായിക്കാണുന്ന 'ടെക്നോക്രാറിസ'മാണത്. വാസ്തവത്തിൽ ബ്യൂറോക്രാററുകളും ടെക്നോക്രാററുകളും സമ്പദ്വ്യവസ്ഥയുടെ നടത്തിപ്പുകാർ മാത്രമാണ്. നയപരമായ തീരുമാനങ്ങൾ അവരുടേതല്ല. ചരക്കുപൂജ പ്രോത്സാഹിപ്പിക്കുക, കൃത്രിമാഭിലാഷങ്ങൾ സൃഷ്ടിക്കുക, ഉപഭോഗപ്രത്യയശാസ്ത്രത്തെ പുനരുത്പാദിപ്പിക്കുക—ഇതാണ് മുതലാളിത്തസമൂഹത്തിൽ അവർ ചെയ്യുന്നത്. ഉപഭോഗമണ്ഡലത്തിൽ അസംതൃപ്തിയും ആശ്രിതത്വവും സൃഷ്ടിക്കുന്നത് ഉദ്യോഗസ്ഥമേധാവികളുടെ ആവശ്യമല്ല, ഉത്പാദനം കയ്യാളുന്ന ഉപരിവർഗത്തിന്റെ താത്പര്യമാണ്. ബ്യൂറോക്രസികൾ മുതലാളിത്ത സാമൂഹികാവശ്യങ്ങളുടെ ലക്ഷണവും പ്രതിഫലനവും ഉപകരണവുമാണ്, അവർ നിറവേററുന്ന ആവശ്യങ്ങൾ അവരുടേതല്ല: അധീശവർഗങ്ങളുടേതാണ്.

സാങ്കേതികവികാസത്തിന്റെ അന്ധനിരാസം, മദ്ധ്യയുഗാരാധനയുടെ വിഷ്കംഭമാണ്. വ്യവസായകേന്ദ്രീകരണം ഒഴിവാക്കാനായി പഴയ സ്വതന്ത്രവാണിജ മാതൃകയിലേക്ക് തിരിച്ചുപോകാനാഹ്വാനം നൽകുന്ന ഐവാൻ ഇല്ലിച്ച് ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങൾ "അതിജീവനത്തിനുള്ള ആഗ്രഹവും പ്രബുദ്ധമായ സ്വാർത്ഥതാൽപര്യ"വുമാണ് മുതലാളിത്തത്തിന്റെ അടിസ്ഥാനമൂല്യങ്ങൾ തന്നെ. അദ്ദേഹത്തിന്റെ സാമ്പത്തികപരിഹാരങ്ങൾ മിൽട്ടൺ ഫ്രീസ്മാനെ അനുസ്മരിപ്പിക്കുന്നവയുമാണ്. ഇന്ത്യൻ വർണ്ണവ്യവസ്ഥക്ക് അതിന്റെ വക്താക്കൾ നൽകിയിട്ടുള്ള ന്യായീകരണങ്ങളിലേക്ക് ഈ നിലപാടിൽനിന്ന് ഏറെ ദൂരമില്ല. ഫ്രിജോഫ് കാപ്രയാകട്ടെ, നിർലജ്ജമായിത്തന്നെ ആധ്യാത്മിക ആശയവാദങ്ങളെ പിന്തുണക്കുന്നുണ്ട്. സെൻബുദ്ധിസം, ഷാമാനിസം (മന്ത്രവാദചികിത്സ), ആൽക്കെമി, താവോമതം തുടങ്ങിയ ശാസ്ത്രപൂർവ്വസമീപന രീതികളിലേക്ക് അദ്ദേഹം കൂടെക്കൂടെ തിരിച്ചുപോകുന്നു, പുതിയ വൈജ്ഞാനിക നിരീക്ഷണങ്ങളെ പഴയ ലോകവീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ വായിച്ച് വ്യാഖ്യാനിക്കുന്നു.

ഈ പ്രത്യയശാസ്ത്രസംഹിതയുടെ മറെറാരു ഘടകമാണ് ഈ കുറിപ്പിന്റെ ആരംഭത്തിൽ പറഞ്ഞ നിരാശതാവാദവും സർവനാശവാദവും.

ഇങ്ങിനെ സോഷ്യലിസ്ററു ലോകവീക്ഷണത്തിനെ എല്ലാ ഭാഗങ്ങളിൽനിന്നും പ്രതിരോധിക്കുകയും പ്രാഗ്—സോഷ്യലിസ്റ്റ് ആശയവാദ പരിസരങ്ങളിലേയ്ക്കു തിരിച്ചു നടക്കുകയും ചെയ്യുന്ന ഈ പരിസ്ഥിതിരാഷ്ട്രീയത്തിന്റെ പ്രത്യയശാസ്ത്ര വിവക്ഷകൾ തുറന്നു കാട്ടുന്നതോടൊപ്പംതന്നെ ഇടതുപക്ഷത്തിന്റെ ചില മൗനങ്ങളിലാണ് ഈ സോഷ്യലിസ്ററു വിരുദ്ധ വാചാലതകൾ വളർന്നു വരുന്നതെന്നും നാം കാണേണ്ടതുണ്ട്. യുദ്ധം, പരിസ്ഥിതി നശീകരണം, സ്ത്രീയുടെ അടിമത്തം, ഹൈ-ടെക്നോളജിയുടെ ദുരുപയോഗം, അമിതമായ വിഭവചൂഷണം തുടങ്ങിയവ മനുഷ്യരാശി ഇന്നഭിമുഖീകരിക്കുന്ന ചില പ്രധാന പ്രശ്നങ്ങളാണ്. ഇവയുടെ നിലനില്പ് കണ്ടില്ലെന്നു നടിക്കാനാവില്ല. സമാധാനം, ഇക്കോളജി, ഫെമിനിസം, ടെക്നോളജി തുടങ്ങിയ മേഖലകളിലെല്ലാം ഇന്നു പ്രചരിക്കുന്ന ബൂർഷ്വാ സിദ്ധാന്തങ്ങൾക്കു ബദലായ സോഷ്യലിസ്ററു കാഴ്ചപ്പാടുകൾ രൂപപ്പെടുത്തുകയും ഈ പ്രശ്നങ്ങളിൽ സജീവമായ ജനകീയ രീതികളിൽ ഇടപെടുകയും ചെയ്തുകൊണ്ടു മാത്രമെ ഈ പ്രത്യയശാസ്ത്രങ്ങൾ മദ്ധ്യവർഗയുവാക്കളുടെ സംശയഗ്രസ്തമായ മനസ്സുകളിൽ ചെലുത്തുന്ന ആകർഷണത്തെ നേരിടാനാവൂ. 'സൈലൻറ് വാലി' ഉൾപ്പെടെയുള്ള പ്രശ്നങ്ങളിൽ കേരളത്തിലെ ഇടതുപക്ഷ പാർട്ടികൾ സ്വീകരിച്ച സമീപനങ്ങൾ കർക്കശമായ ആത്മപരിശോധനയും ആത്മവിമർശനവും ആവശ്യമാക്കുന്നുണ്ട്. ഈ പ്രശ്നങ്ങളിൽ തൊഴിലാളിവർഗത്തെ ബോധവത്കരിക്കാനും ഇടപെടുവിക്കാനുമുള്ള ആത്മാർത്ഥയത്നങ്ങൾ നടന്നാൽ മാത്രമെ, ഇക്കോളജിയും ഫെമിനിസവുമെല്ലാം ഉപരിവർഗത്തിന്റെ മാത്രം ഉത്കണ്ഠകളാണെന്ന ദുർബോധത്തിൽനിന്ന് അവരെ മോചിപ്പിക്കാനും, മനുഷ്യരാശിയുടെ മോചകരാണു തങ്ങളെന്ന പ്രബുദ്ധമായ ദൗത്യജാഗ്രതയിലേയ്ക്കുവരെ നയിക്കാനും കഴിയൂ—പരിസരസംരക്ഷണത്തിന്റേയും സ്ത്രീസമത്വത്തിന്റെയും മററും മണ്ഡലങ്ങളിൽ സോഷ്യലിസ്ററു രാജ്യങ്ങൾ കാണിക്കുന്ന ജാഗ്രതയും കൈവരിച്ച അവിതർക്കിതമായ നേട്ടങ്ങളുംപോലും മറച്ചുവെയ്ക്കപ്പെടുമ്പോൾ വിശേഷിച്ചും.

–കെ. എസ്;

13 ഓഗസ്റ്റ് 1987

□□
□□□□□
□□□□□□□□□□□
□□□□□□□□□□□□□□□

**പത്രാധിപ സമിതി:**

കെ. സച്ചിദാനന്ദൻ
ഡോ. ടി. കെ. രാമചന്ദ്രൻ
ടി. എൻ. ജോയ്
എൻ. എ. ദേവസ്സിക്കുട്ടി
കവിയൂർ ബാലൻ

□□
പ്രിൻറിങ് :
ഹരിശ്രീ പ്രിൻേററഴ്സ്, പെരിഞ്ഞനം


□□
പബ്ലിഷേഴ്സ് :
സൊസൈററി ഫോർ സോഷ്യലിസ്റ്റ് സ്റ്റഡീസ്
ഒ. കെ. ബിൽഡിങ്സ്
കൊടുങ്ങല്ലൂർ 680 664

□□□□□□□□□
□□□□□□□
□□□□

## അററിലാ ജോസഫ്


1905-ൽ ഒരു സോപ്പ് ഫാക്ടറിത്തൊഴിലാളിയുടേയും ഒരലക്കുകാരിയുടെയും മകനായി ജനിച്ച്, താറാവ്നോട്ടക്കാരനായും പന്നിവളർത്തുകാരനായും മററും പണിയെടുത്ത്, നാസികൾക്കെതിരെ ബുഡാപ്പെസ്ററിൽ അണ്ടർഗ്രൗണ്ട് തൊഴിലാളി പ്രസ്ഥാനം കെട്ടിപ്പടുത്ത്, ജനകീയ മുന്നണിക്കായുള്ള നിർദ്ദേശം കമ്മ്യൂണിസ്റ്റുപാർട്ടി സ്വീകരിക്കാത്തതിലും നാസിസത്തിൻെറ വളർച്ചയിലും ഹതാശനായി ഗുഡ്സ്ട്രെയിനിന്നടിയിൽ ചാടിമരിച്ച (1937) ഹങ്കേറിയൻ കവി.

സ്വേച്ഛകൾ — പോൾക്കീയുടേത്.



## ആ നിലവിളി എൻേറതല്ല

ആ നിലവിളി എൻേറതല്ല.
അത് ഭൂമി അലറുന്നതാണ്
സൂക്ഷിച്ചിരിക്കിൻ. സൂക്ഷിച്ചിരിക്കിൻ,
സാത്താൻ പല്ലിറുമ്മുകയാണ്.
തെളിഞ്ഞ അരുവികളുടെ
അടിത്തട്ടിൽ താണുകിടക്കുക
ഒരു ജാലകച്ചില്ലായി സ്വയം അടിച്ചു പരത്തുക,
വജ്രക്കല്ലുകളുടെ പ്രകാശത്തിനു പിന്നിലൊളിക്കുക,
അല്ലെങ്കിൽ ചെറുപ്രാണികൾക്കൊപ്പം
കല്ലുകൾക്കിടയിലൊളിക്കുക.
ഹേ, പാവപ്പെട്ട മനുഷ്യാ,
പുതുതായിച്ചുട്ടെടുത്ത
റൊട്ടിയ്ക്കകത്തു പോയൊളിക്കുക.
തണുത്ത മഴകൾക്കൊപ്പം
മണ്ണിലേക്ക് അരിച്ചിറങ്ങുക!



മററുള്ളവരിലേ നിനക്കു മുഖം കഴുകാനാവൂ
അതിനെ നിന്നിൽ തന്നെ
കളിപ്പിക്കുന്നതിൽ കാര്യമില്ല.
ഒരു കൊച്ചു പുൽക്കൊടിയുടെ തുമ്പായി മാറുക,
അപ്പോൾ നിനക്ക്
ലോകത്തിൻെറ അച്ചുതണ്ടിനെക്കാളും
മഹത്വം ലഭിക്കും.

ഹാ, യന്ത്രങ്ങളേ, പക്ഷികളേ,
ഇലകളേ, നക്ഷത്രങ്ങളേ!
നമ്മുടെ വന്ധ്യയായ അമ്മ
ഒരു കുഞ്ഞിനുവേണ്ടി നിലവിളിക്കുന്നു.
എൻെറ സുഹൃത്തേ, എൻെറ സ്വന്തം സുഹൃത്തേ,
ഭീകരമായാലും ഗംഭീരമായാലും,
ആ നിലവിളി എൻേറതല്ല,
അതു ഭൂമി അലറുന്നതാണ്.

## ഗ്ലാസുപണിക്കാർ

ഗ്ലാസ്സുപണിക്കാർ പെരുന്തീ കൂട്ടുന്നു
മൂശകളിൽ തിളച്ചുമറിയുന്ന സുതാര്യതയിൽ
സ്വന്തം ചോരയും വിയർപ്പും കൂട്ടിയിളക്കുന്നു,
അവശേഷിച്ച ശക്തികൊണ്ട്
സ്ഫടികം തളികകളിൽ പകർന്ന്
ഉരുട്ടിയുരുട്ടി മൃദുവാക്കുന്നു.

സൂര്യനുദിച്ചുയരുമ്പോൾ
അവർ ആ വെളിച്ചമെത്തിക്കുന്നു—



നഗരങ്ങളിൽ, നാട്ടിൻ പുറങ്ങളിലെ
കൊച്ചുകൂരകളിൽ വരെ.

ചിലർ അവരെ 'തൊഴിലാളികൾ'
എന്നുവിളിക്കുന്നു; ചിലർ 'കവികൾ' എന്നും :
രണ്ടും ഒരേപോലെ നല്ല പേരുകളാണെങ്കിലും.
സാവധാനം അവരുടെ രക്തം വററിപ്പോകുന്നു
അവരും സുതാര്യരായി മാറുന്നു :
നമ്മുടെമേൽ പണിതുയർത്തിയ,
ഭാവിയിലേയ്ക്കു തുറക്കുന്ന,
വൻ പളുങ്കുജാലകങ്ങൾ.

## വജ്രം

കീർത്തനങ്ങൾക്ക് എപ്പോഴും ഒരു സമയമുണ്ട്.


നാം നിൽക്കുന്നതു് ഒരു വജ്രപർവ്വതത്തിലാണ്
എങ്കിലും നമ്മുടെ കീശയിൽ ചരൽ മാത്രം.
നാം മാലാഖമാരായിരുന്ന കാര്യം
പണ്ടേ മറന്നിരിക്കുന്നു
നമ്മുടെ വെളുത്ത ചിറകുകൾ
തലയിണകൾ പോലെ കുത്തിനിറയ്ക്കപ്പെട്ടിരിക്കുന്നു
പ്രാത്ഥനകൾ ഇപ്പോൾ നമ്മുടെ ശക്തിയ്ക്കായി
ദാഹിക്കുന്നു,
കല്ലുകൾ നമ്മുടെ കാൽ മുട്ടുകൾക്കടിയിൽ
തേഞ്ഞു തീരുന്നു.
നമ്മുടെ ഹൃദയത്തിലെ നക്ഷത്രം
മരവിച്ചു കഴിഞ്ഞു.

സത്യമായും സത്യമായും
നാവികരെല്ലാം അടിത്തട്ടിലേയ്ക്കു പൊയ്ക്കഴിഞ്ഞു
സമാധാന പ്രിയരായ തോണിക്കാർ
ദൈവത്തിലേയ്ക്കു തുഴയുന്നു

പടുകിഴവന്മാർ പോലും
വസ്തുക്കൾക്കുമുമ്പിലുള്ള ബെഞ്ചുകളിലിരിക്കുന്നു
നശ്വരതയുടെ വിദൂരമത്സ്യങ്ങളോട്
ക്ഷമ പ്രസംഗിക്കുന്നു.

സത്യമായും സത്യമായും
പന്തുകൾക്കുപകരം ഞങ്ങൾ
മുഷ്ടികളാണ് എറിയാറുള്ളതെന്നു പറയുന്നതു്
വിശ്വസിച്ചുപോകല്ലേ സുഹൃത്തുക്കളെ!
നാം എല്ലാററിനെയും ആശ്ലേഷിക്കണം,
കഴുതകളെയും തവളകളെയുംപോലും.

നാം നിൽക്കുന്നതു് ഒരു വജ്രപർവ്വതത്തിലാണ്
കട്ടും മഞ്ഞേ, ഞങ്ങളുടെ പാപങ്ങൾമൂടുക,
ഞങ്ങളുടെ നാവുകളുടെ കെട്ടഴിക്കുക,
അനന്തതയുടെ പളുങ്കേ, ഹാ,
സ്വർഗ്ഗീയ പ്രകാശമേ!




## ഹാ, യൂറോപ്പ്

ഹാ, യൂറോപ്പെന്നാൽ
ഒരുപാട് അതിർവരമ്പുകളാണ്,
ഓരോ അതിരിലും കൊലയാളികളും.
രണ്ടുവർഷം കഴിഞ്ഞ് പ്രസവിക്കാൻപോകുന്ന
പെൺകുട്ടിയ്ക്കായി ഞാൻ കരയരുതു്.
യൂറോപ്പുകാരനായി ജനിച്ചതിൻെറ പേരിൽ
ഞാൻ ദുഃഖിക്കരുതു്:
ഞാൻ, കാട്ടുകരടികളുടെ സഹോദരൻ,
അസ്വതന്ത്രതയിൽ മരിച്ചുതീരുന്നവൻ.

നിങ്ങളെ രസിപ്പിക്കാൻ ഞാൻ കവിതകളെഴുതുന്നു.
കടൽ പാറക്കെട്ടുകളോളം ഉയർന്നിരിക്കുന്നു.
ഭക്ഷണം നിരത്തിവെച്ച ഒരു മേശ
മേഘങ്ങൾക്കിടയിൽ പാതയിൽ പൊന്തിക്കിടക്കുന്നു.

## വിനോദ്കുമാർ ശുക്ല



ഹിന്ദിയിലെ ആധുനിക പുരോഗമന കവികളിൽ പ്രമുഖനായ വിനോദ്കുമാർ ശുക്ല (ജനനം 1937) റായ്പൂരിൽ കൃഷിശാസ്ത്രം പഠിപ്പിക്കുന്നു. 'ലഗ്ഭഗ് ജയ്ഹിന്ദ്' 'വോ ആദ്മീ നയാ ഗരംകോട്ട് പഹൻ കർ ചലാഗയാ വിചാർ കീതരഹ്' എന്നീ വിതാ സമാഹാരങ്ങളും 'നൗകർകീ കമീസ്' എന്നനോവലും 'പൈർ പർ കമ്റാ' എന്ന ചെറുകഥാസമാഹാരവുമാണ് മുഖ്യകൃതികൾ. 1975–'76ൽ മുക്തിബോധ് ഫെല്ലോഷിപ്പിനർഹനായി; 1981–ൽ 'രാസാ പുരസ്കാർ' നൽകപ്പെട്ടു. പ്രകൃതിയിൽനിന്നു തിരഞ്ഞെടുത്ത ചിഹ്നങ്ങളും രാഷ്ട്രീയ ആക്ഷേപഹാസ്യവുംകലർന്ന ഉറന്ന ഒരു ഭ്രമാത്മകലോകം സൃഷ്ടിക്കുന്ന പ്രതികാല്പനികവും പരീക്ഷണാത്മകവുമായ കവിതകളിലൂടെ നഗരജീവിയുടെ സംഭ്രാന്തികളും ഒററപ്പാടുകളും നിർമ്മമനായി ആവിഷ്കരിക്കുന്നു.

### ഒരു വരൾച്ചയുടെ രാഷ്ട്രീയം ചർച്ച ചെയ്യുമ്പോൾ

ഒരു വരൾച്ചയുടെ രാഷ്ട്രീയം ചർച്ചചെയ്യുമ്പോൾ
ഞാനൊരാളോടും പറഞ്ഞില്ല, പുഴയോരത്തുനിന്ന്
ഒരു പററം കുരുവികൾ
തിരമാലപോലെ പറന്നുപോയത്,
ആ തിരമാല പിന്നെ നുറുങ്ങി നുറുങ്ങി ശകലമായത്.
അടുത്തടുത്തിട്ട കസേരകളിൽ
ഉറക്കം തൂങ്ങുന്നയാളുകൾക്കിടയിൽ
ഒരു കുരുവിപറന്നുവന്നിരിക്കുന്നതു കണ്ടപ്പോൾ
ഞാൻ നിലവിളിച്ചുതുടങ്ങി; അതാ, മേശമേൽ
ഒരു കഷണം തിരമാല.
എന്റെ പത്തു ചങ്ങാതിമാർ
ഒരു സംഘഗാനമാലപിച്ചു.
ആ തിരമാലക്കഷണം ജനലിലൂടെയാണുവന്നതെന്ന്,
ചുവരിലൊരു കൊളുത്തിൽ അതുവന്ന് ഇരുന്നെന്ന്
അതിൽ കയ്യും മുഖവും കഴുകണമെന്ന്, അങ്ങിനെ.
തിരമാലയുടെ മുഖം ഒരു നദിപോലെയെന്ന്
വെള്ളം നിറച്ച ബക്കററുകളുടെ മുഖവും
നദിപോലെയെന്ന്.
പാർലമെന്റ് ഒരു ചീർപ്പിന്റെ രൂപം
കൈക്കൊള്ളുകയായിരുന്നു.
സർക്കാരിന്റെ തലയിലോ, ഒററരോമം പോലുമില്ല.

### കിടയ്ക്കയെടുക്കാൻ മറന്നു

കിടയ്ക്കയെടുക്കാൻ മറന്നു
ആ കെട്ടിൽ ക്ഷൗരപ്പെട്ടിയുമുണ്ടായിരുന്നു
കിടയ്ക്ക മുറിയിൽമറന്നിട്ട്
രാത്രി മുഴുവൻ ഉലാത്തിയുലാത്തി
ഞാൻ അലഞ്ഞു തിരിയുന്ന ഒരു പ്രാചീനനായി.
താടിയുള്ള നാലു ചങ്ങാതിമാരും കൂടെയുണ്ടായിരുന്നു,
ഞങ്ങൾ തർക്കിയ്ക്കുകയായിരുന്നു
അടിവെച്ചളന്നാൽ മുറി ഇരുപതു ചുവട്,
തെരുവും ഇരുപതു ചുവട്
അതിന്റെ ശിരസ്സ് അഞ്ചുനിലയുള്ള ഒരു ബാങ്ക്
അവിടെ ഞാനൊരു ശിപായി.
—തലയിണയ്ക്കടിയിൽ ചില്ലറ സൂക്ഷിക്കുന്ന
പ്രകൃതമുള്ളതു കൊണ്ടാവാം, അതങ്ങിനെ.

ക്ഷൗരവും കൂലിപ്പണിയുടെ ഭാഗം.
ഒരു പുത്തൻ ബ്ലെയ്ഡു കയ്യിലെടുത്ത്
ഞാൻ തികഞ്ഞ ഗൗരവത്തോടെ പറഞ്ഞു,
ഇരുട്ട് താടിരോമം പോലെ വളരുന്നു.
ചങ്ങാതിമാർ സംഘഗാനമാലപിച്ചു,
കിടയ്ക്കയെടുക്കാൻ മറന്നു, ക്ഷൗരപ്പെട്ടിയുമുണ്ടായിരുന്നു.


ഇരുട്ട് എന്റെ മുറിയുടെ മുഖം മൂടിയണിഞ്ഞു
മുറിയുടെ രൂപമുള്ള ഇരുട്ട്, മേശയുടെ രൂപമുള്ള ഇരുട്ട്.
പുസ്തകക്കൂമ്പാരം, പാത്രക്കൂമ്പാരം പോലെ ഒരിരുട്ട്,
നാലു ചങ്ങാതിമാരുടെ രൂപമുള്ള ഇരുട്ട്.
ചുവരിലൊരുചിത്രം : പ്രസിഡന്റ്, പ്രധാനമന്ത്രി,
അമ്മ, അച്ഛൻ, ചേട്ടൻ, ചേച്ചി:
അവരുടെ രൂപവുമിരുട്ട്.

എൻെറ മുറിയുടെ മുഖം മൂടിയണിഞ്ഞു് പകൽവരും
പട്ടണത്തിൽ മുഴുവനും അലഞ്ഞു തിരിയും
കുന്നിന്മുകളിലെ കുഴിപോലെ ഇടിഞ്ഞു വീഴുന്ന
മുറിയുടെ വാതിലടച്ചും :
എൻെറ സ്വാതന്ത്ര്യദാഹവും കൂടും കൊണ്ടു്
മരത്തിൽ ചേക്കേറാൻ പറന്നുയർന്ന
ഒരു പക്ഷിയായിരുന്നെങ്കിലും,
( ഞാൻ എനിക്കുചുററും
എൻെറ മുറിയും കൊണ്ടലയും പോലെ )
അതു് ഒരരയാലിൽ പറന്നിരുന്നു,
ഒരീത്തപ്പനമേലിരുന്നു,
പ്രസിഡൻറിൻെറ കുടവയറിന്മേൽ ചെന്നിരുന്നു.

സുന്ദരൻ സുന്ദരനായിരുന്നു, കാരണം,
അയാൾ ക്ഷൗരം ചെയ്തിരുന്നു.
സേവനമനുഷ്ഠിക്കാനാണു ഞങ്ങൾ ക്ഷൗരം ചെയ്തതു്.
പൗരത്വമെന്നാൽ കയറിപ്പററിയ ഉയരം,
നിരപ്പായ നിലം പരന്ന ഒരു ഗോവണി.
ചിലപ്പോൾ ഞാനതുകയറി, ഇറങ്ങി,
ചിലപ്പോൾ അതിലൂടെ നടന്നു.

പുതുതായി വാങ്ങിയ റേസറും കയ്യിൽ ബ്ലെയ്ഡുമായി
ഉലാത്തുമ്പോൾ ഞാൻ ഗൗരവത്തോടെ പറഞ്ഞു,
ഇരുട്ടു് പൊയ്ത്താടിയും മീശയും വെച്ചു വന്നതാവും.
ദേശീയ സുരക്ഷിതത്വത്തിനുവേണ്ടി
നാലു ചങ്ങാതിമാരും
ഞാനും അഞ്ചുപുത്തൻ റേസർ ബ്ലെയ്ഡുകൾ
ആയുധമായി വെച്ചുകീഴടങ്ങി, കുററം സമ്മതിച്ചു
ഒരു വിപ്ലവം നടത്താൻ ഞങ്ങൾക്കു കഴിഞ്ഞില്ല,
മുറിയിൽ ഒരു ഗൂഢാലോചന പോലുമില്ലായിരുന്നു.





## വലയിട്ട ജനലിൽനിന്നു്

വലയിട്ട ജനലരികിൽ നിന്നു ഞാൻ കാണുന്നു-
ദൂരെ, തടാകമായ തടാകത്തിൻെറ ഒരു ശകലം,
ആകാശമായ ആകാശത്തിൻെറയും,
പിന്നെ കടും പച്ചയണിഞ്ഞ കുറെ മരങ്ങൾ
ഇപ്പോൾ ഞാൻ കാണുന്നു,
എൻെറ ജനലിൻെറ വല
തടാകത്തിലെ ജലത്തിൽ കിടക്കുന്നു,
പിന്നെ മരങ്ങളിൽ, ആകാശത്തും.
തടാകത്തിലെ മത്സ്യം
എൻെറ ജനൽ വലയിൽ കുരുങ്ങുന്നില്ല
പച്ചമരങ്ങളിലെ പക്ഷിയോ,
ആകാശത്തുനിന്നു് എവിടേയ്ക്കോപറന്നുപോയി
മുറിതഴുതിട്ടു് ഭയന്നു ഭയന്നു്
ഞാൻ കോവണിയിറങ്ങുന്നു :
എൻെറ മുറിയും എൻെറ പിറകേ
കോവണിയിറങ്ങി വന്നാലോ!

## ഞാനൻെറ താക്കോൽക്കൂട്ടം മുകളിലേയ്ക്കെറിഞ്ഞു

ഞാനെൻെറ താക്കോൽ കൂട്ടം ആകാശത്തേയ്ക്കെറിഞ്ഞു
ആകാശം അതാ തുറക്കുന്നു.
എൻെറ താക്കോലുകളിലൊന്നു്
ആകാശത്തിന്നു പാകമാണ്,
പെട്ടിയുടെ താക്കോലാവാം.

തുറന്ന ആകാശത്തിൽ, ഏറെ ഉയരത്തിൽ,
അണുബോംബർ വിമാനങ്ങൾ പറന്നൊളിച്ചു.
ഒരു കാലിപ്പെട്ടിയിൽ മൂന്നുനാലു ക്ലറകൾ:
പെട്ടി കമിഴ്ത്തിയിട്ടും അവ താഴെ വീണില്ല.

# കേരളത്തിലെ സാമ്പത്തിക പ്രതിസന്ധിയും തൊഴിലാളിവർഗവും

കെ. വിജയചന്ദ്രൻ

കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധി ഇന്ന് ഒരു പ്രമുഖചർച്ചാ വിഷയമായി മാറിയിട്ടുണ്ടല്ലോ. ഈ ചർച്ചയ്ക്ക് തുടക്കംകുറിച്ച സംഭവങ്ങളിലൊന്നായിരുന്നു 'കേരളത്തിലെ വിഖ്യാതമായ സാമ്പത്തിക പ്രതിസന്ധി' എന്ന പേരിൽ നിള റീഡേഴ്സ് ഫോറം എറണാകുളത്തുവെച്ച് നടത്തിയ ചർച്ചാപരമ്പര. കേരളത്തിലെ പ്രശസ്തരായ സമ്പദ്ശാസ്ത്ര ഗവേഷകരും ഇടതുപക്ഷ ചിന്തകരും തൊഴിലാളി നേതാക്കളും പങ്കെടുത്ത ഈ പരമ്പരയിലെ മൂന്നാം യോഗത്തിൽ കെ. വിജയചന്ദ്രൻ അവതരിപ്പിച്ചതാണ് ഈ പ്രബന്ധം.

എഴുപതുകോടിയിലേറെ ജനങ്ങൾ പാർക്കുന്ന ഇന്ത്യയുടെ ഒരു സംസ്ഥാനം മാത്രമാണ് മൂന്നുകോടി ജനങ്ങളുള്ള കേരളം. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ അവിഭാജ്യഘടകമായി, അതുമായി കൂട്ടുപിണഞ്ഞുകിടക്കുന്നു. കേരളത്തിന്റെ തനതായ വികസനപ്രശ്നങ്ങളും സാമ്പത്തികപ്രശ്നങ്ങളും നിലനിൽക്കുന്നുണ്ട് എന്നതിൽതർക്കമില്ല. എന്നാൽ സമ്പദ്‌വ്യവസ്ഥയിലെ പ്രതിസന്ധിയെപററിയും അതേപോലെ തന്നെ തൊഴിലാളിവർഗ്ഗത്തെപ്പററിയും സംസാരിക്കുമ്പോൾ കേരളത്തിനെ ഒററപ്പെട്ട നിലയിൽ കാണുവാൻ സാധ്യമല്ല. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടേയും രാഷ്ട്രീയചുററുപാടുകളുടേയും പശ്ചാത്തലത്തിൽ മാത്രമേ ഇതേപ്പററി വിലയിരുത്തുവാൻ കഴിയുകയുള്ളു. ഈ പശ്ചാത്തലമാകട്ടെ നിലവിലുള്ള സാർവ്വദേശീയ ബന്ധങ്ങളുമായി കെട്ടുപിണഞ്ഞുകിടക്കുകയാണ്താനും.

കേരളത്തിലെ സാമ്പത്തിക പ്രതിസന്ധി ഇന്ന് പരക്കെചർച്ചാവിഷയമാകുവാൻ ഒരു പ്രത്യേകകാരണമുണ്ട്—അതാകട്ടെ ഈ അടുത്തകാലത്ത് സംസ്ഥാന ധനമന്ത്രി അവതരിപ്പിച്ച ബഡ്ജററാണ്.

## കേരളസർക്കാരിന്റെ മൂലധനച്ചിലവ്

| വർഷം : | മൊത്തംചിലവ് (കോടി രൂപ) | മൂലധനച്ചിലവ് (കോടി രൂപ) | ശതമാനം |
|---|---|---|---|
| 1957–58 | 41.3 | 8.4 | 20.3 |
| 1980–81 | 789.5 | 121.9 | 15.4 |
| 1981–82 | 887.4 | 132.9 | 15.0 |
| 1982–83 | 911.9 | 128.5 | 14.1 |
| 1983–84 | 1200.5 | 208.1 | 17.3 |
| 1984–85 | 1305.7 | 167.0 | 12.8 |

## പ്രധാന സംസ്ഥാനങ്ങളിലെ പ്രതിശീർഷവരുമാനം

രൂപ—1983–84ൽ

| | |
|---|---|
| കേരളം | 1761 |
| തമിഴ്നാട് | 1827 |
| കർണ്ണാടകം | 1957 |
| ആന്ധ്രാ | 1955 |
| മഹാരാഷ്ട്ര | 3032 |
| പ. ബംഗാൾ | 2231 |
| ഉത്തർപ്രദേശ് | 1567 |
| ബീഹാർ | 1174 |
| പഞ്ചാബ് | 3691 |

1986–87 സാമ്പത്തികവർഷത്തേക്ക് ധനമന്ത്രി അവതരിപ്പിച്ച സംസ്ഥാനസർക്കാരിന്റെ വരവുചിലവു പരിപാടിയെ മിച്ചബഡ്ജററായാണ് അദ്ദേഹം ചിത്രീകരിച്ചത്. തന്റെ മേൽനോട്ടം കാരണം

ന്ന് പോകുന്നു എന്നതത്രേ യാഥാർത്ഥ്യം. ഈ അന്തരം കുറച്ചുകൊണ്ടു വരുവാൻ കേന്ദ്രസർക്കാരിന്റെ ദേശീയവികസനനയത്തിന് ഇനിയും സാധിച്ചിട്ടില്ല.

പ്രതിശീർഷ വരുമാനത്തിന്റെ കാര്യത്തിൽ അഖിലേന്ത്യാ ശരാശരിയുടെ താഴെ മാത്രം നിൽക്കുന്ന കേരളം മററുപലകാര്യങ്ങളിലും മുന്നിട്ടുനിൽക്കുന്നു എന്നതുംസത്യമാണ്. സാക്ഷരതയുടെ കാര്യത്തിലായാലും ആയുർപ്രതീക്ഷയുടെ കാര്യത്തിലായാലും കേരളം മററുസംസ്ഥാനങ്ങളുടെ ബഹുദൂരം മുന്നിലാണ്. പുസ്തകങ്ങൾ, വർത്തമാനപത്രങ്ങൾ എന്നിവയുടെ പ്രസിദ്ധീകരണത്തിലും കേരളം മുന്നിൽതന്നെ. മരുന്നുകൾ, സോപ്പ്, പൗഡർ തുടങ്ങിയ സാധനങ്ങൾ, തുണിത്തരങ്ങൾ തുടങ്ങിയ ഉപഭോഗ സാധനങ്ങളുടെ മൊത്തം ദേശീയ കമ്പോളത്തിന്റെ പതിനഞ്ചുശതമാനത്തോളം നാലു ശതമാനത്തിൽ താഴെമാത്രം ജനങ്ങൾവസിക്കുന്ന കേരളത്തിലാണ്. രാജ്യത്തെ മൊത്തം ടാക്കീസുകളിൽ 18ശതമാനവും സിനിമാശാലകളുടെ അഞ്ചിലൊന്നും കേരളത്തിൽതന്നെ. പ്രതിവർഷം ഒന്നോ രണ്ടോ മലയാളം സിനിമകളാണ് അമ്പതുകളിൽ രംഗത്തിറങ്ങിയിരുന്നതെങ്കിൽ ഇന്ന് ആഴ്ചയിൽ രണ്ട്മൂന്ന് എന്ന നിരക്കിലായിരിക്കുന്നു. ഇന്ത്യൻ സിനിമയുടെ മൂന്നിലൊന്നോളം ഇന്ന് മലയാളം സിനിമകളത്രേ !

കേരള പിറവിക്കുശേഷം സംസ്ഥാനത്തുണ്ടായ ഈ വമ്പിച്ച മാററങ്ങൾ പ്രതിശീർഷവരുമാനത്തിന്റെ കാര്യത്തിൽ നിഴലിക്കുന്നില്ല എന്നതു് വാസ്തവം തന്നെ. എന്നാൽ തമിഴ്നാട്ടിലേയും ഉത്തർപ്രദേശത്തേയും പഞ്ചാബിലെതന്നെയും സാധാരണ കർഷകരും കർഷകത്തൊഴിലാളികളും മററും കേരളം സന്ദർശിച്ചാൽ ഈ സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെപ്പററി തികച്ചും വിഭിന്നമായൊരു വിലയിരുത്തലിലായിരിക്കും എത്തിച്ചേരുക—ദാരിദ്ര്യത്തിന്റേയും പിന്നോക്കനിലയുടേയും നടുക്കടലിൽ ഇതാ സമൃദ്ധിയുടെ ഒരു ദ്വീപശകലം! ദേശീയ ഉൽപ്പാദനത്തിന്റേയും പ്രതിശീർഷ വരുമാനത്തിന്റെ അളവുകോലുകൾ മാത്രം അറിയാവുന്ന സാമ്പത്തിക വിദഗ്ദ്ധന്മാരുടേതിൽ നിന്നും തികച്ചും വിഭിന്നമായൊരു വിധിയെഴുത്തും വ്യാഖ്യാനവുമായിരിക്കും ഈ സാധാരണക്കാർ നടത്തുക എന്നതിൽ തർക്കമില്ല.

കേരളത്തിലെ ചുമട്ടുതൊഴിലാളിയും, മത്സ്യത്തൊഴിലാളിയും, കർഷകത്തൊഴിലാളിയും, കർഷകരും, അദ്ധ്യാപകരും, സർക്കാർ ജീവനക്കാരും, വ്യവസായത്തൊഴിലാളിയുമെല്ലാം അഖിലേന്ത്യാ ശരാശരിയിൽനിന്നും വ്യത്യസ്തമായൊരു കാഴ്ചപ്പാടും ജീവിത സാഹചര്യവും നേടിയെടുത്തതു് എങ്ങനെയാണ്? കേരളത്തിലെ താരതമ്യേന ഉയർന്ന ജീവിതനിലവാരത്തിന് മറുനാടൻ മലയാളികളയയ്ക്കുന്ന മണിഓർഡറുകൾക്ക് കയ്യുണ്ടെന്നുള്ളതിൽ സംശയമില്ല. എന്നാൽ ഇതുമാത്രമാണ് കാരണമെന്ന് വാദിക്കുന്നതു് തീർത്തും അർത്ഥശൂന്യമാണ്. ഫ്യൂഡൽ സാമ്പത്തികബന്ധങ്ങളിൽ വന്ന മാററമാണ് ഇതിന്റെ അടിസ്ഥാനകാരണമെന്ന് സമ്മതിക്കുവാൻ ഏതു് സാമ്പത്തികശാസ്ത്രവിദഗ്ദ്ധനും തയ്യാറാവുമെന്നതാണ് വാസ്തവം. ജന്മിത്വത്തിലധിഷ്ഠിതമായ ഭൂഉടമാബന്ധങ്ങളിൽ ഏതാണ്ട് സമൂലമായ മാററം വരുത്തിയ ഏക സംസ്ഥാനമാണ് കേരളം. 1957 മുതൽ 1975 വരെയുള്ള കാലയളവിൽ വിളവിറക്കുന്ന ഭൂമിയുടെ വിസ്തൃതി കേരളത്തിൽ ഏതാണ്ട് പകുതികണ്ടാണ് വർദ്ധിച്ചതു്. അഖിലേന്ത്യാതലത്തിലുള്ള വർദ്ധനവാകട്ടെ പത്തുശതമാനം മാത്രമായിരുന്നുതാനും. ഒരു ഏക്കർ കൃഷിഭൂമിയിൽനിന്നുള്ള വരുമാനവും അതേപോലെത്തന്നെ കാർഷികരംഗത്തെ പ്രതിശീർഷവരുമാനവും ഇന്ന് കേരളത്തിൽ അഖിലേന്ത്യാശരാശരിയുടെ ഇരട്ടിയാണെന്ന വസ്തുതയും ശ്രദ്ധേയമാണ്.

ഏതാണ്ട് പകുതിയോളം വരുന്ന കൃഷിഭൂമിയുടെ ഉടമാബന്ധങ്ങളിലും അതോടൊപ്പംതന്നെ പകുതിയോളം വരുന്ന കേരള കുടുംബങ്ങളുടെ ജീവിതവീക്ഷണത്തിലും മാററങ്ങൾ വരുത്തിവെയ്ക്കുവാൻ 1957ൽ തുടങ്ങിവെച്ച കാർഷികപരിഷ്കാരങ്ങൾക്ക് സാധിച്ചു. കേരളത്തിന്റെ സാമ്പത്തിക, സാമൂഹ്യ സാംസ്കാരിക ജീവിതത്തിൽ വമ്പിച്ച മാററങ്ങൾ വരുത്തിവെയ്ക്കുവാൻ ഇതു് സഹായിച്ചു. ശരാശരി ഇന്ത്യയിൽനിന്നും ഇന്ന് കേരളം തീർത്തും വ്യത്യസ്തമായിരിക്കുവാനുള്ള അടിസ്ഥാനകാരണം ഇതാണെന്ന സത്യം ബൂർഷ്വാ പ്രചാരണം ഉയർത്തുന്ന പൊടിപടലങ്ങൾ സമർത്ഥമായിത്തന്നെ മറച്ചുവെക്കുന്നു, തൊഴിലാളിവർഗ്ഗത്തിന്റെ രാഷ്ട്രീയ നേതൃത്വം കേരളത്തിന് നേടിക്കൊടുത്ത സാമ്പത്തിക സാമൂഹ്യ പുരോഗതി അടിസ്ഥാനമാററങ്ങൾക്കുവേണ്ടി ദാഹിക്കുന്ന ഇന്ത്യൻ ജനതക്ക് വഴികാട്ടിയായിത്തീരുമെന്ന ഭയം ഭരണവർഗ്ഗങ്ങൾക്കുണ്ടാവുക സ്വാഭാവികം മാത്രം! കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ആകെ മൊത്തമുള്ള ഇന്ത്യൻ പിന്നോക്കവസ്ഥയുടെ പശ്ചാത്തലത്തിൽ വിയിരുത്തുവാൻ ശ്രമിക്കാതെ ''സംസ്ഥാനത്തിന്റെ പുരോഗതിക്ക് തടസ്സമായിനിൽക്കുന്ന തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തെ''ക്കുറിച്ച് കെട്ടുകഥകൾ മെനഞ്ഞെടുക്കേണ്ടതു് അവരുടെ രാഷ്ട്രീയ താല്പര്യം മാത്രമാണ്.

ഇന്ത്യൻ ഭരണയന്ത്രത്തിന്മേൽ നിർണ്ണായകമായ സ്വാധീനമുള്ള ഒരു വർഗ്ഗമാണ് രാജ്യത്തെ വൻകിട മുതലാളിമാർ എന്നതിൽ തർക്കമുണ്ടെന്നുതോന്നുന്നില്ല. കാറും, കമ്പ്യൂട്ടറും, ടെലഫോണും വിമാനവും എല്ലാം ഉള്ളവർ തീർത്തും സംഘടിതരാണ്. കേന്ദ്രധനകാര്യമന്ത്രിമാർ ബഡ്ജററിനും വികസനനയത്തിനും എല്ലാം രൂപം കൊടുക്കുമ്പോൾ അഭിപ്രായം ആരായുന്നതു് മുതലാളിമാരുടെ സംഘടനകളോടാണ്. അവരുടെ ശബ്ദമാണ് ബജററ് പ്രസംഗങ്ങളിൽ മുഴങ്ങികേൾക്കുന്നതു്. ഇന്ത്യൻജനതയുടെ ജീവിതപ്രശ്നങ്ങളോ സാമ്പത്തിക സാമൂഹ്യ പുരോഗതിയോ ഒന്നും അവർക്ക് പ്രശ്നമല്ല, വമ്പിച്ച ലാഭസാദ്ധ്യതകളുള്ള ബൃഹത്തായൊരു കമ്പോളമായി മാത്രമേ മുതലാളിവർഗ്ഗത്തിന് ഇന്ത്യയെ കാണാൻ കഴിയൂ. ഇന്ത്യൻജനതയുടെ സ്വാതന്ത്ര്യസമരത്തിത്തിന്നു് നേതൃത്വം കൊടുത്തപ്പോഴും സ്വന്തം കുത്തകനിയന്ത്രണത്തിൽവരാവുന്ന വമ്പിച്ച ഇന്ത്യൻ കമ്പോളത്തിന്റെ ലാഭസാധ്യതകളെപ്പററിയുള്ള സ്വപ്നങ്ങളായിരുന്നു അവർക്കു് ഉത്തേജനം നൽകിയിരുന്നതു്. വികസിത മുതലാളിത്തരാജ്യങ്ങളായ ബ്രിട്ടനും, അമേരിക്കയും, ഫ്രാൻസുംപോലെ തങ്ങളുടെ കുത്തക നിയന്ത്രണത്തിലുള്ള ഒരു ഇന്ത്യയെ ആണ് അവർ സ്വപ്നം കണ്ടിരുന്നതു്. രണ്ടുനൂററാണ്ടുകാലം നീണ്ടുനിന്ന സാമ്രാജ്യത്വവാഴ്ചയുടെ ഫലമായി ലോകമുതലാളിത്ത സമ്പദ്‌വ്യവസ്ഥയുടെ ഭാഗമായി മാറിക്കഴിഞ്ഞ ഇന്ത്യൻ കമ്പോളത്തെ സ്വന്തം കുത്തക നിയന്ത്രണത്തിൽ ഉറപ്പിച്ചുനിർത്തുന്നതിന് ദേശീയതലത്തിലുള്ള അച്ചടക്കവും ആസൂത്രണവും എല്ലാം ആവശ്യമാണെന്നു് അവർ മനസ്സിലാക്കിയിരുന്നു. ത്വരിതമായ വ്യാവസായിക വികസനം, സ്വാശ്രയത്വം, സാമ്പത്തിക സ്വാതന്ത്ര്യം തുടങ്ങിയ സങ്കൽപ്പങ്ങൾ ദേശീയ വിമോചനത്തിന്റെ ആണിക്കല്ലുകളാണെന്ന ധാരണ കോ

സംസ്ഥാനത്തിന്റെ സാമ്പത്തികനിലയും സർക്കാരിന്റെ ധനസ്ഥിതിയും മെച്ചപ്പെട്ടു എന്ന് വരച്ചുകാട്ടാനായാണ് ഈ മിച്ചത്തിന്റെ കാര്യം അടിവരയിട്ടുപറയാൻ അദ്ദേഹം ശ്രമിച്ചത്.

ഇതിന്ന് ഒരു പ്രത്യേക രാഷ്ട്രീയപശ്ചാത്തലവുമുണ്ടായിരുന്നു. ഇതേ ധനമന്ത്രി 1985–86ലെ ബഡ്ജറ്റ് കമ്മിബഡ്ജററായി അവതരിപ്പിച്ചപ്പോൾ ഭരണമുന്നണിയിലെ ചില ഘടകകക്ഷികൾ തന്നെ ധനമന്ത്രിക്കെതിരെ ആരോപണങ്ങൾ കൊണ്ടുവന്നു. സ്വന്തം കക്ഷിക്കാർക്ക് സൗജന്യങ്ങൾവാരിക്കോരി നൽകുന്നതുകൊണ്ടും ധൂർത്തും കാരണമാണ് സംസ്ഥാന സർക്കാരിന്റെ സാമ്പത്തികനില പരുങ്ങലിലായതെന്നായിരുന്നു അവരുടെ ആരോപണം. കേന്ദ്രസർക്കാർ സഹായം നിഷേധിക്കുന്നതുകൊണ്ടാണ്, കേരളത്തോടുള്ള അവരുടെ അവഗണനകാരണമാണ് ഈ പ്രതിസന്ധി എന്നായിരുന്നു ധനമന്ത്രിയുടെ വാദം. ഒരുവർഷം കഴിഞ്ഞപ്പോഴേയ്ക്കും ഈ രാഷ്ട്രീയ വാദകോലാഹലങ്ങൾ അവസാനിക്കുകയും സംസ്ഥാനസർക്കാരിന്റെ സാമ്പത്തികനിലയെപ്പററി ആശാവഹമായ ഒരു ചിത്രം വരച്ചുകാട്ടുവാൻ ധനമന്ത്രി തയ്യാറാവുകയും ചെയ്തു എന്നുവേണം കരുതാൻ.

ഈ വാദകോലാഹലങ്ങൾക്കപ്പുറം ഉള്ള ചിലയാഥാർത്ഥ്യങ്ങളുണ്ട്—അതത്രേ തുടർച്ചയായി വഷളായിക്കൊണ്ടിരിക്കുന്ന സംസ്ഥാനസർക്കാരിന്റെ സാമ്പത്തികനില. 1957–58ൽ സംസ്ഥാനസർക്കാർ ചിലവാക്കിയ മൊത്തം പണത്തിന്റെ ഇരുപതുശതമാനം മൂലധനചിലവായിരുന്നു. അതായത് റോഡും പാലങ്ങളും ആശുപത്രികളും, സ്കൂളുകളും, വ്യവസായങ്ങളും മററും സ്ഥാപിക്കാനായി മൊത്തം ചിലവിന്റെ അഞ്ചിലൊന്ന് സർക്കാരിന്ന് മാററിവയ്ക്കാൻ കഴിഞ്ഞു. എന്നാൽ 1986–87 ആയപ്പോഴേക്കും ഇതു് പന്ത്രണ്ടുശതമാനമായി ചുരുങ്ങി. സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ വികസനത്തിന്നായി മുതൽ മുടക്കാനുള്ള സർക്കാരിന്റെ കഴിവ് താരതമ്യേന ഏതാണ്ട് പാതിയായി കുറഞ്ഞു എന്നത്രേ ഇതുകാണിക്കുന്നതു്. മൂലധനചിലവ് പന്ത്രണ്ടുശതമാനമായെങ്കിലും ഉയർത്തിനിർത്താൻ കഴിഞ്ഞതു് കൂടുതൽ കൂടുതൽ കടംവാങ്ങിക്കൊണ്ടായിരുന്നുതാനും. വളർന്നുവരുന്ന കടഭാരംകാരണം സംസ്ഥാനസർക്കാരിന്റെ പലിശചിലവ് വളരെവേഗം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. മൊത്തം ചിലവിന്റെ ഏഴോ എട്ടോ ശതമാനം മാത്രമായിരുന്നു പതിനഞ്ചു വർഷംമുമ്പ് സംസ്ഥാനസർക്കാരിന്റെ പലിശചിലവ്. ഇന്നതും പതിനാറുശതമാനമായി വർദ്ധിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞവയെല്ലാം തന്നെ സംസ്ഥാനസർക്കാരിന്റെ വളർന്നുവരുന്ന സാമ്പത്തിക പ്രശ്നങ്ങളുടെ സൂചനകളാണെന്നതിൽ തർക്കമില്ല. ഇവയാകട്ടെ സംസ്ഥാനത്തെ ദൈനംദിനം വഷളായിക്കൊണ്ടിരിക്കുന്ന സാമ്പത്തികപ്രശ്നങ്ങളുടെ പ്രതിഫലനമാണുതാനും. പുതിയ വ്യവസായങ്ങൾ വേണ്ടത്ര ഉണ്ടാവുന്നില്ല. കൂടുതൽ കൂടുതൽ വ്യവസായങ്ങൾ രോഗഗ്രസ്തമാകുന്നു. പരമ്പരാഗത വ്യവസായങ്ങൾ ഒട്ടുമിക്കവയും തകർന്നുകഴിഞ്ഞു. കൃഷിമേഖലയിൽ പുരോഗതി ഇല്ല—കൃഷിയെമാത്രം ആശ്രയിച്ചുജീവിക്കുന്നവരുടെ ജീവിതം ദൈനംദിനം കൂടുതൽ ദുരിതപൂർണ്ണമാവുന്നു. വികസനപരിപാടികൾ എല്ലാംതന്നെ വിറങ്ങലിച്ചുനിൽക്കുന്നു. നികുതിപിരിവും അതേപോലെതന്നെ. സർക്കാരിന്റെ വികസനചിലവും എല്ലാം ഉയർന്ന നിലവാരത്തിൽ എത്തിയിട്ടും സമ്പദ്‌വ്യവസ്ഥമുന്നോട്ടുനീങ്ങുന്നില്ല. തൊഴിലില്ലായ്മ പെരുകിവരുന്നു—എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ചിൽ പേരുരജിസ്റ്റർ ചെയ്തവരുടെ എണ്ണം 25ലക്ഷം കഴിഞ്ഞിരിക്കുന്നു. പുതിയതായി ഉണ്ടാവുന്ന തൊഴിലവസരങ്ങൾ സംഘടിതമേഖലയിൽ ഏതാണ്ട് പതിനയ്യായിരം മാത്രമാണ്. തൊഴിൽ കാത്തുനിൽക്കുന്നവർക്കെല്ലാം പണികിട്ടുവാൻ രണ്ടുനൂററാണ്ടുകാലം വേണ്ടിവരുന്ന തൊഴിൽ സാഹചര്യം നിലനിൽക്കുന്നു.

എന്താണ് ഈ പ്രതിസന്ധിക്ക് കാരണം എന്നചോദ്യത്തിന്ന് വളരെ ലളിതമായ ഉത്തരമാണ് നമ്മുടെ കുത്തകപത്രങ്ങളും ഭരണവർഗ്ഗത്തിന്റെ വക്താക്കളും പലപ്പോഴും നൽകാൻ ശ്രമിക്കുന്നതു്. കൊടിയും ഘോഷയാത്രയും തൊഴിലാളിയൂണിയനുകളും എല്ലാംകൂടി കേരളത്തിന്റെ വളർച്ച തടഞ്ഞുനിർത്തിയിരിക്കുന്നു. ഇടതുപക്ഷ പ്രസ്ഥാനവും കമ്മ്യൂണിസവും എല്ലാംകൊടികുത്തിവാഴുന്നതിനാൽ വ്യവസായികളും മൂലധനവും എല്ലാംകേരളത്തിനോട് വിടപറയുന്നു. നിലവിലുള്ള വ്യവസായങ്ങൾപോലും നശിക്കുന്നു. പണിയെടുക്കുവാൻ വിമുഖരായ, സമരംചെയ്യാൻമാത്രം തയ്യാറുള്ള തൊഴിലാളികൾ കേരളത്തിന്റെ പുരോഗതി തടസ്സപ്പെടുത്തുന്നു. പ്രചണ്ഡമായ ഈ പ്രചാരണത്തിന്റെ ഫലമായി തൊഴിലാളികൾതന്നെയും ഇതെല്ലാം സത്യമാണെന്ന് വിശ്വസിച്ചുപോകുന്നു. കേരളത്തിന്റെ സാമ്പത്തികപ്രതിസന്ധിയെ ഒററപ്പെട്ടുമാത്രം കാണാനും വ്യാഖ്യാനിക്കുവാനും ശ്രമിക്കുന്നവർ തൊഴിലാളികളേയും തൊഴിലാളിവർഗ്ഗ പ്രസ്ഥാനങ്ങളേയുമാണ് സംസ്ഥാനപുരോഗതിയുടെ ശത്രുക്കളായി സാധാരണചിത്രീകരിക്കുന്നതു്.

കേരളം പുരോഗമിക്കാത്തതു് കേന്ദ്രസർക്കാരിന്റെ അവഗണനകൊണ്ടാണ് എന്നാണ് മറെറാരുവാദം. കേരളത്തോടുള്ള ചിററമ്മനയത്തിന്നെതിരേ പഞ്ചാബ്‌മോഡൽ സമീപനം വേണമെന്ന് പ്രസംഗിക്കുന്ന മന്ത്രിമാർതന്നെയും നമുക്കുണ്ട്. കേരളത്തിന്റെ പിന്നോക്കനിലയ്ക്ക് തൊഴിലാളികളേയും കേന്ദ്രസർക്കാരിനേയും പഴിചാരുന്നവർ മറച്ചുവയ്ക്കാൻ ശ്രമിക്കുന്ന ഒരുസത്യമുണ്ട്—അതാണ് ഇന്ത്യയുടെ ആകെമൊത്തമുള്ള പിന്നോക്കനില. കേരളം പുരോഗമിക്കുന്നില്ലെന്ന പ്രസ്താവത്തിൽ അടങ്ങിയിരിക്കുന്ന വ്യക്തമായ ഒരു ധ്വനിയുണ്ട്—അതായതു് കേരളം ഒഴിച്ചുള്ള മററ് ഇന്ത്യൻസംസ്ഥാനങ്ങൾ ത്വരിതമായ പുരോഗതി നേടുകയാണ്, നമ്മുടെ സംസ്ഥാനംമാത്രം പിന്തള്ളപ്പെടുന്നു. ഇതിന്റെ യാഥാർത്ഥ്യംഒന്നുപരിശോധിച്ചുനോക്കാം.

1970–71ൽ കേരളത്തിലെ പ്രതിശീർഷവരുമാനം 596 രൂപയായിരുന്നു. ഇതു് 1984–85ൽ 2076 രൂപയായി വർദ്ധിച്ചു. അഖിലേന്ത്യാശരാശരിയാകട്ടെ 633രൂപയിൽ നിന്നും ഇക്കാലത്തു് 2355രൂപയായിവർദ്ധിച്ചു. വർദ്ധനനിരക്കിൽ കേരളം അല്പംപിന്നിലാണെങ്കിലും അഖിലേന്ത്യാശരാശരിയുടെ ഏതാണ്ടു പത്തുശതമാനം താഴെയായി സംസ്ഥാനത്തെ പ്രതിശീർഷവരുമാനം തുടരുന്നു എന്നാണ് ഇതു് കാണിക്കുന്നതു്. ഇക്കാര്യത്തിൽ വിവിധ സംസ്ഥാനങ്ങൾ തമ്മിൽ കാര്യമായ വ്യത്യാസങ്ങൾ നിലനിൽക്കുന്നു എന്നതു് വാസ്തവം തന്നെ. ബീഹാറിലെ പ്രതിശീർഷവരുമാനം അഖിലേന്ത്യശരാശരിയുടെപകുതിമാത്രമായിരിക്കുമ്പോൾ പഞ്ചാബിലേതു് ഏതാണ്ട് 68ശതമാനം അധികമാണ്. ഉത്തർപ്രദേശിന്റെ പ്രതിശീർഷവരുമാനം അഖിലേന്ത്യാശരാശരിയുടെ എഴുപതുശതമാനം മാത്രമാണ്. വിവിധ സംസ്ഥാനങ്ങളുടെ സാമ്പത്തികസ്ഥിതിയിലുള്ള ഏററക്കുറച്ചിലുകൾ വളരെക്കാലമായി തുട

ടിക്കണക്കിനുവരുന്ന അദ്ധ്വാനിക്കുന്നവരുടെ മനസ്സിലും വേരൂന്നിയിരുന്നു. ഈവിധ ദേശീയലക്ഷ്യങ്ങൾ നേടിയെടുക്കുവാൻ തങ്ങളോടൊപ്പം ദേശീയസ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയ വൻകിട മുതലാളിമാർക്ക് കഴിയുമെന്ന് ഇന്ത്യയിലെ സാധാരണ ജനങ്ങൾ വിശ്വസിച്ചുപോയത് സ്വാഭാവികം മാത്രം.

ദേശീയ ആസൂത്രണവും പഞ്ചവത്സരപദ്ധതികളും എല്ലാം നവഭാരതസൃഷ്ടിക്കുള്ള ഉപാധികളാണെന്ന് വിശ്വസിച്ച ഇന്ത്യൻ ജനത വൻകിടമുതലാളിമാരുടെ രാഷ്ട്രീയ നേതൃത്വത്തിന് പിന്തുണനൽകുവാൻ സ്വാഭാവികമായും മടികാണിച്ചില്ല. ഭൂപ്രഭുത്വത്തിന്റേയും ജാതിമതമേധാവിത്വത്തിന്റേയും മരണപ്പിടിയിൽനിന്നും സാധാരണ ഗ്രാമീണജനതയെ മോചിപ്പിക്കേണ്ടത് വ്യവസായപുരോഗതിക്കും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ ത്വരിതമായ പുരോഗതിക്കും അത്യാവശ്യമാണെന്നായിരുന്നു സ്വാതന്ത്ര്യസമരകാലത്ത് ഇന്ത്യയിലെ വൻകിട മുതലാളിമാർകൂടി വിശ്വസിച്ചിരുന്നത്. വ്യവസായപുരോഗതിക്ക് ആവശ്യമായ കമ്പോളം തുറന്നുകിട്ടേണ്ടത് അവരുടെയും ആവശ്യമായിരുന്നു. എന്നാൽ രാജ്യത്തെ സാമൂഹ്യ—സാമ്പത്തിക വ്യവസ്ഥയിൽ കേവലം ദുർബ്ബലരായിരുന്ന ഇന്ത്യൻ വൻകിടമുതലാളിമാർക്ക് ഇതിനുള്ള കഴിവ് ഉണ്ടായിരുന്നില്ല. സ്വന്തം രാഷ്ട്രീയാധിപത്യം നിലനിർത്തുന്നതിനായി ഭൂപ്രഭുക്കന്മാരേയും ജാതിമതമേധാവികളെയും കൂട്ടുപിടിക്കേണ്ടത് ആവശ്യമാണെന്ന് അവർ കണ്ടു. ഫ്യൂഡൽമേധാവിത്വത്തിൽനിന്നും ഗ്രാമീണജനതയെ വിമോചിപ്പിക്കാൻ വൻകിടമുതലാളിമാർക്കും അവരുടെ രാഷ്ട്രീയനേതൃത്വത്തിനും ഭയമായിരുന്നു. കോടിക്കണക്കിനുള്ള സാധാരണജനതയുടെ സർഗ്ഗശക്തിയും കർമ്മശക്തിയും പ്രയോജനപ്പെടുത്തികൊണ്ട് രാജ്യത്തെ വമ്പിച്ച പ്രകൃതിവിഭവങ്ങളെ രാഷ്ട്രനിദ്ധാരണത്തിനായി പ്രയോജനപ്പെടുത്തുവാൻ ഇക്കാരണത്താൽ അവർക്ക് കഴിഞ്ഞില്ല. ഇതുലക്ഷ്യമാക്കിക്കൊണ്ട് തുടങ്ങിയ പഞ്ചവത്സരപദ്ധതികൾ പരാജയത്തിന്റെ പടുകുഴികളിലേക്ക് വഴുതിവീണുകൊണ്ടിരുന്നു. വമ്പിച്ചലാഭസാധ്യതകളുള്ള ഇന്ത്യൻ കമ്പോളം വികസിപ്പിക്കുക എന്ന സ്വപ്നം തകർന്നുവീണപ്പോൾ സാമ്രാജ്യത്വശക്തികളുമായുള്ള വർദ്ധമാനമായ സഹകരണത്തിൽകൂടി സമാശ്വാസം കണ്ടെത്താനാണ് ഇന്ത്യയിലെ വൻകിടമുതലാളിമാർ കൂടുതൽ കൂടുതൽ തുനിഞ്ഞത്. സാമ്പത്തിക ആസൂത്രണമെന്ന ദേശീയ അച്ചടക്കം തന്നെയും ഉപേക്ഷിച്ചുകൊണ്ട് ലോകമുതലാളിത്തകമ്പോളത്തിലെ വെറും മൂന്നാംതരം പങ്കുകാരായി വേഷംകെട്ടിനിൽക്കുകയാണ് ഇന്ന് ഇന്ത്യയിലെ വൻകിടമുതലാളിമാർ. സ്വന്തം ലാഭം ഉറപ്പാക്കാൻവേണ്ടി രാജ്യതാൽപ്പര്യം തന്നെയും ബലികൊടുക്കുവാൻ തയ്യാറായി നിൽക്കുന്ന രാജ്യദ്രോഹികളായി ഇന്ന് അവർ അതിവേഗം മാറിക്കൊണ്ടിരിക്കുന്നു.

കഴിഞ്ഞ നാൽപ്പതുവർഷത്തെ ഇന്ത്യയുടെ ചരിത്രം ഇന്ത്യയിൽ മുതലാളിമാരുടെ പരാജയത്തിന്റെ ചരിത്രമാണ്. സ്വന്തംലാഭേച്ഛയെമുൻനിർത്തി ദേശീയാസൂത്രണമെന്ന ദേശീയഅച്ചടക്കം തന്നെയും കൈവിടാൻ ഭരണകൂടത്തെ പ്രേരിപ്പിച്ച ഇവർ ഇന്ത്യൻ ഐക്യത്തിനുതന്നെയും ഭീഷണിയായി മാറിയിരിക്കുന്നു. സ്വന്തം പരാജയം മൂടിവെക്കുവാനായി ഇവർ അസത്യങ്ങളും അർദ്ധസത്യങ്ങളും പ്രചരിപ്പിക്കുന്നു. ദേശീയാസൂത്രണം, സോഷ്യലിസം തുടങ്ങിയ സങ്കൽപ്പങ്ങളാണ് ഇന്ത്യയുടെ വികസനപരാജയത്തിന് കാരണമെന്നവർ വാദിക്കുന്നു. അച്ചടക്കമില്ലാത്ത തൊഴിലാളികളും ട്രേഡ്‌യൂണിയനുകളുമാണത്രേ ഇന്ത്യയുടെ പുരോഗതിക്ക് തടസ്സം! ഇന്ത്യൻ സർക്കാരിന്റെ വികലമായ വികസനനയമല്ല, തൊഴിലാളിവർഗ്ഗരാഷ്ട്രീയത്തിന്റെ അതിപ്രസരമാണത്രേ കേരളത്തിൽ വ്യവസായം വികസിക്കാത്തതിന് കാരണം! പണിയെടുക്കുന്നവരുടെ പ്രസ്ഥാനത്തെ കടന്നാക്രമിക്കാനും അവരെ തേജോവധംചെയ്യാനും ബൂർഷ്വപ്രചാരകർ പരസ്പരം മത്സരിക്കുന്നു. ഉത്തർപ്രദേശിനും, ബീഹാറിനും, രാജസ്ഥാനും, മദ്ധ്യപ്രദേശിനും ഇല്ലാത്ത പിന്നോക്കാവസ്ഥ കേരളത്തിൽ നിലനിൽക്കുന്നു എന്ന് വരുത്തിതീർക്കുവാൻ അവർ ശ്രമിക്കുന്നു. മററസംസ്ഥാനങ്ങളും ഇന്ത്യ ഒന്നാകെയും വമ്പിച്ച പുരോഗതി നേടിക്കൊണ്ടിരിക്കുമ്പോൾ കേരളത്തിനെ തൊഴിലാളിവർഗ്ഗം പിന്നോക്കം പിടിക്കുന്നു എന്നു ചിത്രീകരിക്കുന്നു.

എന്നാൽ സത്യം എത്രവ്യത്യസ്തമാണെന്ന്കാണാൻ പ്രയാസമില്ല. തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിന്റെ രാഷ്ട്രീയനേതൃത്വത്തിനും കേരളത്തിന്റെ സാമൂഹ്യ സമ്പദ്‌വ്യവസ്ഥയിൽ അടിസ്ഥാനപരമായ മാററങ്ങൾ വരുത്തുവാൻ കഴിഞ്ഞു എന്നതത്രേ ചരിത്രസത്യം. വൻകിട മുതലാളിമാരുടെയും ഭൂസ്വാമിമാരുടേയും ഐക്യമുന്നണിക്ക് ചെയ്യാൻ കഴിയാത്ത അടിസ്ഥാനമാററങ്ങൾക്ക് തുടക്കം കുറിക്കുന്നതിൽ തൊഴിലാളിവർഗ്ഗ രാഷ്ട്രീയക്കാർ കേരളത്തിൽ വിജയിച്ചു. കേർളത്തിലെ ജനജീവിതത്തിൽ ഈ മാററങ്ങൾ ഇന്ന് തീർത്തും പ്രകടമാണുതാനും. ഇന്ത്യൻപിന്നോക്കനിലയ്ക്ക് അപവാദമായി നിൽക്കുന്ന കേരളത്തിന്റെ മുഖച്ഛായ തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിന്റെ വിജയമാണെന്നതത്രേ ചരിത്രസത്യം. കേരളത്തിലെ സാമ്പത്തിക പ്രതിസന്ധിയെച്ചൊല്ലി തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തെ തളർത്താൻ ശ്രമിക്കുന്നവർ ഈ ചരിത്രസത്യം മറച്ചുവെയ്ക്കുവാൻ പാഴ്‌വേല ചെയ്യുകയാണ്. △

കേരളത്തിലെ ശരാശരി മരണനിരക്ക് 6.8/1000 ആയിരിക്കുമ്പോൾ മൊത്തം ഇന്ത്യയുടേത് അതിന്റെ ഏതാണ്ട് ഒരിരട്ടിയോളം വരും. നമ്മുടെ ശിശുമരണനിരക്ക് ഇന്ത്യയുടേതിന്റെ മൂന്നിലൊന്ന് മാത്രമാണ്. ജനനസമയത്തെ പ്രതീക്ഷിത ആയുർദൈർഘ്യം പുരുഷന്മാരുടേത് 64ഉം സ്ത്രീകളുടേത് 67 മാണ്. ഈ ഉയർന്ന ആരോഗ്യസൂചകങ്ങളും പുരുഷന്മാരുടേതിനേക്കാൾ ഉയർന്ന സ്ത്രീകളുടെ ആയുർദൈർഘ്യവും വികസിത രാജ്യങ്ങളുടെ പ്രത്യേകതകളാണ്. പക്ഷേ നമ്മുടെ മററ് ആരോഗ്യസൂചകങ്ങൾ തികച്ചും വ്യത്യസ്തമായ ചിത്രമാണ് നൽകുന്നത്. ഇന്ത്യൻ ജനതയിൽ ഏററവും കൂടുതൽ പങ്ക് പോഷകാഹാരക്കുറവ് (Malnutrition) നിലനില്ക്കുന്നത് കേരളീയർക്കിടയിലാണ്. എളുപ്പത്തിൽ ലഭ്യമായ ചികിത്സാസൌകര്യങ്ങൾ ഇതോടനുബന്ധിച്ചുള്ള രോഗങ്ങളെ ചികിത്സിച്ചുമാററാൻ സഹായകമാകുന്നുവെന്നതിനാൽ ഈ അവസ്ഥ അതിന്റെ മുഴുവൻ ഭീകരതയോടുംകൂടെ പ്രകടമാവുന്നില്ലെന്നുമാത്രം. രോഗാതുരത (Morbidity) യുടെ കാര്യത്തിൽ കേരളത്തെ സംബന്ധിച്ചേടത്തോളം കൃത്യമായ കണക്കുകളൊന്നും ലഭ്യമല്ല്. ലഭ്യമായ വളരെ ഒററപ്പെട്ടതും അവ്യക്തങ്ങളുമായ സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നത് ഉയന്ന നിരക്കിലുള്ള ശ്വാസകോശസംബന്ധിയായ രോഗങ്ങൾ, വയറിളക്കം, വിരബാധ, ചർമ്മരോഗങ്ങൾ, പോഷകാഹാരക്കുറവ് മൂലമുള്ള രോഗങ്ങൾ തുടങ്ങിയ ദാരിദ്ര്യജന്യ രോഗങ്ങളോടൊപ്പം സമ്പന്നരുടെ രോഗങ്ങളെന്നറിയപ്പെടുന്ന പ്രമേഹം രക്തസമ്മർദ്ദം, ഹൃദ്രോഗം, കാൻസർ തുടങ്ങിയവയും അപകടങ്ങളും ഇടകലർന്നുള്ള ഒരു സമ്മിശ്രാവസ്ഥയാണ്.

—Health Status of Kerala—Centere for Development Studies

## അൻറോണ്യോ ഗ്രാംഷിയുടെ കത്തുകൾ


മിലാൻ
ഫിബ്രവരി 19, 1927

പ്രിയപ്പെട്ട താനിയ, *

ഒരുമാസവും പത്ത്ദിവസവും ആയി നിന്റെ വിവരങ്ങൾ അറിഞ്ഞിട്ട്. എന്താണെന്ന് എനിക്ക് മനസ്സിലാവുന്നില്ല. ഒരാഴ്ചമുൻപ് എഴുതിയത്പോലെ, ഞാൻ ഉസ്റ്റിക വിടുമ്പോൾ ഏതാണ്ട് പത്ത് നാളുകളോളമായി കടത്ത്ബോട്ട് എത്തിയിട്ടുണ്ടായിരുന്നില്ല. എന്നെ പലേർമയിലേക്ക് കൊണ്ട്പോവുകയും വീണ്ടും മിലാനിലേക്ക് അയക്കുകയും ചെയ്ത ബോട്ടിൽ, ചുരുങ്ങിയത് നിന്റെ രണ്ടെഴുത്തുകളെങ്കിലും ഉസ്റ്റികയിൽ എത്തിയിരുന്നിരിക്കണം. എന്നാൽ ദ്വീപിൽ നിന്ന് ഞാൻ തിരിച്ചെത്തിയതിൽ പിന്നീട്, ഇവിടെ തപാലിൽ നിന്റേതായി യാതൊന്നും ഉണ്ടായിരുന്നില്ല. പ്രിയപ്പെട്ടവളെ, തെററ് നിന്റെഭാഗത്താണെങ്കിൽ—അങ്ങിനെ ആവാനിടയില്ല, ഭരണപരമായതടസ്സങ്ങളാവാം—ദയവ്ചെയ്ത് ഇങ്ങനെ ഉത്കണ്ഠാകുലനായി കാത്തിരിക്കുവാൻ എനിക്കിടയുണ്ടാക്കരുത്. എന്റെ ഈ ഏകാന്തതയിൽ പതിവ് മാറിയ എല്ലാ സംഭവങ്ങളും വിഘ്നങ്ങളും എന്നെ വല്ലാതെ വ്യാകുലനാക്കുകയും വേദനിപ്പിക്കുകയും ചെയ്യുന്നു. ഉസ്റ്റികയിലേക്കുള്ള നിന്റെ തന്നെ അവസാന എഴുത്തുകൾ നിറയെ ക്ലേശങ്ങളെക്കുറിച്ചായിരുന്നു. നിനക്ക് സ്വയം ശാരീരിക വ്യഥയുണ്ടാക്കുംവിധം എന്റെ ആരോഗ്യത്തെക്കുറിച്ച് ഇങ്ങിനെ വേവലാതിപ്പെടുവാനെന്തുണ്ട്? ഞാൻ നിനക്ക് ഉറപ്പുതരുന്നു, ഇന്നേവരെയും എനിക്കു സൗഖ്യമായിരുന്നു. കാഴ്ചക്ക് ദുർബലനെങ്കിലും അക്ഷീണമായ ശാരീരികശേഷിയുണ്ട് എനിക്ക്. എന്റേതുപോലൊരു കർക്കശവും നിയന്ത്രിതവും ആയ ജീവിതം ജീവിച്ചതുകൊണ്ട് ഫലമൊന്നുമില്ലെന്നാണോ നീ നിനക്കുന്നത്? ഒരിക്കലും ഗൗരവമായ രോഗമോ പരിക്കുകളോ ഉണ്ടായിരുന്നിട്ടില്ലാത്തതിന്റെ ഗുണം ഇപ്പോൾ എനിക്ക് ബോധ്യമാവുന്നു. ഞാൻ വല്ലാതെ പരിക്ഷീണനായിക്കൊണ്ടിരിക്കും എന്നത് വാസ്തവം തന്നെ. പക്ഷെ, ഒരല്പം ഉറക്കവും പോഷകവും എന്നെ വീണ്ടും പെട്ടെന്ന് തന്നെ ഉന്മേഷവാനാക്കും. നിന്നെ സ്വസ്ഥയും സന്തുഷ്ടയും ആക്കുവാൻ എന്താണ് എഴുതേണ്ടതെന്ന് സത്യമായും എനിക്കറിയില്ല. ഞാൻ നിന്നെ ഭീഷണിപ്പെടുത്തേണ്ടതുണ്ടോ? എനിക്ക് വേണമെങ്കിൽ, നിനക്കെഴുതുന്നത് നിർത്താം. ഒരു വിവരവും ഇല്ലാതിരിക്കുമ്പോൾ എങ്ങിനെ തോന്നുമെന്ന് അപ്പോൾ നിനക്കറിയാറാവും.

ക്ഷണികമായ ഒരു മന്ദഹാസം പോലും ഇല്ലാതെ, ചൊടിച്ചും ഗൗരവം പൂണ്ടും നിന്നെ ഞാൻ സങ്കല്പിക്കുന്നു. ഏതെങ്കിലും തരത്തിൽ നിന്നെ പ്രസന്നവതിയാക്കുവാൻ കഴിഞ്ഞെങ്കിൽ എന്നെനിക്ക് ആഗ്രഹമുണ്ട്. ഞാൻ ചിലകഥകൾ പറഞ്ഞാൽ നിനക്കെന്തു തോന്നും? ഉദാഹരണത്തിന്ന്, വിപുലവും ഭയാനകവുമായ ഈ ലോകത്തിലൂടെയുള്ള എന്റെ യാത്രാചരിതത്തിലെ ഒരു ഉപകഥയെന്നപോലെ എന്നെയും എന്റെ കീർത്തിയേയും കുറിച്ചുള്ള ചില രസകരമായ കാര്യങ്ങൾ നിന്നോട് പറയണമെന്നുണ്ട്. വളരെ കുറച്ചുപേർക്കു മാത്രമെ എന്റെ പേര് തിരിച്ചറിയുകയുള്ളൂ. ഗ്രാമാഷി, ഗ്രാന്തഷി, ഗ്രാമീഫി, ഗ്രാനീഫി, ഗ്രമാഫി, ഗ്രമാഫോൺ എന്നുപോലുമുള്ള നാനാതരം വിലക്ഷണ വൈവിധ്യങ്ങളോടെ അത് വളച്ചൊടിക്കപ്പെടുന്നു. പലേർമോയിൽവെച്ച്, സ്യൂട്ട്കെയ്സുകൾ പരിശോധിച്ചുകിട്ടുവാനായി ബാഗ്ഗേജ് മുറിയിൽ കാത്തിരിക്കുമ്പോൾ, ഞാൻ ടൂറിനിൽ നിന്നുള്ള ഒരുകൂട്ടം തൊഴിലാളികളെ

* ഭാര്യാസോദരി



കണ്ടുമുട്ടി. അവർ തങ്ങളെ നാടുകടത്തപ്പെട്ട പ്രദേശങ്ങളിലേക്കുള്ള യാത്രയിലായിര
ന്നു. അവർക്കൊപ്പം 'ഒരേ ഒരുവൻ' എന്ന് അറിയപ്പെടുന്ന കടുത്ത വ്യക്തിസ്ഥൈര
മുള്ള ഉഗ്രനായ ഒരു അരാജകവാദിയുണ്ടായിരുന്നു. തന്നെക്കുറിച്ച് എന്തെങ്കിലും വിവ
രം ആർക്കെങ്കിലും, പ്രത്യേകിച്ച് പോലീസുകാർക്കും അധികൃതർക്കും, നൽകുവാന
അയാൾ വിസമ്മതിച്ചു. ''ഞാൻ, ഒരേ ഒരുവൻ,....അത്രമാത്രം'' അങ്ങിനെയാണ
യാൾ അവരോട് മറുപടിപറയുക. അയാൾക്ക് ചുററും കൂടിയവർക്കിടയിൽ മാഫിയ
ഇനത്തിൽപ്പെടുന്ന സാധാരണ കുററവാളികളെയും കുററകൃത്യങ്ങളുടേയും രാഷ്ട്രീയകാ
ണങ്ങളുടേയും കൂട്ടായപേരിൽ അറസ്റ്റ്ചെയ്യപ്പെട്ട ഒരു സിസിലിക്കാരനെയും ഞാന
തിരിച്ചറിഞ്ഞു. (ഒരേഒരുവൻ നേപ്പിൾസ്കാരനോ നേപ്പിൾസിന്ന് തെക്ക്നിന്നു വര
ന്നവനോ ആവണം) ഞങ്ങൾ സ്വയം പരിചയപ്പെട്ടു. സിസിലിക്കാരൻ ഒരല്പനേര
എന്നെ തുറിച്ച്നോക്കിയശേഷം ചോദിച്ചു: ''ഗ്രാംഷി....അന്റോണിയോ ആണോ?'
''അതെ, അന്റോണിയോ'' ഞാൻ പറഞ്ഞു. ''അങ്ങിനെയാവാനിടയില്ല'' അയാ
തുടർന്നു ''അന്റോണിയോ ഗ്രാംഷി ഒരുഭീമാകാരനായിരിക്കും, നിങ്ങളെപ്പോലൊര
പിച്ചാംകുഴലാവില്ല''. അയാൾ പിന്നീടൊന്നും പറഞ്ഞില്ല. വെറുതെ ഒരു മൂലയിലേ
ക്ക് പിൻവാങ്ങി, എന്തെന്നില്ലാത്ത ഒരു സാധനത്തിന് മേൽ, കാർത്തേജിന്റെ അവ
ശിഷ്ടങ്ങൾക്ക് മുകളിൽ മാരിയൂസ് എന്നപോലെ, തന്റെ നഷ്ടവ്യാമോഹങ്ങളെക്കുറ
ച്ച് ധ്യാനിച്ച്കൊണ്ട് ഇരുപ്പായി. പിന്നീട് ഒരേമുറിയിൽ ഒന്നിച്ച് കഴിയേണ്ട
വന്ന സമയമത്രയും എന്നോട് സംസാരിക്കുന്നതിൽ നിന്ന് അയാൾ ഒഴിഞ്ഞ്മാറ
അവസാനം യാത്രപോലും പറഞ്ഞതുമില്ല.


ഇതേപോലുള്ള മറെറാരു സംഭവവും പിന്നീടുണ്ടായി. അത് പക്ഷെ കൂടുതൽ
സങ്കീർണ്ണവും കൗതുകകരവുമാണ്. ഞങ്ങൾ ഏതാണ്ട് പുറപ്പെടാറായിരുന്നു. കാരാബ
നാരി ഗാർഡുകൾ ഞങ്ങളെ വിലങ്ങിലും ചങ്ങലയിലും ബന്ധിച്ചുകഴിഞ്ഞിരുന്നു
വിലങ്ങ് എന്റെ കണംകൈയിൽ മുറുകെ ഇറുകിപ്പിടിച്ച് നിന്നിരുന്നതിനാൽ ഇത
വണ തീരെ അസുഖകരമായ മട്ടിൽ ബന്ധിതനായിരുന്നു ഞാൻ. വിലങ്ങിന്പുറത്തു
ള്ള മണികണ്ഠത്തിലെ എല്ല് വിലങ്ങുമായി വേദനാജനകമായി കൂട്ടിയിടിച്ചുകൊണ്ട
രുന്നു. ഗാഡുകളുടെ മേധാവി അകത്ത്വന്നു. സ്ഥൂലഗാത്രനായ ഒരു നോൺകമ്മീഷന
ഡ് ഉദ്യോഗസ്ഥനായിരുന്നു അയാൾ. പേരുകൾ വായിച്ചുകൊണ്ടിരിക്കെ, എന്റെ
പേരിന്നരികെ നിർത്തി, പ്രശസ്തനും പാർലമെൻംഗവും ആയ ഗ്രാംഷിയുടെ ബന്ധ
വാണോ ഞാൻ എന്ന് അയാൾ അന്വേഷിച്ചു. ഞാൻ അയാൾ തന്നെയാണെന്ന്
ഞാൻ പറഞ്ഞപ്പോൾ അനുകമ്പനിറഞ്ഞ മിഴികളുമായി അയാൾ തെല്ലുനേരം എന്നെ
നിരീക്ഷിച്ചു. പിന്നീട് മനസ്സിലാക്കാൻ വയ്യാത്ത എന്തോ പിറുപിറുത്തുകൊണ്ടിരുന്നു
എല്ലാ സ്റ്റേഷനുകളിൽവെച്ചും, ജയിലിന്ന് പുറത്ത് ആളുകൾ കൂട്ടംകൂടുമ്പോൾ, പ്രശ
സ്തനായ ഡെപ്യൂട്ടി എന്ന് പരാമർശിച്ചുകൊണ്ട് അയാൾ എന്നെക്കുറിച്ച് സംസാര
കൊണ്ടിരുന്നത് ഞാൻ കേട്ടു. (കൂടുതൽ സുഖപ്രദമായ രീതിയിൽ എന്റെ കൈകള
ലെ വിലങ്ങ് ശരിപ്പെടുത്തുവാൻ അയാൾ ഏർപ്പാടുചെയ്തുവെന്നതും ഓർമ്മിക്കുന്നു.
ഈ ദിവസങ്ങളിൽ വീശികൊണ്ടിരിക്കുന്ന കാററിന്റെ പ്രകൃതം കാണുമ്പോൾ, അമ
തോത്തേജിതരായ ആരിൽനിന്നെങ്കിലും എനിക്ക് അടികിട്ടാൻ ഇടയുണ്ടെന്ന് ഞാന
വിചാരിക്കുന്നു. ഒരിടക്ക്, രണ്ടാമത്തെ ജയിൽകാറിൽ സഞ്ചരിക്കുകയായിരുന്ന
ആ നോൺ കമ്മീഷൻഡ് ഉദ്യോഗസ്ഥൻ ഞാനിരുന്നിരുന്ന ബോഗിയിൽ വന്ന
എന്നോട് സംസാരിക്കാൻ തുടങ്ങി അയാളുടെ സാന്നിദ്ധ്യം അസാധാരണവും വ
ചിത്രവും ആയിരുന്നു. ഷോപ്പനോവർ പറയുമായിരുന്നതുപോലെ അയാൾക്ക് നിര
യെ 'അതീഭൗതികമായ വെമ്പലുകൾ' ഉണ്ടായിരുന്നു. അവ സങ്കൽപിക്കാനാവാത്ത
വിധം വിചിത്രവും വികലവും ആയരീതികളിൽ അയാൾ സഫലീകരിക്കുന്നു. രാക്ഷ

സാകാരത്തിലാണ് എപ്പോഴും എന്നെ സങ്കൽപിച്ചുകൊണ്ടിരുന്നതെന്നും അതിനാൽ എന്നെ ജീവനോടെ കണ്ടപ്പോൾ തീർത്തും നിരാശനായിരിക്കുന്നുവെന്നും അയാൾ പറഞ്ഞു. അയിടക്ക് അയാൾ 'ദ ഇക്വിലിബ്രിയം ഓഫ് ഈഗോയിസം' എന്ന എം. മാരിയാനിയുടെ ഒരു പുസ്തകവും മാർക്സിസത്തെ ഖണ്ഡിക്കുന്ന പാവ്ലോ ഗില്ലസിന്റെ ഒരു പഠനവും വായിച്ചുകൊണ്ടിരിക്കയാണ്. സ്വശിക്ഷിതനും ബുദ്ധിമാനുമായ ഏതൊരാളെയും പോലെ, പരസ്പരബന്ധമില്ലാത്തതും ശിഥിലവുമായ അത്രയേറെ ആശയങ്ങളെക്കുറിച്ച് ആവേശപൂർവ്വം അയാൾ സംസാരിക്കുന്നത് കേൾക്കുക വളരെ ആഹ്ലാദപ്രദമായിരുന്നു. അതുകൊണ്ട് ഗില്ലസ്, യാതൊരു ശാസ്ത്രീയാവലംബങ്ങളുമില്ലാത്ത ഒരു ഫ്രഞ്ച് അരാജകവാദിയാണെന്ന് അയാളോട് പറയാതിരിക്കുവാൻ ഞാൻ സൂക്ഷിച്ചു. ഒരു പ്രത്യേകഘട്ടംമുതൽ അയാളെന്നെ 'ആചാര്യൻ' എന്ന് വിളിക്കാൻ തുടങ്ങി. ഇതെല്ലാം എന്നെ വളരെയേറെ രസിപ്പിച്ചുവെന്ന് നിനക്കൂഹിക്കാമല്ലോ. എന്നുമല്ല, ഈ മട്ടിൽ എന്റെ വ്യക്തിപരമായ പ്രശസ്തിയെക്കുറിച്ച് ഞാൻ കൂടുതൽ അറിയുകയും ചെയ്തു.

ഇവിടത്തെ എന്റെ ജീവിതത്തെക്കുറിച്ച് സൂക്ഷ്മമായ ഒരു വിവരണം നൽകണമെന്നുണ്ടായിരുന്നു. പക്ഷെ ഈ കടലാസ് മുഴുവനും എതാണ്ടെഴുതിക്കഴിഞ്ഞു. ഒരു ഏകദേശരൂപം ഇതാ: രാവിലെ അലാം മുഴങ്ങുന്നതിന്ന് അരമണിക്കൂർ മുൻപ്, 6-30 ന്ന് ഞാൻ എഴുന്നേൽക്കുന്നു. തനിയെ ചൂടുള്ളകാപ്പി ഉണ്ടാക്കും. പിന്നീട് എന്റെ ജയിലറയും ടോയ്ലറ്റും വൃത്തിയാക്കും. 7-30ന്നുഎനിക്ക് അരലിറ്റർ പാൽ കിട്ടും, അതു് ഉടനെ കുടിക്കുന്നു. എട്ടുമണിക്ക് നിത്യേനയുള്ള രണ്ടുമണിക്കൂർ ദീർഘിച്ച നടത്തത്തിന് ഞാൻ പുറത്തേ്പോവുന്നു. ഒരു പുസ്തകവുമെടുത്തു് യഥേഷ്ടം അലയും. വായിക്കുകയോ ഒരു സിഗരററ് വലിക്കുകയോ ചെയ്യും. ഒരു റെസ്റ്റോറന്റിൽ നിന്ന് ഉച്ചഭക്ഷണം എത്തും. രാത്രി അത്താഴവും. അതത്രയും കഴിക്കുവാൻ എനിക്ക് വയ്യ. എന്നാൽ റോമിൽ ആയിരുന്നപ്പോൾ കഴിച്ചിരുന്നതിലേറെ ആഹാരം ഞാനിപ്പോൾ കഴിക്കുന്നുണ്ട്. വൈകുന്നേരം ഏഴുമണിയോടെ ഞാൻ കിടക്കയെ പ്രാപിക്കുന്നു. പിന്നീടു് പതിനൊന്നുമണിവരെ വായനയാണ്. പകൽവേള അഞ്ചുദിനപത്രങ്ങൾ എനിക്ക് കിട്ടുന്നുണ്ടു്—കോറിയർ, സ്റ്റാമ്പ, പീപ്പിൾ ഡി ഇററാലിയ, ജ്യോർണൽ ഡി ഇററാലിയ, സീകോൾ. ഞാൻ ലൈബ്രറിയിൽ അംഗമായിരുന്നു. യഥാർത്ഥത്തിൽ എനിക്ക് ഇരട്ട അംഗത്വമുണ്ട്. അതിനാൽ പ്രതിവാരം എട്ടുപുസ്തകങ്ങൾ എടുക്കാനവകാശമുണ്ട്. ഏതാനും മാസികകളും. മിലാനിൽ നിന്ന് വരുന്ന 'ഇൽ സോൾ' എന്ന വാണിജ്യ സാമ്പത്തിക പത്രവും ഞാൻ വാങ്ങുന്നുണ്ട്. എല്ലായ്പ്പോഴും എനിക്ക് വായിക്കുവാൻ എന്തെങ്കിലുമുണ്ട്, അടുത്തതവണ നാൻസെന്റെ 'ഫാർദസ്റ്റ് നോർത്ത്' നെക്കുറിച്ചും മററു് പുസ്തകങ്ങളെക്കുറിച്ചും ഞാൻ നിനക്കെഴുതുന്നുണ്ട്. ആദ്യദിവസങ്ങളിലുണ്ടായ ജലദോഷമൊഴിച്ച് എനിക്ക് അസുഖങ്ങൾ ഒന്നുമുണ്ടായിട്ടില്ല. പ്രിയപ്പെട്ടവളെ, എനിക്കെഴുതു; ജൂലിയാ, ഡീലിയോ, ജെനിയ * എന്നിവരെയും മറെറല്ലാവരെയും നിന്നെയും കുറിച്ചുള്ള വാർത്തകൾ ദയവായി അയച്ചുതരു.

സ്നേഹപൂർവ്വമായ ഒരു ആശ്ലേഷം.

അന്റോണിയോ



* ഭാര്യ, മകൻ, ഭാര്യാസോദരി



മിലാൻ
മെയ് 10, 1982

പ്രിയപ്പെട്ട അമ്മേ,

ഞാൻ റോമിലേക്ക് പുറപ്പെടുകയാണ്. അത് തീർച്ചയായി. മാററത്തെക്കുറിച്ച് നിങ്ങൾക്ക് മുന്നറിയിപ്പ് നൽകാൻ വേണ്ടിയാണ് ഇപ്പോൾ എഴുതുവാൻ അവരെന്നെ അനുവദിച്ചിരിക്കുന്നതു്. മറെറവിടേക്കെങ്കിലും നീങ്ങിയിട്ടുള്ളതായ വിവരം ഞാൻ തരാത്തിടത്തോളം ഇപ്പോൾ മുതൽ നിങ്ങളുടെ എഴുത്തുകൾ റോമിലേക്ക് അയക്കുക.


മെയ് അഞ്ചിന്ന് അയച്ച കാർലോ* യുടെ ഒരു രജിസ്റ്റർ കത്ത് ഇന്നലെ എനിക്ക് കിട്ടി. അമ്മയുടെ ഒരു ഫോട്ടോ അവൻ എനിക്ക് അയക്കുവാൻ പോവുന്നതായി പറയുന്നു. അതു് കിട്ടുന്നതു് എനിക്ക് വളരെ ആഹ്ലാദകരമായിരിക്കും. ഡീലിയോയുടെ ഫോട്ടോ ഇപ്പോൾ നിങ്ങൾക്ക് കിട്ടിക്കാണും. പത്ത്ദിവസത്തിലധികമായി റജിസ്റ്റർ തപാലിൽ ഞാൻ അതയച്ച് കഴിഞ്ഞിട്ട്.

പ്രിയപ്പെട്ട അമ്മേ, എന്റെ ശാരീരികവും മാനസികവുമായ ആരോഗ്യത്തെ ഓർത്ത് വ്യാകുലപ്പെടരുതെന്ന് പറയാനായി അത്രയേറെ തവണ ഞാനെഴുതിയ കാര്യങ്ങൾ ഇനിയും ആവർത്തിക്കുവാൻ എനിക്ക് മടിയുണ്ട്. അവരെനിക്ക് എന്തു് തന്നെ ശിക്ഷാവിധി നൽകിയാലും അത് അമ്മയെ തകർക്കുകയില്ലെന്നും അമ്മ പ്രക്ഷുബ്ധയാവില്ലെന്നും, എന്റെ സ്വന്തം മനഃശാന്തിക്ക്വേണ്ടി, എനിക്ക് വിശ്വാസം വരേണ്ടതുണ്ട്. അതേ പോലെ ഞാൻ ഇപ്പോൾ രാഷ്ട്രീയമായ കാരണങ്ങളാലാന്ന് തടവിലായതെന്നും ഇനിയും രാഷ്ട്രീയ തടവുകാരനായിരിക്കുമെന്നും അമ്മ ഹൃദയപൂർവ്വം മനസ്സിലാക്കുന്നുവെന്നും എനിക്ക് വിശ്വാസം വരേണ്ടതുണ്ട്. ഇതെന്നെ ലജ്ജിപ്പിക്കുന്നില്ല. ഒരിക്കലും ലജ്ജിപ്പിക്കയുമില്ല. അടിസ്ഥാനപരമായി, ഞാൻ സ്വയം ഇച്ഛിച്ചതാണ് ഈ തടവും ബന്ധനവും. എന്റെ വിശ്വാസങ്ങളുടെ കാര്യത്തിൽ സന്ധിയാവുന്നത് ഞാനെന്നും നിരാകരിച്ചിട്ടുണ്ട്. ജയിലിലാകുവാൻ മാത്രമല്ല, അവയ്ക്കു് വേണ്ടി മരിക്കാൻ തന്നെയും ഞാൻ സന്നദ്ധനാണ്. ഇക്കാരണത്താൽ എന്റെ മനസ്സ് പ്രശാന്തവും ഞാൻ സ്വയം സംതൃപ്തനമാണ്. പ്രിയപ്പെട്ട അമ്മേ, ഞാൻ എത്രമാത്രം സ്നേഹിക്കുന്നുവെന്നും ഞാൻ കാരണം അമ്മ അനുഭവിക്കുന്ന വ്യഥയെക്കുറിച്ച് എത്രമാത്രം പശ്ചാത്തപിക്കുന്നുവെന്നും ബോധ്യപ്പെടുത്താനാവുംവിധം അമ്മയെ ദൃഢമായി വളരെ ദൃഢമായി എന്നോടു് ചേർത്ത് പുണരുവാൻ ഞാൻ എന്തുമാത്രം ആഗ്രഹിക്കുന്നു. എനിക്ക് മററ് യതൊരു വഴികളുമുണ്ടായിരുന്നില്ല. അതെ, ജീവിതം കഠിനമാണ്. ചിലപ്പോൾ തങ്ങളുടെ അഭിമാനത്തിന്നും അന്തസ്സിന്നും വേണ്ടി മക്കൾക്ക് അവരുടെ അമ്മമാരെ വേദനിപ്പിക്കേണ്ടി വരുന്നു.

സ്നേഹാർദ്രമായ ഒരു ആശ്ലേഷം

_നീനോ

* അനിയൻ



മിലാൻ
ഫെബ്രുവരി, 27, 1928

പ്രിയപ്പെട്ട ജൂലിയ *


നിന്റെ ഡിസമ്പർ 27 (1927) ന്റെ എഴുത്ത്, ജനുവരി 24ന് കൂട്ടിച്ചേർത്ത ഭാഗവും അടക്കം ചെയ്ത കുറിപ്പും ഉൾപ്പെടെ എനിക്ക് കിട്ടി. ഇപ്പോൾ കുറച്ച് കാലമായി ഞാൻ വളരെ ശാന്തനാണെങ്കിലും എഴുത്തുകൾ കിട്ടിയത് യഥാർത്ഥ ആശ്വാസമായി. ഇക്കാലത്തിനകം ഞാൻ വളരെ മാറിയിട്ടുണ്ട്. ചില ദിവസങ്ങളിൽ ഞാൻ ഉദാസീനനും നിഷ്ക്രിയനുമായി മാറിയിരിക്കുന്നു വെന്ന് ഞാൻ നിനച്ചു. എന്നാൽ അതൊരു തെററായ അപഗ്രഥനമായിരുന്നുവെന്ന് ഇപ്പോൾ എനിക്കറിയാം. പതിവ്ചര്യകൾ, അസൗകര്യങ്ങൾ, അത്യാവശ്യങ്ങൾ, നാഴികമണിയിലെ മണൽത്തരികളുടേത്പോലെ യാന്ത്രികമായ താളത്തിൽ നാൾക്കുനാൾ, മാസത്തോട്മാസം, വർഷത്തോടു വർഷം ഉണ്ടായിക്കൊണ്ടിരിക്കുന്ന അസംഖ്യം സൂക്ഷ്മസംഭവങ്ങൾ, എന്നിങ്ങിനെയുള്ള ജയിലിലെ ചുററുപാടുകൾ നിർബ്ബന്ധമായും അടിച്ചേല്പിക്കുന്ന പുതിയ ജീവിതരീതിയെ ചെറുത്ത്നിൽക്കുവാനുള്ള ശ്രമത്തിൽ ഒരു കൂട്ടം പ്രതിസന്ധികളിലൂടെ കടന്ന് പോവുകയായിരുന്നു ഞാൻ. എന്റെ ഓരോ അണുവും—എന്റെ മൊത്തം ശരീരവും മനസ്സും—ബാഹ്യാവസ്ഥകളെ സ്വാംശീകരിക്കുന്നതിനെ വാശിയോടെ എതിർത്തുകൊണ്ടിരുന്നു. എന്നാൽ, ഇതെല്ലാമായിട്ടും ഒരളവ് സമ്മർദ്ദത്തിന്ന് എന്റെ ചെറുത്ത് നിൽപിനെ അതിജീവിക്കുവാനും എന്റെ അസ്തിത്വത്തിന്റെ ചില തലങ്ങളെ വഴക്കിയെടുക്കുവാനും കഴിഞ്ഞു. ഓരോ തവണ ഇത് സംഭവിച്ചപ്പോഴും, ആ അതിക്രമത്തെ എതിർത്തകററുവാനുള്ള ശ്രമത്തിൽ എന്റെ മൊത്തം നിലനിൽപിനെത്തന്നെ മഥിക്കുന്ന ക്ഷോഭാവേഗങ്ങൾക്ക് ഞാൻ വിധേയനായി. മാററങ്ങളുടെ ഒരു മുഴുവൻ വൃത്തം ഇപ്പോൾ എനിക്കനുഭവപ്പെട്ടു കഴിഞ്ഞു. ഇനിയങ്ങോട്ട്, അപരിഹാര്യങ്ങളായ പ്രശ്നങ്ങൾക്കെതിരെ അത്രയും നിഷ്ഫലവും അർത്ഥരഹിതവും ആയ രീതികളിൽ പൊരുതുന്നതിന്ന് പകരം, തുടങ്ങിക്കഴിഞ്ഞ ഈ പ്രക്രിയയെ തെല്ലൊരു വിപര്യയബോധം ഉപയോഗിച്ചുകൊണ്ട് നിയന്ത്രിക്കുവാൻ ശ്രമിക്കാമെന്ന ശാന്തമായ ഒരു തീരുമാനത്തിൽ ഞാനിപ്പോൾ എത്തിച്ചേർന്നിരിക്കുന്നു. പൂർണ്ണമായും ഒരു കേവലലൗകികനായി ഒരിക്കലും ഞാൻമാറില്ലെന്ന് പക്ഷെ, എനിക്ക് തീർച്ചയുണ്ട്. എന്തെന്നാൽ, സ്വന്തം ചർമ്മത്തിന്ന് മീതെ പരിതഃസ്ഥിതികൾ വളർത്തുന്ന മൃഗീയമായ ആ രണ്ടാം ചർമ്മം (പാതികഴുതയുടേതും പാതിആടിന്റേതും) ഉരിഞ്ഞെറിയുവാൻ ഞാൻ ഏത് നേരവും തയ്യാറാണ്. എന്നാൽ, എന്ത്തന്നെയായാലും, എന്റെ സ്വതസ്സിദ്ധമായ തൊലിക്ക് മുൻപുണ്ടായിരുന്ന ധൂമിലവണ്ണം തിരികെ കൊടുക്കുവാൻ എനിക്കിനി കഴിയില്ല. വാലിയസ്സ് † ഇനി ഒരിക്കലും എന്നെ അവളുടെ 'പുകഞ്ഞ ചങ്ങാതി' എന്ന് വിളിക്കാൻ പററുകയില്ല. നിന്റെ സംഭാവന

ഉണ്ടായിരുന്നിട്ടുകൂടി ഡീലിയോ ഇപ്പോഴേക്കും, ഒരിക്കലും ഞാൻ ആയിരുന്നിട്ടില്ലാത്തവിധം കൂടുതൽ കാഞ്ഞനിറമുള്ളവനായി കഴിഞ്ഞിരിക്കുമെന്ന് എനിക്ക് ആശങ്കയുണ്ട്. നീ വിശ്വസിക്കുമോ, ഈ ശൈത്യകാലത്ത് സൂര്യന്റെ ഏതാനും വിദൂരമായ പ്രതിഫലനങ്ങൾ ഒഴികെ, മറ്റൊന്നും തന്നെ കാണാതെ ഞാൻ മൂന്നുമാസം ജീവിച്ചു. ഇവിടെ എന്റെ ഈ അറയിൽ അരിച്ചെത്തുന്ന വെളിച്ചത്തിന്റെ പ്രകൃതം ഒരു നിലവറയിലോ കണ്ണാടിപ്പൊയ്കയിലോ വീഴുന്ന പ്രകാശത്തിന്റെ ഇടയ്ക്കുള്ളതോ ആണ്.

എന്റെ ജീവിതം പക്ഷെ, ധരിക്കപ്പെട്ടും വിധം, ഏകതാനവും വിരസവുമാണെന്ന് നീ കരുതരുത്. ഒരിക്കൽ, ഒരു അക്വേറിയത്തിനകത്ത് ജീവിക്കുവാൻ ശീലിച്ചുകഴിഞ്ഞാൽ, ഇന്ദ്രിയോപകരണങ്ങളെ ക്ലാന്തമായ വെളിച്ചത്തിന്ന് ചേരുന്നപോലെ ഇണക്കിയെടുക്കാൻ കഴിഞ്ഞാൽ, (നിങ്ങളുടെ വിപര്യയബോധം സംരക്ഷിച്ചുകൊണ്ട്) പതിഞ്ഞ രൂപപ്രതീതികൾ നിങ്ങൾക്ക് നേരെ ഒഴുകി എത്തുന്നു; നിങ്ങൾക്ക് ചുറ്റും ഒരു മുഴുവൻ പ്രപഞ്ചം ഇരച്ച് മറയുവാൻ തുടങ്ങുന്നു. സ്വന്തം ചിട്ടകൾക്കും സ്വന്തം ഗതികൾക്കും അനുസരിച്ച് ചരിക്കുന്ന ഒരു സജീവപ്രപഞ്ചം. ഋതുഭേദങ്ങൾ സാവധാനം കരണ്ട് തീർക്കുന്ന പുരാതനമായ ഒരു വൃക്ഷത്തടിയിൽ ഊന്നിനോക്കുന്നത് പോലെയാണ് ഏതാണ്ടിത്. അടുപ്പിച്ച് നോക്കുമ്പോൾ കൂടുതൽ കാണാറാവുന്നു. ആദ്യം, ഈറപ്പം ഫുറ്റിയ, കൂണിന്റെ രൂപത്തിൽ ഒരു കൊച്ചുവളർച്ച. അല്ലെങ്കിൽ മെല്ലെ വലിഞ്ഞു നീങ്ങുന്ന ഒരു ഒച്ച് സ്രവിച്ച്‌വിട്ടചെറിയ ചാൽ. പിന്നെ, ഓരോ തവണയും തെല്ല്‌തെല്ലായി നിങ്ങൾ തിരിച്ചറിയുന്നു, ഒരേവഴിയിലൂടെ വീണ്ടും വീണ്ടും ഒരേ ചേഷ്ടകൾ തന്നെ ആവർത്തിച്ചുകൊണ്ട് ഉത്സാഹപൂർവ്വം ഓടി നടക്കുന്ന സൂക്ഷ്മജീവികളുടെ ആവാസകേന്ദ്രങ്ങൾ. നിങ്ങളുടെ മൗലികമായ അവസ്ഥ കൈവിടാതിരിക്കുവാൻ കഴിയുമെങ്കിൽ, ഒച്ചും ഉറുമ്പുമായി മാറുന്ന അപകടമില്ല. എന്നുമല്ല, ഇതെല്ലാം സമയം കൊല്ലാവുന്ന രസകരമായ ഒരു മാർഗ്ഗമാവുകയും ചെയ്യും.

നിന്റെയും കുട്ടികളുടെയും ജീവിതത്തെക്കുറിച്ച് എഴുത്തുകളിൽ നിന്ന് ഞാൻ ശേഖരിക്കുന്ന സൂക്ഷ്മവിവരങ്ങളും ഒരു സാമാന്യധാരണയുണ്ടാക്കുവാൻ എന്നെ സഹായിക്കുന്നു. പക്ഷെ, എന്റെ വളരെ അൽപമായ വിവരങ്ങൾ എങ്ങും എത്തിക്കുന്നില്ല. സ്വന്തം അനുഭവങ്ങളാവട്ടെ പരിമിതവുമാണ്. മാത്രവുമല്ല, കുട്ടികൾ, എനിക്ക് അവർക്കൊപ്പം എത്തുവാനും, അവരുടെ വളർച്ചയെക്കുറിച്ച് സങ്കൽപിക്കുവാനും ആവാത്തവേഗത്തിൽ, വളർന്നുകൊണ്ടിരിക്കുകയാവും എന്നതിൽ സംശയമില്ല. ഒരു പക്ഷെ, ഈ വിഷയത്തിൽ ഞാൻ വളരെ പുറകിലാവും. അത് ഒഴിവാക്കാനാവാത്തത് തന്നെ. മൃദുവായ ഒരു ആശ്ലേഷം.

അന്റോണിയോ



* ഭാര്യ

† ജൂലിയയുടെ അനന്തിരവൾ

ടൂറി
15, ഫെബ്രുവരി, 1932

പ്രിയപ്പെട്ട താനിയ,

നിന്റെ പന്ത്രണ്ടാം തിയ്യതിലെ എഴുത്ത് കിട്ടി. എന്നാൽ നീ സൂചിപ്പിച്ച വേറൊരു എഴുത്ത് കിട്ടിയിട്ടില്ല. പലകാരണങ്ങൾകൊണ്ടും ഈ ആഴ്ച ഞാൻ ജൂലിയക്ക് എഴുതുകയില്ല. ഒന്നാമതായി, എനിക്ക് നല്ല സുഖം തോന്നുന്നില്ല. ഞാനിച്ഛിക്കുന്നതു് പോലെ എന്റെ വിചാരങ്ങൾ സ്വരൂപിക്കുക പ്രയാസമാവും. രണ്ടാമതായി, അവളുടെ അവസ്ഥയേയും മാനസികനിലയേയും സംബന്ധിച്ച് ശരിയായ ഒരുകാഴ്ചപ്പാട് കൈക്കൊള്ളുവാൻ എനിക്ക് കഴിയുമെന്ന് തോന്നുന്നില്ല. അതെല്ലാം കരാളമായ രീതിയിൽ ജടിലവും വിഷമതരവും ആണെന്ന് തോന്നുന്നു. ഇതിന്റെയെല്ലാം കുരുക്കുകൾ അഴിക്കാവുന്ന ചരട് കണ്ടെത്തുവാൻ ഞാൻ ശ്രമിക്കയാണ്. പക്ഷെ അത് സാധിക്കുമെന്ന് എനിക്ക് ഉറപ്പില്ല. ചിലകാര്യങ്ങൾ നീയുമായി സംസാരിക്കുന്നതു് ഒരു പക്ഷെ, സഹായകമാവും. എന്റെ തോന്നലുകളിൽനിന്നും ഭാഗികമായ അനുഭവങ്ങളിൽനിന്നും മാത്രമായി ഞാൻ ശേഖരിച്ച പ്രധാനപ്പെട്ട വസ്തുതകൾതന്നെ നിനക്ക് കൈമാറണമെങ്കിൽ യഥാർത്ഥത്തിൽ ഒരു മുഴുവൻ പുസ്തകം എഴുതേണ്ടിവരും. എന്തായാലും നമുക്ക് കഴിയും പോലെ ശ്രമിക്കാം.

പ്രധാനമായും എന്റെ തോന്നലുകൾ ഇവയാണ്. ജൂലിയയുടെ മാനസികമായ അസന്തുലിതാവസ്ഥയുടെ ഗൗരവമായ ലക്ഷണം, മനോവിശ്ലേഷണത്തിലേക്ക് തിരിയുന്നതിനെ ന്യായീകരിക്കുവാൻ ശ്രമിച്ച്കൊണ്ട് അവൾ പരാമർശിക്കുന്ന അസ്പഷ്ടമായകാര്യങ്ങളല്ല. മറിച്ച്; ഇത്തരമൊരു ചികിത്സാപദ്ധതിയിലേക്ക്, അതിന്റെ ഫലപ്രാപ്തിയെക്കുറിച്ച് പൂർണവിശ്വാസത്തോടെ അവൾ തിരിഞ്ഞിരിക്കുന്നു എന്ന വസ്തുതതന്നെയാണ്. മാനസികാപഗ്രഥനത്തെ സംബന്ധിച്ച് എന്റെ വിജ്ഞാനം വിശേഷിച്ച് സൂക്ഷ്മമോ വിശാലമോ അല്ല. എന്നാൽ ആദ്യമായി എല്ലാവിധ ഭ്രമകല്പനകളിൽനിന്നും മന്ത്രവാദസദൃശമായ അടിസ്ഥാനങ്ങളിൽ നിന്നും മുക്തമാക്കികൊണ്ടാണെങ്കിൽ മാനസികാപഗ്രഥന സിദ്ധാന്തത്തെക്കുറിച്ച് ചില നിഗമനങ്ങളിലെത്താൻ എനിക്ക് കഴിയും. കല്പനിക സാഹിത്യം 'നിന്ദിതരും പീഡിതരും' എന്ന് വിളിക്കുന്നതും സാധാരണ കരുതപ്പെടുന്നപോലല്ലാതെ കൂടുതൽ പെരുത്തതും വിവിധ പരിഛേദങ്ങൾ ഉൾക്കൊള്ളുന്നതുമായ സമൂഹത്തിന്റെ ആ പ്രത്യേക വിഭാഗത്തെ സംബന്ധിച്ച് മാത്രമേ മനോവിശ്ലേഷണം ഫലപ്രദമാവുന്നുള്ളു എന്നതാണ് ഏററവും പ്രധാനപ്പെട്ടകാര്യം. ആധുനിക ജീവിതത്തിന്റെ (എല്ലാ കാലത്തിനും കഴിഞ്ഞകാലത്തെഅപേക്ഷിച്ച് അതിന്റെ ആധുനികതയുണ്ട്)ഇരുമ്പു-മുറുക്കമുള്ള സംഘഷ്ങ്ങളിൽ പെടുന്ന അത്തരക്കാർക്ക് സ്വന്തം ഉപായങ്ങൾവഴി ആത്മസംഘട്ടനങ്ങളുടെ കാരണങ്ങൾ കണ്ടെത്തുവാനും അങ്ങിനെ, ഇച്ഛാശക്തിയുടെ വെമ്പലുകളെ ജീവിതലക്ഷ്യങ്ങളുമായി ഇണക്കിക്കൊണ്ട് സംഘർഷങ്ങളെ പിൻതള്ളി ഒരു പുതിയ സ്വച്ഛതയും ആത്മീ

യമായ പ്രശാന്തതയും സ്വായത്തമാക്കുവാനും ഉള്ള കഴിവില്ല. പ്രത്യേക ചരിത്രഘട്ടങ്ങളിൽ, പ്രത്യേക സാമൂഹ്യാവസ്ഥകളിൽ ചുററുപാടുകൾ തപിച്ച് അതിസാന്ദ്രമായ ഒരു പിരിമുറുക്കത്തിലെത്തുകയും, അഴിച്ച്‌വിടപ്പെട്ട ബൃഹത്തായ സംഘടിത ശക്തികൾ ഒററയായ വ്യക്തികൾക്ക്‌മേൽ, അവരുടെ ഇച്ഛാശക്തിയിൽനിന്ന് ഏററവും ഉയർന്ന ക്രിയാപരമായ പ്രതികരണങ്ങൾ നേടിയെടുക്കാനായി, സമ്മർദ്ദം ചെലുത്തുകയും ചെയ്യുമ്പോൾ അവസ്ഥ നാടകീയമായിമാറുന്നു.

ഇത്തരം അവസ്ഥകൾ അതീവ ലോലവും സംശുദ്ധവും ആയ പ്രകൃതങ്ങൾക്ക് വിപത്കരമായിത്തീരാം. അതേസമയം സമൂഹത്തിലെ പിന്നോക്ക ഘടകങ്ങൾക്ക് അവ ഒഴിച്ചുകൂടാനാവാത്തതാണ്. ഉദാഹരണത്തിന്ന്, പരിക്ഷീണരാവാതെ തങ്ങളുടെ കരുത്തുററ നാഡികൾ ഒരു വലിയ അളവോളം വിതർത്തുവാനും ത്രസിപ്പിക്കുവാനും കഴിയുന്ന കർഷകർ. ജെനിയയേയും ജൂലിയയേയും ഞാൻ കണ്ടുമുട്ടിയ സെറിബ്രാൻയിബോർ സാനിറേറാറിയത്തിൽ, അക്ഷരാർത്ഥത്തിൽ തകർന്നുതീർന്ന രോഗികൾ മൂന്നുനാലുമാസത്തെ ഉറക്കത്തിന്നും, തങ്ങൾ ശീലിച്ചുപോന്നതിലും ഭേദപ്പെട്ടതെങ്കിലും, ഇടത്തരം പോഷകാഹാരത്തിന്നും ശേഷം മുപ്പത്തഞ്ചുമുതൽ നാൽപതുവരെ റാത്തൽ തൂക്കവും പൂർണ്ണരോഗശാന്തിയും നേടി വീണ്ടുമൊരു ഓജസ്സുററ മാനസികാവസ്ഥക്ക് പ്രാപ്തരായിത്തീരുന്നത് കാണുക എത്രമാത്രം അതിശയകരമായിരുന്നുവെന്ന് ഞാൻ, ഒരുപക്ഷെ, നിന്നോട് പറഞ്ഞുകാണും. ഏതെങ്കിലും തരത്തിലുള്ള കാൽപനികമായ ആശയഭ്രമങ്ങൾക്ക് ഈ മനുഷ്യർ സർവ്വഥാ അസ്‌പൃശ്യരായിരുന്നു. മാനസികമായ ആരോഗ്യവും സമനിലയും, കൈവിടാതിരുന്ന അവർ ഒരിക്കലും പരിഹരിക്കാനാവാത്ത പ്രശ്നങ്ങൾ സൃഷ്ടിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ അവ പരിഹരിക്കാനാവാത്തതിനെക്കുറിച്ച് ഹതാശരായതുമില്ല. ഇച്ഛാശക്തിയും വ്യക്തിത്വവും ഇല്ലാത്തവരെന്നോ അസമർത്ഥരെന്നോ അവർ തങ്ങളെക്കുറിച്ച് സ്വയം കരുതിയിരുന്നുമില്ല. ഇററലിയിൽ ഞങ്ങൾ പറയാറുള്ളതുപോലെ അവർ 'തങ്ങളെത്തന്നെ തുപ്പി'ക്കൊണ്ടിരുന്നില്ല. ഇത്തരം തീർത്തും അയഥാർത്ഥങ്ങളായ 'പരിഹരിക്കാനാവാത്ത പ്രശ്നങ്ങളും' അവളുടെതന്നെ ജ്വരതപ്തവും ശിഥിലവുമായ മതിഭ്രമങ്ങളാൽ സൃഷ്ടിക്കപ്പെടുന്ന ചപല സ്വപ്നങ്ങളുമായുള്ള സംഘട്ടനവും ആണ് ജൂലിയയുടെ വ്യാധി എന്നെനിക്കുതോന്നുന്നു. മററാരാലും പരിഹരിക്കാനാവാത്തത് തീർച്ചയായും അവൾക്ക് സ്വയം പരിഹരിക്കാനാവില്ലെന്നതുകൊണ്ട് മന്ത്രവാദിയേയോ മനോവിശ്ലേഷകനേയോ പോലൊരു ബാഹ്യശക്തിയെ അവൾക്ക് സമീപിക്കേണ്ടിവരുന്നു. ജൂലിയയെപ്പോലെ സംസ്കാരസമ്പന്ന (ആ പദത്തിന്റെ ജർമ്മൻ വിവക്ഷയിൽ) യും ഔദ്യോഗികമായി മാത്രമല്ലാതെതന്നെ (സഞ്ചിയിൽ ഒരു കാർഡുണ്ടെന്നതുമാത്രമാണല്ലോ അവളുടെ ഔദ്യോഗികത) സമൂഹത്തിൽ കർമ്മനിരതയുമായ ഒരു വ്യക്തിക്കു ചേർന്ന ഏററവും നല്ല ഒരേയൊരു മനോവിശ്ലേഷണചികിത്സകൻ അവൾ തന്നെയാവും, ആവുകയുംവേണം എന്നാണ് എന്റെ വിശ്വാസം. പഠനത്തിന്റെ ആവശ്യകതയെക്കുറിച്ചും മററുമുള്ള അവളുടെ പ്രസ്താവങ്ങളുടെ അർത്ഥമെന്താണ്? സ്വന്തം ഉത്‌പാദന പ്രവർത്തനങ്ങൾക്ക്‌വേണ്ടി സൈദ്ധാന്തികമായും തൊഴിൽപരമായും സ്വയം മെച്ചപ്പെടുവാൻ നമ്മൾ ഓരോരുത്തരുംതന്നെ പഠനം തുടർന്നുകൊണ്ടിരിക്കേണ്ടതുണ്ട്. ഇതൊരു വൈയക്‌തികപ്രശ്നമാണെന്നും സ്വന്തം അധമത്വത്തിന്റെ അടയാളമാണെന്നും കരുതുന്നതെന്തിനാണ്? കൂട്ടായ ജീവിതത്തിന്റെ എക്കാലത്തേക്കും ഉയന്ന ഒരു മാനം സ്വായത്തമാക്കുവാനായി, ജന്മവാസനകളെയും അന്തഃപ്രേരണകളെയും വർദ്ധിതമാവുന്ന സാമൂഹ്യവിരുദ്ധപ്രവണതകളെയും ചെറുത്തുകൊണ്ട് നമ്മൾ ഓരോപേരും അവരവരുടെ വ്യക്തിത്വവും സ്വഭാവവും നാൾക്ക്‌നാൾ വിസ്തരിക്കുകയും വിപുലവുമാക്കുകയും ചെയ്യുന്നു. യാതൊരു അപൂർവ്വതയും വ്യക്തിനിഷ്ഠമായ ദുരന്തവും ഇതേസംബ




ന്ധിച്ചില്ല. നമ്മൾ ഒരോരുത്തരും അവരവരുടെ അയൽക്കാരിൽനിന്ന് പഠിക്കുന്നു. ധാരണകളും വൈശിഷ്ട്യങ്ങളും ശീലങ്ങളും കൊള്ളുകയും കൊടുക്കുകയും നഷ്ടപ്പെടുകയും നേടുകയും വിസ്മരിക്കുകയും സമാഹരിക്കുകയും ചെയ്യുന്നു.

എന്റെഭാഗത്ത്നിന്ന് ഉണ്ടാവാനിടയുള്ളബുദ്ധിപരവും ധാർമ്മികയും ആയ സ്വാധീനങ്ങളെ ഇനിമുതൽ ഒരിക്കലും സ്വയം പ്രതിരോധിക്കുകയില്ലെന്നും അക്കാരണത്താൽ എന്നോട്കൂടുതൽ അടുത്തതായി അവൾക്ക്തോന്നുന്നുവെന്നും ജൂലിയ എനിക്കെഴുതി പക്ഷേ, അവൾ വിചാരിക്കുന്ന അളവോളമോ അത്ര്യും നാടകീയമായ രീതിയിലോ എപ്പോഴെങ്കിലും അവൾ സ്വയംപ്രതിരോധിച്ചിരുന്നതായി എനിക്ക് തോന്നുന്നില്ല. അതിന്ന് പുറമെ, അവളുടെ വ്യക്തിത്വവുമായുള്ള കൂട്ടുകെട്ടിൽനിന്ന് ഞാൻ സ്വയം നേടുകയും സ്വയം രൂപാന്തരപ്പെടുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾത്തന്നെ അവളുടെ സ്വാധീനങ്ങൾക്കെതിരെ എനിക്ക് തെല്ലും പ്രതിരോധിക്കേണ്ടിവന്നിട്ടില്ലെന്നാണോ അവൾ സങ്കൽപിക്കുന്നത്? എന്നിൽ നടന്ന ഈ പ്രക്രിയയെക്കുറിച്ച് ഞാനൊരിക്കലും സിദ്ധാന്തവിചാരം ചെയ്യുകയോ വേവലാതിപ്പെടുകയോ ചെയ്തിട്ടില്ല. പക്ഷെ, അത്കൊണ്ട് ഈ പ്രക്രിയ നടന്നിരുന്നുവെന്നും അതെനിക്ക് ഗുണപ്രദമായിരുന്നുവെന്നും ഉള്ള വസ്തുത ഇല്ലാതാവുന്നില്ല. എന്തുമാവട്ടെ, എഴുതുവാനും, ഒരു ചരട് കണ്ടെത്തുന്നതിൽ എന്നെ സഹായിക്കുവാനും വേണ്ട ചില മൂലകങ്ങൾ നിനക്ക് നിൽകിക്കഴിഞ്ഞുവെന്നു ഞാൻ വിശ്വസിക്കുന്നു. കൊള്ളാവുന്ന ഒരുആശയമായി നിനക്ക് തോന്നുന്നുവെങ്കിൽ ഇത്, അൽപം പരോക്ഷമായ രൂപത്തിൽ ജൂലയിക്ക് അയച്ച് കൊടുക്കുക. അവളുടെ പ്രശ്നങ്ങൾക്ക് ഒരു പ്രാഥമികമായ ഉത്തരമായി ഇത് ഭവിച്ചേക്കാം. കുറച്ചുമുൻപ് നിന്റെ പന്ത്രണ്ടാം തിയ്യതിയിലെ എഴുത്ത് ഡീലിയോയുടെ എഴുത്തിന്റെ പരിഭാഷയോടൊപ്പം എനിക്ക് കിട്ടി. അടുത്ത തിങ്കളാഴ്ച ഞാൻ മറുപടി എഴുതാം. എഴുത്ത് എനിക്കിഷ്ടമായി.

ആശ്ലേഷം.

അന്റോണിയോ.





ക്യുസിസാനാ ക്ലിനിക്
റോം
24 നവമ്പർ 1936


പ്രിയപ്പെട്ട ലുൽകാ,

നിന്നെ ചിരിപ്പിക്കുവാൻ ആദ്യന്തം പണ്ഡിതപദങ്ങൾ നിറച്ചുകൊണ്ട് ഒരു പ്രൊഫസറെ പോലെ ഒരു എഴുത്ത് എഴുതണമെന്ന് ഞാൻ തീരുമാനിച്ചിട്ടുണ്ട്, പക്ഷേ എനിക്കതുകഴിയുമോ എന്ന സംശയമാണ്. സാധാരണഗതിയിൽ ഉദ്ദേശിക്കാതിരിക്കുമ്പോൾ എനിക്ക് പണ്ഡിതഭാവമുണ്ട്. ഇക്കഴിഞ്ഞ പത്തുവർഷക്കാലത്തെ സംഭവങ്ങൾക്കിടക്ക് അസംഖ്യം തവണ സെൻസർഷിപ്പിന്ന് വിധേയനായിട്ടുണ്ടെന്നതിനാൽ സാഹചര്യങ്ങൾക്കിണങ്ങുന്ന ഒരു ശൈലി എനിക്ക് പോഷിപ്പിച്ചെടുക്കേണ്ടതായി വന്നിട്ടുണ്ട്. നിന്നെ ചിരിപ്പിക്കുകയും അതോടൊപ്പം എന്റെ മാനസികാവസ്ഥ ചിത്രീകരിക്കുകയും ചെയ്യുന്ന ഒരു കൊച്ചുകഥ ഞാൻ നിന്നോട് പറയട്ടെ. ഒരിക്കൽ ഡീലിയോ വളരെ ചെറുതായിരിക്കുമ്പോൾ അവൻ എങ്ങിനെ ദിഗ്ബോധമുൾക്കൊള്ളുവാനും ഭൂമിശാസ്ത്രം പഠിക്കുവാനും തുടങ്ങിയിരിക്കുന്നുവെന്ന് കാണിക്കുവാനായി നീ എനിക്ക് ഹൃദ്യമായ ഒരു എഴുത്തെഴുതി. അവന്റെ ശിരസ്സിന്റെ ദിശയിൽ ശ്വാനവണ്ടികൾ ഉപയോഗിക്കുന്ന ജനവർഗ്ഗങ്ങൾ വസിക്കുന്നുവെന്നും ഇടത്ത് ചൈനയും വലത്ത് ആസ്ത്രിയയുമാണെന്നും അവന്റെ പാദങ്ങൾ ക്രിമിയക്കു നേരെ ചൂണ്ടിയിരിക്കുന്നുവെന്നും മറ്റും വിശദീകരിച്ചുകൊണ്ട് അവൻ കിടക്കയിൽ തെക്കുവടക്കായി കിടക്കുന്നകാര്യം നീ വിവരിച്ചു. ആ എഴുത്ത് കൈവശമാക്കുവാൻ, അതിന്നകത്തെ ഇത്രവലിയ പ്രശ്നങ്ങൾ എന്താണെന്നറിയുവാൻ പോലുമായി അതുവായിച്ചിരുന്നില്ലാത്ത ഞാൻ അതിനുവേണ്ടി തീവ്രമായി വാദിക്കേണ്ടിവന്നു. എന്തെല്ലാം രഹസ്യസന്ദേശങ്ങൾ അത് ഉൾക്കൊള്ളുന്നുവെന്ന് ആരാഞ്ഞുകൊണ്ട് ജയിൽ ഡയറക്ടർ ഒരു മണിക്കൂറോളം എന്നെനിർത്തി. എന്താണ് കിതപായ്? ആസ്ത്രിയയെകുറിച്ച് എന്താണ് ഈ എഴുതിയിരിക്കുന്നത്? തങ്ങളുടെ വണ്ടികൾ നായകളെകൊണ്ട് വലിപ്പിക്കുന്ന ഈ മനുഷ്യർ ആരാണ്? എഴുത്തിലൂടെ ഒന്ന്കണ്ണോടിക്കുക പോലും ചെയ്യാതെ ഇതിനെല്ലാം യുക്തിസഹമായ വിശദീകരണങ്ങൾ നൽകുവാൻ തെല്ലൊന്നുമല്ല ഞാൻ വിഷമിച്ചത്. ഒടുവിൽ കുറച്ചൊന്നു ചൊടിച്ചുകൊണ്ട് ഞാൻ അയാളോട് ചോദിച്ചു. ''നിങ്ങൾ വിവാഹിതനല്ലേ? ഒരമ്മ ദൂരെയുള്ള തന്റെ ഭർത്താവിന് തങ്ങളുടെ കൊച്ചുകുട്ടിയെക്കുറിച്ച് എങ്ങിനെയെല്ലാമാവും എഴുതുന്നതെന്ന് തീർച്ചയായും നിങ്ങൾക്ക് മനസ്സിലാവുമല്ലോ?'' ഉടൻ തന്നെ അയാൾ എഴുത്തുതന്നു. (അയാൾ വിവാഹിതനായിരുന്നു. പക്ഷെ കുട്ടികളുണ്ടായിരുന്നില്ല). ബാലിശമാണെങ്കിലും ഈ ഉപകഥ പ്രസക്തമാണ്. ഇക്കാര്യത്തിൽ കാണിച്ച അതേ നിർമ്മമതയോടും സംശയാകുലമായ പണ്ഡിതഭാവത്തോടും കൂടി പിന്നീടുള്ള എന്റെ എല്ലാഎഴുത്തുകളും ഡയറക്ടർ വായിച്ചുകൊണ്ടിരിക്കുമെന്ന് അറിയാവുന്നതുകൊണ്ട് എഴുത്തിന്റെ ഒരു കാരാഗൃഹശൈലി വളർത്തിയെടുക്കുവാൻ ഞാൻ നിർബന്ധിതനായിട്ടുണ്ട്. പറയാനുള്ള കാര്യങ്ങൾ അത്രയേറെ വർഷങ്ങളായി ശാസിച്ചു നിയന്ത്രണവിധേയമാക്കി ശീലിച്ചു കഴിഞ്ഞതിനാൽ ഒരുപക്ഷേ ഇനി ആ ശൈലി ഒരിക്കലും ഉരിഞ്ഞുകളയാനാവില്ല. ഇത്തരം സംഭവങ്ങളേയും മറ്റുകാര്യങ്ങളേയും കുറിച്ച് എനിക്കിനിയും

നിന്നോടു് പറയാൻ കഴിയും. എന്നാൽ അതു നിന്നെ ചിരിപ്പിക്കാൻവേണ്ടി മാത്രമാവും. പോയവർഷങ്ങളിലെ അസംഖ്യമായ ദുരനുഭവങ്ങൾ മുന്നിൽ നിവർത്തിയിട്ടുകാണുന്നതു് ഏറെ ദുഃഖകരമായിരിക്കും. മറിച്ച് നിന്റെ എഴുത്താവട്ടെ എന്നെ ഉന്മേഷവാനാക്കുകയാണ് ചെയ്യുതു്. ഇത്രയും ഉല്ലാസപൂർവ്വം ഇത്രയും കുറഞ്ഞതെററുകളോടെ നീ അവസാനം എഴുതിയതെപ്പോഴാണെന്നു് ഓർമ്മിക്കാനാവുന്നില്ല


എന്റെ പ്രിയപ്പെട്ടവളേ, തെല്ലു് ആലോചിച്ച് വളരെയൊന്നും വസ്തുനിഷ്ഠമാമാവാതെ കുട്ടികളെക്കുറിച്ച് എനിക്ക് ദീർഘമായ ഒരു കത്തെഴുതു. ഇടക്കുപറയട്ടെ 'കുട്ടികളുടെ ജീവിതത്തെക്കുറിച്ച് ഒരു റിപ്പോർട്ട്''(?!) എഴുതുക എന്നതു് അതിന്റെ സത്തയെ നശിപ്പിക്കലാവും എന്ന നിന്റെ മഹത്തായ സൂക്തം ഞാൻ ഇതേവരെ കേട്ടിട്ടുള്ള ഏററവും അപഹാസ്യമായ കാര്യങ്ങളിലൊന്നാണ്. ഹിമാലയത്തോളം പോന്ന ഒരു കഥ. എനിക്ക് ഒരു റിപ്പോർട്ട് ആവശ്യമില്ല—ഞാൻ ഒരു പോലീസുകാരനല്ല—നിന്റെ ആത്മനിഷ്ഠമായ പ്രതീതികളാണ് എനിക്കു് വേണ്ടതു്. പ്രിയപ്പെട്ടവളേ, ഞാൻ എത്രയേറെ ഏകനാണ്. നിന്റെ എഴുത്തുകൾ എനിക്ക് അപ്പംപോലെ പോഷകമാവുന്നു. പണ്ഡിതശൈലികൾക്ക് ഒരിക്കലും അതു് സാധ്യമല്ല. എനിസ്റ്റയക്കുന്ന റേഷൻ അളന്നെടുക്കുന്ന സമ്പ്രദായം എന്തിനു് നീ തുടരുന്നു? എല്ലാം പറഞ്ഞുവരുമ്പോൾ നീയാണ് എന്നെക്കാൾ ഏറെ പണ്ഡിതമ്മന്യയും പ്രായോഗികവാദിയും എന്നുതോന്നുന്നു. അതു് സമ്മതിക്കുവാൻ നീ ഇഷ്ടപ്പെടുന്നില്ലെന്നു മാത്രം. സ്വന്തം കുട്ടികളുടെ ജീവിതത്തെക്കുറിച്ച് ഒരു വിവരണം ആവശ്യപ്പെട്ടുകൊണ്ടു് എന്നെപ്പോലൊരു ഭാഗ്യഹീനൻ എഴുതുന്നു. നീയാവട്ടെ നിന്റെ സുരക്ഷിതമായ ഒളിവുമറക്കകത്തുനിന്നു് ''അയ്യോ, പററില്ല. കുട്ടികളുടെ ജീവിതത്തെക്കുറിച്ചെഴുതുന്നതു് അതിന്റെ സത്ത നശിപ്പിക്കലാവും'' എന്നു് മറുപടി പറയുന്നു. ഇതു് ഔദ്ധത്യമല്ലേ? ഏററവും മോശമായതരം ഔദ്ധത്യമാണിതു്. ഒരല്പം ആലോചിച്ചു നോക്കൂ. ഞാൻ പറയുന്നതു് ശരിയാണെന്നു് നിനക്കു ബോധ്യമാവും, എന്റെ ലൂർക, സ്നേഹോഷ്മളമായ ഒരു ആശ്ലേഷം ഇതോടൊപ്പമയക്കുന്നു.

അന്റോണിയോ,



ക്യൂസിസ്സാനാ ക്ലിനിക്,
റോം
തിയ്യതിയില്ല

പ്രിയപ്പെട്ട ലുലിക്,*



നിന്റെ ചിത്രങ്ങൾ എനിക്ക് വളരെയേറെ ഇഷ്ടമായി. അത് നീ വരച്ചതാണെന്നതുതന്നെ കാരണം. അവ തീർത്തും മൗലികവുമാണ്. പ്രകൃതി ഒരിക്കലും ഇത്തരം വിസ്മയാവഹങ്ങളായ വസ്തുക്കൾ കണ്ടുപിടിച്ചിട്ടില്ലെന്നാണ് എന്റെ വിശ്വാസം. നാലാമത്തെ ചിത്രത്തിലുള്ളത് ഒരു അസാധാരണ മൃഗംതന്നെ. ഏറെ വലിപ്പമുള്ളതിനാൽ അതൊരു കുറയാവാനിടയില്ല. വലിയ നാൽക്കാലികളുടേതുപോലെ നീണ്ടുന്ന നാലുകാൽകൾമാത്രമേ അതിനുള്ളതാനും. എന്നാൽ അതൊരു കുതിരയുമല്ല. കാഴ്ചയിൽപെടുന്ന ചെവികൾ അതിന്ന് ഇല്ലല്ലോ. (നീ വരച്ച ആദ്യത്തെ മൃഗത്തിനും ചെവിയുള്ളതായി കാണുന്നില്ല. വേറൊരു മനുഷ്യന്റെ ചിത്രത്തിലും അങ്ങിനെതന്നെ) അതൊരു സിംഹമായിരിക്കാം....ഇണങ്ങിയതും....സുതാര്യവും ആയ ഒരു സിഹം. അതിന്റെ പുറത്തുള്ള സവാരിക്കാരന്റെ രണ്ട് കാലുകളും കാണുന്നുവെന്നതാണ് സുതാര്യമാണെന്ന് കരുതാൻ കാരണം. മരച്ചില്ലകളുടെ തുമ്പുകളെയും മൃഗങ്ങളുടെ ശിരസ്സുകളെയും പോലുള്ള അതിവിചിത്രമായ സ്ഥലങ്ങളിൽപ്പോലും നിന്റെ ആളുകൾക്ക് നിസ്സങ്കോചം നടക്കുവാൻ കഴിയുന്നുവെന്ന കാര്യവും എനിക്കിഷ്ടമായി. (ഒരുപക്ഷെ, മൃഗങ്ങൾക്ക് ചെവികൾ നഷ്ടമാവുന്നത് അതുകൊണ്ടാവണം) പ്രിയപ്പെട്ട ലുലിക്, നിന്റെ ചിത്രങ്ങളെ ഞാൻ കളിയാക്കിച്ചിരിച്ചാൽ, നിനക്ക് സങ്കടമാവുമോ? സത്യമായും അവ, അവയുടെ ഇതേരൂപത്തിൽത്തന്നെ, ഞാൻ ഇഷ്ടപ്പെടുന്നുണ്ട്. പക്ഷെ, തോന്നുമ്പോൾ തോന്നിയപോലെ വരക്കുന്ന ചിത്രങ്ങൾക്ക് പകരം നീ സ്കൂളിൽ വരച്ച ചിത്രങ്ങൾ എനിക്ക് അയച്ചുതരണം. ഒരു ചുംബനം.

പപ്പാ.


സ്കൂൾ എങ്ങിനെയിരിക്കുന്നു? ക്ഷീണവും പരിഭ്രമവും തോന്നാതെ നന്നായി പഠിക്കുവാൻ നിനക്ക് കഴിയുന്നുണ്ടോ? പഠിക്കുന്നത് നിനക്കിഷ്ടമാണോ?

* ജൂലിയാനോ എന്ന ഗ്രാംഷിയുടെ രണ്ടാമത്തെ മകൻ, ഗ്രാംഷി അറസ്റ്റ് ചെയ്യപ്പെടുന്നതിന്ന് രണ്ടുമാസംമുൻപ് ജനിച്ച ഈ മകനെ ഗ്രാംഷി ഒരിക്കലും കണ്ടിട്ടില്ല.

കൃസിസാനാ ക്ലിനിക്
റോം
തിയ്യതിയില്ല.


പ്രിയപ്പെട്ട ഡീലിയോ, *

എന്താണ് നീ നിന്റെ കൊച്ച് തത്തയെക്കുറിച്ച് എഴുതാത്തത്? അതിപ്പോഴും ജീവിച്ചിരിപ്പുണ്ടോ? നീ എല്ലായ്പ്പോഴും അതിനെക്കുറിച്ച്തന്നെ പറഞ്ഞുകൊണ്ടിരിക്കുന്നു എന്ന് ഞാനൊരിക്കൽ അഭിപ്രായപ്പെട്ടതു് കാരണമാവാം നീ ഇപ്പോൾ അതിനെപ്പററി ഒന്നും എഴുതാത്തതു്? ഉഷാർ, ഡീലിയോ! നിന്റെ പ്രായത്തിൽ എനിക്കൊരു നായക്കുട്ടി ഉണ്ടായിരുന്നതിനെക്കുറിച്ചും അതെന്റെ സ്വന്തമാണെന്ന സന്തോഷത്താൽ എനിക്ക് പാതി വട്ടായിത്തീർന്നതിനെക്കുറിച്ചും നിനക്കെഴുതണമെന്ന് താതാനിക്ക ആവശ്യപ്പെടുന്നു. അതുകൊണ്ട്, നോക്കൂ, ഒരു നായ (അതെത്ര ചെറുതാണെങ്കിലും) ഒരു തത്തയേക്കാൾ ഏറെ സന്തുഷ്ടി നൽകുന്നുവെന്നതു് സത്യമാണ്. എന്തെന്നാൽ അതു് അതിന്റെ യജമാനനോടൊപ്പം കളിക്കുകയും അയാളോട് സ്നേഹാശ്രിതത്വത്തിലാവുകയും ചെയ്യുന്നു. എന്റെ നായക്കുട്ടി ഒരിക്കലും പൂർണ്ണമായി വളർന്നിരുന്നില്ലെന്ന് സ്പഷ്ടമാണ്. അമിതമായ ആവേശത്തിമർപ്പാവുമ്പോൾ മലർന്നുകിടന്ന് സ്വന്തം ദേഹത്താകെ അവൻ മൂത്രം ഒഴിക്കുമായിരുന്നു. എന്തൊരു നീണ്ട നീരാട്ടായിരുന്നുവെന്നോ! അവൻ തീരെ കൊച്ചായിരുന്നു. കോണിപ്പടികൾ കയറുവാൻപോലും അവന് കഴിയുമായിരുന്നില്ല. നീണ്ട് കറുത്ത രോമങ്ങൾ ഉണ്ടായിരുന്നതിനാൽ കാഴ്ചക്ക്, അവൻ ഒരു വളരെ ചെറിയ ഓമനപ്പട്ടിയാണെന്നുതോന്നും. ഞാൻ അവന്റെ രോമങ്ങൾ ഒരു സിംഹത്തിന്റെ ആകൃതിയിൽ വെട്ടിനിർത്തി. എന്നാലും സത്യസന്ധമായി പറഞ്ഞാൽ അവനെ സുന്ദരനെന്ന് വിളിക്കാൻ കൊള്ളില്ലായിരുന്നു. വാസ്തവത്തിൽ അവൻ ഏതാണ്ട് വിരൂപൻതന്നെയായിരുന്നു. ഇപ്പോൾ ഓർത്തുനോക്കുമ്പോൾ വളരെ വളരെ വിരൂപം. എങ്കിലും അവൻ എന്നെ എന്ത്മാത്രം രസിപ്പിച്ചിരുന്നു! ഞാൻ അവനെ എത്രമാത്രം ഇഷ്ടപ്പെട്ടിരുന്നു! എന്റെ ഇഷ്ടപ്പെട്ട കളി ഇതായിരുന്നു: നാട്ടിൻപുറത്തുകൂടി ഞങ്ങൾ നടക്കാനിറങ്ങുമ്പോൾ ഞാൻ അവനെ ഉയരംകൂടിയ ഒരു പാറക്ക്മുകളിൽ കയററിവെക്കും. എന്നിട്ട് മെല്ലെ അവിടെനിന്ന് മാറിക്കളയും. താഴേക്ക് ചാടി ഇറങ്ങുവാൻ ധൈര്യമില്ലാതെ എന്റെ നേരേനോക്കി കിണുങ്ങിക്കൊണ്ട് അവൻ അവിടെത്തന്നെ നിൽക്കും. ഞാൻ വളഞ്ഞ് തിരിഞ്ഞ് ഒട്ടുദൂരംപോയി വല്ല മടയിലോ കുഴിയിലോ ഒളിക്കും. നായക്കുട്ടി ആദ്യം ഓരിയിടും. പിന്നെ താഴെ ഇറങ്ങാൻ വല്ല ഉപായവും കണ്ടാൽ എന്നെത്തേടിക്കൊണ്ട് കുതിച്ചെത്തും. ഇതെന്നെ വല്ലാതെ രസിപ്പിക്കുമായിരുന്നു. വളരെ ചെറുതായിരുന്ന ആ പാവം ജന്തു അതിന്റെ തല തെറിച്ച് പോവുന്നമട്ടിൽ കുരച്ചുകൊണ്ട് എല്ലാ പാറക്കല്ലിന് പിന്നിലും പരതും. എല്ലാ ചെറിയ കുഴികളുടേയും (അതിനെ സംബന്ധിച്ചിടത്തോളം വലിയ ഗർത്തങ്ങൾ) വക്കോളം ഓടിച്ചെല്ലും. അവനെ വിളിച്ചുകൊണ്ട് പെട്ടെന്ന് ഞാൻ സ്ഥലംമാറി ഒളിക്കുമ്പോൾ അവനാകെ സമനില തെററിയതു്പോലാവും. അവസാനം, എന്നെ കണ്ടുപിടിക്കുവാൻ അനുവദിക്കുമ്പോൾ എന്തൊരു ആഹ്ലാദമാണ്, എന്തൊരു നിലക്കാത്ത മൂത്രവർഷമാണ്. പ്രിയപ്പെട്ട ഡീലിയോ, ഇനി നീ തത്തയെക്കുറിച്ച് എനിക്കെഴുതില്ലേ?



പപ്പാ.

* ഗ്രാംഷിയുടെ മൂത്തമകൻ



ക്യുസിസാനാ
ക്ലിനിക്
റോം
തിയ്യതി ഇല്ല.

പ്രിയപ്പെട്ട ഡീലിയോ,

ഇത്തവണ നിന്റെ കുറിപ്പുകളൊന്നുമില്ല. തത്ത ക്കൂട് ഉൾപ്പെടെ നിന്റെ മുറിയുടെ ഒരു മൂല ജൂലിയാനോയുടെ ഫോട്ടോഗ്രാഫിൽ എനിക്ക് കാണാൻ കഴിഞ്ഞു. പക്ഷിയെ കാണുന്നില്ലെന്നതു് കഷ്ടമായി. പുതിയ ഇലക്കറിയും (അതു് നന്നായും ചെറുതായും അരിഞ്ഞിരിക്കണം) തിനയരിയും തീററിയാൽ അതു പൂണ്ണമായും സുഖപ്പെട്ടുമെന്നും അതിനു് വീണ്ടും നീണ്ടതും തിളക്കമുള്ളതുമായ തൂവലുകൾ മുളക്കുമെന്നും ഞാൻ കരുതുന്നു. നിനക്ക് ചുംബനങ്ങൾ.

പപ്പാ.

കുറിപ്പ് അന്ത്യദിവസങ്ങളിൽ ഗ്രാംഷിയുടെ എഴുത്തുകൾ അദ്ദേഹത്തിന്റെ കുട്ടികൾക്ക് മാത്രമായി എഴുതിയ കൊച്ചുകുറിപ്പുകൾ ആയിരുന്നു. അവയിലൊന്നിനും വ്യക്തമായ തിയ്യതികളില്ല,
1924 ആഗസ്റ്റിലാണ് ഡീലിയോ ജനിച്ചതു്.
1926 സപ്തമ്പർ ആദ്യത്തിൽ ജൂലിയാനോ,
(ലൂലിക്) ജനിച്ചു; മോസ്കോയിൽ.
1926 നവമ്പറിൽ ഗ്രാംഷി അറസ്റ്റ്ചെയ്യപ്പെട്ടു.

—സ്കെച്ചുകൾ : പോാംക്കി, ദാസ്, ക്ലിൻറ്—

# കേരളീയസമൂഹം :
# ജന്മിസമ്പ്രദായത്തിലേക്കുള്ള പരിണാമ പ്രക്രിയകൾ

—രാജൻഗുരുക്കൾ

പ്രാചീന കേരളീയ സമൂഹത്തിൻെറ വ്യവസ്ഥാപരമായ പരിണാമ പ്രക്രിയകൾ മനസ്സിലാക്കാൻ നേരിട്ടുള്ള ചരിത്രലക്ഷ്യങ്ങൾ വിരളമാണ്. സമീപസംസ്ഥാനങ്ങളുടെ ചരിത്രസാമഗ്രികൾകൂടി പ്രയോജനപ്പെടുത്തിക്കൊണ്ടുമാത്രമെ എന്തെങ്കിലും ധാരണയുണ്ടാക്കാൻ കഴിയുകയുള്ളു. ഇരുമ്പിൻെറ പ്രചാരം തുടങ്ങിയ കാലത്തെ ശ്മശാനാവശിഷ്ടങ്ങളും കുറച്ചു നാണയങ്ങളും ഗ്രീക്കോ റോമൻ നാവികരുടെ കുറിപ്പുകളും ഏതാനും ലിഖിതങ്ങളും ചെന്തമിഴ് വീരഗാഥകളുമാണ് ആകെയുള്ള ചരിത്രലക്ഷ്യങ്ങൾ. ഇവയിലോരോന്നും അതാതിൻെറ സ്പെഷ്യലിസ്റ്റുകൾ പഠിക്കുകയും ഓരോരോ പരിഷ്കൃതിയെക്കുറിച്ചുള്ള സങ്കല്പമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ശ്മശാനാവശിഷ്ടങ്ങളുടെ പിന്നിൽ മഹാശിലാപരിഷ്കൃതിയും നാണയങ്ങൾക്കും നാവിക കുറിപ്പുകൾക്കും പിന്നിൽ വിദേശ വാണിജ്യബന്ധമുണ്ടായിരുന്ന നാഗരികതയും ലിഖിതങ്ങൾക്ക് പിന്നിൽ ജൈന/ബൌദ്ധ സംസ്കൃതിയും വീരഗാഥകൾക്കുപിന്നിൽ സംഘകാലപരിഷ്കൃതിയുമാണ് സങ്കല്പിക്കപ്പെട്ടത്. പ്രത്യക്ഷത്തിൽ ചരിത്രലക്ഷ്യങ്ങളുടെ കാലം വ്യത്യസ്തമായതുകൊണ്ടാവാം വിവിധ പരിഷ്കൃതികളുടെ സങ്കല്പമുണ്ടായത്. യഥാർത്ഥത്തിൽ എല്ലാ ചരിത്രലക്ഷ്യങ്ങളുടേയും കാലപരിധികൾ പരസ്പരം അഭിസംക്രമിച്ചു നിൽക്കുന്നവയാണ്. അതിൽതന്നെ മഹാശിലാപരിഷ്കൃതിയുടെ കാലപരിധിക്കുള്ളിൽ വരുന്നതാണ് മററുള്ള ഓരോന്നിൻെറയും കാലം. ആ നിലയ്ക്ക് ഒരു വലിയ കാലപരിധിയിൽ സാമൂഹ്യജീവിതാവസ്ഥയിലുണ്ടായ ക്രമാനുഗതമായ വികാസപരിണാമങ്ങൾ മനസ്സിലാക്കാൻ ഈ ലക്ഷ്യങ്ങളെ ഒരുമിച്ച് ഉപയോഗിക്കാവുന്നതാണ്.

ഇരുമ്പിൻെറ പ്രചാരത്തോടെയാണ് കേരളത്തിൽ പറയത്തക്ക വ്യാപകമായ രീതിയിലുള്ള കുടിയേററമുണ്ടായതെന്ന് കരുതാം. ക്രിസ്തുവിനുമുമ്പ് ആറാം നൂററാണ്ടോടെയെങ്കിലും ഇരുമ്പ് കേരളത്തിലുടനീളം പ്രചരിച്ചുകഴിഞ്ഞിരിക്കണം. ആ കാലം മുതൽ ക്രിസ്തുവർഷം മൂന്നോ നാലോ നൂററാണ്ടുവരെ മഹാശിലാശ്മശാന സമ്പ്രദായങ്ങൾ നിലവിലുണ്ടായിരുന്നുവെന്ന് അനുമാനിക്കപ്പെടുന്നു[1]. ഈ ഒരായിരത്താണ്ട് കാലത്തെ ജീവിതപരിസരം മനസ്സിലാക്കാനുള്ള സൂചകങ്ങളാണ് മേൽപറഞ്ഞ ചരിത്രലക്ഷ്യങ്ങൾ.

## പ്രാചീന ഉല്പാദനരീതികൾ:

ചെന്തമിഴ് വീരഗാഥകളിൽനിന്നുള്ള വിവരങ്ങൾ സങ്കല്പനപരമായി ക്രമീകരിക്കുമ്പോൾ ക്രിസ്തുവിന് മുമ്പും പിമ്പുമായിക്കിടക്കുന്ന നാലഞ്ച് നൂററാണ്ടുകാലത്തെ ഭൌതികജീവിത പരിസരത്തെക്കുറിച്ച് ഒരേകദേശരൂപം തെളിഞ്ഞുവരും. ക്രിസ്തുവിന് മുമ്പ് മൂന്നാം നൂററാണ്ടുമുതൽ ക്രിസ്തുവർഷം മൂന്നാംനൂററാണ്ടുവരെയുള്ള കാലത്തെ അവസ്ഥകുഷ്ടിച്ച് മനസ്സിലാക്കാനതു് സഹായിക്കും. അതിന് മുമ്പത്തെ സാഹചര്യം അപൂർവ്വം ചില പുരാവസ്തുലക്ഷ്യങ്ങളിൽനിന്ന് ഊഹിച്ചെടുക്കാനേ നിവൃത്തിയുള്ളു.

കേരളത്തിൻെറ മലയോരങ്ങളിലാണ് ആദ്യം ഇരുമ്പുപ്രചരിച്ചത്. നവീനശിലായുഗത്തിലെ പ്രാകൃതകൃഷിക്കാരുടെയിടയിലതു്പ്രചരിച്ചു. കല്ലിൻെറ അലക്പിടിപ്പിച്ചമരക്കമ്പ്കൊണ്ട്കുഴിയെടുത്തും കത്തിച്ചും കരിച്ചും മലമടക്കുകളിൽ തട്ടെടുത്ത് കൃഷിനടത്തിയിരുന്ന നവീനശിലായുഗക്കാർ ഇരുമ്പുപാരയും ഇരുമ്പു കോടാലിയും വാളുമൊക്കെ ഉപയോഗിച്ചുതുടങ്ങി. കാടുവെട്ടുത്തെളിച്ചുകൊണ്ട് ജീവിതം സമതലങ്ങളിലേക്കിറങ്ങിയതു് അങ്ങനെയാണ്. സമതലങ്ങളിലെ ചെമ്മൺ—ചെങ്കൽ പ്രദേശങ്ങളിലുടനീളം ഇരുമ്പ്പ്രചരിച്ചുകൊണ്ടിരുന്നകാലത്തെ ശ്മശാനാവശിഷ്ടങ്ങളുണ്ട്. ഈ അവശിഷ്ടങ്ങളിൽ അധികവും കത്തിയും വാളും കുന്തമുനകളുമൊക്കെയാണ്. യഥാർത്ഥ കാർഷികോപകരണങ്ങൾകാണാനില്ല[2]. കാടുവെട്ടിക്കരിച്ചുള്ള പുനംകൃഷിയും വേട്ടയാടലുമായിരുന്നു അന്നത്തെ ജീവിതസമ്പ്രദായങ്ങളെന്ന് ചുരുക്കം. പളുങ്കുമണികളും മാലക്കല്ലുകളുമൊക്കെ ചില ശ്മശാനങ്ങളിൽനിന്ന് കിട്ടിയിട്ടുണ്ട്[3]. ദൂരസ്ഥലത്തുനിന്ന് കൊണ്ടുവന്ന കാർണീലിയൻ മാലക്കല്ലുകൾ അവയിൽപെടും. ദൂരസ്ഥാനങ്ങളിലേക്കുള്ള സഞ്ചാരവും വിനിമയബന്ധങ്ങളും അന്നുണ്ടായിരുന്നുവെന്നർത്ഥം. കേരളത്തിൻെറ ഒരററം മുതൽ മറേറഅററം വരെ ഈ മനുഷ്യരുടെ നിവേശസ്ഥാനങ്ങളുണ്ടായിരുന്നുവെന്ന് അവശിഷ്ടങ്ങൾ സൂചിപ്പിക്കുന്നു. ഈ നിവേശസ്ഥാനങ്ങളായിരുന്നു ആദ്യത്തെ ഊരുകൾ.

ഊരിൽ പുനംകൃഷിയായിരുന്നു മുഖ്യഉല്പാദനരീതി. നെൽകൃഷി പാകത്തിന് വെള്ളംലഭിച്ചിരുന്ന അപൂർവ്വം നിലങ്ങളിൽ മാത്രമേ ഉണ്ടായിരുന്നുള്ളു ഇരുമ്പിൻെറ പ്രചാരം ഉൽപ്പാദനരീതിയുടെ സാങ്കേതികതയിൽ പെട്ടെന്ന് മൌലികമായ യാതൊരുമാററവുമുണ്ടാക്കിയിരുന്നില്ല. നവീനശിലായുഗക്കാരുടെ കുഴിപ്പാരക്ക്പകരം ഇരുമ്പുപാരപ്രചാരത്തിൽവന്നുവെന്നല്ലാതെ ഇരുമ്പിൻെറ കലപ്പ പെട്ടെന്നൊന്നും രംഗപ്രവേശം ചെയ്തില്ല. കേരളത്തിലെ താണനിലങ്ങൾ അധികവും വെള്ളക്കെട്ടുകളും ചതുപ്പുകളും കണ്ടൽവനങ്ങളുമായി കിടക്കുകയായിരുന്നു. കണ്ടൽവനങ്ങളുടെ സവിശേഷതയായ പനകളായിരുന്നു അവിടെ മനുഷ്യന് ആഹാരത്തിന് ആശ്രയിക്കാനുണ്ടായിരുന്ന മുഖ്യവൃക്ഷം.

ഇരുമ്പിൻെറ പ്രചാരത്തോടെ തന്നെ ജലസേചനമുപയോഗിച്ചുള്ള കൃഷി നടപ്പിൽവന്നിരുന്നുവെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്[4]. ഇതിന് വ്യക്തമായ തെളിവുകളില്ലെന്നതാണ് വാസ്തവം. കലപ്പയുപയോഗിച്ചുള്ള നെല്ലുൽപ്പാദനം ഇരുമ്പ്

പ്രചരിച്ച് അഞ്ചാറ് നൂററാണ്ടുകൾ കഴിഞ്ഞേ കേരളത്തിൽ വികസിച്ചിരുന്നുള്ളു. നെല്ലുൽപ്പാദനമുൾപ്പെടെ പ്രധാനമായി നാല് ഉല്പാദനരീതികളാണ് ചെന്തമിഴ് വീരഗാഥകളുടെ കാലത്ത്, അതായത് ക്രിസ്തുവിനുമുമ്പ് മൂന്നാംനൂററാണ്ടുമുതൽ ക്രിസ്തുവർഷം മൂന്നാംനൂററാണ്ടുവരെയുള്ളകാലത്ത്, നിലവിലുണ്ടായിരുന്നത്[5]. പുൽമേടുകളിലെ ഇടയന്മാരുടെ കാലിവളർത്തലും കാട്ടുകൃഷിയുമാണ് ഒന്ന്, രണ്ടാമത്തേത് ഊരിലെ പുനംകൃഷി, മൂന്ന് കലപ്പയുപയോഗിച്ചുള്ള നെൽകൃഷി, നാല് കടലോരങ്ങളിലെ ഉപ്പുൽപ്പാദനവും മത്സ്യബന്ധനവും. ഗോത്രവർഗ്ഗ നിയമങ്ങളെ ആധാരമാക്കിയുള്ള കൂട്ടായഅദ്ധ്വാനമായിരുന്നു ഉൽപ്പാദനരീതികളുടെ പൊതുസ്വഭാവം[6]. രക്തബന്ധത്തിലധിഷ്ഠിതമായ ഉൽപ്പാദനബന്ധങ്ങളേ ഉണ്ടായിരുന്നുള്ളുവെന്നർത്ഥം. ഈ ഉൽപ്പാദനരീതികളുടെ ചേരുവയായിരുന്നു സമകാല സമ്പദ്വ്യവസ്ഥ.

## ഉല്പന്നങ്ങളുടെ വിതരണരീതികൾ :

നെല്ലുൽപ്പാദിച്ചിരുന്ന ഊരുകളായിരുന്നു അന്നത്തെ ജീവിതത്തിൻെറ സിരാകേന്ദ്രം. എല്ലാ മനുഷ്യവിഭാഗങ്ങളും അത്തരം ഊരുകളുമായി ബന്ധപ്പെട്ടു. കാട്ടുജാതികൾപോലും അവരുടെ വനവിഭവങ്ങളും കൊണ്ട് ഊരുകളിലെത്തി. ഇടയന്മാർ അവരുടെ ഉൽപ്പന്നങ്ങൾക്കൊടുത്ത് ഊരിൽനിന്ന് ധാന്യം വാങ്ങി. കടലോരവാസികൾ ഉപ്പും മീനും കൊടുത്ത് നെല്ലും മററുധാന്യങ്ങളും കൊണ്ടു. ഇങ്ങനെയുള്ള കൈമാററങ്ങളായിരുന്നു സ്വാഭാവികമായി വികസിച്ചുവന്ന വിതരണരീതി[7]. എന്നാൽ ഉൽപ്പാദനവ്യവസ്ഥകളുടെ ചേരുവയിൽനിന്ന് സംജാതമായ അധികാരഘടനയും അതിൽനിന്ന് പുറപ്പെട്ട സ്ഥാപനങ്ങളും മററുചില വിതരണരീതികൾകൂടി ആവിഷ്കരിച്ചിരുന്നു. അതിൽ പ്രധാനപ്പെട്ടതാണ് മൂപ്പൻെറ പുനർവിതരണരീതി[8]. ഗോത്രവർഗ്ഗ സമ്പ്രദായമായിരുന്നതിനാൽ ഗോത്രവിഭവങ്ങളുടെ അധിപൻ ഗോത്രത്തലവനായിരുന്നു. എന്നാൽ ക്രമേണ വിവിധ ഗോത്രവർഗ്ഗങ്ങൾക്ക് വ്യവഹാരബന്ധമുള്ള സമ്പദ്വ്യവസ്ഥ രൂപംകൊണ്ടതോടെ ഗോത്രത്തലവന്മാരിൽത്തന്നെ മൂപ്പനുണ്ടായി. ഇരുമ്പിൻെറ നിയന്ത്രണം സാധിച്ചവരാണിങ്ങനെ വലിയ മൂപ്പന്മാരായിത്തീർന്നിരിക്കാൻ സാദ്ധ്യത, കാരണം ഇരുമ്പിൻെറ നിയന്ത്രണമെന്നാൽ ആയുധങ്ങളുടെ നിയന്ത്രണമെന്നാണർത്ഥം. ആയുധനിർമ്മിതി ഇരുമ്പിൻെറ ലോഹവിദ്യയിലധിഷ്ഠിതമായിരുന്നു. ഈ ലോഹവിദ്യതന്നെ അന്നത്തെ അധികാരത്തിൻെറ രഹസ്യം.

ആയുധങ്ങളെ ആധാരമാക്കിയുള്ള അധികാരം നിലനിർത്തുന്നത് യുദ്ധംവഴിയായിരിക്കുമല്ലോ. വിഭവങ്ങൾക്കുവേണ്ടിയുള്ള ഗോത്രങ്ങളുടെ കൂട്ടായമത്സരങ്ങളിലൂടെ, അതായത് യുദ്ധങ്ങളിലൂടെവലിയ മൂപ്പന്മാരുയർന്നുവന്നു. അവരെയാണ് മൂവേന്തന്മാരെന്ന് വിളിച്ചിരുന്നത്. മദ്ധ്യകേരളം മുതൽ തൃശ്നാപ്പള്ളിവരെ അധികാരമുണ്ടായിരുന്ന ചേരൻ മൂവേന്തരിൽപെടും. വലിയമൂപ്പരും താഴെയുണ്ടായിരുന്ന ചെറിയ മൂപ്പന്മാരും തങ്ങൾക്കാവും പോലെ യുദ്ധംവഴി വിഭവങ്ങൾ സമാഹരിച്ചു. യുദ്ധത്തിൽ നേതൃത്വം വഹിക്കുന്നവേട്ടവർക്കും സ്തുതിഗീതങ്ങൾ പാടിപ്രീതിപ്പെടുത്തുന്ന പാണന്മാർക്കും പുലയർക്കും മററാശ്രിതർക്കുമായി വിഭവങ്ങൾ വിതരണം ചെയ്തു പോന്നു. ദാനമാണ് ഇതുമായി ബന്ധപ്പെട്ട മുഖ്യസ്ഥാപനം[9].

വിഭവങ്ങൾ വിതരണം ചെയ്യപ്പെട്ട സുപ്രധാനമായ മാർഗ്ഗമായിരുന്നു ദാനം. ദാനമായി വിഭവങ്ങൾ പാണർക്കും പുലയർക്കും മററും ലഭിച്ചിരുന്നുവെന്ന് പറഞ്ഞുവല്ലോ. പുലവർപണ്ഡിതന്മാരാണ്, അവരിൽ ബ്രാഹ്മണരും ജൈനരും ബൌദ്ധരുമൊക്കെ ഉണ്ടായിരുന്നു. അവരും പാണന്മാരെപ്പോലെ പാട്ടുകൾ കൊട്ടിപ്പാടി മൂപ്പന്മാരെ സ്തുതിച്ചിരുന്നവരാണ്. ബ്രാഹ്മണർ അവരുടെ അനുഷ്ഠാനകർമ്മങ്ങൾ കൊണ്ടും മൂപ്പന്മാരെ പ്രീതിപ്പെടുത്തിയിരുന്നു. അനുഷ്ഠാനങ്ങൾക്കുള്ള ദക്ഷിണയായും അനുഷ്ഠാനാന്ത്യത്തിലുള്ള ദാനമായും വിഭവങ്ങൾ അവർക്ക് ചെന്നിരുവെന്ന് കരുതാം. വിഭവങ്ങളിൽ കൃഷിനിലവും പെട്ടിരുന്നു. കൃഷിനിലം ബ്രാഹ്മണർക്ക് ദാനം ചെയ്യപ്പെട്ടപ്പോൾ അത്യന്തംപ്രാധാന്യമർഹിക്കുന്ന ചില ചലനങ്ങൾ ഉൽപ്പാദന ബന്ധങ്ങളുടെ തലത്തിൽ സംഭവിക്കുന്നുണ്ടായിരുന്നു. സമൂഹത്തിൻെറ വ്യവസ്ഥാപരമായ പരിണാമ പ്രക്രിയയിലെ മുഖ്യ ചാലകശക്തിയായിരുന്നു അതെന്ന് പറയാം.

## സമ്പദ്വ്യവസ്ഥയിലെ വൈരുദ്ധ്യങ്ങൾ :

നീർനിലങ്ങളിലെ കലപ്പയുപയോഗിച്ചുള്ള നെൽകൃഷിയായിരുന്നു ഉൽപ്പാദനരീതികളുടെ ചേരുവയിൽ മുന്തിനിന്നത്. സാങ്കേതികതയുടെ കാര്യത്തിലും ഉൽപ്പാദനക്ഷമതയുടെ കാര്യത്തിലും അതായിരുന്നു മുമ്പിൽ. എന്നാൽ ചേരുവയിൽ അധീശത്വം അതിനായിരുന്നില്ല. അധികാരഘടനയും ആശയങ്ങളും സ്ഥാപനങ്ങളും ഈ മികച്ച ഉൽപ്പാദനരീതിയുടെ വികാസത്തിന് വിഘാതം സൃഷ്ടിക്കുന്നവയായിരുന്നു [10]. സമ്പദ്വ്യവസ്ഥയിലെ ഏററവും പ്രധാനപ്പെട്ട വൈരുദ്ധ്യവും അതുതന്നെ. യുദ്ധകേന്ദ്രമായ വിതരണരീതിയെ അടിസ്ഥാനമാക്കിയുള്ള അധികാരഘടന കൃഷിയുടെ വികസനത്തിന് പററിയതായിരുന്നില്ല. ഒരിടത്തുംതികയാത്ത തരത്തിലായിരുന്നു ഉൽപ്പാദനം. അതുകൊണ്ട് ഓരോ മൂപ്പനും അന്യൻെറ വിഭവം കൊള്ളയടിച്ച് സ്വന്തക്കാർക്കിടയിൽ വിതരണം ചെയ്തു. കൊള്ളയ്ക്കുവേണ്ടിയുള്ള യുദ്ധങ്ങളിൽ വിളനിലങ്ങൾ എരിഞ്ഞു[11] ·വിളവുകൾ നശിപ്പിക്കപ്പെട്ടു. കർഷകച്ചേരികളിലും തീപ്പടർന്നു. അപര്യാപ്തമായ ഉൽപ്പന്നം വിതരണരീതിയുടെ സവിശേഷത കാരണം കുറേയേറെ പാഴായിപ്പോവുകകൂടി ചെയ്യുവെന്നതാണ് മറെറാരു പ്രധാന വൈരുദ്ധ്യം. ഗോത്രവർഗ്ഗ സാഹചര്യത്തിൻെറ മൌലിക സ്വഭാവമായ രക്തബന്ധവും ഉൽപ്പാദനബന്ധവും തമ്മിലുള്ള ഏകതാനത ഒരു പരിധികവിഞ്ഞുള്ള കാർഷിക വികസനത്തിന് വിഘാതമായിരിക്കും. കാർഷികബന്ധങ്ങളിൽ രക്തബന്ധത്തിൻെറ കേന്ദ്രസ്ഥാനം തുടർന്നുകൊണ്ടിരുന്നത് വേറൊരു വൈരുദ്ധ്യമായി മാറിയെന്നർത്ഥം.

## ഉപരിപ്ലവങ്ങളായ വാണിജ്യബന്ധങ്ങൾ :

ദൂരദേശസമൂഹങ്ങളുമായുള്ള വിനിമയബന്ധങ്ങൾ സൂക്ഷ്മശിലായുഗകാലം മുതൽക്കേ ഉണ്ടായിരുന്നു[12]. നവീനശിലായുഗത്തിൽ അത് പൂർവ്വാധികം വികാസം പ്രാപിച്ചു. ക്രിസ്തുവിന്മുമ്പ് മൂന്നാം നൂററാണ്ടിലൊക്കെ ഡക്കാൻ സൌരാഷ്ട്രവഴി മദ്ധ്യേഷ്യൻ സമൂഹങ്ങളുമായി വിനിമയബന്ധം നിലനിന്നിരുന്നു. ഗംഗാസമതലങ്ങളുമായും വിനിമയബന്ധങ്ങൾ വികസിക്കുകയുണ്ടായി. ഗംഗാസമതലങ്ങളിലെ മഹാജനപദങ്ങളിൽ അടിച്ചിറക്കിയിരുന്ന പഞ്ച്നാണയങ്ങൾ കേരളത്തിലെ ചില സ്ഥലങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്[13]. തമിഴകം മുഴവനും സഞ്ചരിച്ചിരുന്ന വർത്തകസംഘങ്ങൾ വഴിവന്നുചേർന്നവയാണ് ഈ നാണയങ്ങൾ. ജൈനബൗദ്ധ

മതങ്ങളിൽ വിശ്വസിച്ചിരുന്ന ഈ വാണിജ്യസംഘങ്ങളുടെ ചില ചരിത്രലക്ഷ്യങ്ങൾ മധുരക്കടുത്തുള്ള മലനിരകളിൽ കണ്ടെത്തിയിട്ടുണ്ട്. ചില പ്രത്യേകചരക്കുകളുടെ കച്ചവടം നടത്തിയരുന്നവരുടെ പരാമർശങ്ങൾ ഈ മലനിരകളിലെ ഗുഹകളിലുള്ള ലേഖനങ്ങളിൽ കാണാം. ഇരുമ്പ് വ്യാപാരിയായ കൊഴവാണികൻ, തുണിവ്യാപാരിയായ അറുവൈവാണികൻ, ധാന്യവ്യാപാരിയായ കൂലവാണികൻ തുടങ്ങിയവർ ഇങ്ങനെ പരാമർശിക്കപ്പെട്ടിരിക്കുന്നവരിൽപ്പെടുന്നു[14]. ഈ വ്യാപാരികൾക്ക് ഗ്രാമങ്ങളുമായി ബന്ധമുണ്ടായിരുന്നില്ലെന്നുവേണം കരുതാൻ, കാരണം ചെന്തമിഴ് വീരഗാഥകളിൽനിന്ന് മനസ്സിലാവുന്നത്, വാണിജ്യത്തിന് പ്രാമുഖ്യമില്ലാത്ത അനൌപചാരിക വിനിമയരീതികളുടെ സാഹചര്യമായിരുന്നു അന്ന് നിലനിന്നിരുന്നതെന്നാണ്. ആപണങ്ങളും അങ്ങാടികളും അറുവൈവാണികനും കൂലവാണികനുമൊക്കെ ഈ ഗാഥകളിൽ പരാമർശിക്കപ്പെടുന്നുണ്ടെങ്കിലും അവയൊന്നും ഗ്രാമാന്തരിക നിത്യജീവിതവുമായി ബന്ധപ്പെട്ടിരുന്നില്ലെന്ന് തോന്നുന്നു.

വിദേശ രാജ്യങ്ങളിൽനിന്ന് കച്ചവടക്കാരെത്തിയതിനും തെളിവുകളുണ്ട്. ധാരാളം റോമൻ നാണയങ്ങൾ പല സ്ഥലങ്ങളിലും കണ്ടെടുക്കപ്പെട്ടിരിക്കുന്നു[15]. ഗ്രീക്കോ റോമൻ യാത്രികരുടെ കുറിപ്പുകളും ബന്ധപ്പെട്ട പരാമർശങ്ങളും തെളിവുകളായുണ്ട്. ഇവിടത്തെ തുറമുഖങ്ങളെപ്പററിയും അവവഴി കയററിക്കൊണ്ടുപോയ വസ്തുക്കളെപ്പററിയും വിശദമായി അവരുടെ കുറിപ്പുകളുണ്ട്. കൊണ്ടുപോയ വസ്തുക്കൾ മിക്കവയും വനവിഭവങ്ങളിൽ പെടുന്നു. യഥാർത്ഥചരക്കുകളെന്ന് പറയാവുന്നവ തുണിത്തരങ്ങളും രത്നങ്ങളും രത്നക്കല്ലുകളും പാകപ്പെടുത്തിയ മുത്തുകളും ശംഖും മററുമാണ്. ഇവയുടെ ഉൽപ്പാദനരീതിയെക്കുറിച്ച് നമുക്ക് വ്യക്തമായ ധാരണ ഇനിയും സ്വരൂപിക്കാൻ കഴിഞ്ഞിട്ടില്ല[16]. ഇത്തരം ചരക്കുകളുടെ കയററുമതിയുമായി കേരളത്തിന്' ബന്ധമൊന്നും കാണില്ല.

റോമൻ വാണിജ്യബന്ധത്തിന്റെ കാലം തമിഴകത്ത് ഒരു നാഗരികതയുടെ കാലമായിരുന്നുവന്ന് ചൂണ്ടിക്കാട്ടപ്പെട്ടിട്ടുണ്ട്[17]. അത് ശരിയാണെന്ന് തോന്നുന്നില്ല. ചില തുറമുഖപട്ടണങ്ങളുണ്ടായിരുന്നു. പെരിയാറിന്റെ മുഖത്ത് സ്ഥിതിചെയ്തിരുന്ന മുചിറി പ്രസിദ്ധമാണല്ലോ[18]. പക്ഷെ ഈ തുറമുഖ പട്ടണങ്ങൾ നാഗരികതയുടെ സ്ഥാനങ്ങളായിരുന്നുവെന്ന് പറയാനാവില്ല. അരിക്കമേട് കുഴിച്ചപ്പോൾ റോമൻ നാഗരികതയുടെ അവശിഷ്ടങ്ങൾ ലഭിച്ചിട്ടുണ്ട്[19]. റോമൻ വ്യാപാരികളുടെ കോളണിയായിരുന്നു അതെന്നർത്ഥം. ഇത്തരം കോളണികളായിരുന്നു തുറമുഖപട്ടണങ്ങൾ. ഇവിടെ ഒരു നാഗരികത വളർന്നിരുന്നുവെന്ന് കാണിക്കാൻ പുരാവസ്തുലക്ഷ്യങ്ങളൊന്നുമില്ല. ഉയർന്ന ഭൌതികസംസ്കൃതിയിൽ ആവശ്യമായിവരുന്ന ഉപഭോഗവസ്തുക്കളൊന്നും ഇങ്ങോട്ട് ഇറക്കുമതി ചെയ്തിരുന്നതായി കാണുന്നില്ല. നാണയങ്ങളാണ് കയററുമതികൾക്ക് പകരമായി ലഭിച്ചത്. ഈ നാണയങ്ങളെ നമ്മുടെ നാഗരികതയുടെ ലക്ഷ്യങ്ങളായി കാണിക്കാറുണ്ട്. നമ്മുടെ വാണിജ്യത്തിന്റെ അഭിവൃദ്ധി ഏറെ കൊണ്ടാടപ്പെട്ടിട്ടുള്ള വിഷയമാണല്ലോ. റോമിൽനിന്ന് കച്ചവടം വഴിയുള്ള സ്വർണ്ണച്ചോർച്ചയിൽ സെനററ് ആകാംക്ഷ പ്രകടിപ്പിച്ച കാര്യം പ്ലിനിയെ ഉദ്ധരിച്ചുകൊണ്ട് നമ്മുടെ ചരിത്രകാരന്മാർ അഭിമാനത്തോടെ ചൂണ്ടിക്കാട്ടാറുള്ളതാണ്. യഥാർത്ഥത്തിൽ ഇവിടത്തെ മൂപ്പന് കുറേ നാണയങ്ങൾ സമ്മാനിച്ച് കപ്പലുകൾ നിറയെ വനവിഭവങ്ങളും കയററി റോമിലെത്തിയിരുന്ന വിദേശികളായ കച്ചവടക്കാരിലേക്കാണ് സ്വർണ്ണം ഒഴുകിയിരുന്നത്. വസ്തുക്കൾ നൂറുനൂറിരട്ടി വിലക്കാണ് റോമിൽ വിററിരുന്നതെന്ന് പ്ലിനി എടുത്തുപറഞ്ഞിട്ടുണ്ട്[20].

വാണിജ്യത്തിന്റെ സ്വഭാവത്തെക്കുറിച്ച് വസ്തുനിഷ്ഠമായ നിരീക്ഷണം നടത്തുമ്പോഴാണ് നാഗരികതയുടെ സങ്കല്പം തകരുന്നത്. റോമിലെ നാഗരികത ഒരുവശത്തും നമ്മുടെ ഗോത്രവർഗ്ഗസാഹചര്യം മറുവശത്തുമായുള്ളതായിരുന്നു അന്നത്തെ വാണിജ്യം. സ്വർണ്ണം പണമായുപയോഗിച്ചിരുന്ന റോമക്കാരും സ്വർണ്ണം ആഭരണമായുപയോഗിച്ചിരുന്ന നമ്മളും തമ്മിൽ അസന്തുലിതമായ വാണിജ്യബന്ധമല്ലേ ഉണ്ടാവൂ[21]. കൃത്യമായി വില നിശ്ചയിച്ചുകൊണ്ടുള്ള ലാഭകരമായ വിനിമയരീതി നമ്മുടെ സമകാല വിഭവ വിതരണരീതികളുടെപശ്ചാത്തലവുമായിച്ചേരുന്ന ഒന്നല്ല[22]. മാത്രവുമല്ല നമ്മുടെ വർത്തക സംഘങ്ങൾ മുൻകൈയെടുത്തുനടത്തിയ വാണിജ്യവുമായിരുന്നില്ലല്ലോ. ദൂരദേശ സമൂഹങ്ങളുമായി വാണിജ്യബന്ധമുണ്ടാക്കാനും അതിൽ വ്യാപൃതരാവാനും വേണ്ട അവശ്യഘടകങ്ങളൊന്നും ഇവിടെ വികസിച്ചുകഴിഞ്ഞിരുന്നില്ല[23]. വികസിതരീതിയിലുള്ള ചരക്കുൽപ്പാദമോ ഉയർന്ന ഉൽപ്പാദനവ്യവസ്ഥയോ അതിൽനിന്നുയരുന്നതരം ശക്തമായ അധികാരഘടനയോ അന്നുണ്ടായിരുന്നില്ലല്ലോ. ഈ സാഹചര്യത്തിലാണ് വിദേശ വാണിജ്യത്തിൽ നമ്മുടെമുൻകൈ കാണിക്കുന്ന തെളിവുകളില്ലെന്നവസ്തുതായകാണേണ്ടത്[24]. തെളിവുകൾ ലഭിക്കാത്തത് കേവലം യാദൃച്ഛികമല്ലെന്ന് ചുരുക്കം.

ഈ വിദേശവാണിജ്യം സമകാല സമൂഹത്തിൽ അടിസ്ഥാനപരമായ യാതൊരു പരിവർത്തനവുമുണ്ടാക്കിയിരുന്നില്ല. മദ്ധ്യവർത്തികൾ എന്ന നിലയിൽപ്പോലും ഒരു വ്യാപാരിവിഭാഗം വളർന്നുവന്നതായി കാണുന്നില്ല. ഭൌതിക സംസ്കൃതിയുടെ ഉയർന്ന തലത്തിലെത്തിയ വിഭാഗത്തെയും കാണുന്നില്ല. വാണിജ്യം അന്നത്തെ സമ്പദ്‌വ്യവസ്ഥയിൽ ഉപരിപ്ലവമായ സ്വാധീനം മാത്രമെ ചെലുത്തിയിരുന്നുള്ളുവെന്നാണിവയെല്ലാം സ്പഷ്ടമാക്കുന്നത്.

## സ്വതസ്സിദ്ധമായ പരിണാമശക്തി:

സമകാല സമ്പദ്‌വ്യവസ്ഥയുടെ ഘടനാപരമായ പരിണാമത്തിനാവശ്യമായ ചാലകശക്തി വ്യവസ്ഥയിൽത്തന്നെ സ്വതസ്സിദ്ധമായി നിലനിന്നിരുന്നു. സമ്പദ്‌വ്യവസ്ഥയിലെ വൈരുദ്ധ്യങ്ങളെക്കുറിച്ച് നേരത്തെ പരാമർശിച്ചുവല്ലോ. പുതിയ വൈരുദ്ധ്യങ്ങൾ ഉൽപ്പാദന വിതരണ പ്രക്രിയകളിലൂടെ സംജാതമാവുന്നുമുണ്ടായിരുന്നു. വിതരണ സമ്പ്രദായത്തിന്റെ ഭാഗമായിരുന്ന ദാനമെന്ന സ്ഥാപനം ആനുഷംഗികമായി സമ്പദ്‌വ്യവസ്ഥയിൽ വലിയ ചലനങ്ങൾക്ക് കളമൊരുക്കുന്നുണ്ടായിരുന്നു. ദാനവസ്തുക്കളിൽ കൃഷിഭൂമിപെട്ടിരുന്നുവെന്നും ദാനം ലഭിച്ചവരിൽ ബ്രാഹ്മണരുണ്ടായിരുന്നുവെന്നും നേരത്തെ പറഞ്ഞുവല്ലോ. അന്നത്തെ കാർഷികബന്ധത്തിന്റെ അടിസ്ഥാനം രക്തബന്ധമായിരുന്നുവെന്നുംപറഞ്ഞു. കൃഷിയുമായി നേരിട്ട് ബന്ധമില്ലാത്തവരും വടക്കുനിന്ന്' വന്നവരു (വടമർ) മായ ബ്രാഹ്മണർക്ക് കൃഷിഭൂമിലഭിക്കുമ്പോൾ രക്തബന്ധത്തിനതീതമായ കാർഷികബന്ധം രൂപം കൊള്ളാതെ തരമില്ല. ബ്രഹ്മണ്യനിലങ്ങളിൽ പുതിയ ഉൽപ്പാദനബന്ധം വികസിക്കാൻ തുടങ്ങി. കാട്ടുവർഗ്ഗങ്ങളെ ബ്രാഹ്മണർ തങ്ങളുടെ കൃഷിപ്പണിക്കാരാക്കി. ബ്രാഹ്മണമതവും അതുമായിബ

ന്ധപ്പെട്ട അനേകം സ്ഥാപനങ്ങളും ആശയങ്ങളും അനുഷ്ഠാനങ്ങളും ഇതിന് ഉപാധികളായിവർത്തിച്ചു. സൂര്യപഞ്ചാംഗം, ഞാററുവേലാസങ്കൽപ്പം, നീർക്കെട്ടുകളിൽ ചാലുകീറിയവെള്ളം നിയന്ത്രിക്കാനും ചെളിയെടുത്ത് ചതുപ്പുണക്കാനുമുള്ള സാങ്കേതിക പരിജ്ഞാനം, സർവ്വോപരി മനുഷ്യപ്രയത്നത്തെ ഏകോപ്പിക്കാൻ വേണ്ട നേതൃത്വശേഷി ഇവയെല്ലാം ബ്രാഹ്മണർക്ക് കൈമുതലായുണ്ടായിരുന്നു.

ദാനമെന്നസ്ഥാപനം അടിസ്ഥാനപരമായ വ്യവസ്ഥാപരിണാമത്തിന് കാരണമായിത്തീരുന്നുവെന്ന് പറയുന്നതിൽ സൈദ്ധാന്തികമായ വൈപരീത്യമുണ്ട്. സത്യത്തിൽ സ്ഥാപനമാണ് ചാലകശക്തി എന്നല്ല വാദം. സ്ഥാപനത്തെ ഭൌതികശക്തിക്ക് പരഭാഗമായ ശക്തിയെന്ന നിലയിലല്ല ഇവിടെ പരാമർശിക്കുന്നത്. ദാനമെന്നസ്ഥാപനം അന്നത്തെ സമ്പദ്‌വ്യവസ്ഥയുടെ സൃഷ്ടിയാണ്. അന്നത്തെ വിതരണരീതികളുടെ സ്ഥാപനവൽകൃതരൂപങ്ങളിൽ ഒന്ന്. അതിൻെറ ആനുഷംഗികങ്ങളായ പ്രത്യാഘാതങ്ങൾ വ്യവസ്ഥാപരമായ പരിണാമത്തിനിടയാക്കിയെന്ന് പറയുമ്പോൾ ഊന്നൽ ഭൌതിക പരിസ്ഥിതിയിൽത്തന്നെയാണ്. പ്രാക്തനമായ ഉൽപ്പാദനവ്യവസ്ഥയിൽ കേന്ദ്രസ്ഥാനമലങ്കരിച്ചിരുന്ന രക്തബന്ധത്തെ ശിഥിലീകരിച്ച സ്ഥാപനമാണ് ദാനം.

## ഒരു പ്രതിസന്ധിയുടെ സൂചനകൾ:

ദാനഭൂമിയിൽ കൃഷി സംഘടിപ്പിക്കുന്ന ബ്രാഹ്മണരുടെ എണ്ണം ഓരോ ഊരിലും പെരുകിക്കൊണ്ടിരുന്നു. പുതിയ കടിയേററങ്ങളും നടക്കുന്നുണ്ടായിരുന്നു. രക്തബന്ധത്തിലധിഷ്ഠിതമായ കാർഷികബന്ധത്തിന് പകരം പുതിയ കാർഷിക ബന്ധങ്ങൾക്ക് രൂപം നൽകിയ ഉൽപ്പാദനരീതിവ്യാപിക്കുകയായിരുന്നുവെന്നർത്ഥം. പഴയ സമ്പൽവ്യവസ്ഥയിലെ വൈരുദ്ധ്യങ്ങൾ മൂർഛിച്ചു. തമിഴകമാകെ ഉൽപ്പാദനവ്യവസ്ഥയുടെ ചേരുവയിൽ വലിയ പ്രതിസന്ധി സംജാതമായതായി ചില സൂചനകളുണ്ട്. മൂവേന്തരുടെ അധികാരഘടന തകർന്ന് അപ്രത്യക്ഷമായതായി സാഹിത്യലക്ഷ്യങ്ങൾ കാണിക്കുന്നു. ക്രിസ്തുവർഷം നാലും അഞ്ചും നൂററാണ്ടുകളിൽ സമൂഹം വലിയൊരു പ്രതിസന്ധിയെ നേരിടുന്ന ചിത്രമാണ് കളഭ്രരുടെ പടപാച്ചിലിൻെറ കഥയിൽ തെളിയുന്നത്[25]. കളഭ്രകാലത്തെ കലികാലമെന്ന് ബ്രാഹ്മണർ പരാമർശിച്ചിട്ടുണ്ട്[26]. ഈ സാമൂഹ്യപ്രതിസന്ധി കേരളത്തെ എത്രമാത്രം ബാധിച്ചിരുന്നുവെന്ന് വ്യക്തമല്ല. പക്ഷെ ചേരന്മാരുടെ അധികാരഘടനയും അപ്രത്യക്ഷമായിരുന്നു ഇക്കാലത്ത്.

ബ്രാഹ്മണർക്ക് ഈ പ്രതിസന്ധിയിൽ നിലം നഷ്ടപ്പെട്ടതായി ചില ലക്ഷ്യങ്ങൾ കാണിക്കുന്നു. എങ്കിലും ഈ കലങ്ങിമറിയലിന് ശേഷം നാം കാണുന്നത് ബ്രാഹ്മണരുടെ നേതൃത്വത്തിലുള്ള കൃഷിയുടെ വികസനമാണ്. ഒററപ്പെട്ട ബ്രാഹ്മണനിലങ്ങളെ ചുഴ്ന്നായിരുന്നു തുടക്കത്തിൽ ഈ പുതിയ ഉൽപ്പാദനരീതി വികസിച്ചത്. കളഭ്രന്മാരുടെ പടപാച്ചിലുകൾക്കും തുടർന്നുണ്ടായ കടിയേററങ്ങൾക്കുംശേഷം തൽക്കാലത്തെ ആഘാതത്തിൽനിന്ന് മുക്തമായി പൂർവ്വാധികം സംഘടിതമായ രൂപത്തിൽ പുതിയഉൽപ്പാദനരീതിവളർന്നു. ഏകഭോഗ ബ്രഹ്മദേയങ്ങളുടെ സ്ഥാനത്ത് ബൃഹൽ ബ്രഹ്മദേയങ്ങളുടലെടുത്തു. ഈ വളർച്ചയോടൊപ്പം അതിൻെറതായ രാഷ്ട്രീയഘടനയും അധികാരരൂപവും പ്രത്യക്ഷമായി.

പൂർണ്ണമായും ബ്രാഹ്മണവൽക്കരിക്കപ്പെട്ട രാജാധികാരമാണ് പുതിയ കാർഷികരീതിയുടെ ഉപരിഘടനയായിവന്നത്. രാജകീയത ചക്രവർത്തീ പദവിയോട്ചേർന്നുയർന്നു. ചോളന്മാരുടേയും പാണ്ഡ്യരുടേയും കാര്യത്തിലെന്നപോലെ ചേരരുടെകാര്യത്തിലും അത് സത്യമായിരുന്നു[27]. പക്ഷെ ചേരരാജാക്കന്മാരുടെകാര്യത്തിൽ ഒരു വ്യത്യാസമുണ്ട്. അവർ ബ്രഹ്മദേയങ്ങൾ സൃഷ്ടിച്ചതായി രേഖകളൊന്നുമില്ല. കേരളത്തിലെ ബ്രാഹ്മണർക്ക് ഭൂമിദാനം ചെയ്തത് പരശുരാമനാണെന്നല്ലേ ഐതിഹ്യം. അത് സൂചിപ്പിക്കുന്നത് ബ്രാഹ്മണർ ഇവിടെ സ്വമേധയാ കൈക്കലാക്കിയതാണവരുടെ ഭൂമി മുഴുവനുമെന്നാണ്. വീരഗാഥകളുടെ കാലത്ത് കുറച്ചൊക്കെ ഭൂമി അവർക്ക് ദാനമായി ലഭിച്ചിരുന്നു. എന്നാൽ ഭൂമിയിൽ അവക്ക് കാര്യമായ നിയന്ത്രണം സാധിച്ചത് ഏഴ്എട്ട് നൂററാണ്ടുകളിലായിക്കാം. വർദ്ധിച്ച ബ്രാഹ്മണകടിയേററം അക്കാലത്ത് നടന്നിട്ടുണ്ടായിരുന്നുവെന്ന് സൂചനകളുണ്ട്. ഇതേകാലത്താണ് തമിഴകം മുഴുവനും ബ്രഹ്മദേയങ്ങളുയർന്നത്. അവക്ഷേത്രകേന്ദ്രിത കാർഷികഗ്രാമങ്ങളായി വളരുകയും ക്ഷേത്രനിലങ്ങൾ ദേവദാനങ്ങളായി വികസിക്കുകയും ചെയ്തകാലമാണത്.

## പുതിയ വ്യവസ്ഥയുടെ രൂപീകരണം:

ക്ഷേത്രകേന്ദ്രിത കാർഷികഗ്രാമങ്ങളുടെ രൂപീകരണമാണിവിടെ വ്യവസ്ഥയുടെ രൂപീകരണം. ബ്രാഹ്മണ ഭൂവുടമകളുടെ ഒരു സംഘവും അവക്കാവശ്യമുള്ള വസ്തുക്കളും സേവനങ്ങളും ഉറപ്പുവരുത്തുന്ന നാനാവിഭാഗക്കാരായആളുകളും ചേർന്നതാണ് ക്ഷേത്രകേന്ദ്രിത ഗ്രാമം. ഇതിൻെറ തുടക്കം പുതിയ ഉല്പാദന വ്യവസ്ഥയിലെ അടിസ്ഥാനയൂണിററായ ബ്രാഹ്മണപുരയിടത്തിൽ നിന്നാണ്. വീരഗാഥകളുടെ കാലത്തുതന്നെ ഇത്തരം ഉല്പാദന യൂണിററുകൾ രൂപംകൊണ്ടിരുന്നു. വൻതോതിലുള്ള കടിയേററത്തിന്ശേഷം കുറെ ബ്രാഹ്മണ ഭൂവുടമകൾ സഹകരണാടിസ്ഥാനത്തിൽ ഒരിടത്തു നിവേശസ്ഥാനം സജ്ജമാക്കി ഉല്പാദനമേഖലയെ കൂട്ടായ മേൽനോട്ടത്തിൽ കൊണ്ടുവന്നു. ഈ കൂട്ടായ നിയന്ത്രണത്തിന് ഏകീകരണശക്തിയായും അധികാരസ്ഥാപനമായും ക്ഷേത്രംവർത്തിച്ചു. കാർഷികവൃത്തിയുമായും ക്ഷേത്രവൃത്തിയുമായും ബന്ധപ്പെട്ടുകൊണ്ട് വലിയൊരു സമൂഹംഏകീകരിക്കപ്പെട്ടു. ഓരോസേവനത്തിനും ഗ്രാമഭൂമിയിൽ എന്തെങ്കിലും അവകാശം നൽകിക്കൊണ്ടു ബന്ധപ്പെട്ട തൊഴിലുകാരെ കടിയിരുത്തി. അവകാശം കുടുംബത്തിന് അന്യമായിപ്പോകാതിരിക്കാൻ തൊഴിൽ പാരമ്പര്യവഴിക്ക് ചെയ്തുതുടങ്ങി. തൊഴിൽ കുലത്തൊഴിലും കുലം ജാതിക്രമത്തിൻെറ ഭാഗവുമായിപരിണമിച്ചു. ബ്രാഹ്മണരുമായി ആപേക്ഷിക ബന്ധം സങ്കല്പിച്ചുകൊണ്ട് എല്ലാ തൊഴിൽവിഭാഗങ്ങളും ആഭിജാത്യക്രമത്തിലുള്ള ജാതികളാക്കി തിരിക്കപ്പെട്ടു. സുസംഘടിതമായ ഉല്പാദനബന്ധത്തിൻെറ സ്വയം പര്യാപ്തയൂണിററായി ക്ഷേത്രകേന്ദ്രിതഗ്രാമം രൂപംകൊണ്ടു. അതായത് ഒരു പുതിയ വ്യവസ്ഥയുടെ രൂപീകരണം പൂർത്തിയായി എന്നുസാരം.

ഒമ്പതാം നൂററാണ്ടിലെ ക്ഷേത്രരേഖകളിൽ തെളിയുന്നത് ഈ വ്യവസ്ഥയുടെ ചിത്രമാണ്. ജന്മിവ്യവസ്ഥയുടെ ചിത്രം. അതിൻെറ വിശദാംശങ്ങൾ നമ്മുടെ വിഷയത്തിന് പുറത്താണ്. വ്യവസ്ഥയുടെ രൂപീകരണ പ്രക്രിയമാത്രമാണല്ലോ ഇവിടെ പ്രസക്തമായിട്ടുള്ളത്.

## കുറിപ്പുകൾ :

1 ആധുനിക ശാസ്ത്രീയമാർഗ്ഗങ്ങളുപയോഗിച്ച് കേരളത്തിലെ മഹാശിലാവശിഷ്ടങ്ങളുടെ കാലം നിർണ്ണയിക്കപ്പെട്ടിട്ടില്ല. കർണ്ണാടകയിലെ കൊല്ലൂരും ബ്രഹ്മഗിരിയും C. 14 കാലനിർണ്ണയമുള്ള മഹാശിലാസ്ഥാനങ്ങളാണ്. 900 B. C. യാണ് അവയുടെ പഴക്കം. ഇതിൽനിന്ന് കേരളത്തിലെ കാര്യം ഊഹിച്ചെടുക്കുകയാണ്.

2 നീലഗിരിയിൽ അരിവാളും മററും കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. Madras Journal of Language and Science, 14 (1847) ൽ കോൺഗ്രീവ് എഴുതിയ "The Antiquities of the Nilgherry Hills ..." എന്ന പ്രബന്ധം കാണുക. പൊതുവെ മഹാശിലാവശിഷ്ടങ്ങളോടൊപ്പം കാർഷികോപകരണങ്ങൾ കണ്ടെടുക്കപ്പെട്ടിട്ടില്ലെന്ന് പറയാം. തമിഴ്നാട്ടിലെ ആദിച്ചനെല്ലൂര് നിന്ന് കൈക്കോട്ടിൻെറ അവശിഷ്ടങ്ങൾ കിട്ടിയിട്ടുണ്ട്. 1902–3, 1903–4 കാലത്തെ ആർക്കിയോളജി റിപ്പോർട്ട് കാണുക. പുറം 11–14, 18–22.

3 അങ്കമാലിയിൽ ഒരു കരിങ്കൽ കല്ലറയിൽനിന്ന് കിട്ടിയ കാർണീലിയൻ മാലക്കല്ലുകൾ യൂ. സി. കോളേജ് പുരാവസ്തുശേഖരത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ദക്ഷിണേന്ത്യയിലെ മഹാശിലാപരിഷ്കൃതിയുമായി ബന്ധപ്പെട്ട് ലഭിച്ച ഇത്തരം വസ്തുക്കളെക്കുറിച്ച് ബി. കെ. ഗുരുരാജറാവുവിൻെറ Megalithic Culture in South India ( Mysore, 1972 ) പുറം 257ൽ പ്രതിപാദിച്ചിട്ടുണ്ട്.

4 മോർട്ടിമർ വീലറുടെ 'Brahmagiri and Chandravalli Excavations' കാണുക Ancient India No. 4 (1941) മഹാശിലകൾക്കടുത്ത് ചിറയുടെ അവശിഷ്ടങ്ങൾ കണ്ടെത്തിയതാണ് ഈ ഊഹത്തിൻെറ അടിസ്ഥാനം. പക്ഷെ ചിറയുടെ അവശിഷ്ടങ്ങൾ മഹാശിലാകാലത്തുള്ളവയാണെന്ന് തെളിഞ്ഞിട്ടില്ല.

5 സംഘസാഹിത്യമെന്ന് വിഖ്യാതമായിട്ടുള്ള കാവ്യസമാഹാരമാണ് അവലംബം. കാവ്യങ്ങൾ അഞ്ച് തിണകളായിട്ടാണ് പ്രകൃതിയെ കാണുന്നത്. അഞ്ചുതിണകളിലെ മനുഷ്യപ്രകൃതിയെയും അവ നിർവ്വചിച്ചിരിക്കുന്നു. ഓരോ തിണയിലേയും ജീവികാസമ്പ്രദായത്തെയും നിർവ്വചിച്ചിട്ടുണ്ട്. ഇവയിൽ നിന്നാണ് നാല് ഉല്പാദനരീതികളെക്കുറിച്ചുള്ള വിവരം ശേഖരിച്ചിരിക്കുന്നത്. കുറിഞ്ഞി, പാല, മുല്ല, മരുതം, നെയ്തൽ എന്നിവയാണ് അഞ്ച് തിണകൾ.

6 ഇതുമായി ബന്ധപ്പെട്ട നരവംശശാസ്ത്രസിദ്ധാന്തീകരണങ്ങൾ ഇ. ടെറെയുടെ Marxism and Primitive Societies (New York 1972) എന്ന ഗ്രന്ഥത്തിലും ഗൊദെലിയറുടെ Perspectives in Marxist Anthropology (Cambridge, 1977) എന്ന ഗ്രന്ഥത്തിലും കൊടുത്തിട്ടുണ്ട്.

7 അകനാനൂറി (അ. നാ.) ലെ 37, കുറുന്തൊകൈ (കുറു.) 117, 388, നററിണൈ (ന.) 125, 198, 315 പതിററുപ്പത്ത് (പതി.) 27, പുറനാനൂറ് (പു. നാ.) 102, 289, 327, 370 തുടങ്ങിയവ കാണുക.

8 പുനർവിതരണത്തിൻെറ സാമ്പത്തിക നരവംശ ശാസ്ത്രസിദ്ധാന്തീകരണങ്ങൾ ഇവിടെ പ്രസക്തമാണ്. കാൾ പൊലാന്ത്രിയുടെ സങ്കല്പനങ്ങളാണ് ഇതിൽ പ്രയോജനപ്പെടുത്തിയിരിക്കുന്നത്. അദ്ദേഹം എഡിററ് ചെയ്ത Trade and Market in Early Empire എന്ന ഗ്രന്ഥത്തിലെ "The Economy as Instituted Process" എന്ന പ്രബന്ധം കാണുക.

9 ഒരു സ്ഥാപനമെന്ന രീതിയിൽ ദാനം നിർവ്വഹിക്കുന്ന ധർമ്മം ശാസ്ത്രീയമായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ഗോത്രവർഗ്ഗസാഹചര്യത്തിൽ അതിൻെറ കൃത്യനിർവ്വഹണ പരമായ നാനാമാനങ്ങളെക്കുറിച്ച മാർസൽ മോസിൻെറ The Gift എന്ന ഗ്രന്ഥം പ്രതിപാദിക്കുന്നു. മോസിൻെറ സങ്കല്പനങ്ങളുടെ വെളിച്ചത്തിൽ പ്രാചീനഭാരതീയ സമൂഹത്തിലെ ദാനങ്ങളെയും ദക്ഷിണകളെയും റോമിളാ ഥാപർ അപഗ്രഥിച്ചിട്ടുണ്ട്. അവരുടെ Ancient Indian Social History (New Delhi, 1978) എന്ന കൃതി കാണുക.

10 കൊള്ളയടിച്ചുകുറവുനികത്തുകയെന്ന കൃത്യമാണ് അധികാരഘടന നിർവ്വഹിച്ചത്. അല്ലാതെ അധികാരമുപയോഗിച്ച് ഉല്പാദനം വർദ്ധിപ്പിക്കുകയെന്നുള്ള ഉത്തരവാദിത്വമല്ല, കൊള്ളയടിക്കാനുള്ള മാർഗ്ഗം യുദ്ധമായതുകൊണ്ടും കൊള്ള സമ്പദ്വ്യവസ്ഥയുടെ നിലനില്പിന് അനിവാര്യമായതുകൊണ്ടും എല്ലാആശയങ്ങളും സ്ഥാപനങ്ങളും യുദ്ധത്തെവാഴ്ത്തുന്നവയും മഹത്വവൽക്കരിക്കുന്നവയും അർത്ഥവത്താക്കുന്നവയുമായിരുന്നു. ഏറാൺ മുല്ലൈത്തുറൈപാട്ടുകൾ, വല്ലാൺപാട്ടുകൾ, മുല്ലൈത്തുറൈപാട്ടുകൾ, ചെന്തുറൈപാട്ടുകൾ, വഞ്ചിത്തുറൈപാട്ടുകൾ, കുടിനിലൈഉരൈത്തൽത്തുറൈപാട്ടുകൾ തുടങ്ങിയ മതിയായ തെളിവുകൾ നൽകുന്നു. 'വെച്ചിയും' 'കാരന്തൈയും' 'വഞ്ചിയും' 'തുമ്പയും' 'കാഞ്ചി'യുമൊക്കെ യുദ്ധങ്ങളായിരുന്നു. യോദ്ധാക്കൾക്കുള്ള ചോററുവിഴാവുകയും ഉണ്ടാട്ടുകളും കൊണ്ട് മുഖരിതമായിരുന്നു മൂപ്പൻെറ വാസസ്ഥലം.

11 'എരിപരന്തെടുത്തൽ' അഥവാ വിളനിലങ്ങളും കൃഷകച്ചേരികളും എരിയിക്കൽ യുദ്ധത്തിൻെറ ഭാഗമായിരുന്നു. പു.നാ. 16, 57 തുടങ്ങിയവയിൽ നിന്ന് തെളിയുന്നതാണ്.

12 ഇതുമായി ബന്ധപ്പെട്ട ആഗോളസാഹചര്യം മാർഷൽ സാഹ്‌ലിൻസ് തൻെറ Stone Age Economics എന്ന കൃതിയിൽ വിശകലനം ചെയ്തിട്ടുണ്ട് (Chicago, 1972).

13 പി. എൽ. ഗുപ്തയുടെ The Early Coins from Kerala (Trivandrum, 1965) എന്ന ഗ്രന്ഥം കാണുക. ഈയിടെ അങ്കമാലിയിൽ നിന്ന് 783 പഞ്ചുനാണയങ്ങളുടെ ശേഖരം കണ്ടെത്തുകയുണ്ടായി. പൊതുവെ പഞ്ചുനാണയങ്ങൾ ക്രിസ്തുവിന് മുമ്പ് ആറാം നൂററാണ്ടുമുതൽ ക്രിസ്തുവിന് മുമ്പ് രണ്ടുനൂററാണ്ടുവരെയുള്ളകാലത്തുള്ളവയാണെന്നു കരുതപ്പെടുന്നു.

14 ഐ. മഹാദേവൻെറ "Corpus of the Tamil Brahmi Inscriptions"\ Seminar on Inscriptions (Madras, 1966) Nos. 1, 5, 8, 9, 14 എന്നിവ കാണുക.

15 പി. എൽ. ഗുപ്തയുടെ ഗ്രന്ഥംതന്നെ നോക്കുക. Infra No. 13 above.

16 തുണിയുദ്പാദനത്തിൻെറ സാങ്കേതികതയിലേക്ക് വെളിച്ചം വീശുന്ന ചില പുരാവസ്തുലക്ഷ്യങ്ങളുണ്ട്. കന്നത്തൂർ, സന്തൂർ, അരിക്കമേട് തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് കിട്ടിയിട്ടുള്ള നൂലുചക്രത്തിൻെറ കളിമൺ മാതൃകകളും (terracotta spindle whorls) ചായം മുക്കാനുപയോഗിച്ചിരുന്ന വീപ്പകളും (dyeing vats) മററുമാണവ. രത്നഖനികൾ ആരു് നിയന്ത്രിച്ചുവെന്നും അവയിൽ ആരു് പ്രവർത്തിച്ചുവെന്നും നമുക്ക് അറിയില്ല. മുത്തുകൾ വാരാനും അവ പാകപ്പെടുത്താനും തടവുകാരെ വിനിയോഗിച്ചിരുന്നതായി പെരിപ്ലസ്സുകാരൻ രേഖപ്പെടുത്തിയിട്ടുണ്ട്.

17 കനകസഭപിള്ളയുടെ The Tamils Eighteen Hundred years oag (Madras 1904) ഒരുദാഹരണമാണ്.

18 പ്ലിനിയും പെരിപ്ലസ്സുകാരനും ടോളമിയും ഇതിനെക്കുറിച്ച് പറയുന്നുണ്ട്. ജെ. ഡബ്ല്യു മക്രിൻറിൽ എഡിററുചെയ്ത Ancient India as Described in Classical Literature (rpt. Westminister, 1975) കാണുക.

19 മോർട്ടിമർവീലറുടെ "Aricamedu", Ancient India, No. 2 (1946)

20 Natural History, VI–26.

21 വിനിമയമാദ്ധ്യമമായി നാണയം ഉപയോഗിക്കുന്നരീതി ഇവിടെ സാധാരണമായിക്കഴിഞ്ഞിരുന്നില്ല. റോമൻ നാണയങ്ങളും അതിനും മുമ്പത്തെ പഞ്ചുനാണയങ്ങളും നിധിയായി സൂക്ഷിച്ചനിലയിലാണ് ലഭിച്ചിട്ടുള്ളത്. അവ അമൂല്യസമ്പത്തായി കരുതപ്പെട്ടിരുന്നുവെന്നകാര്യത്തിൽ സംശയമില്ല. പക്ഷെ അവ നാണയത്തിൻെറ ധർമ്മമല്ല നിർവ്വഹിച്ചിരുന്നത്. സ്വർണ്ണനാണങ്ങൾ മുഴുവനും കൈപ്പെരുമാററം സൂചിപ്പിക്കാത്തവയാണ്. ചിലതൊക്കെ മാലയാക്കി ധരിക്കാനാവാം തുളയിട്ടവയായി കാണപ്പെട്ടിട്ടുണ്ട്. ഇങ്ങനെ നാണയാധിഷ്ഠിതവും അല്ലാത്തതുമായ സമൂഹങ്ങൾ തമ്മിലുള്ള 'വ്യാപാര' ബന്ധം അസന്തുലിതമായിരിക്കും. സങ്കല്പനപരമായ വിശദാംശങ്ങൾ സബ്ലോഫും കാർലോസ്സിയും കൂടി എഡിററുചെയ്ത Ancient Civilization and Trade (Albuquerque 1975) എന്ന ഗ്രന്ഥത്തിലുണ്ട്. എയിൻസിഗിൻെറ Primitive Money in Its Ethnological, Historical and Economic Aspects (London, 1949) എന്ന ഗ്രന്ഥവും ഇവിടെ പ്രസക്തമാണ്.

23 പ്രസക്തമായ നരവംശ ശാസ്ത്രസങ്കല്പനങ്ങൾ സാഹ്ലിൻസിൻെറ പഠനങ്ങളിലുണ്ട്. അദ്ദേഹത്തിൻെറ "On the Sociology of Primitive Exchange", എന്ന പ്രബന്ധം കാണുക. ബാൻറൻ എഡിററുചെയ്ത The Relevance of Models for Social Anthropology (London, 1968) പുറം 139–150.

23 ഏതു് തരത്തിലുള്ള സമൂഹത്തിനാണ് ദൂരദേശ സമൂഹങ്ങളുമായി ക്രമീകൃതമായ വ്യാപാരബന്ധം സ്ഥാപിക്കാൻ കഴിയുക യെന്നതു് ഏറെ വിശകലനം ചെയ്യപ്പെട്ടിട്ടുള്ള വിഷയമാണ്. Infra No. 21ൽ ഉദ്ധരിച്ച കൃതികൾ കാണുക.

24 പതിററുപ്പത്ത് 2:6 ൽ സ്വർണ്ണം നേടാൻ സഞ്ചരിക്കുന്ന കപ്പലിനെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. പുറനാനൂറ് 66ൽ കരികാലചോളനെ കാററിൻെറ ഗതിനിയന്ത്രിച്ച് കപ്പലോടിച്ചവനെന്ന് വിശേഷിപ്പിക്കുന്നു. പ. നാ. 126ൽ സ്വർണ്ണം കൊണ്ടുവരുന്ന കപ്പലുകളെ ചേരൻ നിയന്ത്രിക്കുന്ന കടലിനെക്കുറിച്ച് പറയുന്നുണ്ട്. അ. നാ. 152ൽ തിത്തൻ വെളിയൻെറ കപ്പലുകൾ സ്വർണ്ണം കൊണ്ടുവരുന്നതായി പരാമർശിച്ചിരിക്കുന്നു. ഇതൊക്കെയാണ് ആകെയുള്ള തെളിവുകൾ. കൂടാതെ ചെങ്കടൽ തീരത്തു് അടുത്ത കാലത്തു് നടത്തിയ ഉൽഖനനത്തിൽ ചാത്തൻ എന്നും കണ്ണൻ എന്നും തമിഴ് ബ്രാഹ്മി ലിപികളിൽ രേഖപ്പെടുത്തിയ മൺപാത്രക്കഷണം ലഭിക്കുകയുണ്ടായി. അവർ കച്ചവടക്കാരായിരുന്നുവോ? അപര്യാപ്തമാണീലക്ഷ്യങ്ങളെല്ലാം.

25 കർണ്ണാടക പ്രദേശത്തുനിന്ന് അതിക്രമിച്ചുകയറിയ സംഘമാണ് കളഭ്രരെന്നറിയപ്പെടുന്നത്. ഇവരോടൊപ്പം ധാരാളം ജൈന ബൌദ്ധ വിശ്വാസികൾ കുടിയേറിയിരുന്നുവത്രെ.

26 പല്ലവരുടേയും പാണ്ഡ്യരുടേയും ചില ചെപ്പേടുകളിൽ ഇങ്ങനെ പരാമർശിക്കപ്പെട്ടിട്ടുണ്ട്. കളഭ്രരാജാവിനെ കലി അരചൻ എന്ന് വെവ്വേറിക്കൂടി ചെപ്പേടുകളിൽ പറയുന്നു.

27 രാജാവുമായി ബന്ധപ്പെടുന്ന കേരളത്തിലെ ആദ്യത്തെ രേഖ —വാഴപ്പിള്ളി ചെപ്പേട്— തന്നെതെളിവാണ്. രാജശേഖരനെ ''രാജ രാജാധിരാജ പരമേശ്വര ഭട്ടാരക'' നെന്നാണ് വിശേഷിപ്പിച്ചിരിക്കുന്നതു്.

## 'വിചിന്തനത്തി'നു പിന്നിൽ

വിവിധ രാഷ്ട്രീയ പശ്ചാത്തലങ്ങളും സിദ്ധാന്തത്തിന്റെയും അനുഷ്ഠാനത്തിന്റെയും രംഗങ്ങളിൽ പ്രായോഗികപരിചയവും ഇടതുപക്ഷ സാംസ്കാരിക സംഘടനകളിലോ രാഷ്ട്രീയകക്ഷികളിലോ തൊഴിലാളിസംഘടനകളിലോ പ്രവർത്തിച്ച അനുഭവങ്ങളും പൊതുവായ ചില ദിഗ്ബോധങ്ങളുമുള്ള ഒരുകൂട്ടമാളുകളുടെ തുടർച്ചയായ സംവാദ–സഹകരണങ്ങളിൽനിന്ന് ഉരുത്തിരിഞ്ഞ ഒരു കൂട്ടായ്മയാണ് 'സൊസൈറ്റി ഫോർ സോഷ്യലിസ്റ്റ് സ്റ്റഡീസ്.' 1983–ൽ അതിന്റെ രൂപീകരണം പ്രഖ്യാപിക്കുന്ന രേഖ ഈ കൂട്ടായ്മയെ ഇങ്ങനെ വിശദീകരിച്ചു: ''മാർക്സിയൻ ലോകവീക്ഷണത്തിൽ ഉറച്ചുനിന്നുകൊണ്ട് ഇന്നത്തെ അവസ്ഥയെ വിശകലനം ചെയ്യാനുള്ള കൂട്ടായ ഒരുശ്രമമാണ് ഈ സൊസൈറ്റി. ഭരണകൂടത്തിന്റെ മർദ്ദന നയങ്ങളെയും അധീശവർഗ്ഗപ്രത്യയശാസ്ത്രത്തിന്റെ വർദ്ധിച്ചു വരുന്ന സ്വാധീനത്തേയും ഫലപ്രദമായി പ്രതിരോധിക്കുന്നതിൽ നിലവിലുള്ള ഇടതുപക്ഷപാർട്ടികളും ഗ്രൂപ്പുകളും വിജയിക്കുന്നില്ലെന്ന ബോധമാണ് ഈ സംരംഭത്തിന്റെ ആരംഭബിന്ദു. എന്നാൽ, 'എന്തുകൊണ്ട് ഇടതുപക്ഷപ്രസ്ഥാനങ്ങൾ പിന്നോട്ടടിക്കുന്നു?' എന്ന ചോദ്യത്തിന് ലളിതമായ മറുപടികളില്ലെന്നും പ്രയോഗത്തിന്റെ തലത്തിലുണ്ടായിട്ടുള്ള തിരിച്ചടികളെ വിശകലനം ചെയ്യാൻ ദേശീയവും അന്തർദേശീയവുമായ പ്രശ്നങ്ങളെക്കുറിച്ച് ആഴത്തിലുള്ള സൈദ്ധാന്തികപഠനവും നിഷ്കൃഷ്ടമായ ഗവേഷണവും ആവശ്യമാണെന്നും ഞങ്ങൾ കരുതുന്നു. അതുകൊണ്ടുതന്നെ ഈ സൊസൈറ്റി ഏതെങ്കിലും പാർട്ടിയുടെയോ ഗ്രൂപ്പിന്റെയോ ഘടകമല്ല, പുതിയൊരു പാർട്ടിക്കുള്ള ശ്രമവുമല്ല. സൈദ്ധാന്തിക പ്രയോഗമാണ് ഈ സൊസൈറ്റിയുടെ അടിസ്ഥാനപരമായ പ്രവർത്തനമേഖല; പ്രായോഗികരാഷ്ട്രീയമല്ല. സിദ്ധാന്തത്തെ ബൗദ്ധികവ്യായാമമായും പ്രായോഗിക പ്രവർത്തനത്തെമാത്രം 'പ്രയോഗ'മായും കണക്കാക്കുന്ന സാമാന്യബോധത്തിന്റെ കാഴ്ചപ്പാടിൽ നിന്നല്ല ഞങ്ങൾ സിദ്ധാന്ത–പ്രയോഗസമഗ്രതയെ കാണുന്നത്. ഇന്ന് സൈദ്ധാന്തികരംഗത്തെ പ്രവർത്തനത്തിന്റെ പ്രാമുഖ്യം പ്രത്യേകം ഊന്നുന്നതിനുകൂടിയാണ് 'സൈദ്ധാന്തിക പ്രയോഗ'മെന്ന പരികല്പന ഇവിടെ ഉപയോഗിക്കുന്നത്. രാഷ്ട്രീയത്തിന്റെ സമഗ്രതലം മുതൽ ദൈനംദിന ജീവിതത്തിന്റെ സൂക്ഷ്മതലം വരെ പ്രതിലോമാശയങ്ങൾ ആധിപത്യമുറപ്പിച്ചു വരുന്ന ഈ ദശാസന്ധിയിൽ സിദ്ധാന്തത്തിന്റെയും പ്രയോഗത്തിന്റെയും രംഗങ്ങളിലുള്ള ഉത്തരവാദിത്തത്തിന്റെ ഗൗരവത്തെപ്പറ്റി ഞങ്ങൾ ബോധവാന്മാരാണ്. സോഷ്യലിസ്റ്റുതത്വശാസ്ത്രത്തിന്റെ നേതൃനായകത്വം സംസ്ഥാപിക്കുകയെന്നത് സങ്കീർണ്ണവും ദീർഘവുമായ ഒരു പ്രക്രിയയായിരിക്കുമെന്നും ഞങ്ങൾ മനസ്സിലാക്കുന്നു. ആ രംഗത്ത് ഒരു തുടക്കം മാത്രമാണ് ഈ സൊസൈറ്റി. സമൂഹത്തിലെ ചലനങ്ങളോട് പരാങ്മുഖത്വം പുലർത്തുന്ന കപടമായ ആത്മസംതൃപ്തിയിലേക്കു വഴുതിപ്പോകാതിരിക്കാൻ ഞങ്ങൾ കഴിവതും ശ്രദ്ധിക്കും. സമ്പദ്‌വ്യവസ്ഥ, ചരിത്രം, സംസ്കാരം എന്നിങ്ങനെ സാമൂഹ്യജീവിതത്തിന്റെ എല്ലാ തലങ്ങളിലെയും പ്രശ്നങ്ങളെപ്പറ്റി മാർക്സിയൻ കാഴ്ചപ്പാടിൽ നിന്നുകൊണ്ടുള്ള വിശകലനങ്ങൾ, ബോധവല്ക്കരണം, വൃത്താന്തമലിനീകരണത്തിന്റെയും, പത്രസംസ്കാരത്തിന്റെയും മാരകസ്വാധീനത്തെ ചെറുക്കാൻ പ്രാപ്തമായ ഉപാധികൾ സൃഷ്ടിക്കൽ എന്നിവയിലായിരിക്കും ഞങ്ങൾ പ്രാഥമികമായും ഊന്നുന്നത്.''

ഇങ്ങനെ ഇടതുപക്ഷത്തിന്റെ പൊതുപ്രശ്നങ്ങളെ സ്വയം വിമർശനപരമായി ഉൾക്കൊണ്ടുതന്നെ അതിനകത്ത് സ്വതന്ത്രമായ ഒരു സൈദ്ധാന്തിക സ്ഥലം വികസിപ്പിച്ചെടുക്കാനുള്ള പ്രായോഗിക സാഹോദര്യമാണ് സൊസൈറ്റി. വലതുപക്ഷത്തിനെതിരായ പ്രായോഗിക രാഷ്ട്രീയ സമരങ്ങളിൽ സജീവമായി പങ്കെടുത്തുകൊണ്ടുതന്നെ വലതുപക്ഷ പ്രത്യയശാസ്ത്രങ്ങൾക്കെതിരായ സൈദ്ധാന്തിക കലാപങ്ങൾക്ക് ആക്കം കൂട്ടുകയും, സോഷ്യലിസ്റ്റുവിരുദ്ധമായ ആശയങ്ങൾക്കെതിരായ വിവാദങ്ങൾ നടത്തിക്കൊണ്ട് ചർച്ചകളിലിടപെടുകയും ചെയ്യുന്ന ഒരു സമീപനമാണ് സൊസൈറ്റി അംഗങ്ങൾ പൊതുവേ സ്വീകരിച്ചിട്ടുള്ളത്. പ്രായോഗികവും സൈദ്ധാന്തികവുമായ ഈ സമരങ്ങളിലും ആത്മസമരങ്ങളിലും കൂടി സ്വന്തം ഭൂതകാലത്തെ സ്വാധീനിച്ചിരുന്ന, പലപ്പോഴും തീവ്രവാദരൂപങ്ങളിലവതരിച്ചിരുന്ന, പ്രതിലോമാശയങ്ങളിൽ നിന്ന് മുക്തി നേടാനും വിഭാഗീയമല്ലാത്ത ഇടതുപക്ഷ വീക്ഷണങ്ങൾ വികസിപ്പിക്കാനും അവർ പരിശ്രമിച്ചുപോന്നിട്ടുണ്ട്. ഇന്നും തുടരുന്ന ഒന്നാണ് ഈ സമരം. ഇതിന്റെ ഭാഗങ്ങളെന്ന നിലയിലാണ് സൊസൈറ്റിയുടെ ദിഗ്ബോധം പങ്കിടുന്ന വിവിധ സംഘടനകൾ കഴിഞ്ഞ നാലിലേറെ വർഷങ്ങളായി വിഭിന്ന വിഷയങ്ങളെക്കുറിച്ച് ചർച്ചകളും സിംപോസിയങ്ങളും പ്രഭാഷണ പരമ്പരകളും ലഘുലേഖാ പ്രസിദ്ധീകരണങ്ങളും മറ്റും നടത്തിപ്പോന്നിട്ടുള്ളത്.

സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന ആദ്യത്തെ പൊതുയോഗം 'നിളാ പബ്ലിക്കേഷൻസി'ന്റെ 'കലാവിമർശം: മാർക്സിസ്റ്റ് മാനദണ്ഡം' എന്ന ഗ്രന്ഥത്തിന്റെ പ്രകാശനത്തോടനുബന്ധിച്ചായിരുന്നു. 1983 സെപ്റ്റംബർ 24–ാം തിരുവനന്തപുരത്തു നടന്ന ഈ യോഗത്തിൽവെച്ച് സ: കെ. ആർ. ഗൗരി പുസ്തക പ്രകാശനം നിർവ്വഹിച്ചു. കേരളീയ സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ഉപരിവർഗ്ഗ സ്വാധീനത്തെ സോദാഹരണം വ്യക്തമാക്കുന്നതായിരുന്നു അവരുടെ പ്രസംഗം. ഇടതുപക്ഷം പരാജയപ്പെട്ടന്നിടത്ത് വലതുപക്ഷം വിജയിക്കുന്നതിനുദാഹരണമായി, ശങ്കരാചാര്യരുടെ ഒരൊററ പ്രസ്താവം 'മലയാള മനോരമ' പത്രത്തിന്റെ പ്രചാരം ഗണ്യമായി കുറച്ച കാര്യം അവർ ചൂണ്ടിക്കാട്ടി. ഐ. വി. ശശിയുടെ 'അങ്ങാടി' എന്ന ചലച്ചിത്രം കാണാൻ, അതു് ജനകീയ കലയാണെന്നു് തെററിദ്ധരിച്ച് ഒരു സഖാവു് തന്നെ നിർബ്ബന്ധിച്ച കാര്യവും അവരോർമ്മിച്ചു—വലതുപക്ഷത്തിന്റെ ജനപ്രിയ സാംസ്കാരികോത്പന്നങ്ങളിൽ ഇടതുപക്ഷം പോലും ഭ്രമിച്ചുപോകുന്നതിനു് ഇതു് ഒരുദാഹരണമായി. പുസ്തകത്തിന്റെ ഉള്ളടക്കവും പ്രത്യയശാസ്ത്രപരമായ പ്രസക്തിയും വ്യക്തമാക്കുന്ന സച്ചിദാനന്ദന്റെ അവതരണ പ്രബന്ധത്തെത്തുടർന്ന് 'കേരളത്തിലെ സാംസ്കാരിക രംഗം: പുരോഗമന–പ്രതിലോമ പ്രവണതകൾ' എന്നവിഷയത്തെക്കുറിച്ച് ചർച്ച നടന്നു. സഖാക്കൾ ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്, ബി. രാജീവൻ, പി. ഗോവിന്ദപ്പിള്ള, സി. അച്യുതമേനോൻ, കെ. വി. സുരേന്ദ്രനാഥ് എന്നിവർ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു. ജനങ്ങളാണ് സംസ്കാരത്തിന്റെ യഥാർത്ഥസ്രഷ്ടാക്കൾ എന്ന ആശയത്തിലൂന്നിയാണ് സ: ഇ. എം. എസ്സ്. സംസാരിച്ചതു്; പുരോഗമനസാഹിത്യ പ്രസ്ഥാനത്തെ സ്വയം വിമർശനപരമായി വിലയിരുത്തേണ്ടതിന്റെ ആവശ്യവും

അദ്ദേഹം ചൂണ്ടിക്കാട്ടി. ഫ്രാങ്ക്ഫർട്ട്സ്കൂളിന്റെയും മറ്റും നിയോ–മാർക്സിസ്റ്റ് ആശയങ്ങളെ സ: ഗോവിന്ദപ്പിള്ള വിമർശനവിധേയമാക്കിയപ്പോൾ, ഗ്രാംഷിയുടെ സാംസ്കാരിക വിമർശനങ്ങളുടെ പ്രസക്തിയിലാണ് സ: അച്യുതമേനോൻ ഊന്നിയത്. കലയുടെ അടിസ്ഥാനപരമായ സാമൂഹിക സ്വഭാവവും ഉപരിഘടനയുടെ ആത്യന്തികമായ സാമ്പത്തിക നിർണ്ണയനവും ബി. രാജീവൻ വിശദീകരിച്ചു. ടി. കെ. രാമചന്ദ്രന്റെ സ്വാഗതപ്രസംഗം 'സൊസൈറ്റി ഫോർ സോഷ്യലിസ്റ്റ്സ്റ്റഡീസി'ന്റെ ഉദ്ദേശ്യ–ലക്ഷ്യങ്ങൾ ഹ്രസ്വമായി അവതരിപ്പിച്ചുകൊണ്ടുള്ളതായിരുന്നു. രവീന്ദ്രൻ കൃതജ്ഞതാപ്രകടനം നടത്തി.

സൊസൈറ്റിയുടെ വികേന്ദ്രീകൃത പ്രവർത്തനങ്ങളുടെ ഭാഗമായി കൊടുങ്ങല്ലൂരിലെ 'മീറ്റ്–ടു–ലേൺ,' എറണാകുളത്തെ 'നിള റീഡേഴ്സ് ഫോറം', തലശ്ശേരിയിലെ 'പ്രാക്സിസ്' 'സോഷ്യലിസ്റ്റ്ഫോറം' എന്നീ പഠനവൃത്തങ്ങൾ പ്രഭാഷണ–പ്രദർശനാദികൾ സംഘടിപ്പിച്ചുപോന്നിട്ടുണ്ട്. കൊടുങ്ങല്ലൂരിലെ മീറ്റ്–ടു–ലേൺ കഴിഞ്ഞ മൂന്നുവർഷങ്ങൾക്കിടയ്ക്ക് സംഘടിപ്പിച്ച പ്രഭാഷണങ്ങളുടെ പ്രമേയങ്ങളും അവതാരകരും താഴെ ചേർക്കുന്നു: 1. മാർക്സിസ്റ്റുസൗന്ദര്യശാസ്ത്രം (സച്ചിദാനന്ദൻ) 2. പാർലമെന്ററി ജനാധിപത്യവും ഇൻഡ്യൻ വിപ്ലവവും (സി. അച്യുതമേനോൻ) 3. വനിതാവിമോചനത്തിന്റെ പ്രശ്നങ്ങൾ കേരളത്തിൽ (പ്രൊഫ. മീനാക്ഷിതമ്പാൻ) 4. നവഹൈന്ദവവാദം: ഒരു മിഥ്യയുടെ വളർച്ച (എം. മുരളീധരൻ) 5. സിനിമ പ്രചരിപ്പിക്കുന്ന പ്രത്യയശാസ്ത്രം (കെ. രവീന്ദ്രൻ) 6. നിയമവ്യവസ്ഥയും പൗരാവകാശ പ്രസ്ഥാനങ്ങളും (ജസ്റ്റിസ് ടി. ചന്ദ്രശേഖരമേനോൻ) 7. ഭാരതീയസംസ്കാരം (പ്രൊഫ. വി. അരവിന്ദാക്ഷൻ) 8. യേശു: ചരിത്രത്തിലും വിശ്വാസത്തിലും (ഫാ: ഏസ്. കാപ്പൻ) 9. കൊടുങ്ങല്ലൂരിന്റെ ചരിത്രം: മിഥ്യയും യാഥാർത്ഥ്യവും (ഡോ. രാജൻഗുരുക്കൾ, എം. ആർ. രാഘവവാരിയർ) ഇതേ കാലയളവിൽ തന്നെ കൊടുങ്ങല്ലൂരിലെ 'കമ്മ്യൂണിസ്റ്റ്സ് ഫോർ ലെഫ്റ്റ് യൂനിറ്റി'യുടെ ആഭിമുഖ്യത്തിൽ 1951–ലെ കമ്മ്യൂണിസ്റ്റ് പാർട്ടി നയപ്രഖ്യാപനരേഖ വിമർശനാത്മകമായ ഒരു മുഖവുരയോടെ പ്രസിദ്ധീകരിക്കുകയുണ്ടായി. കെ. ദാമോദരന്റെ 'ഒരിന്ത്യൻ കമ്മ്യൂണിസ്റ്റിന്റെ ഓർമ്മക്കുറിപ്പുകൾ,' സി. അച്യുതമേനോന്റെ 'നമ്മുടെ ജനപ്രതിനിധികൾ ഒരു വരേണ്യ വർഗ്ഗമായിത്തീർന്നിട്ടില്ലേ?' എന്നീ ലഘുലേഖകളും സി. എഫ്. എൽ. യു. പുറത്തിറക്കി. ജനപ്രതിനിധിസഭകളെയും തെരഞ്ഞെടുപ്പുകളേയും വർഗ്ഗസമരത്തിന്റെ ഭാഗമായിക്കാണുന്ന ലെനിനിസ്റ്റ്കാഴ്ചപ്പാടിൽ നിന്നുകൊണ്ടും ഇടതുപക്ഷഐക്യത്തിന്റെ അനിവാര്യതയിലൂന്നിക്കൊണ്ടും കഴിഞ്ഞ രണ്ടുനിയമസഭാതെരഞ്ഞെടുപ്പുകളിലും സംഘടന ഇടതുപക്ഷമുന്നണിയ്ക്കു വേണ്ടി പ്രവർത്തിച്ചു.

1985 ജൂൺ 9–ന്നാണ് എറണാകുളത്തെ 'നിളാ റീഡേഴ്സ് ഫോറം' ഉദ്ഘാടനം ചെയ്യപ്പെട്ടത്. ഉദ്ഘാടനയോഗത്തിൽ 'പൗരാവകാശ സംരക്ഷണവും ജനങ്ങളുടെ ബോധവത്കരണവും' എന്ന വിഷയത്തെ ആസ്പദമാക്കി ജസ്റ്റിസ് സുബ്രഹ്മണ്യം പോറ്റിയും 'നിയമവാഴ്ചയും ജനാധിപത്യസ്ഥാപനങ്ങളും: ഇന്നത്തെ ഇൻഡ്യയിൽ' എന്ന വിഷയമവതരിപ്പിച്ച് ജസ്റ്റിസ് ടി. ചന്ദ്രശേഖരമേനോനും സംസാരിച്ചു. '85ഓഗസ്റ്റ് 12–ാംനു-നടന്ന രണ്ടാം യോഗത്തിൽ 'കല, സമൂഹം, മാർക്സിസം' എന്ന വിഷയം സച്ചിദാനന്ദൻ അവതരിപ്പിച്ചു. ജനപ്രിയകലയുടെ പ്രത്യയശാസ്ത്രവിവക്ഷകൾ അനാവരണം ചെയ്യുകയും ആധുനിക പാരായണസിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ ബൂർഷ്വാവിമർശനസ്ഥാപനത്തിന്റെ പരികല്പനകളെ എതിർക്കുകയുമാണ് പ്രഭാഷകൻ ചെയ്തത്. വ്യാഖ്യാനത്തിന്റെ സാധുതയുടെ പ്രശ്നമുയർത്തിക്കൊണ്ട് സ: പി. ഗോവിന്ദപ്പിള്ളയും കലയുടെ മൂല്യനിർണ്ണയത്തിന്റെ ചോദ്യമുന്നയിച്ചുകൊണ്ട് ബാലചന്ദ്രൻ ചുള്ളിക്കാടും തുടർന്നു നടന്ന ചർച്ചകളെ സമ്പന്നമാക്കി. 'കേരളത്തിലെ വിഖ്യാതമായ സാമ്പത്തിക പ്രതിസന്ധി' എന്ന വിഷയത്തെക്കുറിച്ചുള്ള പ്രഭാഷണപരമ്പരയായിരുന്നു 'നിള'യുടെ അടുത്തപരിപാടി. '85 ഒക്ടോബർ 26–ാംനു- ഡോ. മാത്യുകുര്യൻ നടത്തിയ ഉദ്ഘാടന പ്രഭാഷണത്തിൽ കേരളീയ സാമ്പത്തിക പ്രതിസന്ധിയുടെ അന്തർദ്ദേശീയ പശ്ചാത്തലം വിശദമാക്കി. വ്യാവസായിക മുരടിപ്പും നാണയപ്പെരുപ്പവും ചേർന്നുണ്ടാക്കുന്ന പ്രശ്നങ്ങളുടെ ഉത്തരവാദിത്തം തൊഴിലാളിവർഗ്ഗത്തിന്നുമേൽ കെട്ടിവെയ്ക്കുന്നതിന്റെ പൊള്ളത്തരം, പണിമുടക്കുകളുടെയും ലേ–ഓഫുകളുടെയും കണക്കുകളുദ്ധരിച്ച് അദ്ദേഹം തുറന്നു കാട്ടി. പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ചയും വ്യവസായമൂലധനത്തിന്റെ വളർച്ചയില്ലായ്മയും ചേർന്നുണ്ടാക്കിയ അവസ്ഥയെ അടുത്തു കാണാനാണ് 'കേരളത്തിലെ വ്യാവസായിക പ്രതിസന്ധി: ചരിത്രപരമായ ഒരന്വേഷണം' എന്ന പ്രബന്ധത്തിലൂടെ മൈക്കേൽ തരകനും ഐസക് തോമസ്സും ശ്രമിച്ചത്. കൊളോണിയൽ ഘട്ടത്തെക്കുറിച്ച് മൈക്കേൽ തരകനും കൊളോണിയലിസത്തിനുശേഷമുള്ള ഘട്ടത്തെക്കുറിച്ച് ഐസക്തോമസ്സും പ്രതിപാദിച്ചു. ഇന്ത്യയിൽ ഒരു സ്വതന്ത്ര മുതലാളിത്തമുണ്ടെന്ന് അവർ പ്രബന്ധത്തിൽ എടുത്തുകാട്ടി. 'കേരളത്തിലെ ധനകാര്യപ്രതിസന്ധി' എന്ന പ്രബന്ധത്തിൽ കേരളീയാവസ്ഥയെ ധനകാര്യപരമായി സമീപിക്കാനാണ് കുഞ്ഞാമൻ ശ്രമിച്ചത്. അനന്തകൃഷ്ണൻ, എം. മുരളീധരൻ, കുട്ടിക്കൃഷ്ണൻ, ടി. കെ. രാമചന്ദ്രൻ എന്നിവർ ചർച്ച സജീവമാക്കി. പിറ്റേന്നുനടന്ന 'കേരളത്തിലെ സാമ്പത്തിക പ്രതിസന്ധിയും സാംസ്കാരികരംഗവും' എന്ന ചർച്ചയിൽ സച്ചിദാനന്ദനും ടി. കെ. രാമചന്ദ്രനും വിഷയമവതരിപ്പിച്ചു സംസാരിച്ചു. സാംസ്കാരികരംഗത്തെ പ്രശ്നങ്ങളെ സമീപിക്കുന്നതിനുള്ള ഒരു പൊതുവായ ചട്ടക്കൂടുവികസിപ്പിക്കുവാൻ പുതിയ ഇടതുപക്ഷ പരികല്പനകളെ എങ്ങിനെ പ്രയോജനപ്പെടുത്താം എന്നതായിരുന്നു ടി. കെ. രാമചന്ദ്രന്റെ അന്വേഷണം. ആധുനിക സാഹിത്യവും നവവിമർശനവും അരാഷ്ട്രീയ പ്രതികരണവേദികളും ചേർന്നുയർത്തുന്ന പുതിയ ബൂർഷ്വാ രാഷ്ട്രീയത്തിന്റെ വെല്ലുവിളികളായിരുന്നു സച്ചിദാനന്ദന്റെ പ്രമേയം. എൻ. സുഗതൻ, എ. നന്ദകുമാർ, ബി. രാജീവൻ എന്നിവർ യഥാക്രമം സാഹിത്യവും ചിത്രകലയും പൊതുസിദ്ധാന്തവുമായി ചർച്ചയെ ബന്ധപ്പെടുത്തി സംസാരിച്ചു. ഡോ. രാജൻഗുരുക്കൾ, അനന്തകൃഷ്ണൻ, മൈത്രേയൻ എന്നിവരും ചർച്ചകളിൽ പങ്കെടുത്തു. യോഗാനന്തരം ഷേക്സ്പിയറുടെ 'മാക്ബെത്' നാടകം അധികാരവിശകലനത്തിലൂന്നുന്ന പുതിയ രീതിയിൽ രാമചന്ദ്രൻ മൊകേരിയുടെ നേതൃത്വത്തിൽ അവതരിക്കപ്പെട്ടു. 'സാമ്പത്തിക പ്രതിസന്ധിയും തൊഴിലാളിവർഗ്ഗവും' എന്നതായിരുന്നു 1986ജൂൺ 4–ാംനു-നടന്ന അടുത്ത യോഗത്തിന്റെ വിഷയം. കേരളത്തിലെ വ്യവസായമാന്ദ്യത്തിന്ന് കാരണം തൊഴിലാളികളല്ലെന്നും ഗവൺമെന്റിന്റെ തൊഴിലാളി വിരുദ്ധനയങ്ങളാണ് പ്രതിസന്ധി സൃ

ഷ്ടിച്ചിരിക്കുന്നതെന്നും കേരളാസ്റ്റേററ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, കൊച്ചി കപ്പൽ നിർമ്മാണശാല എന്നീ പൊതുമേഖലാസ്ഥാപനങ്ങളെക്കുറിച്ചുള്ള സവിശേഷപഠനത്തിലൂടെ സ: കെ. വിജയചന്ദ്രൻ വ്യക്തമാക്കി. ഈ വിമർശനത്തെ മററുരീതികളിൽ വികസിപ്പിക്കുകയായിരുന്നു സി. ഐ. ടി. യു. വിന്റെ ജില്ലാസെക്രട്ടറിയായ സ: വി.ബി. ചെറിയാൻ ചെയ്തത്. സ്വയംവിമർശനാത്മകമായ തന്റെ പ്രസംഗത്തിൽ, മർദ്ദിതവർഗ്ഗ രാഷ്ട്രീയത്തിൽ കടന്നുകൂടിയിട്ടുള്ള സ്വാർത്ഥപരതയുംമറ്റുമുള്ള ബൂർഷ്വാമൂല്യങ്ങളെ സഖാവ് വിമർശിച്ചു. സ്ത്രീവിമോചനംപോലുള്ള പ്രശ്നങ്ങളിൽ സവിശേഷബോധം വളർത്തേണ്ടതിന്റെ ആവശ്യകതയും തൊഴിലാളിവർഗ്ഗ നേതൃത്വം വികസിപ്പിക്കേണ്ടതിന്റെ അനിവാര്യതയും തൊഴിൽരഹിതരെ അന്യവത്കരിക്കാതെ മുഖ്യവിപ്ലവധാരയിലേയ്ക്കു നയിക്കുന്നതിന്റെ പ്രാധാന്യവും അദ്ദേഹം വിശദീകരിച്ചു. ടി കെ രാമചന്ദ്രൻ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു.

തലശ്ശേരിയിലെ 'പ്രാക്സിസ്' നടത്തിയ മുഖ്യപരിപാടി '85 ഓഗസ്ററ് – നവംബറിൽ നടത്തിയ ഫാസിസത്തെക്കുറിച്ചുള്ള പ്രഭാഷണപരമ്പരയും, '85 സെപ്തംബറിൽ നടത്തിയ പുസ്തകപ്രദർശനവുമായിരുന്നു. 'ഫാസിസ്ററ് വിരുദ്ധസമരത്തിന്റെ വിജയം: പാഠങ്ങളും പുതിയ പ്രശ്നങ്ങളും' എന്നതായിരുന്നു ആദ്യചർച്ചയുടെ വിഷയം. സ : എം. കെ. കേളുവേട്ടന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ സഖാക്കൾ പി. ആർ. നമ്പ്യാർ, വി. വി. ദക്ഷിണാമൂർത്തി, ടി. കെ. രാമചന്ദ്രൻ എന്നിവർ സംസാരിച്ചു. 'ഫാസിസം: മനഃശാസ്ത്രസിദ്ധാന്തങ്ങൾ' എന്ന രണ്ടാം യോഗത്തിന്റെ വിഷയാവതരണം നടത്തിയത് പ്രൊഫ. എം. എൻ. വിജയൻ ആയിരുന്നു. നവംബറിൽ നടന്ന 'ഫാസിസം: ചരിത്രവും പ്രത്യയശാസ്ത്രവും' എന്ന ചർച്ച എം. മുരളീധരൻ അവതരിപ്പിച്ചു. സെപ്തംബറിൽ നടന്ന വിപുലമായ പുസ്തക പ്രദർശനത്തോടനുബന്ധിച്ച് 'വായനയുടെ രാഷ്ട്രീയ'ത്തെക്കുറിച്ചുള്ള സച്ചിദാനന്ദന്റെ പ്രഭാഷണം, ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതാപാരായണം, ഡോ. ടി. പി. സുകുമാരന്റെ സോളോ തബലവായന, കോഴിക്കോട് റാഡിക്കൽ തിയ്യേറ്റേഴ്സിന്റെ 'മക്ബത്ത്' നാടകാവതരണം എന്നിവ നടന്നു. 1987 ഫെബ്രുവരി 8 മുതൽ 15 വരെ 'പ്രാക്സിസ്സി'ന്റെയും 'റാഡിക്കൽ റീഡേഴ്സ് ഫോറത്തി'ന്റെയും സംയുക്താഭിമുഖ്യത്തിൽ കാഞ്ഞങ്ങാട്ടുവെച്ച് മറെറാരു പുസ്തകപ്രദർശനം നടന്നു. പ്രദർശനത്തോടനുബന്ധിച്ച് 'വർഗ്ഗീയത: സാമൂഹ്യാടിസ്ഥാനങ്ങളും പ്രത്യയശാസ്ത്ര വിവക്ഷകളും' എന്ന വിഷയത്തെക്കുറിച്ച് എം. മുരളീധരനും, 'കേരളത്തിലെ സാംസ്ക്കാരിക രംഗം—പുരോഗമന, പ്രതിലോമ പ്രവണതകൾ' എന്ന വിഷയത്തെക്കുറിച്ച് ടി. കെ. രാമചന്ദ്രനും പ്രഭാഷണങ്ങൾ നടത്തി. തലശ്ശേരിയിലെ 'സോഷ്യലിസ്ററു ഫോറം' കഴിഞ്ഞ അസംബ്ലി തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് 1987 മാർച്ച് 7മുതൽ നാലുദിവസം 'എന്തുകൊണ്ട് ഇടതുപക്ഷം' എന്ന ഒരു പ്രഭാഷണ പരമ്പര സംഘടിപ്പിച്ചു. സച്ചിദാനന്ദൻ, പ്രൊഫ. എം. എൻ. വിജയൻ, ഡോ. ടി. പി. സുകുമാരൻ, ഭാസുരേന്ദ്രബാബു എന്നിവരായിരുന്നു പ്രഭാഷകർ. കോഴിക്കോട്ട് റാഡിക്കൽ തിയ്യേറേഴ്സിന്റെ '1957—'87' എന്ന രംഗാവതരണവും ഇതോടനുബന്ധിച്ചു നടന്നു.

സിദ്ധാന്തത്തിന്റെയും. പ്രയോഗത്തിന്റെയും സവിശേഷ മണ്ഡലങ്ങളിൽ വർഗ്ഗസമരത്തെ വികസിപ്പിക്കുവാനുള്ള സൊസൈററിയുടെ യത്നത്തിന്റെ ഭാഗമായാണ് 'സോഷ്യലിസ്ററ് അദ്ധ്യാപനവേദി' രൂപം കൊണ്ടത്. 1986 ഓഗസ്ററ് 9—ാംനു എറണാകുളത്ത് കൂടിയ വേദിയുടെ നയപ്രഖ്യാപന രേഖ വേദിയുടെ പ്രസക്തി ഇങ്ങിനെ വിശദീകരിച്ചു: "ഇൻഡ്യയിൽ മൗലികമായ ഒരു സോഷ്യലിസ്ററു പരിവർത്തനം സംഭവിക്കണമെന്നാഗ്രഹിക്കുന്നവരിൽനിന്ന് സൂക്ഷ്മവും ദീർഘവും സഹനപൂർണ്ണവുമായ പ്രവർത്തനമാവശ്യപ്പെടുന്ന ഒരു ചരിത്ര സന്ധിയാണിത്. ഇന്ത്യൻ മുതലാളിത്തത്തിന്റെ പ്രത്യയശാസ്ത്ര രൂപീകരണം പൂർണ്ണമായി വരികയാണ്; ഒപ്പം അതിന്റെ പീഡനോപാധികളും സുഘടിതമായി വരുന്നു. അധീശവർഗ്ഗങ്ങളുടെ അതിപരിഷ്കൃതമായ തന്ത്രങ്ങൾ വിപ്ലവവർഗ്ഗങ്ങളിൽനിന്ന് പുതിയ സങ്കല്പനോപാധികളും ശ്രദ്ധാപൂർവ്വമായ ചുവടുവെപ്പുകളും ആവശ്യപ്പെടുന്നു. മതപുനരുത്ഥാനവാദങ്ങൾ മുതൽ ആധുനിക മാനേജ്മെൻറ് തന്ത്രങ്ങൾവരെയുള്ള പഴയതും പുതിയതുമായ അവതാരങ്ങളിൽ ഉപരിവർഗ്ഗാശയങ്ങൾ എല്ലാ മണ്ഡലത്തിലും അധീശത്വം സ്ഥാപിക്കാൻ ശ്രമിക്കുന്നു. മാദ്ധ്യമങ്ങളെല്ലാം അവയുടെ സംക്രമണത്തിനു സജ്ജമാക്കപ്പെട്ടിരിക്കുന്നു. പുരോഗമന രാഷ്ട്രീയത്തിന്റെ ആദ്യവിജയങ്ങൾക്കു സാക്ഷ്യം വഹിച്ച കേരളത്തെപ്പോലും പ്രതിലോമ പ്രത്യയശാസ്ത്രങ്ങൾ അതിവേഗം ഗ്രസിക്കുകയാണ്. ശത്രുവർഗ്ഗാശയങ്ങൾ അധീശത്വം നേടുകയും വിപ്ളവം ഒരാസന്ന സാദ്ധ്യതല്ലാതിരിക്കുകയും ചെയ്യുന്ന ഇത്തരം ഇടവേളകൾ ബുദ്ധിജീവികളിൽനിന്നാവശ്യപ്പെടുന്നത് ജനജീവിതത്തിന്റെ ഓരോ സവിശേഷമേഖലയിലും സോഷ്യലിസ്ററ് സിദ്ധാന്തത്തിന്റെ നേതൃത്വം സ്ഥാപിച്ചെടുക്കാനുള്ള ക്ഷമാപൂർവ്വമായ പ്രയത്നമാണ്. അദ്ധ്യാപകരും സ്വന്തം മേഖലയിൽ ഈ സമരത്തിന്റെ ഭാരിച്ച ഉത്തരവാദിത്തങ്ങൾ ഏറെറടുക്കേണ്ടതുണ്ട്.

''ഉപരിവർഗ്ഗ പ്രത്യയശാസ്ത്രത്തിന്റെ പുനരുത്പാദനത്തിൽ സുപ്രധാനമായ പങ്കാണ് വിദ്യാഭ്യാസ വ്യവസ്ഥയ്ക്കുള്ളത്. എല്ലാ വിജ്ഞാന മേഖലകളിലും നിലനിൽക്കുന്ന വർഗ്ഗബന്ധങ്ങളുടെ ചൂഷണാത്മക സ്വഭാവം മറച്ചുവെച്ച് അവയെ 'സ്വാഭാവികമായും' ഗീകരിച്ച് അവയുടെ മൂല്യങ്ങൾ സ്വായത്തമാക്കാൻ വിദ്യാർത്ഥികളെ സന്നദ്ധരാക്കുകയാണ് മുതലാളിത്ത വിദ്യാഭ്യാസ രീതിയുടെ പ്രത്യയശാസ്ത്രപരമായ ധർമ്മം. അറിവിനെ അധികാരവ്യവസ്ഥയുമായി ബന്ധപ്പെടുത്തുന്ന സമവാക്യങ്ങളിലൂടെ വിജ്ഞാനത്തെ മൂലധനമാക്കി മാററുകയാണ് അതു ചെയ്യുന്നത്. വിദ്യാഭ്യാസ മേഖലയിലെ വർദ്ധിച്ചുവരുന്ന സ്വകാര്യവത്കരണത്തിനും വാണിജ്യവത്കരണത്തിനും വരേണ്യവത്കരണത്തിനുമെതിരെ, വിദ്യാഭ്യാസത്തിന്റെ ജനകീയവത്കരണത്തിന്നായുള്ള നമ്മുടെ സമരം വർഗ്ഗസമരത്തിന്റെതന്നെ വിദ്യാഭ്യാസ മണ്ഡലത്തിലെ ആവിഷ്ക്കരണമാണ്.'' നിലനില്ക്കുന്ന ഇടതുപക്ഷ അദ്ധ്യാപക സംഘടനകളുടെ ദൈനംദിന പ്രവർത്തനങ്ങളിലും സമരങ്ങളിലും ഇഴുകിച്ചേർന്നുകൊണ്ടുതന്നെ അവയ്ക്കനുബന്ധമായ സൈദ്ധാന്തിക—ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുകയാണ് വേദിയുടെ ലക്ഷ്യം. എറണാകുളത്തെ രൂപീകരണയോഗം, ഡോ. രാജൻഗുരുക്കൾ, പി. ജെ. ചെറിയാൻ, കെ. ഗോപാലൻകുട്ടി, പി. ജെ. ഫിലിപ്പ്, ഡോ. ടി. കെ. രാമചന്ദ്രൻ, എം. മുരളീധരൻ, ബി. രാജീവൻ കെ. സച്ചിദാനന്ദൻ എന്നിവരുൾപ്പെട്ട ഒരു പ്രവർത്തക സമിതിയെ തെരഞ്ഞെടുത്തു.

വേദിയുടെ ആദ്യത്തെ പൊതുയോഗം 1986 ഡിസംബർ 8–ാം തിയ്യതി കോഴിക്കോട്ട് വെച്ചുനടന്നു. 'പുത്തൻ വിദ്യാഭ്യാസനയം: ഒരു വിമർശനം' എന്നതായിരുന്നു സിംപോസിയത്തിന്റെ വിഷയം. യോഗത്തെ സ്വാഗതം ചെയ്തുകൊണ്ട് സർവ്വകലാശാലകളുടെ ജനാധിപത്യംതന്നെ വെല്ലുവിളികളെ നേരിടുന്ന വർത്തമാന സാഹചര്യത്തിൽ വിദ്യാഭ്യാസത്തെ പ്രത്യയശാസ്ത്രാടിസ്ഥാനത്തിൽ സമീപിക്കുന്ന ഇത്തരം വേദികളുടെ സവിശേഷ പ്രസക്തിയെക്കുറിച്ച് സച്ചിദാനന്ദൻ സംസാരിച്ചു. മുഖ്യപ്രബന്ധമവതരിപ്പിച്ചുകൊണ്ട് എം. മുരളീധരൻ ഇന്ത്യൻ വിദ്യാഭ്യാസവ്യവസ്ഥയുടെ ചരിത്രം വിശദീകരിച്ചു. കൊളോണിയൽഘട്ടത്തിനുശേഷം, 1950മുതൽ '60 കളുടെ അന്ത്യം വരെയുള്ള കാലയളവിലാണ് ഇന്ത്യൻ ഭരണകൂടം വിദ്യാഭ്യാസത്തോട് ജനപ്രീതികരമായ ഒരു ബൂർഷ്വാ സമീപനം കൈക്കൊണ്ടത്. സാർവ്വലൗകിക വിദ്യാഭ്യാസത്തിനു പ്രാധാന്യം നൽകിയ കോത്താരിക്കമ്മീഷന്റെ സമീപനം ഇന്ത്യൻ ബൂർഷ്വാസിയുടെ പുരോഗമനാത്മകസാദ്ധ്യതയുടെ ഒടുവിലത്തെ കിതപ്പായിരുന്നു. തുടർന്ന്, ആദിശേഷയ്യാക്കമ്മീഷനും പുതിയ വിദ്യാഭ്യാസരേഖയും പ്രതിനിധാനം ചെയ്യുന്ന പുതിയ ഘട്ടത്തിൽ ആ പോപ്പുലിസ്റ്റ്–ലിബെറൽ സമീപനം തീർത്തും ഉപേക്ഷിക്കപ്പെടുന്നു. വിദ്യാഭ്യാസത്തെ നാലുതട്ടുകളായിത്തിരിച്ച് ഉത്പാദനപ്രക്രിയയ്ക്കാവശ്യമായ രീതിയിൽ അദ്ധ്യേതാക്കളെ തരംതിരിക്കുന്ന പശ്ചിമയൂറോപ്യൻ മാതൃകയിലുള്ള ഒരു വിദ്യാഭ്യാസപദ്ധതിയാണ് പുത്തൻ വിദ്യാഭ്യാസനയം വിഭാവനം ചെയ്യുന്നത്. സ്വാതന്ത്ര്യാനന്തരസമ്പദ്ക്രമത്തിൽ വിദ്യാഭ്യാസത്തിനുള്ള നീക്കിവെപ്പ് ഓരോ പഞ്ചവത്സരപദ്ധതിയിലും അനുക്രമം കുറഞ്ഞുകൊണ്ടിരുന്നു. അതിൽതന്നെയും പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള നീക്കിയിരിപ്പാണ് ഗണ്യമായി വെട്ടിച്ചുരുക്കപ്പെട്ടത്. പുത്തൻ വിദ്യാഭ്യാസനയത്തിലെത്തുമ്പൊഴേയ്ക്കും, അളവിൽവന്നുകൊണ്ടിരുന്ന ഈ വ്യതിയാനം ഗുണപരമായ ഒരു വ്യത്യാസമായി മാറുന്നു–ഭരണകൂടം ജനകീയ വിദ്യാഭ്യാസമെന്ന ലക്ഷ്യത്തെത്തന്നെ നിരാകരിക്കുന്നു. മുരളീധരന്റെ പ്രബന്ധാവതരണത്തെത്തുടർന്നു നടന്ന ചർച്ചയിൽ പങ്കെടുത്തു സംസാരിച്ച പ്രൊഫ. ടി. വി. ബാലൻ (എ.കെ.ജി. സി. ടി. സംസ്ഥാന പ്രസിഡൻറ്) പ്രൊഫ. വി. നാരായണൻകുട്ടി (എ. കെ. പി. സി. ടി. എ. സംസ്ഥാന പ്രസിഡൻറ്) എന്നിവർ സാമ്പത്തികമേഖലയെയും വിദ്യാഭ്യാസമേഖലയെയും ബന്ധപ്പെടുത്തിക്കൊണ്ട് പുത്തൻ വിദ്യാഭ്യാസനയത്തെ രൂക്ഷമായി വിമർശിക്കുകയും പ്രായോഗികമായ് ചെറുത്തുനില്പിന്റെ ആവശ്യകത ചൂണ്ടിക്കാട്ടുകയും ചെയ്തു. യോഗാദ്ധ്യക്ഷനായിരുന്ന ഡോ. കെ. എൻ. പണിക്കർ (ജവഹർലാൽ നെഹ്റു യൂനിവേഴ്സിററി, ന്യൂഡൽഹി) വിദ്യാഭ്യാസവ്യവസ്ഥയോടുള്ള ഇൻസ്ട്രുമെൻറലിസ്ററ് സമീപനങ്ങളെ വിമർശിക്കുകയും പ്രത്യയ ശാസ്ത്രാധിഷ്ഠിതമായ സമീപനത്തിന്റെ അനിവാര്യതയിലൂന്നുകയും ചെയ്തു. ശ്രീ, കുഞ്ഞികൃഷ്ണൻ സദസ്സിന്ന് കൃതജ്ഞത പ്രകാശിപ്പിച്ചു.

1987 ജനുവരി 30–ാം തിയ്യതി കോഴിക്കോട്ട്വെച്ച് ഡോ. ബിപൻചന്ദ്ര (ജവഹർലാൽനെഹ്റു യൂനിവേഴ്സിററി)യുടെ നേതൃത്വത്തിൽ 'ആധുനിക ഇന്ത്യാചരിത്രത്തിന്റെ രീതി ശാസ്ത്ര'ത്തെ സംബന്ധിച്ചു നടന്ന ഏകദിന ശില്പശാലയായിരുന്നു അദ്ധ്യാപന വേദിയുടെ അടുത്ത പരിപാടി. ഡോ ബിപൻചന്ദ്രയുമായി ഇന്ത്യൻ കമ്മ്യൂണിസ്ററു പ്രസ്ഥാനത്തെക്കുറിച്ച് ദീർഘമായ ഒരു സംഭാഷണവും നടത്തുകയുണ്ടായി. നേരത്തേ, ഡോ. അശോക്മിത്രയുമായും വേദി ഒരു സംഭാഷണം നടത്തിയിരുന്നു. (ഈ സംഭാഷണങ്ങൾ, വിവിധ വേദികളിലവതരിപ്പിക്കപ്പെട്ട പ്രധാന പ്രബന്ധങ്ങളോടൊപ്പം, 'വിചിന്തന'ത്തിന്റെ പല ലക്കങ്ങളിലായി പ്രസിദ്ധീകരിക്കുന്നുണ്ട്.)

ഇങ്ങിനെ വിഭിന്ന സംഘടനകളിലൂടേയും അവയുടെ പ്രവർത്തനങ്ങളിലൂടേയും ചർച്ചകളിലൂടേയും ജനകീയ പ്രതിപ്രവർത്തനങ്ങളുടെ മൂർത്താനുഭവങ്ങളിലൂടേയും ഉരുത്തിരിഞ്ഞുവന്ന ദിശാബോധവും കൂട്ടായ്മയുമാണ് 'വിചിന്തന'ത്തിന് പിറകിലുള്ളത്. ഇന്ത്യൻ ഇടതുപക്ഷത്തിന്നകത്തെ സംവാദങ്ങൾക്കു വേദിയൊരുക്കാനും ദിനംപ്രതി ശക്തിപ്പെട്ടുവരുന്ന പ്രതിലോമ പ്രത്യയശാസ്ത്രത്തിനും ഭരണകൂടത്തിനുമെതിരായ വിമർശനത്തിന്റെ ഭാരിച്ച കർത്തവ്യമേറെറടുക്കാനും ശ്രമിക്കുന്ന ഒരു പ്രസിദ്ധീകരണമാണ് 'വിചിന്തനം.' 'വിചിന്തന'ത്തിന്റെ പ്രസിദ്ധീകരണ അറിയിപ്പിൽ നിന്ന് ചില വരികളുദ്ധരിച്ച് ഈ ദ്രുതസമീക്ഷയ്ക്കു വിരാമമിടട്ടെ: "സൈദ്ധാന്തികമായി സമചിത്തത പാലിക്കുന്നതും തത്വാധിഷ്ഠിതവും തന്ത്രപരമായി സുഘടിതവുമായ ഇടതുപക്ഷഐക്യം ഊട്ടിയുറപ്പിക്കുന്നതിന്റെ ആവശ്യകതയും അനിവാര്യതയും എന്നത്തേക്കാളുമേറെ ഇന്നുപ്രസക്തമാണ്—ഇത്തരത്തിൽ ഏകീകരിക്കപ്പെട്ട ഒരിടതുപക്ഷത്തിന്നു മാത്രമേ സോഷ്യലിസ്ററ് രാഷ്ട്രീയത്തെപ്പററി ഉപരിവർഗ്ഗ മാദ്ധ്യമങ്ങളും എസ്ററാബ്ലിഷ്മെൻറ്ബുദ്ധിജീവികളും സാർവ്വദേശീയമായിത്തന്നെ ജനമനസ്സുകളിൽ ബോധപൂർവ്വം വിതച്ചിരിക്കുന്ന അശുഭചിന്തകൾക്കെതിരെ ഒരു കോട്ടയായി വർത്തിക്കുകയെന്ന കടമ നിറവേററാനാവൂ....ഈ ത്രൈമാസികം ഇടതുപക്ഷത്തിന്നകത്തുള്ള ഫലപ്രദമായ ചർച്ചകളുടെ ഒരു വേദിയായാണ് ഞങ്ങൾ വിഭാവനം ചെയ്യുന്നത്. തീർച്ചയായും, നിഷ്കൃഷ്ടമായ താത്വികശൈലി പുലർത്തുന്നതും, സഖാക്കൾക്കിടയിലുള്ള ചർച്ചകളിൽ അനുപേക്ഷണീയമായ സഹഭാവം പ്രകടിപ്പിക്കുന്നതുമാകണം ഈ ചർച്ചകൾ. ഇത്തരം സൈദ്ധാന്തിക വിചിന്തനങ്ങളിൽ തർക്കങ്ങൾ അനിവാര്യമാണ്. എന്നാൽ, ഗ്രാംഷി പറയും പോലെ, എളുപ്പത്തിൽ പരിഹാസ്യമാക്കി ചിത്രീകരിക്കാവുന്ന എതിർപക്ഷത്തിന്റെ ദുർബ്ബലവശങ്ങളെയല്ലാ, അവരുടെ ശക്തമായ വാദമുഖങ്ങളെയാണ് ഈ ചർച്ചകൾ വിമർശ വിധേയമാക്കേണ്ടത്. ഈ സംരംഭത്തിൽ എല്ലാ ഇടതുപക്ഷ സംഘടനകളുടെയും ഗ്രൂപ്പുകളുടെയും വ്യക്തികളുടേയും തുറന്ന മനസ്സോടെയുള്ള സഹകരണം ഞങ്ങൾ അഭ്യർത്ഥിക്കുന്നു. 'വിചിന്തനം' ഏതെങ്കിലുമൊരു പാർട്ടിയുടെയോ ഗ്രൂപ്പിന്റെയോ നിലപാടുകൾ പ്രചരിപ്പിക്കാനുള്ള മാദ്ധ്യമമല്ല. എന്നാൽ പത്രാധിപ സമിതിയുടെ ഒരു പക്ഷപാതിത്വം ഞങ്ങൾ തുറന്നുസമ്മതിച്ചുകൊള്ളട്ടെ: ഈ പ്രസിദ്ധീകരണത്തെ നിർലജ്ജമായ ഇടതുപക്ഷ വിരുദ്ധ ആശയങ്ങളോ 'അരാഷ്ട്രീയ നിലപാടുകളോ നിരുത്തരവാദപരമായ ഇടതുപക്ഷ വിഭാഗീയ വാഗാടോപങ്ങളോ—അവ എത്രത്തോളം പരിഷ്കൃത വേഷങ്ങളിൽ വന്നാലും—അവതരിപ്പിക്കാനുള്ള വേദിയാക്കാൻ ഞങ്ങളനുവദിക്കില്ല. രാജ്യത്തെ ഇടതുപക്ഷ ഐക്യത്തെ തടസ്സപ്പെടുത്തുകയും അതുവഴി ഇടതുപക്ഷ രാഷ്ട്രീയത്തെ അപകടപ്പെടുത്തുകയും ചെയ്യുന്ന ഒന്നിനും ഇതിൽ സ്ഥാനമുണ്ടാവില്ല.

□

5-00

വിചിന്തനം
ഒരു സോഷ്യലിസ്റ്റ് ജേർണൽ

'87 ഏപ്രിൽ - സെപ്തംബർ
സ്വകാര്യവിതരണത്തിനുമാത്രം